


കേരളസംസ്ഥാന യുവജനോത്സവം

1969

ഉത്സവങ്ങൾ ഉത്സാഹത്തിന്റെ അവസരങ്ങളാണ്


അനുയോജ്യമായ വസ്ത്രങ്ങൾ
അവയ്ക്കു മാറ്റുകൂട്ടുന്നു

കേരളത്തിലെ പ്രമുഖ വസ്ത്രവ്യാപാരികൾ എന്ന നിലയിൽ ഞങ്ങളിന്ന് അറിയപ്പെടുന്നു. ഞങ്ങൾക്കതിൽ അങ്ങേയറ്റം അഭിമാനമുണ്ട്. വസ്ത്രവ്യാപാരം ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പൊതുജനസേവനംകൂടിയാണ്. ഈ സേവനത്തിന് 55 കൊല്ലത്തെ സുദീർഘപാരമ്പര്യമുണ്ടെന്നും ഓർക്കുക.

ശീമാട്ടി

ആലപ്പുഴ – കോട്ടയം – ചങ്ങനാശ്ശേരി
തിരുവല്ലാ – പത്തനംതിട്ട – കൊല്ലം

(14695)



Elementary, Dr. Watson

SHERLOCK HOLMES : SIR A. C. DOYLE PUT TOGETHER THE NAMES OF TWO FAMOUS CRICKETERS : COULD BREAK OPEN MANY BAFFLING CASES WITHOUT LEAVING HIS STUDY. IT DOESN'T REQUIRE ANY EXTRAORDINARY CEREBRATION TO MEASURE THE UNIQUE COMPETENCY OF MENON AND KRISHNAN AT COCHIN-16.

THE VALUABLE BALANCE BETWEEN ITS COMPETENT THEORY CLASSES AND RICH LABORATORIES HELP ALONG A STUDENT TO GIVE HIS BEST. TIME AFTER TIME, MR. S. KRISHNAN'S MATHS. STUDENTS HAVE BROUGHT HONOUR TO THE COLLEGE WITH MANY FIRST AND SECOND CLASSES. MR. S. KRISHNAN HAS THE KEY TO STATISTICS.

PHYSICS IS TAUGHT BY PROF. E. RAMAN MENON, PERHAPS THE MOST EXPERIENCED AND ABLEST MAN IN KERALA TO TEACH THE SUBJECT TO WEAK STUDENTS. MR. S. KRISHNAN ENGAGES THE MATHS. SUBSIDIARY CLASS.

CHEMISTRY M. L. JOSE ZOOLOGY VENKETAKRISHNAN
ENGLISH C. R. SANKARA MENON

TAKE YOUR DEGREE THROUGH MENON AND KRISHNAN
AND BE PROUD OF IT

B. A. / B. Sc. CLASSES START ON JANUARY 2.
ADMISSIONS CONTINUE TO THE PRE-DEGREE CLASSES

Hostel accommodation is provided to men and women students

MENON AND KRISHNAN

DURBAR HALL ROAD ERNAKULAM COCHIN-16

KERALA'S GREATEST TUTORIAL COLLEGE

designers

കേരളസംസ്ഥാന



1969

ജനുവരി 23, 24, 25 തീയതി കോട്ടയത്തു നടന്ന പതിനൊന്നാമതു സംസ്ഥാന

യുവജനോത്സവം



യുവജനോത്സവത്തിന്റെ നിർവ്വാഹകസമിതി പ്രസിദ്ധപ്പെടുത്തുന്നത്

ഉള്ളടക്കം

ഉപക്രമം 6 നമ്മുടെ വിദ്യാഭ്യാസത്തിൽ കലകൾക്കുള്ള സ്ഥാനം: കൈനിക്കര കുമാരപിള്ള 8 യുവജനോത്സവം: ഡോ. കെ. എൻ. പിഷാരോടി 13 യുവ ജനോത്സവത്തിന്റെ പ്രാധാന്യം: എൻ. കൃഷ്ണയ്യർ 15 ഉത്സവം മാത്രം പോര; കലാകാരന്മാരെ സൃഷ്ടിക്കുകയും വേണം: ഡോ. സി. എസ്. വെങ്കിടേശ്വരൻ 17 അഖിലകേരള വിദ്യാലയകലാസംഘടന ആവശ്യം: എസ്. ഗണേശയ്യർ 19 യഥാർത്ഥ കലാകാരന്മാക്കാണോ സമ്മാനം നല്കുന്നതു്?: കലാമണ്ഡലം കൃഷ്ണൻനായർ 22 കലകൾ സ്കൂളുകളിൽ പഠിപ്പിക്കണം: അമ്പലപ്പുഴ രാമ വർമ്മ 24 കലാമത്സരവിജയികൾക്കു ഗ്രേസ് മാർക്കു നല്കണം: അന്നമ്മ ചെറി യാൻ 25 സ്കൂളുകൾ കൂടുതൽ താൽപര്യം കാട്ടണം: ഐ. എം. വേലായുധൻ 26 കവിതാപ്രസംഗത്തിൽ മത്സരം വേണം: എം. പി. മന്മഥൻ 27 കുട്ടിക ളുടെ കലാകൗതുകവും അദ്ധ്യാപകരും: സി. കെ. ജേക്കബ് 29 ഒരു നാഴികക്ക ല്ലിന്റെ കഥ: എസ്. സുഗന്ധവല്ലീഭായി 31 വിദ്യാലയനാടകവേദി: ജി. ശങ്കരപ്പിള്ള 32 കലകൾ വിദ്യാലയങ്ങളിൽ: എം. കെ. കെ. നായർ 38 കുട്ടികളുടെ കലാകൗതുകവും രക്ഷിതാക്കളും: കനകലതാ ശ്രീകണ്ഠൻനായർ 40 ശാസ്ത്രീയസംഗീതപഠനം കൂടിയേ തീരൂ: കെ. സി. കല്യാണസുന്ദരം 43 ഒമ്പതു

ചോദ്യം: ഒമ്പതുത്തരം 44 കൂട്ടികളല്ല സ്രഷ്ടാക്കൾ: എം. വി. ദേവൻ 46 സംഗീതാഭ്യസനം: വി. മാധവൻനായർ 49 ഈശ്വരസാമീപ്യത്തിനു സംഗീതാഭ്യസനം: രാമവമ്മ അപ്പൻതമ്പുരാൻ 50 നാടകാഭ്യസനം: സി. എൻ. ശ്രീകണ്ഠൻനായർ 52 കഥകളി അഭ്യസനം: കുറിച്ചി കുഞ്ഞൻപണിക്കർ 54 ചിത്രകലാഭ്യസനം: ജി. അരവിന്ദൻ 55 കേരളീയ സംഗീതം: ആറൂർ'ന്റെ അഭിപ്രായം: കാവാലം നാരായണപ്പണിക്കർ 57 സംഗീതത്തെപ്പറ്റിത്തന്നെ: മാവേലിക്കര ശങ്കരൻകുട്ടിനായർ 58 ആധുനികചിത്രകലയ്ക്ക് ഒരു മുഖവുര: മലയാറ്റൂർ രാമകൃഷ്ണൻ 60 ആനുകാലിക ചിത്രകല: എസ്. എൽ. ലാറിയസ് 62 മലയാളപ്രഹസനപ്രസ്ഥാനം: ആനന്ദക്കുട്ടൻ 66 നൃത്തം, നൃത്യം, നാട്യം: ഗുരു ഗോപിനാഥ് 68 നാടകാഭാസവും നാടകവും: പി. കെ. വേണുക്കുട്ടൻനായർ 69 കഴിഞ്ഞകാല യുവജനോത്സവങ്ങളിൽ വിജയിച്ചവർ 70 ജില്ലാ കലോത്സവങ്ങളും: റിപ്പോർട്ടുകളും 76 സംസ്ഥാനയുവജനോത്സവം, കോട്ടയം: ഭാരവാഹികളും 103 ഞങ്ങളുടെ രക്ഷാധികാരികളും 106 കവർ ഡിസൈൻ: എം. വി. ദേവൻ ടൈറ്റിൽപേജ് സ്കെച്ച്: ജി. അരവിന്ദൻ

ഉപക്രമം

യുവജനോത്സവത്തിന്റെ സ്മരണിക ഒരാനുകാലികപ്രസിദ്ധീകരണമോ അതിന്റെ വിശേഷാൽപ്പതിപ്പോ ആയിരിക്കരുതു് എന്ന സങ്കല്പമാണു് ഞങ്ങൾക്കുള്ളതു്. യുവജനോത്സവത്തിന്റെ സഞ്ചിതരേഖയും ഉത്സവത്തിൽ പങ്കാളികളാകുന്ന അദ്ധ്യാപകാദ്ധ്യേതാക്കൾക്കു് ഉത്തേജനം നല്കുന്ന ചിന്താശകലവും യുവജനോത്സവപ്രസ്ഥാനത്തിനും അതിന്റെ ലക്ഷ്യത്തിനും വികാസം നല്കുന്ന പുതിയ ചക്രവാളവും എന്ന നിലയിൽ ഈ സ്മരണിക സൃക്ഷിക്കപ്പെടണം എന്നും ഞങ്ങൾ മോഹിച്ചു. അതിനാൽ സ്പഷ്ടമായ ഒരു പ്രമേയത്തിന്റെ പരിധിയും നിയതമായ അതിസ്രൃത്തിയും ഈ സമ്പുടത്തിനു നല്കാൻ ശ്രമിച്ചിട്ടുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ സംസ്ഥാനയുവജനോത്സവത്തിന്റെ ഭംഗിക്കും പ്രൗഢിക്കും അനുയോജ്യമായ ഒരു സ്മരണിക പ്രസിദ്ധീകരിക്കാൻ ഞങ്ങൾ ആഗ്രഹിച്ചു. അങ്ങനെ ആഗ്രഹിച്ചു എന്നതിലധികം എന്തെങ്കിലും ഞങ്ങൾ അവകാശപ്പെടുന്നില്ല.

ഈ ആഗ്രഹം സഫലമായിട്ടില്ലെന്നു ഞങ്ങൾക്കറിയാം. പരിമിതമായ കഴിവും, അതിഹ്രസ്വമായ കാലപരിധിയും, ഞങ്ങളുടെ നിയന്ത്രണത്തിൽപ്പെടാത്ത കാര്യങ്ങളിൽ നേരിടേണ്ടിവന്ന വൈഷമ്യങ്ങളും ആണു് അതിനു കാരണം എന്നു സമാധാനം ബോധിപ്പിക്കാൻ ഞങ്ങളെ അനുവദിക്കുക. ഞങ്ങൾക്കു കഴിയുന്നതിലധികം ചെയ്യാൻ ശ്രമിച്ചിട്ടുണ്ടെന്നു ചാരിതാർത്ഥ്യം തീച്ചയായും ഞങ്ങൾക്കു് ആശ്വാസംനല്കുന്നു.

പത്രാധിപസമിതി

അദ്ധ്യക്ഷൻ:
സി. എൻ. ശ്രീകണ്ഠൻനായർ

കാര്യദർശി:
വി. ആർ. പരമേശ്വരൻനായർ
ജോജ്ജ് വർഗ്ഗീസ്

അംഗങ്ങൾ:
സി. യു. മാത്യു
കെ. എം. ചാക്കൊ

കഴിഞ്ഞ എല്ലാ യുവജനോത്സവങ്ങളുടെയും മത്സരവിജയികളുടെ പട്ടിക പ്രസിദ്ധീകരിക്കാനുള്ള ഞങ്ങളുടെ ശ്രമം പൂർണ്ണമായി വിജയിച്ചില്ല. ആ പട്ടിക പൂർണ്ണമാക്കാൻ ഞങ്ങളുടെ പിൻമുറക്കാർ ശ്രമിക്കുമെന്നു് ആശിച്ചുകൊള്ളട്ടെ.

ജില്ലാ യുവജനോത്സവങ്ങളെപ്പറ്റിയുള്ള കുറിപ്പുകളും ചില ജില്ലകളിൽ നിന്നുകൂടി കിട്ടുവാനുണ്ടു്. കിട്ടിയിട്ടുള്ള കുറിപ്പുകളും വായിച്ചുനോക്കുന്നവർക്കു് കുറേക്കൂടി ശില്പഭംഗിയുള്ള അവലോകനങ്ങളല്ലേ ഒരു കലോത്സവസ്മരണികയ്ക്കു കൂടുതൽ ഇണങ്ങുന്നതെന്ന സംശയം ഉണ്ടാകാം. ജില്ലാ കലോത്സവഭാരവാഹികളുടെ പരിചിന്തനത്തിനായി ഈ സംശയം ഞങ്ങൾ സമർപ്പിച്ചുകൊള്ളുന്നു.

ഈ സ്മരണികയിൽ യുവജനോത്സവത്തെപ്പറ്റി നിർദ്ദേശരൂപത്തിലുള്ള പല നിരീക്ഷണങ്ങളും അടങ്ങിയിട്ടുണ്ടു്. അദ്ധ്യാപകരും കലാകുതുകമുള്ള കുട്ടികളും വിദ്യാഭ്യാസവകുപ്പും ആ നിരീക്ഷണങ്ങൾക്കു വിലകല്പിക്കും എന്നു ഞങ്ങൾ ആശിക്കുന്നു.

തുടർന്നുള്ള യുവജനോത്സവങ്ങൾക്കും വിദ്യാലയങ്ങളിലെ കലാകുതുകത്തിനും കേരളത്തിന്റെ കലാവേദിക്കും നിസ്സാരമായ അളവിലെങ്കിലും ഈ സമ്പുടം പ്രയോജനം ചെയ്യുമെങ്കിൽ ഞങ്ങൾ കൃതഹസ്തരാണു്.

പത്രാധിപസമിതിക്കുവേണ്ടി,
ജോജ്ജ് വർഗ്ഗീസ്
(കാര്യദർശി)

നമ്മുടെ വിദ്യാഭ്യാസത്തിൽ കലകൾക്കുള്ള സ്ഥാനം

നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി ആക്ഷേപം പുറപ്പെടുവിക്കാത്തവർ ആരുംതന്നെ കാണുകയില്ല. പല പ്രസംഗവേദികളിൽനിന്നും കൂടെക്കൂടെ ഉയരുന്ന ഒരു ആക്ഷേപം 'അതു കലാപരമാണു്, തൊഴിൽപരമല്ല,' എന്നുള്ളതാണു്.

'അതു തൊഴിൽപരമല്ല,' എന്നു പറയുന്നതു സമ്മതിക്കാം; എന്നാൽ കലാപരമാണു് എന്നു പറയുന്നതു സമ്മതിക്കാൻ നിവ്വാഹമില്ല.

കലാപരമായ വിദ്യാഭ്യാസംകൊണ്ടു സാധിക്കേണ്ടതു രണ്ടു കാര്യങ്ങളാണു്—വിദ്യാത്ഥികളുടെ കലാസ്വാദനശക്തി പോഷിപ്പിക്കുക; അവക്കു കലാപ്രയോഗശേഷി നല്കുക. രണ്ടാമത്തേതു് എളുപ്പമല്ല. എന്തുകൊണ്ടെന്നാൽ ശിക്ഷണംകൊണ്ടുമാത്രം ഒരുവൻ കലാകാരനാകയില്ല. കലാനിമ്മാണവാസനയുള്ളവൻ മാത്രമേ ശിക്ഷ

സ്കൂൾവിദ്യാഭ്യാസത്തേയും കലയിലുള്ള കുട്ടികളുടെ അഭിരുചിയെ പോഷിപ്പിക്കേണ്ട വിധത്തേയും കൂടുതൽ ബന്ധപ്പെട്ടത്തേണ്ട ആവശ്യകതയെപ്പറ്റി അദ്ധ്യാപകനും വിദ്യാഭ്യാസവിചക്ഷണനും കലാകാരനുമായ ലേഖകൻ പ്രതിപാദിക്കുന്നു

കൈനിക്കര കുമാരപിള്ള

ണംകൊണ്ടു കലാകാരനാകയുള്ള. എന്നാൽ കലാപരമായ വിദ്യാഭ്യാസംകൊണ്ടു് ആദ്യത്തേതെങ്കിലും സാധിക്കണം, അതു സാധിക്കാവുന്നതാണു്. മനുഷ്യന്റെ നൈസർഗ്ഗികസിദ്ധികളിൽ ഒന്നാണു്, മനുഷ്യനെ മൃഗങ്ങളിൽനിന്നു വേർതിരിക്കുന്ന, മനുഷ്യനാക്കുന്ന, ഒരു ശക്തിവിശേഷമാണു്, അവന്റെ കലാബോധം.

ഇന്നത്തെ വിദ്യാഭ്യാസംകൊണ്ടു വിദ്യാർത്ഥികളുടെ കലാഭിരുചി എത്രകണ്ടു സംസ്കൃതവും സംപുഷ്ടവുമാകുന്നുണ്ടു് എന്നു് ഒന്നു പരിശോധിച്ചുനോക്കാം.

പാഠപദ്ധതിയിൽ മൂന്നു കലാവിഷയങ്ങളാണു് ഉൾപ്പെടുത്തിയിട്ടുള്ളതു്. ചിത്രരചന, സംഗീതം, സാഹിത്യം.

ഏറ്റവും കൂടുതൽ അവഗണിക്കപ്പെട്ടിട്ടുള്ള വിഷയമാണു ചിത്രരചന. അതിൽ പരീക്ഷയില്ല. അഥവാ, ഉണ്ടെന്നുവന്നാൽ അതിൽ ആക്കും തോൽക്കാം. എത്ര പരിഹാസ്യമായ വിധത്തിൽ വേണമെങ്കിലും തോൽക്കാം. ആ പരാജയം വിദ്യാർത്ഥിയുടെ വിദ്യാഭ്യാസപുരോഗതിയെ തെല്ലും ബാധിക്കയില്ല.

ഈ അവഗണനയുടെ പ്രത്യാഘാതം ഏറ്റവും കഠിനമായി ബാധിക്കുന്നതു് ചിത്രരചനാദ്ധ്യാപകനെയാണു്. അദ്ധ്യാപകസമുദായത്തിലെ ഹരിജനസ്ഥാനികനാണു് ആ ഭാഗ്യദോഷി. അയാളുടെ കനിഷ്ഠസഹോദരനായ വ്യായാമാചാര്യൻ പലപ്പോഴും കൈയ്യുകൊണ്ടു കുട്ടികളുടെ ഭയാദരങ്ങളും സമാർജ്ജിച്ചു എന്നുവരാം. 'വരവാദ്ധ്യാർ'ക്കു് അങ്ങനെയും ഒരു രക്ഷാമാർഗ്ഗമില്ല.

ഞാൻ ചിലപ്പോഴും സംശയിച്ചിട്ടുണ്ടു്, ഇതറിഞ്ഞുകൊണ്ടായിരിക്കുമോ ആ സാധുവിനെ

അല്പം രക്ഷിക്കാമെന്നുംകൂടി കരുതിയിട്ടായിരിക്കുമോ, ഈ രണ്ടുദ്യോഗങ്ങളും ഒരുമിച്ചുരുട്ടി ഒരാളിൽ നിക്ഷേപിക്കുന്ന സമ്പ്രദായം നമ്മുടെ ഡിപ്പാർട്ടുമെൻറിൽനിന്നു പ്രചാരത്തിൽ വരുത്തിയിട്ടുള്ളതു് എന്നു്. അതൊരുദ്ദേശ്യമാണെങ്കിൽ അതു ഫലിച്ചിട്ടില്ല എന്നുവേണം പറയാൻ. ആ പരിഷ്കാരത്തിൻറെ പ്രത്യക്ഷവും, ഒരുതരത്തിൽ അനാശാസ്യവും, ആയ ഫലം ബലിഷ്ഠകായന്മാരും ഭീഷണന്മാരുമായിരുന്ന പഴയ വ്യായാമാചാര്യന്മാരുടെ വംശം ക്ഷയിച്ചു നാമാവശേഷമായിരിക്കുന്നു എന്നുള്ളതു മാത്രമാണു്. ചിത്രരചനാദ്ധ്യാപകനെ കൂട്ടത്തിൽ ആദരണീയനാക്കുന്നതിനു പകരം വ്യായാമഗുരുവിനെക്കൂടി അതു് അവഗണനീയനാക്കി തരംതാഴ്ത്തിയിട്ടേയുള്ളൂ. എന്തുകൊണ്ടെന്നാൽ 'ഗരളാ' ചുഴറ്റി ശീലിച്ച കൈ പടംവരയ്ക്കാൻ അസന്നദ്ധവും അസമർത്ഥവും ആയിരുന്നു. ഡ്രിൽ മാസ്റ്റർ ഡ്രായിംഗ്മാസ്റ്റർ ആയില്ല; ഡ്രായിംഗ്മാസ്റ്റർ ഡ്രിൽമാസ്റ്റർക്കൂടി ആകുകയാണു ചെയ്തതു്. മൂന്നു നാലു സംവത്സരക്കാലം പെൻസിലിനേറയും ബ്രഷിനേറയും മൃദുലചാലനങ്ങൾ ശീലിച്ച ആ നിരുപദ്രവിയെ, ഏതോ വ്യായാമപരിശീലനകേന്ദ്രത്തിൽ അയാളം ഏതാനുംമാസം ചെലവഴിച്ചു് ശരീരാഭ്യാസമുറകൾ ഉരുക്കഴിച്ച മനഃപാഠമാക്കി എന്നുവെച്ചു്, ആരു ഭയപ്പെടാനാണു്, ആദരിക്കാനാണു്?

വിദ്യാലയങ്ങളിൽ ചിത്രരചനാഭ്യസനത്തിനുള്ള സമയം വിനോദപൂർണ്ണമായ ഒരു വിശ്രമാവസരമായിട്ടാണു വിദ്യാർത്ഥികൾ ഗണിച്ചിട്ടുള്ളതു്. അങ്ങനെയല്ലെന്നു ഭാവിച്ചു വേണ്ടാത്ത ചമ്മല വലിച്ചു തലയിൽ കയറ്റാൻ വിവേകിയായ അദ്ധ്യാപകൻ ഒരുങ്ങാറുമില്ല.

ഇനി, വരയ്ക്കുന്ന ചിത്രങ്ങളോ, വരയ്ക്കാൻ അവലംബിക്കുന്ന രീതികളോ, ആണെങ്കിൽ അവ ചിത്രനിർമ്മാണകലയെ പോഷിപ്പിക്കാൻ പറ്റിയതല്ല. ഏതോ മൂലചിത്രം നോക്കി അദ്ധ്യാപകൻ കരിമ്പലകയിൽ പകർത്തുന്നതു വിദ്യാർത്ഥികൾ തോന്നുംപോലെ കടലാസിൽ പകർത്തുന്ന രീതിയാണു സാവൃത്തികം. വരയ്ക്കുന്ന ചിത്രങ്ങൾക്കു കലാപരമായി യാതൊരു മൂല്യവും ഉണ്ടായിരിക്കയില്ല. സകല മണ്ഡലങ്ങളിലും അധികാരം ചെലുത്തുന്ന പ്രായോജനികസിദ്ധാന്തം ഇതിനെയും ബാധിച്ചിട്ടുണ്ടു്. ചിത്രരചന മറ്റു പ്രധാന വിഷയങ്ങളുടെ കൈങ്കര്യം അനുഷ്ഠിക്കണമെന്നാണു് ഒരു നിയമം.

അതു ലിഖിതമോ അലിഖിതമോ എന്നു നിശ്ചയമില്ല. പ്രകൃതിശാസ്ത്രമാണു് യജമാനപ്രമുഖൻ. വേരു്, തണ്ടു്, ഇല, പൂവു്, കായു്, പക്ഷികളുടെ കാലു്, ചുണ്ടു്, ചിറകു്, ഇങ്ങനെ പോകുന്നു അതിൻറെ 'ഡാപ്പു്'. സൂര്യഭ്രചന്ദ്രന്മാരേയും ഗോളാദ്ധ്യങ്ങളേയും മേഖലകളേയും മറ്റും കൊണ്ടു ഭൂമിശാസ്ത്രവും, കൂപ്പിയും കുഴലും കുമ്പിളുമായി സയൻസും, കൊച്ചു് യജമാനന്മാരായി അധികാരം നടത്താറുണ്ടു്.

ചുരുക്കത്തിൽ പറഞ്ഞാൽ ഒരു കലാരൂപമെന്ന നിലയിൽ ചിത്രണത്തിൽ അഭിരുചിയോ സാമർത്ഥ്യമോ ജനിപ്പിക്കാൻ നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ യാതൊന്നുമില്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

ഇനി സംഗീതത്തിൻറെ കാര്യമാണു്. അതിനെ ഒരു സ്ത്രൈണകലയായിട്ടാണു നാം പരിഗണിച്ചിട്ടുള്ളതെന്നു തോന്നുന്നു. എന്തുകൊണ്ടെന്നാൽ ഒരു ആൺപള്ളിക്കൂടത്തിലും അതിനു പ്രവേശം അനുവദിച്ചിട്ടില്ല. അങ്ങനെ വിദ്യാർത്ഥിലോകത്തിൻറെ ബഹുഭൂരിഭാഗത്തെ ആ കലയുടെ പരിശീലനത്തിൽനിന്നു് അകറ്റിനിറുത്തിയിരിക്കയാണു്.

ഈ വിവേചനത്തിൻറെ ആവശ്യവും ഔചിത്യവും, എനിക്കു് ഇതേവരെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ആൺകുട്ടികൾ അല്പം പാട്ടുപഠിച്ചാൽ അതിൽ എന്താണു് ഒരു തരക്കേടു്? അവരുടെ പൗരുഷം നശിച്ചുപോകുമോ? അവർക്കു പതിത്വം സംഭവിക്കുമോ? അന്യായമായി നിഷേധിക്കപ്പെട്ടിരിക്കുന്ന ഈ മൗലികാവകാശത്തിനുവേണ്ടി ആണുങ്ങൾ ഒരു പ്രക്ഷോഭണം നടത്തേണ്ടതാണു്. അതിൽ, പിന്നെ ഒരു ആശ്വാസമാണുള്ളതു്. പെൺപള്ളിക്കൂടങ്ങളിൽ ഇപ്പോൾ നടക്കുന്നതുപോലെയുള്ള സംഗീതാഭ്യസനമാണല്ലോ ആൺകുട്ടികൾക്കു കിട്ടാതെപോകുന്നതു്. അതൊരു നഷ്ടമല്ല.

ഭാഷയും കണക്കും പഠിപ്പിക്കുംപോലെതന്നെ സംഗീതവും അഭ്യസിപ്പിക്കാം, എന്നു വിചാരിക്കുന്നതു മൗഢ്യമാണു്. അൻപതും അറുപതും ചിലപ്പോൾ അതിൽ കൂടുതലും ബാലികമാരെ ഒരുമിച്ചിരുത്തി, അരഡസൻ അദ്ധ്യാപികമാരും പത്തുമുന്നൂറു് മറ്റു കുട്ടികളുംകൂടി ആഘോഷിക്കുന്ന അദ്ധ്യയനോത്സവത്തിൻറെ മദ്ധ്യത്തിൽ നടത്തുന്ന ആ സംഗീതക്കച്ചേരി, ആ മസൃണകലയോടു കാട്ടുന്ന ഒരു ധിക്കാരമാണു്. സംഗീതത്തിൻറെമേൽ നടത്തുന്ന ആ ക്രൂരമായ കൈയേറ്റത്തെ സംഗീതാഭ്യസനമെന്നു വിളിക്കുന്നതു കഷ്ടമാണു്.

വിദ്യാലയത്തിൽ കിട്ടിയിട്ടുള്ള ശിക്ഷണംകൊണ്ടു മാത്രം അഞ്ചാറു പാട്ടെങ്കിലും ഭംഗിയാ

യി, എന്നുവെച്ചാൽ ശ്രുതി, രാഗം, താളം, ചിട്ട ഇവയിൽ തെറ്റുപറ്റാതെ പാടാൻ വശമാക്കിയിട്ടുള്ള എത്ര പെൺകുട്ടികളുണ്ടു് എന്നു് ഒരു കണക്കെടുത്താലറിയാം, അവിടെ നടക്കുന്നതു് ഗാനാഭ്യസനമല്ലെന്നു്.

പെണ്ണായി ജനിച്ചവക്കൊക്കെ പാട്ടുപാടാൻ കഴിയും എന്നു വിചാരിക്കുന്നതും തെറ്റാണു്. ആൺകുട്ടികളെല്ലാം സംഗീതവാസനയില്ലാത്തവരോ പെൺകുട്ടികളെല്ലാം സംഗീതവാസനയുള്ളവരോ അല്ല. സംഗീതവാസനയില്ലാത്ത ഒരാളിനെ, ആണാകട്ടെ പെണ്ണാകട്ടെ, സംഗീതം അഭ്യസിപ്പിക്കാൻ യത്നിക്കുന്നതു് ഒരു പാഴ്വേലയാണു്.

വിദ്യാലയങ്ങളിൽ ഇന്നു നടക്കുന്ന വികലവും അശ്രദ്ധവും അശാസ്ത്രീയവും ആയ സംഗീതാഭ്യസനംകൊണ്ടു വല്ല കുട്ടികൾക്കും സംഗീതവാസനയുണ്ടെങ്കിൽ അതുപോലും ദുഷിച്ചുപോകയില്ലേ എന്നാണു് എന്റെ ഭയം.

നമ്മുടെ പാഠപദ്ധതിയിലെ പ്രധാന കലാവിഷയം സാഹിത്യമാണല്ലോ. അതു കലാവിഷയമല്ലെന്നോ, നമ്മുടെ വിദ്യാഭ്യാസരീതിയിൽ സാഹിത്യാഭ്യസനത്തിനു സ്ഥാനമില്ലെന്നോ പറയാൻ ആരും ധൈര്യപ്പെടുകയില്ല. പ്രാഥമികഘട്ടത്തിന്റെ അടിത്തട്ടുമുതൽ സർവ്വകലാശാലാസൗധത്തിന്റെ മുകൾത്തട്ടുവരെ സാഹിത്യാഭ്യസനം അനുസ്യൂതം നടക്കുന്നുണ്ടു്. ചിത്രരചനയേയും സംഗീതത്തേയും പറ്റി പറയാവുന്ന ആക്ഷേപങ്ങൾ ഇതിനെ സംബന്ധിച്ചു പറയാൻ പ്രത്യക്ഷത്തിൽ സാദ്ധ്യമല്ല. സാമാന്യജനങ്ങളുടെ ഇടയിൽ സാഹിത്യാഭിരുചി വളർത്താൻ നമ്മുടെ വിദ്യാഭ്യാസം തീർച്ചയായും ഉപകരിച്ചിട്ടുണ്ടു്. സാഹിത്യാസ്വാദനതാല്പര്യമുള്ള ആളുകളുടെയും, സാഹിത്യവ്യവസായികളുടെയും സംഖ്യ ഗണനീയമാംവണ്ണം വർദ്ധിച്ചിട്ടുണ്ടു്. അനുദിനമെന്നോണം വർദ്ധിക്കുന്നുമുണ്ടു്.

പക്ഷേ, ഒന്നു ചോദിച്ചുകൊള്ളട്ടെ, നമ്മുടെ വിദ്യാഭ്യാസപ്രചാരത്തിനു് അനുഗുണമായ തോതിൽ നമ്മുടെ ഇടയിൽ സാഹിത്യാഭിരുചി വളർന്നിട്ടും പടർന്നിട്ടും ഉണ്ടോ? ഇല്ലെന്നാണു് എന്റെ ഖണ്ഡിതമായ അഭിപ്രായം. സാഹിത്യപ്രധാനം എന്നു് അപലപിക്കപ്പെടുന്ന ഇന്നത്തെ വിദ്യാഭ്യാസസരണിയിൽക്കൂടി ബഹുദൂരം സഞ്ചരിച്ചിട്ടുള്ള അനേകലക്ഷം ആളുകളിൽ എത്ര തുച്ഛമായ ഒരു വിഭാഗമാണു് വാസ്തവത്തിൽ സാഹിത്യാസ്വാദനകൗതുകം പ്രകടിപ്പിക്കുന്നതു്? വിദ്യാലയങ്ങളും കാളേജുകളും വിജയപൂർവ്വം തരണംചെയ്തതിനുശേഷം ജീവിതരംഗത്തു പ്രവേശിക്കുന്നവരിൽ എത്ര പേരുണ്ടു് സാഹിത്യഗ്രന്ഥങ്ങളും വായനം ചെയ്യുന്നവരായി, സാഹിത്യത്തിൽ യഥാർത്ഥമായ അഭിരുചിയുള്ളവരായി? ഒരു പടികൂടി കടന്നു് അന്വേഷിക്കാം. നമ്മുടെ വിദ്യാലയങ്ങളിലെ—ഇതിൽ ഞാൻ കാളേജുകളും ഉൾപ്പെടുത്തുന്നു—സാഹിത്യാദ്ധ്യാപകന്മാരിൽ എത്രപേരുണ്ടു പഠിപ്പിക്കേണ്ട പുസ്തകങ്ങളുടെ പുറത്തേക്കു കടന്നു വ്യാപകമായ സാഹിത്യപരിചയം പുലർത്തുന്നവരായി?

ഇതിന്റെ ഉത്തരത്തിൽ സാഹിത്യാഭ്യസനത്തിന്റെ പരാജയവും ആ പരാജയത്തിന്റെ പ്രധാനപ്പെട്ട കാരണവും കാണാൻകഴിയും.

വാസ്തവത്തിൽ ഒരു വിഷമചക്രത്തിലാണു നമ്മുടെ സാഹിത്യവിദ്യാഭ്യാസം അകപ്പെട്ടിരിക്കുന്നതു്. സാഹിത്യാദ്ധ്യാപനം അസമർത്ഥമാകുന്നതുകൊണ്ടു് പരീക്ഷാവിജയികൾപോലും ശരിയായ സാഹിത്യാഭിരുചിയുംകൊണ്ടല്ല പുറത്തേക്കു വരുന്നതു്. അങ്ങനെയുള്ളവർ സാഹിത്യാദ്ധ്യാപകന്മാരാകുന്നതുകൊണ്ടു സാഹിത്യാദ്ധ്യാപനം അസമർത്ഥമാകുന്നു. അങ്ങനെ ഉരുളുന്നു ആ അനർത്ഥകാരിയായ ചക്രം.

ഇതിൽനിന്നു സാഹിത്യാഭിരുചിയുടെ പോഷണത്തിലും പ്രചരണത്തിലും നമ്മുടെ വിദ്യാഭ്യാസത്തിനു നേരിട്ടു പറയത്തക്ക പങ്കു് ഉണ്ടായിരുന്നിട്ടില്ല എന്നുള്ള ഒരു നിഗമനത്തിൽ എത്തിച്ചേരാനാണു നാം നിർബദ്ധരാകുന്നതു്.

നമ്മുടെ സാഹിത്യകാരന്മാരുടെ പട്ടിക ഒന്നു പരിശോധിച്ചാൽ ഈ നിഗമനത്തിന്റെ സാധുത്വം കൂടുതൽ വ്യക്തമാകും. സർവ്വകലാശാലകളിൽനിന്നു ഡിഗ്രി എടുത്തിട്ടുള്ളവർ ഡിഗ്രിയൊന്നും ഇല്ലാത്തവരേക്കാൾ തീർച്ചയായും വളരെ കൂടുതൽ സാഹിത്യപരിചയം സമാർജ്ജിച്ചിട്ടുള്ളവരാണല്ലോ. അവരുടെ ആ ഗാഢവും വിപുലവുമായ സാഹിത്യപരിചയം അവരുടെ സാഹിത്യവാസനയെ പോഷിപ്പിച്ചിട്ടുണ്ടെങ്കിൽ ഒന്നാംകിട സാഹിത്യകാരന്മാരിൽ ഭൂരിപക്ഷം അവരായിരിക്കേണ്ടതല്ലേ? വാസ്തവം അങ്ങനെയാണോ?

നമ്മുടെ വിദ്യാഭ്യാസവും കലാഭിരുചിയുടെ പോഷണവുമായി കാര്യകാരണബന്ധമൊന്നുമില്ല എന്നു സ്പഷ്ടം. അനുഗൃഹീതന്മാരായ ചിലർ വാസനാസമ്പന്നന്മാർ നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ മുള്ളുവേലിക്കു പുറത്തുചാടി കലാവ്യവസായത്തിൽ ഏർപ്പെടുന്നു, വിജയിക്കുന്നു എന്നു വിചാരിക്കാനാണു കൂടുതൽ ന്യായം. ഇന്നത്തെ വിദ്യാഭ്യാസരീതി വിദ്യാർത്ഥികളുടെ കലാവാസനകളെ ഹനിക്കാൻ പര്യാപ്തമാകു

ന്നില്ല എന്നു പറയുന്നതായിരിക്കും അതിനു നല്ലാവുന്ന ഏറ്റവും വലിയ പ്രശംസ.

നമ്മുടെ വിദ്യാഭ്യാസം കലാപരമല്ല. അതു് അതിന്റെ പ്രധാനപ്പെട്ട ന്യൂനതകളിൽ ഒന്നായിട്ടാണു ഞാൻ ഗണിക്കുന്നതു്. മനുഷ്യനു ജന്മസിദ്ധമാണു കലാബോധം. ആ ബോധത്തിന്റെ പോഷണം അവനും അവന്റെ സമുദായത്തിനും അനുഗ്രഹമാണു്. വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യങ്ങളിൽ ഒന്നായിട്ടുവേണം അതിനെ കരുതാൻ. ജീവിതവൃത്തിയായി സ്വീകരിക്കുന്ന തൊഴിൽ എന്തുതന്നെ ആയാലും ഒരുവന്റെ മനുഷ്യത്വം നഷ്ടപ്പെടാതിരിക്കണമെങ്കിൽ അവനു് ഏതെങ്കിലും കലയിൽ അഭിരുചി ഉണ്ടായിരിക്കണം. കലാവിദ്യാഭ്യാസവും തൊഴിൽവിദ്യാഭ്യാസവും പരസ്പരവിരുദ്ധങ്ങളല്ല. രണ്ടും മനുഷ്യന്റെ മൗലികങ്ങളായ ആവശ്യങ്ങളാണു്.

വിദ്യാഭ്യാസത്തിന്റെ ഇതരോദ്ദേശ്യങ്ങളുടെ നിർവ്വഹണത്തെ പ്രതിബന്ധിക്കാതെ വിദ്യാർത്ഥികളുടെ കലാബോധത്തെ ഉൽക്കർഷിക്കത്തക്ക തരത്തിൽ, അതിൽ എന്തെങ്കിലും പരിഷ്കാരങ്ങളും വരുത്താൻ കഴിയുമോ? കഴിയുമെന്നാണു് എന്റെ ദൃഢമായ വിശ്വാസം. ഇതിന്റെ പൂർണ്ണമായ ചർച്ചയ്ക്കു ഞാൻ ഈ അവസരത്തിൽ തുനിയുന്നില്ല. ഒന്നുരണ്ടു സൂചനകളുംമാത്രം നല്കിക്കൊണ്ടു് അതിന്റെ വിശദീകരണം ഇനിയൊരു സന്ദർഭത്തിലേക്കു നീക്കിവയ്ക്കാനേ ഇപ്പോൾ നിർവ്വാഹമുള്ളൂ.

ചിത്രരചനയുടെയും സംഗീതത്തിന്റെയും അഭ്യസനത്തിൽ സംഭവിക്കുന്നിടത്തോളംതന്നെ പരാജയം സാഹിത്യാഭ്യസനത്തിൽ സംഭവിക്കുന്നില്ല എന്നു നാം കാണുന്നു. അതെന്തുകൊണ്ടാണു്? അല്പം ആലോചിച്ചാൽ കാരണം സ്പഷ്ടമാകും. സാഹിത്യത്തെ സംബന്ധിച്ചിടത്തോളം അതിന്റെ രചന അഭ്യസിപ്പിക്കാൻ നാം തുനിയാറില്ല. സാഹിത്യരൂപങ്ങളും വായിക്കാനും മനസ്സിലാക്കാനും രസിക്കാനുമല്ലാതെ, നിർമ്മിക്കാൻ നാം വിദ്യാർത്ഥികളോടു് ആവശ്യപ്പെടാറില്ല. നേരേമറിച്ചു് ഒരു കഥയോ കവിതയോ നാടകമോ രചിക്കാൻ പഠിപ്പിക്കുന്നതിനാണു് അദ്ധ്യാപകന്റെ പരിശ്രമം എന്നു സങ്കല്പിക്കുക. അപ്പോൾ കാണാം മറ്റു രണ്ടു കലകളുടെയും കാര്യത്തിലെന്നപോലെതന്നെ ഇതിലും ശോചനീയമായ പരാജയം സംഭവിക്കുന്നതു്.

ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ കലാസ്വാദനശേഷിയും കലാനിർമ്മാണശേഷിയും രണ്ടും രണ്ടാണു്. ഒന്നു മിക്കവാറും സാർവ്വജനീനം. മറ്റതു ചുരുക്കം ചിലർക്കുമാത്രം നൈസർഗ്ഗികമായി ലഭിക്കുന്ന ഒരു അനുഗ്രഹവിശേഷം.

വിദ്യാർത്ഥികളെക്കൊണ്ടു പടം വരപ്പിക്കാനും പാട്ടു പാടിക്കാനും പാട്ടുപെട്ടന്നതിനു പകരം പടവും പാട്ടും മനസ്സിലാക്കാനും രസിക്കാനും അവരെ സഹായിക്കുന്ന ഒരു അഭ്യസനസമ്പ്രദായം സ്വീകരിച്ചാൽ ഇന്നത്തെ പരാജയം ഉണ്ടാകയില്ല. വരകളുടെയും വർണ്ണങ്ങളുടെയും അനുരഞ്ജനത്തിൽനിന്നു് ഉടലെടുക്കുന്ന രമണീയങ്ങളായ രൂപങ്ങളും ഉയിരെടുക്കുന്ന വികാരജനകങ്ങളായ ഭാവങ്ങളും അറിയാനും അനുഭവിക്കാനുമാണു് അവയ്ക്കു പരിശീലനം നല്കേണ്ടതു്. പരിശീലനാവസരത്തിൽ ചിത്രരചനാവാസനയുള്ളവർ സ്വയം പ്രത്യക്ഷപ്പെട്ടും. അവരെ വേർതിരിച്ചു് അവയ്ക്കുമാത്രം ചിത്രരചനയിൽ ശിക്ഷണം നല്കിയാൽ മതിയാവും. അവരുടെ വാസനയുടെ പൂർണ്ണവികാസം പ്രാപിക്കുന്നതിനുള്ള സകല സന്ദർഭങ്ങളും സഹായങ്ങളും നല്കണം.

സകലരെയും സംഗീതപ്രയോഗം അഭ്യസിപ്പിക്കാൻ വൃഥാ ശ്രമിക്കാതെ, സംഗീതം അറിഞ്ഞു് ആസ്വദിക്കാൻ ശീലിപ്പിക്കണം. പ്രയോഗിക്കാൻ വാസനയുള്ളവർ പെട്ടെന്നുതന്നെ സ്വയം വിളംബരംചെയ്യും. അവരെമാത്രം സംഗീതപ്രയോഗം അഭ്യസിപ്പിക്കണം.

സാഹിത്യത്തെ സംബന്ധിച്ചും ഇതുതന്നെയാണു ചെയ്യേണ്ടതു്. സാഹിത്യാസ്വാദനം മാത്രമാണു് ഇന്നത്തെ അദ്ധ്യാപനത്തിന്റെ ലക്ഷ്യം. വാസനയുള്ളവർക്കു സാഹിത്യനിർമ്മാണത്തിലും ശിക്ഷണം നല്കേണ്ടതാണു്.

ഈ വിഷയങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നത്തെ പാഠപദ്ധതിയും അദ്ധ്യാപനസമ്പ്രദായവും മാറിയെങ്കിലേ വിദ്യാർത്ഥികളുടെ ഇടയിൽ കലാഭിരുചിയുടെ പ്രചരണവും ഉൽക്കർഷണവും വേണ്ടത്ര സാദ്ധ്യമാകൂ.

തീക്ഷ്ണമായ കലാഭിരുചിയും അനല്പമായ കലാപ്രയോഗചാതുര്യവും ഉള്ള അദ്ധ്യാപകന്മാരാണു് ഏറ്റവും കൂടുതൽ ആവശ്യം. അങ്ങനെയുള്ള അപൂർവ്വം ചില അദ്ധ്യാപകന്മാരുടെ ഉത്തേജകമായ പ്രേരണയ്ക്കു വിധേയരാകാൻ ഭാഗ്യംസിദ്ധിക്കുന്ന വിദ്യാർത്ഥികളാണു്, ഡിഗ്രി സമ്പാദിച്ചാലും ഇല്ലെങ്കിലും, കാലാന്തരത്തിൽ കലാരസികന്മാരും കലാകാരന്മാരുമായി ജീവിതരംഗത്തു പ്രത്യക്ഷപ്പെടുന്നവർ. അനുഗൃഹീതരത്രേ അവർ. ജനസാമാന്യം മുഴുവൻ അവരെപ്പോലെ അനുഗൃഹീതരാവട്ടെ എന്നാണു് എന്റെ പ്രാർത്ഥന.

വിചാരവീചികയും എന്ന കൃതിയിൽനിന്നു്.

യുവജനോത്സവം

ഡോ: കെ. എൻ. പിഷാരോടി

വിദ്യാലയങ്ങളിൽ ആരംഭിച്ച യുവജനോത്സവത്തിനു് പരക്കെ സ്വാഗതം ലഭിച്ചുകഴിഞ്ഞിരിക്കുന്നു. ദൂരവ്യാപകങ്ങളായ പല സത്ഫലങ്ങളും ഉളവാക്കുവാൻ കഴിയുന്ന ബുദ്ധിപൂർവ്വകമായ ഒരു നടപടിയായി ഇതിനെ പരിഗണിക്കാം. യുവജനോത്സവങ്ങൾ നടത്തുന്നതുമൂലം കുട്ടികളിൽ കലാഭിരുചി ജനിക്കുന്നു. അതോടൊപ്പം അവരിൽ അന്തർലീനമായ കലാവാസനകളെ വളത്തിയെടുക്കുന്നതിനും ക്രമേണ സാധിക്കുന്നു. കുട്ടികളിലെ വിവിധങ്ങളായ അഭിരുചികളെ തൃപ്തിപ്പെടുത്തേണ്ടിവരുന്നതിനാൽ അതിനു് ഉതകത്തക്കവണ്ണം ബഹുമുഖങ്ങളായ പരിപാടികൾ ഉൾപ്പെടുത്തണം. ഇവ മത്സരങ്ങളായി നടത്തുന്നതുമൂലം ആവുന്നത്ര ആകർഷകമാക്കുവാൻ കുട്ടികൾ തങ്ങളുടെ കഴിവുകളുടെ പരമാവധി പ്രയോഗിക്കുന്നു. ആരോഗ്യകരമായ ഒരു മത്സരബോധത്തോടൊപ്പം മത്സരത്തിന്റെ മുഖ്യഘടകമായ ടീംസ്പിരിറ്റും കുട്ടികൾക്കു ലഭിക്കുന്നു. അവരുടെ സർഗ്ഗപ്രതിഭയ്ക്കു് പൂർണ്ണവികാസം ലഭിക്കുവാൻ ഇതു കളമൊരുക്കുകകൂടി ചെയ്യുന്നു. ഇതുമൂലം താൽപര്യമുള്ള അദ്ധ്യാപകരുടെയും കലാകാരന്മാരുടെയും സഹായത്തോടുകൂടി പുതിയ പരിപാടികൾ ആവിഷ്കരിക്കുന്നതിനും ഇടയാകുന്നു. മത്സരങ്ങളിൽനിന്നും ഒഴിഞ്ഞുനില്ക്കുന്ന പല വിദ്യാർത്ഥികളെയും ഇതിലേക്കു് ആകർഷിക്കുവാൻ കഴിയുന്നു എന്നതു് അനുഭവവേദ്യമാണു്. അങ്ങനെയുള്ള കുട്ടികളിൽ ഒളിഞ്ഞുകിടക്കുന്ന കഴിവുകളെ വളത്തിയെടുക്കുന്നതിനും സാധിക്കുന്നു.

യുവജനോത്സവം കുട്ടികളും അദ്ധ്യാപകരും മാത്രമല്ല, പൊതുജനങ്ങളും രക്ഷാകർത്താക്കളും

ഒന്നുപോലെ ആകാംക്ഷാപൂർവ്വം കാത്തിരിക്കുന്ന ഒരു സുദിനമാണു്. ജില്ലാ അടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും നിശ്ചിതകേന്ദ്രങ്ങളിൽവച്ചു നടത്തുന്ന മത്സരങ്ങളും പൊതുജനങ്ങളിൽ ഒരു നല്ല വിഭാഗത്തെ പങ്കെടുപ്പിക്കുന്നു. കലോത്സവങ്ങളുടെ സമ്പൂർണ്ണവിജയത്തിനു് ആവശ്യമായ സഹായസഹകരണങ്ങളും ഇതുമൂലം ലഭ്യമാകുന്നു. ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽവച്ചും പിന്നീടു രാഷ്ട്രതലസ്ഥാനത്തുവച്ചും നടത്തപ്പെടുന്ന ഇത്തരത്തിലുള്ള പരിപാടികളും രാജ്യവ്യാപകമായി കലാരംഗത്തു നവോത്ഥാനം കൈവരുത്തുന്നതിനും ഓരോ സംസ്ഥാനത്തെയും മികച്ച കലാരൂപങ്ങളും പ്രദർശിപ്പിക്കുന്നതിനും അതുവഴിയായി എല്ലാവർക്കും പ്രയോജനം നേടിക്കൊടുക്കുന്നതിനും ഇടയാകുന്നു. ഈ പ്രസ്ഥാനത്തിന്റെ മറ്റൊരു സവിശേഷത ഭാരതത്തിലെ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ സൗഹൃദവും ഐക്യവും വളർത്തുകയും അതുവഴിക്കു് രാഷ്ട്രത്തിന്റെ ഐക്യദാർഢ്യം നിലനിർത്തുകയും ചെയ്യുന്നു എന്നതാണു്.

കഥകളിപോലെയുള്ള ഉത്തമകലാരൂപങ്ങൾക്കു കൂടുതൽ പ്രോത്സാഹനം അഹിക്കുന്നു. കേരളത്തിലെ ദൃശ്യകലാരൂപങ്ങളിൽ പ്രഥമസ്ഥാനം അഹിക്കുന്ന കഥകളി മറുനാടുകളിലും അംഗീകാരം ലഭിച്ചിട്ടുള്ള ഒരു കലാരൂപമാണു്. കേരള കലാമണ്ഡലം കഥകളിസംഘത്തിന്റെ കാനഡായിലേക്കും യൂറോപ്പിലേക്കും ടെഹറാനിലേക്കും ഉള്ള പര്യടനങ്ങൾ ഇതിനു തെളിവാണു്. എന്നാൽ കഥകളിസംഘങ്ങൾക്കും ക്ലബ്ബുകൾക്കും മറ്റും അവ അഹിക്കുന്ന പ്രോത്സാഹനം ഇന്നു ലഭിക്കുന്നില്ല എന്നുള്ളതു ഖേദകരമത്രേ. ഈ വിഷയത്തിൽ യുവജനോത്സവങ്ങൾ അതിനേറെയായ സംഭാവന നല്കിയിട്ടുണ്ടു്. ഈ ഉത്തമ കലാരൂപത്തിനു് അതൊരു വലിയ പ്രോത്സാഹനമാണു്. കുട്ടികൾ സ്വതന്ത്രരായി മുമ്പോട്ടുവന്നു്, വിദഗ്ധന്മാരിൽനിന്നു് സാങ്കേതികപരിജ്ഞാനം നേടി കഥകളിയിൽ രംഗപ്രവേശം ചെയ്യുന്നതു് ഒരു സാധാരണസംഭവമാണു്. കലയ്ക്കു് പരിമിതികളില്ല. ഹൈന്ദവേതരരായ കുട്ടികൾ അവരുടെ കഴിവുകൾ ഈ കലയിൽ പ്രദർശിപ്പിച്ചുകൊണ്ടു് സമ്മാനങ്ങൾ നേടുന്നതു് ശ്രദ്ധേയമാണു്. കുട്ടികളിൽ അങ്കുരിക്കുന്ന അഭിരുചി അവരുടെ മാതാപിതാക്കന്മാരെയും ആകർഷിക്കുകയും ആചാരവിധിപ്രകാരമുള്ള പരിശീലനത്തിനു് അവരെ ഒരുക്കുവാൻ മാതാപിതാക്കന്മാർ നിർബ്ബന്ധിതരായിത്തീരുകയും ചെയ്യുന്നു. സ്വാഭാവികമായും, ഈ കലാരൂപത്തിൽ ഏർപ്പെട്ടിരിക്കുന്ന അദ്ധ്യാപകർക്കും മറ്റുള്ളവർക്കും ഇതുമൂലം പ്രയോജനം സിദ്ധിക്കുന്നു.

സാങ്കേതികവശങ്ങൾ വളരെയേറെ അടങ്ങിയിരിക്കുന്ന കലാരൂപമാണു് കഥകളി. തന്മൂലം സാധാരണക്കാരനു് കഥകളി അല്പം ദുർഗ്രഹവുമാണു്. പ്രത്യേകം പരിശീലനംകൂടാതെ സാധാരണക്കാരനു് ഇതു് ആസ്വാദ്യകരവുമല്ല. അതിനാൽ കഥകളിസമ്പ്രദായത്തിൽ അധിഷ്ഠിതമായ ക്ലാസ്സിക്കൽനൃത്തം യുവജനോത്സവത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതു് ബുദ്ധിപൂർവ്വമായ ഒരു നടപടിയാണു്. നൃത്തത്തിൽ വേഷവിധാനങ്ങൾ വ്യത്യസ്തമായിരിക്കാം; എന്നാലും ചുവടുകളും, അഭിനയവും, നടനവും കഥകളിയിലേതുതന്നെ. നൃത്തത്തിന്റെ സംഗീതം കഥകളിയിലേതുതന്നെയോ അല്പം വ്യത്യാസപ്പെട്ടതോ ആയിരിക്കാം. നൃത്തം കൂടുതൽ മനസ്സിലാക്കി ആസ്വദിക്കാൻ ഇതു സഹായിക്കുന്നു. അതേ സമയം ക്ലാസ്സിക്കു് കലാരൂപങ്ങളുടെ ഹാസ്യചിത്രീകരണമായി അതു് അധഃപതിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണു്.

ക്ലാസ്സിക്കു് കലകളും കഥകളിയും സദസ്യരുടെ മുമ്പാകെ അവതരിപ്പിക്കുന്നതിനു് നിസ്തന്ദ്രമായ പരിശ്രമവും സുദീർഘമായ പ്രാരംഭപരിശീലനവും ആവശ്യമാണു്. അനേകം കൊച്ചുകുട്ടികൾ നൃത്തത്തിൽ മത്സരിക്കുന്നതിനു സന്നദ്ധരായി മുന്നോട്ടുവരുന്നതു് പ്രോത്സാഹജനകമത്രേ. അവർ കഴിയുന്നത്ര ഭംഗിയായി രാഗവിസ്താരം നടത്തുകയും കീർത്തനങ്ങൾ ആലപിക്കയും ചെയ്യുന്നു. ലളിതസംഗീതവും സിനിമാഗാനങ്ങളും ആളുകളെ കൂടുതലായി ആകർഷിക്കുന്ന ഇക്കാലത്തു് ക്ലാസ്സിക്കൽ സംഗീതം പിൻതള്ളപ്പെട്ടുപോകാതെ കുട്ടികളുടെ ഈ അഭിരുചി ഒരു യഥാർത്ഥനേട്ടംതന്നെയാണു്.

ക്ലാസ്സിക്കൽസംഗീതത്തിനു് അതിനേറെയായ സാങ്കേതികതകളും പരിമിതികളും ഉള്ളതിനാൽ ലളിതസംഗീതത്തെക്കാൾ പരിശ്രമവും, പരിശീലനവും ആവശ്യമാണു്. സിനിമയുടെ പ്രചാരവും കുറഞ്ഞചെലവിൽ സിനിമ ആസ്വദിക്കുന്നതിലുള്ള ലോകവ്യാപകമായ സാദ്ധ്യതയും ആകർഷകമായ സിനിമാഗാനങ്ങളും എല്ലാക്കാലത്തെയും ആളുകളുടെ ഭാവനയെ പിടിച്ചെടുത്തിട്ടുണ്ടു്. അങ്ങനെ ലളിതസംഗീതം പ്രചാരത്തിൽ വന്നു.

സമൂഹഗാനം അടുത്തകാലത്തു് പ്രചാരത്തിൽ വന്ന ഒരു കലാരൂപമെന്ന നിലയ്ക്കു് പ്രത്യേകം പ്രസ്താവിക്കപ്പെടേണ്ടിയിരിക്കുന്നു. വിവിധ ശബ്ദങ്ങളുടെ സമ്മോഹനസമ്മേളനവും വിവിധ സംഗീതോപകരണങ്ങളുടെ സംയുക്തപ്രവർത്തന

വും സമൂഹഗാനത്തിൽ ഒന്നുചേരേണ്ടിയിരിക്കുന്നതിനാൽ ഈ കലാരൂപത്തിൽ കൂട്ടായുള്ള പരിശീലനവും പ്രവർത്തനവും ആവശ്യമാണു്. സമൂഹഗാനം ആസ്വാദ്യജനകമാകുവാൻ പങ്കെടുക്കുന്ന ഓരോരുത്തരും പരമാവധി പരിശ്രമിക്കണം.

തമിഴ്നാട്ടിലെ പൗരാണികനൃത്തരൂപമാണു് ഭരതനാട്യം. കേരളത്തിലും അതിനു പ്രചാരം സിദ്ധിച്ചിട്ടുണ്ടു്. പ്രത്യേകപരിശീലനം സിദ്ധിച്ച അദ്ധ്യാപകർ വീടുകളിലും സ്ഥാപനങ്ങളിലുമായി പരമ്പരാഗതമായി നൃത്തപരിശീലനം നല്കിവരുന്നു. യുവജനോത്സവത്തിലെ ഏകാംഗനൃത്തത്തിൽ ഭരതനാട്യത്തിന്റെ അംശങ്ങളാണു കാണുന്നതു്. അനുയോജ്യമായ വേഷവിധാനങ്ങളും മറ്റും ഇതിന്റെ ആവിഷ്കരണത്തിനാവശ്യമാണു്. പാമ്പാട്ടിനൃത്തം, മയൂരനൃത്തം, വേട്ടനൃത്തം മുതലായ ഏകാംഗനൃത്തങ്ങളും. മുക്കുവനൃത്തം, കൊയ്ത്തുനൃത്തം, കുറവഞ്ചി മുതലായ സമൂഹനൃത്തങ്ങളും വളരെയേറെ പ്രചാരം സിദ്ധിച്ചവയാണു്. സാധാരണയായി കൊച്ചുകലാകാരികളാണു നൃത്തത്തിൽ വളരെ ശോഭിക്കുന്നതു്.

യുവജനോത്സവത്തിലെ എല്ലാ പരിപാടികളിലുംവച്ചു് ഏറ്റവും കൂടുതൽ കാഴ്ചക്കാരെ ആകർഷിക്കുന്നതു നാടകമാണു്. വിദ്യാർത്ഥികളുടെ തന്മയത്വം ഏറ്റവും കൂടുതൽ കാണപ്പെടുന്നതു് കഥ, സംഭാഷണം എന്നിവയുടെ തെരഞ്ഞെടുപ്പിലും, അഭിനയം, രംഗസംവിധാനം, നാടകസംവിധാനം എന്നീ കാര്യങ്ങളിലുമാണു്. നിർദ്ദിഷ്ടസമയത്തിനുള്ളിൽ അഭിനേതാക്കളുടെ കഴിവുകൾ പൂർണ്ണമായി പ്രദർശിപ്പിക്കത്തക്കവണ്ണം വിശദാംശങ്ങൾ ഓരോന്നും അങ്ങേയറ്റം ശ്രദ്ധിക്കപ്പെടേണ്ടതാണു്. തെരഞ്ഞെടുക്കപ്പെടുന്ന കഥയിലെ സംഭവങ്ങളുടെയും കഥാപാത്രങ്ങളുടെയും ആവിഷ്കരണം കാഴ്ചക്കാരെ ഹഠാദാകർഷിക്കുന്നു. നാടകത്തിന്റെ കലാമൂല്യങ്ങൾ പരിരക്ഷിക്കുന്നതോടൊപ്പംതന്നെ കാഴ്ചക്കാരുടെ സാമാന്യാരികനിലവാരം ഉയർത്തുവാനും പര്യാപ്തമായവിധത്തിലുള്ള കഥകളായിരിക്കണം തെരഞ്ഞെടുക്കേണ്ടതു്.

പാശ്ചാത്യപരിഷ്കാരത്തിന്റെ തള്ളിക്കയറ്റത്തിൽ ഈ കലകളെല്ലാം അവഗണിക്കപ്പെട്ടിരുന്നു. സംസ്ഥാനയുവജനോത്സവം ആ അവഗണനമാറ്റാൻ സഹായിക്കുന്നു എന്നു് നിസ്സംശയം പറയാം. നമ്മുടെ കലകൾക്കു് ഒരു നവോന്മേഷം ഇന്നു കൈവന്നിട്ടുണ്ടു്. കലാഭിരുചിയും തഴച്ചുവരുന്നു. ഈ മാറ്റത്തിനു് യുവജനോത്സവം വഹിച്ച പങ്കു് അംഗീകരിക്കപ്പെടേണ്ടതാണു്.

യുവജനോത്സവത്തിന്റെ പ്രാധാന്യം

(എൻ. കൃഷ്ണയ്യർ)

സംഗീതം, നൃത്തം, നാടകം, രചന, പെയിന്റിംഗ്, പ്രതിമാശില്പം, വിഭിന്ന സാഹിത്യരൂപങ്ങൾ ഇവയാണു് മുഖ്യസുന്ദരകലാരൂപങ്ങൾ. ഈശ്വരനാണു് ഏറ്റവും വലിയ കലാകാരൻ. മനുഷ്യരൂപം ഏറ്റവും സുന്ദരമായ കലാസൃഷ്ടിയും. നാം പ്രപഞ്ചത്തിൽ അനന്തകോടി വൈവിദ്ധ്യങ്ങൾക്കിടയിൽ ഏകത്വവും, ഏകത്വത്തിൽ വൈവിദ്ധ്യവും ദർശിക്കുന്നു. തത്വശാസ്ത്രത്തിന്റെ മേഖലകളിലേക്കു നയിക്കുന്ന ഈ ആശയത്തെപ്പറ്റി കൂടുതൽ ചിന്തിക്കുവാൻ ഞാൻ തുനിയുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ കലാഭംഗിയും ജീവിതത്തിന്റെ സൗന്ദര്യഭാവങ്ങളും, പ്രകൃതിയുടെ വൈകാരികാംശങ്ങളുമാണു് മനുഷ്യന്റെ ബുദ്ധിപരവും, ഭൗതികവുമായ വശങ്ങളെക്കാൾ കൂടുതൽ ഉൽക്കൃഷ്ടം. യുവജനോത്സവത്തിന്റെ പ്രാധാന്യവും സ്ഥാനവും ഇവിടെയാണു പ്രകടമാകുന്നതു്. കേരളത്തിലെ വിദ്യാർത്ഥികൾക്കു തങ്ങളുടെ കലാവാസനകളെ വികസിപ്പിക്കുന്നതിനും, പ്രകടിപ്പിക്കുന്നതിനും തദ്വാരാ ബഹുജനങ്ങളുടെ പ്രശംസയും പ്രോത്സാഹനവും ആർജ്ജിക്കുന്നതിനും ഇതു് ഇടനല്കുന്നു. യുവജനോത്സവം യഥാർത്ഥത്തിൽ ഒരു കലാസദ്യതന്നെയാണു്. കേരളത്തിന്റെ വിവിധഭാഗങ്ങളിൽനിന്നു വന്നുചേരുന്ന ബാലികാബാലന്മാർ അവതരിപ്പിക്കുന്ന ഈ കലാപ്രകടനങ്ങൾ കണ്ണിനും കാതിനും കരളിനും, ഒരുപോലെ ആസ്വാദ്യകരമാണു്. പ്രശസ്തരും, കേരളത്തിനും ഭാരതത്തിനും അഭിമാനഭാജനങ്ങളുമായി നിങ്ങൾ വളർന്നുവരുവാൻ ജഗന്നിയന്താവു നിങ്ങളെ അനുഗ്രഹിക്കട്ടെ! കേരളത്തിലെ യുവജനോത്സവം അഭിവൃദ്ധിയിൽനിന്നു് അഭിവൃദ്ധിയിലേക്കു വളരുകയും ഇതരസംസ്ഥാനങ്ങൾക്കു പ്രചോദനം പകരാൻ പര്യാപ്തമായിത്തീരുകയും ചെയ്യട്ടെ.

കഴിഞ്ഞ പത്തു വർഷമായി നടന്നു വരുന്ന സംസ്ഥാനയുവജനോത്സവത്തെപ്പറ്റി അനുകൂലവും പ്രതികൂലവും ആയ അഭിപ്രായങ്ങൾ ഒട്ടുവളരെ ഉണ്ടായിട്ടുണ്ട്. പ്രതികൂലാഭിപ്രായങ്ങൾ ഏറിയപങ്കും ഉത്സവത്തിന്റെ പോരായ്മകളെച്ചൊല്ലിയുള്ളതാണ്. ഈ അഭിപ്രായങ്ങളുടെയും പത്തു വർഷത്തെ അനുഭവത്തിന്റെയും വെളിച്ചത്തിൽ യുവജനോത്സവം എങ്ങനെ മെച്ചപ്പെടുത്താം എന്നു് ഒരന്വേഷണം ഞങ്ങൾ നടത്തുകയുണ്ടായി. ആ അന്വേഷണത്തിന്റെ ഫലമാണു് ഈ ചർച്ച. ഉത്സവവുമായി അടുത്തു ബന്ധപ്പെട്ട ഏതാനും പ്രശസ്തവ്യക്തികൾ ഈ ചർച്ചയിൽ പങ്കെടുക്കുന്നു.

യുവജനോത്സവം

എങ്ങനെ

മെച്ചപ്പെടുത്താം?

ഉത്സവം മാത്രം പോര; കലാകാരന്മാരെ സൃഷ്ടിക്കുകയും വേണം

ഡോ. സി. എസ്. വെങ്കിടേശ്വരൻ

കേരളത്തിലെ യുവജനോത്സവങ്ങളും കേരള സംസ്ഥാനത്തോടൊപ്പം പഴക്കമുള്ളവയാണു്. കേരളത്തിലെ ഒന്നാമത്തെ യുവജനോത്സവം 1957 ജനുവരി 24, 25, 26 എന്നീ തീയതികളിൽ എറണാകുളത്തുവച്ചു് ആഘോഷിക്കുകയും രക്ഷാകർത്താക്കളുടെയും പൊതുജനങ്ങളുടെയും ഗംഭീരമായ സ്വീകരണത്തോടൊപ്പം വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സഹർഷമായ സ്വാഗതവും അതിനു ലഭിക്കുകയുണ്ടായി. അന്നു മുതൽ സംസ്ഥാനയുവജനോത്സവം വിദ്യാർത്ഥിനീവിദ്യാർത്ഥികളുടെ ഇടയ്ക്കു് ആകാംക്ഷാപൂർവ്വം കാത്തിരിക്കുന്ന ഒരു വാർഷികാഘോഷമാണു്. തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള വിവിധ വിദ്യാഭ്യാസകേന്ദ്രങ്ങളിൽ ഒരു വർഷമൊഴികെ എല്ലാ വർഷങ്ങളിലും ഒന്നാമത്തേതുപോലെ യുവജനോത്സവങ്ങളും ആഘോഷിക്കുകയുണ്ടായി. സംസ്ഥാനയുവജനോത്സവത്തിനു മുമ്പായി വിദ്യാലയാടിസ്ഥാനത്തിൽ പൂജവയ്പ്പു് അവധിക്കും, ജില്ലാ അടിസ്ഥാനത്തിൽ ക്രിസ്തുമസ്സ്അവധിക്കാലത്തും യുവജനോത്സവങ്ങളും നടത്തുന്നു. വർഷം ചെല്ലുന്തോറും പൊതുവിലുള്ള തീക്ഷ്ണത വർദ്ധിച്ചുവരുന്നു. ഡിസ്ട്രിക്ടു് യുവജനോത്സവങ്ങളിലും സംസ്ഥാനയുവജനോത്സവങ്ങളിലും രാത്രിയുടെ അന്ത്യയാമങ്ങളോളം ദീർഘിക്കുന്ന യുവകലാകാരന്മാരുടെയും കലാകാരികളുടെയും പരിപാടികളും സാകൂതം വീക്ഷിക്കുവാൻ സ്ത്രീകളും കുട്ടികളുമടക്കം ആയിരക്കണക്കിനാളുകളും തടിച്ചുകൂടുന്നതു് ഒരു അപൂർവ്വ സംഭവമല്ല. പല ഡിസ്ട്രിക്ടുകളിലും വിജയികൾക്കുള്ള ട്രോഫികളേറ്റുവാങ്ങുവാൻ കലാപ്രേമികളും മുമ്പോട്ടു വന്നിട്ടുണ്ടു്. ജനതയുടെ സാർവ്വത്രികമായ താൽപര്യത്തിന്റെ ഈ പ്രകടനം വിദ്യാലയങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന ഈ പുതിയ സംരംഭത്തിന്റെ അംഗീകാരമാണു്. വിദ്യാലയങ്ങളിൽ അടുത്തകാലത്തു് ഏർപ്പെടുത്തിയിരിക്കുന്ന അടിസ്ഥാനവിദ്യാഭ്യാസം, കരകൗശലാഭ്യസനം, തൊഴിൽപരിചയം എന്നിവയെന്നാലും വിദ്യാർത്ഥികളുടെയോ രക്ഷാകർത്താക്കളുടെയോ അദ്ധ്യാപകരുടെയോ ശ്രദ്ധ ഉണർത്തുവാൻ യുവജനോത്സവത്തോളം കഴിഞ്ഞിട്ടില്ല.

സുന്ദരകലകളുടെ പ്രോത്സാഹനമാണു യുവജനോത്സവംകൊണ്ടുദ്ദേശിക്കുന്ന പ്രധാനലക്ഷ്യം. നമ്മുടെ സംസ്കാരത്തെ പാശ്ചാത്യസംസ്കാരത്തിൽനിന്നും വേർതിരിച്ചുകാണിക്കുന്നതു് സംഗീതം, നൃത്തം, നാടകം ഇത്യാദി കലകളിലെ ആത്മചൈതന്യമാണു്. ഈ സവിശേഷത കലാകാരന്മാരെയും കാണികളെയും ഒരുപോലെ ആനന്ദോന്മത്തരാക്കിത്തീർക്കുന്നു. എന്നാൽ പാശ്ചാത്യമാതൃകയെ അനുകരിച്ചുള്ള നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം യുവജനങ്ങളിൽ ഈവിധ കലാവാസനകളും വളർത്തുന്നതിനു പര്യാപ്തമല്ല. യുവജനോത്സവത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നു് ഈ കുറവു പരിഹരിക്കുകയാണു്.

നാം ദേശീയോത്സവത്തെപ്പറ്റി വളരെയധികം കേട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണു് ഇതു്. ഭാരതത്തിലെ വൈവിധ്യംനിറഞ്ഞ പ്രാദേശികകലാരൂപങ്ങളും ഒരേ വേദിയിൽ അവതരിപ്പിക്കുന്നതിൽക്കവിഞ്ഞു്, ദേശീയോൽഗ്രഥനത്തെ സഹായിക്കുന്ന മറ്റെന്തു് ഉപാധിയാണുള്ളതു്?

സ്കൂൾമത്സരങ്ങളിൽ അറുപതുശതമാനത്തിലധികം മാർക്കു നേടുന്നവരെ ജില്ലാതലത്തിലുള്ള മത്സരങ്ങളിലും അതിൽ ഒന്നും രണ്ടും സ്ഥാനങ്ങളും കരസ്ഥമാക്കുന്നവരെ സംസ്ഥാനമത്സരങ്ങളിലും പങ്കെടുപ്പിക്കുന്നു. വിദ്യാർത്ഥിനികൾക്കും വിദ്യാർത്ഥികൾക്കും പല വിഷയങ്ങളിലും പ്രത്യേകം മത്സരങ്ങളും ഏർപ്പെടുത്തിയിരിക്കുന്നു.

ഇക്കാലത്തു സ്കൂളുകളിൽ സുന്ദരകലകളുടെ പോഷണത്തിനുള്ള അവസരങ്ങളും അപൂർവ്വമത്രെ. കായികപരിശീലനങ്ങളുടെ കാര്യത്തിൽ കാണിക്കുന്ന ശ്രദ്ധാന്തിയും നിർബ്ബന്ധവും ഇതിൽനിന്നും തികച്ചും വ്യത്യസ്തമാണു്. ഇതിലേക്കായി ചിലപ്പോൾ ഒന്നും രണ്ടും അദ്ധ്യാപകർ കണ്ടേക്കാം. ആഴ്ചയിൽ ഒരു പീരിയഡ് ഇതിലേക്കായി മാറ്റിവച്ചിരിക്കുന്നു. എല്ലാ സ്കൂളുകളിലും ഡ്രോയിംഗിനും സംഗീതത്തിനുമായി അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടു്. എന്നാൽ കലാഭ്യസനത്തിനു വേണ്ട രീതിയിൽ ഉള്ള സൗകര്യങ്ങളും വളരെ വിരളമാണു്. ലളിതകലകളുടെ അഭ്യസനത്തിനു കൂടുതൽ ചെലവു വഹിക്കേണ്ടി

വരും. അവ പഠിപ്പിക്കുന്നതിനു വിദഗ്ധനായ ഒരു അദ്ധ്യാപകൻ വേണം. അനേകമാസങ്ങളിലെ, വളരെ ശ്രദ്ധയോടുകൂടിയ പരിശീലനവും ആവശ്യമാണു്. നൃത്തത്തിനും അതുപോലെയുള്ള മറ്റു പരിപാടികൾക്കും വിലപിടിച്ച വേഷവിധാനങ്ങളും വേണ്ടിവരും. ഇതിനൊന്നിനുമുള്ള ക്രമീകരണങ്ങൾ ഇന്നു സ്കൂളുകളിൽ ഇല്ലാത്തതുമൂലം തങ്ങളുടെ കുട്ടികളുടെ കലാവാസനകളെ വളർത്തിയെടുക്കുവാൻ ആഗ്രഹിക്കുന്ന രക്ഷാകർത്താക്കൾ സ്വന്തം ചെലവിൽ അദ്ധ്യാപകരെ വീടുകളിൽ ഏർപ്പെടുത്തുന്നു. ഭാരിച്ച ചെലവുകൾ ചെയ്തു് ഇപ്രകാരം നിയമിക്കുവാൻ നല്ല സാമ്പത്തികസ്ഥിതിയുള്ളവർക്കു മാത്രമേ സാധിക്കയുള്ളൂ.

കേരളത്തിൽ യുവജനോത്സവം തുടങ്ങിയിട്ടു് പത്തു സംവത്സരങ്ങൾ പിന്നിട്ടിരിക്കുന്ന ഈ സന്ദർഭത്തിൽ അതിന്റെ പുരോഗതിയെക്കുറിച്ചും അതിനു കലാസാംസ്കാരികരംഗങ്ങളിൽ സാമാന്യമായിട്ടും വിശിഷ്യാ വിദ്യാഭ്യാസരംഗത്തും ഉണ്ടായിട്ടുള്ള സ്വാധീനശക്തി എന്തെന്നും ഒരു അവലോകനം നടത്തുന്നതു സമുചിതമായിരിക്കും.

പാഠ്യവിഷയങ്ങൾക്കു ബാധകമാകാത്തവിധത്തിൽ യുവജനോത്സവംവഴി സുന്ദരകലകൾക്കു് ആവിഷ്കരണം നല്കുന്നതു സ്വാഗതാർഹമാണെന്നു് വിദ്യാഭ്യാസവിദഗ്ധന്മാർ സമ്മതിക്കുമെങ്കിൽ—അങ്ങനെയാണെന്നാണെന്റെ വിശ്വാസം—ഇതു കൂടുതൽ കാര്യക്ഷമമാക്കുവാൻ ആധുനികവിദ്യാഭ്യാസസമ്പ്രദായത്തിൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി ആലോചിച്ചു തീരുമാനിക്കേണ്ടിയിരിക്കുന്നു.

ഇതിനെ സംബന്ധിച്ചിടത്തോളം ഞാൻ താഴെപ്പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നിരിക്കുന്നു. യുവജനോത്സവത്തിനു് അനുകൂലമായ വസ്തുതകൾ താഴെ ഉദ്ധരിക്കുന്നു.

1. ഇതിനു ലഭിച്ച സഹർഷമായ സ്വാഗതം പൊതുജനങ്ങളുടെ അംഗീകാരത്തിന്റെ പ്രതീകമാണു്.

2. പൗരാണികകലകളിൽ നമ്മുടെ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കുള്ള അഭിരുചി വളർത്തുവാൻ ഇതിനു കഴിഞ്ഞിട്ടുണ്ടു്.

3. ബാഹ്യരൂപങ്ങളിലുള്ള വൈവിധ്യങ്ങൾക്കുപരിയായി ഭാരതീയസംസ്കാരത്തിന്റെ ഏകതത്വം മനസ്സിലാക്കുവാൻ ഇന്ത്യയിലെ യുവതലമുറയെ അതു ഗണ്യമായി സഹായിച്ചിട്ടുണ്ടു്.

4. യുവകലാകാരന്മാരിൽ അഭിവൃദ്ധിക്കുള്ള അഭിവാഞ്ഛയും അച്ചടക്കബോധവും വളർത്തുന്നതിനു് യുവജനോത്സവത്തിനുള്ള പങ്കു നിസ്സാരമല്ല.

അതോടൊപ്പം താഴെ പറയുന്ന കാര്യങ്ങളും നാം അവധാനപൂർവ്വം പരിഗണിക്കേണ്ടതാണു്.

1. സുന്ദരകലകൾക്കു പരിശീലനംനല്കുവാനുള്ള സാഹചര്യങ്ങളുടെ പരിമിതിമൂലം ഒരു വലിയ വിഭാഗം കുട്ടികൾക്കു് ഇതിൽ ഭാഗഭാക്കുകളാകുവാൻ സാധിക്കുന്നില്ല. അങ്ങനെ യുവജനോത്സവം ഇന്നു സമ്പന്നരായ ഒരുവിഭാഗം ആളുകളുടെ കുത്തകയായി പരിണമിച്ചിരിക്കുന്നു.

2. പ്രത്യേകം ഫണ്ടുകളൊന്നും ഇതിനായി നീക്കിവച്ചിട്ടില്ല. അതുമൂലം അദ്ധ്യാപകർക്കും അദ്ധ്യേതാക്കൾക്കും ഇതിന്റെ സാമ്പത്തികഭാരം വലിയ ക്ലേശങ്ങൾ സൃഷ്ടിക്കുന്നു.

3. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഇതിനായി നീക്കിവച്ചിരിക്കുന്ന തുക വളരെ തുച്ഛമാണു്. അതുകൊണ്ടു് പൊതുജനങ്ങളിൽനിന്നും ഇതിന്റെ നടത്തിപ്പിനാവശ്യമായ തുകകൾ പിരിച്ചെടുക്കേണ്ടിവരുന്നു. യൂത്തു്ഫെസ്റ്റിവലിന്റെ സുഗമമായ നടത്തിപ്പിനു് ഇതു് ഒരു വലിയ പരിമിതി നല്കുന്നു.

4. ഓരോ വിദ്യാഭ്യാസജില്ലയിലും അറുപതോടടുത്തു വിദ്യാലയങ്ങളുണ്ടു്. ഓരോ സ്കൂളിലും ഏകദേശം രണ്ടായിരം വിദ്യാർത്ഥികൾ വീതം പഠിക്കുന്നു. ഇന്നത്തെ പരിമിതികളൊക്കെയുണ്ടെങ്കിലും ജില്ലാടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും നടത്തപ്പെടുന്ന യുവജനോത്സവങ്ങൾക്കു വളരെയധികം കുട്ടികൾ പങ്കെടുക്കുന്നു. തുകയുടെ പരിമിതിയും പങ്കെടുക്കുന്നവരുടെ ബാഹുല്യവുംമൂലം കേവലം ഒന്നരയോ രണ്ടോ ദിവസംകൊണ്ടു പരിപാടികൾ തീർക്കുവാൻ സംഘാടകർ നിർബ്ബന്ധരായിത്തീരുന്നു.

5. ജില്ലാമത്സരങ്ങളിലും സംസ്ഥാനമത്സരങ്ങളിലും ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്കു സർട്ടിഫിക്കറ്റുകൾ കൊടുക്കുന്നു. വിദ്യാലയങ്ങൾക്കും വിദ്യാഭ്യാസജില്ലകൾക്കും റോളിങ്കപ്പുകൾ ഏർപ്പെടുത്തിയിരിക്കുന്നു. കുറേക്കൂടി വിലപിടിപ്പുള്ള എന്തെങ്കിലും സാധനങ്ങൾ സമ്മാനമായി കൊടുത്താൽ മെച്ചപ്പെട്ട തോതിലുള്ള നല്ല മത്സരങ്ങൾ ഉണ്ടാകുവാൻ അതു സഹായകമായിരിക്കും.

ഇന്നത്തെ യുവജനോത്സവങ്ങളുടെ രീതിയും നിലവാരവും ഉയർത്തുന്നതിനും വിദ്യാർത്ഥികളുടെ ഇടയിൽ ഇതു സാർവ്വത്രികമാക്കുന്നതിനും ചില നിർദ്ദേശങ്ങൾ ഞാൻ വയ്ക്കുകയാണു്.

1. ഗെയിംസ്ഫീസുപോലെതന്നെ അപ്പർ പ്രൈമറി വിഭാഗത്തിലും ഹൈസ്കൂൾ വിഭാഗത്തിലും കൂട്ടി ഒന്നിനു് ഒരു രൂപാ നിരക്കിൽ സ്പെഷ്യൽ ഫീസു ചുമത്തുകയും ആ തുക മുഴവനും ലളിതകലകളുടെ പ്രോത്സാഹനത്തിനായി മാത്രം ചെലവഴിക്കയും വേണം.

2. ജില്ലായുവജനോത്സവത്തിനും സംസ്ഥാനയുവജനോത്സവത്തിനും വേണ്ടിവരുന്ന തുകയുടെ പകുതിയെങ്കിലും ഗ്രാൻറായി കൊടുക്കത്തക്കവണ്ണം സംസ്ഥാന ബഡ്ജറിൽ വകയിരുത്തേണ്ടതാണു്.

3. ആഴ്ചയിൽ കുറഞ്ഞതു രണ്ടു പീരിയഡ് എങ്കിലും സംഗീതം, നൃത്തം, നാടകം എന്നിവയ്ക്കു വേണ്ടി നീക്കിവയ്ക്കുകയും അഭിരുചിയുള്ള അദ്ധ്യാപകരെ ഓരോ വിഭാഗത്തിനും പരിശീലനം കൊടുക്കുന്നതിനു നിയോഗിക്കേണ്ടതുമാണു്. ലളിതകലകൾ ഐച്ഛികവിഷയങ്ങളായി തെരഞ്ഞെടുക്കുന്നവരെ മറ്റു ചില ക്ലാസ്സുകളിൽനിന്നു് ഒഴിവാക്കേണ്ടതാണു്.

4. സാധാരണ പാഠ്യവിഷയങ്ങളിൽപ്പെടുന്ന പ്രസംഗം, കഥനം തുടങ്ങിയവ യുവജനോത്സവത്തിന്റെ ഐറ്റങ്ങളിൽ ഉൾപ്പെടുത്താതിരിക്കണം.

5. മത്സരങ്ങൾ അപ്പർപ്രൈമറി ക്ലാസ്സുകളിലേയും ഹൈസ്കൂൾ ക്ലാസ്സുകളിലേയും വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കു മാത്രമായി നടത്തേണ്ടതാണു്. പ്രൈമറിഘട്ടം ഇതിനുള്ള തയാറെടുപ്പിന്റെ കാലമായി പരിഗണിക്കേണ്ടതാണു്.

6. മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കു സ്കൂൾ യൂത്തുഫെസ്റ്റിവലിനു രണ്ടു് അവസരങ്ങൾ കൊടുക്കണം. ജില്ലാതലത്തിലുള്ള മത്സരങ്ങൾക്കു വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിൽ ഒരു ഉന്നമതമാനദണ്ഡം പുലർത്തണം.

7. അനതിദൂരഭാവിയിൽ ഓരോ വിദ്യാഭ്യാസജില്ലയ്ക്കും ഗ്രീൻറും, കർട്ടൻ, വൈദ്യുതീകരണസൗകര്യങ്ങൾ, മൈക്കു് ഇവയോടുകൂടിയതും പതിനായിരം പേർക്കെങ്കിലും ഇരിപ്പിടസൗകര്യങ്ങൾ ഉള്ളതുമായ ഒരു ഓപ്പൺ തിയേറ്റർ ഉണ്ടാകേണ്ടതാണു്.

8. വ്യക്തികളായിട്ടുള്ള മത്സരങ്ങളിലെ വിജയികൾക്കു സർട്ടിഫിക്കറ്റിനു പുറമേ മെഡലുകളോ കപ്പുകളോ ഏർപ്പെടുത്തേണ്ടതാണു്.

9. സ്റ്റേറ്റ് യൂത്തുഫെസ്റ്റിവലിലെ വിജയികളെ മദ്ധ്യവേനൽ അവധിക്കാലത്തു് ഇന്ത്യയിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിനോദയാത്രയ്ക്കായി കൊണ്ടുപോകാവുന്നതാണു്. കേന്ദ്രഗവണ്മെൻറ് ഗ്രാൻറു നല്കിയും മറ്റും ഇപ്രകാരമുള്ള യാത്രകളെ പ്രോത്സാഹിപ്പിക്കുന്നുമുണ്ടു്.

അഖിലകേരളവിദ്യാലയ കലാസംഘടന ആവശ്യം

എസ്. ഗണേശയ്യർ

സെക്കണ്ടറിവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥിനീവിദ്യാർത്ഥികളുടെ കലാവിരുതു പ്രകടിപ്പിക്കുവാനുള്ള അവസരമായിട്ടാണു വിദ്യാലയ യുവജനോത്സവങ്ങൾ നടത്തപ്പെടുന്നതു്. ഈ സംരംഭം കേരളത്തിൽ ആരംഭിച്ചതു് കേരളപ്പിറവിയോടുകൂടിയാണു്. കൂട്ടത്തിൽ മറെറാന്നു പറയട്ടെ—സ്കൂൾ വിദ്യാർത്ഥിനീവിദ്യാർത്ഥികളുടെ നിലവാരത്തിൽ ഇത്തരത്തിലുള്ള യുവജനോത്സവം നടത്തുന്ന ഭാരതത്തിലെ ഒരേ ഒരു പ്രദേശം കേരളമാണു്.

യുവജനോത്സവം ആരംഭിച്ചിട്ടു് ഒരു വ്യാഴവട്ടം കഴിഞ്ഞു. സ്കൂൾനിലവാരത്തിലും, വിദ്യാഭ്യാസജില്ലാനിലവാരത്തിലും, സ്റ്റേറ്റ് നിലവാരത്തിലും യുവജനോത്സവം നടത്തിവരുന്നു. പ്രസ്തുത ഉത്സവങ്ങളിൽ താഴെപ്പറയുന്ന കലാപ്രകടനങ്ങളാണു നടന്നുവരുന്നതു്.

1. എ. ഡ്രായിംഗ് (പെൻസിൽ)
   ബി. പെയിൻറിംഗ് (വാട്ടർകളർ)
2. വായ്പാട്ടു്
   എ. ശാസ്ത്രീയസംഗീതം
   ബി. ലഘുസംഗീതം.
3. വാദ്യം
   എ. തന്ത്രിവാദ്യം (വീണ, വയലിൻ)
   ബി. സുഷിരവാദ്യം (പുല്ലാങ്കുഴൽ, നാദസ്വരം)
   സി. താളവാദ്യങ്ങൾ (മൃദംഗം, ഗിഞ്ചറ, ഘടം).
4. നൃത്തം (ഒരാൾ തനിച്ചുള്ളതു്—പെൺകുട്ടികൾ മാത്രം)
   എ. ഭരതനാട്യം
   ബി. നാടോടിനൃത്തം
5. നൃത്തം (ഒരാൾ തനിച്ചുള്ളതു്. പെൺകുട്ടികൾക്കും, ആൺകുട്ടികൾക്കും)

ഏ. കഥകളി
ബി. ഭരതനാട്യവും കഥകളിയും ഒഴിച്ചുള്ള ശാസ്ത്രീയനൃത്തങ്ങൾ.
സി. ഓട്ടൻതുള്ളൽ

6. സാഹിത്യം
ഏ. വാചാപ്രസംഗം
ബി. കഥനം

7. സംഘയത്നം
ഏ. സമൂഹഗാനം
ബി. സംഘനൃത്തം
സി. നാടകം

കുട്ടികളുടെ വിവിധകലാരൂപങ്ങളിലുള്ള നൈപുണ്യം പ്രകടിപ്പിക്കുന്നതിനു വേണ്ടത്ര സന്ദർഭങ്ങൾ നല്കുന്ന വിവിധകലാപരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള യുവജനോത്സവം അഭിനന്ദനീയവും പ്രോത്സാഹനാർഹവും ആയ ഒരു സംരംഭമാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. എന്നാൽ മുൻപറഞ്ഞ ചില ഇനങ്ങളിൽ ചുരുക്കം ചില മാറ്റങ്ങൾ വരുത്തുന്നതു കൂടുതൽ പ്രയോജനപ്രദമായിരിക്കുമെന്നു തോന്നുന്നു.

1. തന്ത്രിവാദ്യങ്ങളിൽ വീണയും വയലിനും ഒരൊറ്റ ഇനമായി പരിഗണിച്ചു് പ്രകടനം നടത്തുന്നതും പ്രയോക്താവിന്റെ സാമർത്ഥ്യം നിർണ്ണയിക്കുന്നതും ശരിയാണെന്നു തോന്നുന്നില്ല. വീണയും വയലിനും കൈകാര്യംചെയ്യുന്ന രീതിയിൽ പ്രകടമായ വ്യത്യാസമുണ്ടു്. മാത്രമല്ല, മിട്ടുകൾ ഉള്ളതിനാൽ വീണാവാദനം താരതമ്യേന സുഗമമാണുതാനും. അതുകൊണ്ടു് ഈ രണ്ടു വാദ്യങ്ങളും രണ്ടു പ്രത്യേക ഇനങ്ങളായിത്തന്നെ പരിഗണിക്കപ്പെടണം.

2. താളവാദ്യങ്ങളുടെ കൂട്ടത്തിൽ മൃദംഗം, ഗിഞ്ചിറ, ഘടം, മുതലായ കച്ചേരികൾക്കു പയോഗിക്കുന്ന ഉപകരണങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. അവയെ ഒരിനമായിത്തന്നെ പരിഗണിച്ചിട്ടുമുണ്ടു്. എന്നാൽ ഒറ്റയ്ക്കുതന്നെ സാധാരണ പ്രയോഗിച്ചുവരുന്ന നമ്മുടെ നാടൻവാദ്യങ്ങളുടെ പ്രകടനത്തിനും സൗകര്യം ഉണ്ടാകേണ്ടതാണു്. ചെണ്ട, തിമില, ഇടയ്ക്ക, മദ്ദളം ഈ വാദ്യങ്ങൾ ഉൾപ്പെടുത്തി മറ്റൊരിനം പരിപാടികൂടി അവതരിപ്പിക്കുവാൻ സൗകര്യം കൊടുക്കുന്നതു നന്നായിരിക്കും.

3. ഭരതനാട്യവും കഥകളിയും ഒഴിച്ചുള്ള ശാസ്ത്രീയനൃത്തങ്ങൾ ഒരിനമായി ഉൾപ്പെടുത്തിയിട്ടുണ്ടു്. ഒരുപക്ഷേ, ഗുരു ഗോപിനാഥു് നൂതനമായി അവതരിപ്പിച്ച പ്രസ്ഥാനം പ്രകടിപ്പിക്കാനുള്ള അവസരമായിട്ടായിരിക്കണം ഈ ഒരിനം ഏർപ്പെടുത്തിയിട്ടുള്ളതു്. പക്ഷേ, കഴിഞ്ഞ കാലങ്ങളിലെ അനുഭവത്തിൽനിന്നു് ശാസ്ത്രീയ അടിസ്ഥാനമൊന്നുമില്ലാത്ത— വേർതിരിച്ചറിയാൻ നിവൃത്തിയില്ലാത്ത—പലവിധ നൃത്തപ്രകടനങ്ങളാണു കണ്ടിട്ടുള്ളതു്. ഈ ഒരിനം തുടർന്നു നടത്തണമെന്നുള്ളപക്ഷം, ഉദ്ദേശിക്കുന്ന നൃത്തത്തിന്റെ വ്യക്തമായ ശാസ്ത്രീയനാമവും രൂപവും നിർണ്ണയിക്കേണ്ടതാണു്. മണിപുരി, കഥക്, കൂച്ചിപ്പുടി മുതലായ ശാസ്ത്രീയനൃത്തവിഭാഗങ്ങൾ നിർദ്ദേശിക്കപ്പെടാൻ സാധിക്കുമെങ്കിലും ആ നൃത്തങ്ങളുടെ ശരിയായ ശാസ്ത്രീയരീതിയിലുള്ള പരിശീലനം നല്കുന്നതിനും പ്രകടിപ്പിക്കുന്നതിനും, പ്രകടനത്തിന്റെ യോഗ്യത നിർണ്ണയിക്കുന്നതിനും, വളരെയേറെ ബുദ്ധിമുട്ടുള്ളതുകൊണ്ടു് അവ പ്രകടിപ്പിക്കാൻ ഒരുപക്ഷേ, സൗകര്യം നല്കാമെങ്കിലും മത്സരങ്ങളിൽനിന്നു് ഒഴിവാക്കേണ്ടതാണു്.

കേരളത്തിലെ എല്ലാ വിദ്യാലയങ്ങളും പ്രതിനിധീകരിക്കപ്പെട്ടിട്ടുള്ള കേരള സ്കൂൾസ് അത്‌ലറ്റിക് അസോസിയേഷൻ എന്നൊരു സംഘടനയുണ്ടല്ലോ. സംഘടനയ്ക്കു ജില്ലാഘടകങ്ങളും സ്റ്റേറ്റ്തലത്തിലുള്ള ഒരു ഘടകവും ഉണ്ടു്. ഈ സംഘടനാപ്രവർത്തനത്തിനു് നിശ്ചിതനിബന്ധനകളും ഉണ്ടു്. വിദ്യാഭ്യാസഡയറക്ടർ, സ്റ്റേറ്റ്സംഘടനയുടെ ഔദ്യോഗികനിലയിലുള്ള അദ്ധ്യക്ഷനാണു്. ജില്ലാവിദ്യാഭ്യാസോദ്യോഗസ്ഥന്മാർ, ജില്ലാഘടകങ്ങളുടെ ഉദ്യോഗസ്ഥന്മാരും. വിദ്യാലയങ്ങളുടെ പ്രതിനിധികളും, ജില്ലാഘടകങ്ങളുടെ അംഗങ്ങളേയും സെക്രട്ടറിമാരേയും ഉപാദ്ധ്യക്ഷന്മാരേയും തെരഞ്ഞെടുക്കുന്നു. ജില്ലാസംഘടനാപ്രതിനിധികളും, സ്റ്റേറ്റ്സംഘടനയുടെ ഉപാദ്ധ്യക്ഷന്മാരെയും സെക്രട്ടറിയേയും അംഗങ്ങളേയും തെരഞ്ഞെടുക്കുന്നു. പ്രസ്തുത സംഘടനകളാണു് വിദ്യാർത്ഥിനീവിദ്യാർത്ഥികളുടെ കായികവിനോദങ്ങളുടേയും കളികളുടേയും മത്സരങ്ങളുടേയും ചുമതല വഹിക്കുന്നതു്. അവയുടെ പ്രവർത്തനത്തിനു വേണ്ട ധനം വിദ്യാലയങ്ങളുടെ സ്പെഷ്യൽ ഫീസിനത്തിൽനിന്നു സംഭാവനയായും സർക്കാരിൽനിന്നു ഗ്രാന്റായും ലഭിക്കുന്നു.

മുൻപറഞ്ഞ സംഘടനകളും ജില്ലാതലത്തിൽ സ്പോർട്സും, ഗെയിംസും സംഘടിപ്പിക്കുകയും മത്സരങ്ങൾ നടത്തുകയും സ്റ്റേറ്റ്നിലവാരത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കാനുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുത്തു പരിശീലിപ്പിച്ചു് അയ

സ്സുകയും ചെയ്യുന്നു. സ്റ്റേറ്റ്തലത്തിലുള്ള സംഘടന സ്റ്റേറ്റാടിസ്ഥാനത്തിൽ മത്സരങ്ങളും നടത്തുന്നു. അതിൽ സമർത്ഥരായ വിദ്യാർത്ഥിനീവിദ്യാർത്ഥികളെ തെരഞ്ഞെടുത്തു് വേണ്ടവോളം പരിശീലനം കൊടുത്തു് ദേശീയമത്സരങ്ങൾക്കു് അയയ്ക്കുന്നു. ഈ സംഘടനകളും കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലം പ്രവർത്തിച്ചതിന്റെ ഫലമായി ദേശീയതലത്തിൽ കേരളത്തിനു് വമ്പിച്ച നേട്ടങ്ങളും ഉണ്ടായിട്ടുണ്ടു്. മാത്രമല്ല, സ്റ്റേറ്റിൽ ഉന്നതനിലവാരം പുലർത്തി സ്പോർട്സിലും ഗയിംസിലും സമ്മാനം നേടിയ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കു് ഉപരിപഠനത്തിനു് സ്കോളർഷിപ്പുകളും നല്കി പ്രോത്സാഹനം നല്കിവരുന്നു.

എന്നാൽ, ഇപ്രകാരമുള്ള ജില്ലാസംഘടനകളോ, സ്റ്റേറ്റ്സംഘടനയോ യുവജനോത്സവത്തിനു് ഇനി ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. ഇമ്മാതിരി സംഘടനകളുടെ അഭാവം യുവജനോത്സവങ്ങളെ സാരമായി ബാധിച്ചിട്ടുണ്ടു്. ജില്ലാതലത്തിലും സ്റ്റേറ്റ്തലത്തിലും യുവജനോത്സവങ്ങളും നടത്തുന്നതിനു് കായികമത്സരങ്ങളും കളികളും നടത്തുന്നതിനേക്കാളും വളരെ കൂടുതൽ ചെലവുണ്ടെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. ചെലവു കൂടുന്നതിനുള്ള ഒരു പ്രധാനകാരണം കലോത്സവങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥിനീവിദ്യാർത്ഥികളുടെ സമൂഹജീവിതം (Community life) ആണു്. ജില്ലായുവജനോത്സവത്തിനും സ്റ്റേറ്റ്യുവജനോത്സവത്തിനും സമൂഹജീവിതം കൂടിയേ കഴിയൂ. കലാപ്രകടനത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കു് നേതൃത്വം നല്കുന്ന അദ്ധ്യാപകരും സമൂഹജീവിതത്തിൽ പങ്കുകൊള്ളേണ്ടിയിരിക്കുന്നു. ഉദ്ദേശം അഞ്ഞൂറോ അറുനൂറോ ആളുകൾ ജില്ലായുവജനോത്സവത്തോടു ചേർന്നു് രണ്ടുദിവസം സമൂഹജീവിതം നടത്തേണ്ടിവരും. സ്റ്റേറ്റ്യുവജനോത്സവത്തിനു് മൂന്നുദിവസം സമൂഹജീവിതത്തിൽ പങ്കുകൊള്ളേണ്ടിവരുന്ന കൊച്ചുകലാകാരന്മാരുടെയും കലാകാരികളുടെയും അദ്ധ്യാപകരുടെയും എണ്ണം ഏറെക്കുറെ ആയിരമായിരിക്കും. കൂടാതെ കലാപ്രകടനങ്ങൾക്കു വേണ്ട രംഗസംവിധാനത്തിനും നല്ലൊരു തുക ചെലവാകുന്നുണ്ടു്. സമൂഹജീവിതത്തിനും രംഗസംവിധാനത്തിനും ചെലവാകുന്ന തുകയുടെ വളരെ തുച്ഛമായ ഒരംശം മാത്രമേ സർക്കാരിൽനിന്നു ഗ്രാന്റായി നല്കാൻ പറ്റുകയുള്ളൂ. കൂടുതലായി വേണ്ടിവരുന്ന ഗണ്യമായ ഒരു തുക കലോത്സവം നടക്കുന്ന പ്രദേശത്തെ ജനങ്ങളുടെ ആതിഥ്യമര്യാദയിൽനിന്നു മാത്രമാണു ലഭിക്കേണ്ടതു്.

അതലറ്റിക് അസോസിയേഷൻ, സ്പോർട്സും ഗെയിംസും നടത്തുമ്പോൾ പങ്കെടുക്കുന്ന കുട്ടികൾക്കു് സമൂഹജീവിതം നിർദ്ദേശിക്കപ്പെട്ടിട്ടില്ല. മത്സരങ്ങൾ നടത്തുന്നതിനുള്ള ചെലവു്—കുട്ടികളുടെ യാത്രച്ചെലവുംപ്പെടെ—വിദ്യാലയങ്ങളിലെ സ്പെഷ്യൽഫീസിൽനിന്നും, സർക്കാരിൽനിന്നു ലഭിക്കുന്ന ഗ്രാന്റിൽനിന്നും, സംഘടന ചെലവാക്കുന്നു.

മുൻപറഞ്ഞ കാര്യങ്ങൾ ഒരു വ്യക്തമായ ഉദ്ദേശത്തോടെയാണു് എടുത്തുപറഞ്ഞതു്. കേരള സ്കൂൾസ് അതലറ്റിക് അസോസിയേഷൻപോലെതന്നെ ഒരു അഖിലകേരളവിദ്യാലയകലാസംഘടനയും (All Kerala Schools' Arts Association) അതിന്റെ ഘടകങ്ങളായി ജില്ലാ സംഘടനകളും ഉണ്ടാകണം. അവയ്ക്കു് ഒരു നിയമാവലി വേണം. ഈ കലാസംഘടനകൾ യുവജനോത്സവത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കു വേണ്ട പരിശീലനം നല്കുന്നതിലും, അവർക്കു കലാപ്രകടനങ്ങൾ നടത്തുന്നതിനു വേണ്ടത്ര അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിലും ശ്രദ്ധിക്കുകയും നേതൃത്വം നല്കുകയും വേണം. സ്റ്റുഡന്റിംഗ്രൂപ്പ് എക്സ്കർഷനും ഫീസിൽനിന്നും 20 ശതമാനവും, ഹോബിയും ക്രാഫ്റ്റും ഫീസിൽനിന്നും മുപ്പതോ നാല്പതോ ശതമാനവും കേരളാവിദ്യാലയകലാസംഘടനയുടെ സ്റ്റേറ്റും ജില്ലയും ഘടകങ്ങൾക്കു സംഭാവനയായി നല്കണം. അതോടൊപ്പം സർക്കാരിൽനിന്നും നല്കുന്ന ഗ്രാന്റും സംഘടനയ്ക്കു ലഭിക്കണം, കലാസംഘടനാപ്രവർത്തനത്തിനു വേണ്ട പണമായി.

സംഘടനയുടെ പ്രവർത്തനത്തിൽ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങൾ:

1. കലാപ്രകടനനൈപുണ്യമുള്ള വിദ്യാർത്ഥിനീവിദ്യാർത്ഥികളെ കണ്ടുപിടിക്കുക.
2. അവർക്കു വേണ്ട പരിശീലനം നല്കുന്നതിനു് ഏർപ്പാടുചെയ്യുക.
3. സമ്മർക്യാമ്പുകൾ ഏർപ്പെടുത്തി ഏകാഗ്രമായി കുട്ടികൾക്കു് കലാപരിശീലനം നടത്തുന്നതിനു് അവസരം നല്കുക.
4. കഥകളി, മറ്റു നൃത്തങ്ങൾ മുതലായവ രംഗത്തു പ്രകടിപ്പിക്കുവാൻ ആവശ്യമുള്ള പശ്ചാത്തലസംഗീതത്തിനും ഉപകരണങ്ങൾക്കും ഏർപ്പാടുചെയ്യുക.
5. കലാരംഗത്തു പ്രശോഭിക്കുവാൻ കഴിവുള്ള വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കു് അത്യാവശ്യമുണ്ടെങ്കിൽ മാത്രം പരിമിതമായി ധനസഹായം നല്കി പരിശീലനസൗകര്യം കൊടുക്കുക.

സ്പോർട്സിനും ഗയിംസിനും ഉന്നതനിലവാരം പുലർത്തി സമ്മാനങ്ങൾ നേടുന്ന വിദ്യാ

ത്ഥിനീവിദ്യാത്ഥികൾക്കു കൊടുക്കുന്നതുപോലുള്ള സ്കോളർഷിപ്പ്, സ്റ്റേറ്റു നിലവാരത്തിൽ ഉന്നതനിലവാരം പുലത്തി കലാപ്രകടനത്തിനു സമ്മാനം നേടുന്ന വിദ്യാത്ഥിനീവിദ്യാത്ഥികൾക്കും നല്കണം. പ്രസ്തുത സ്കോളർഷിപ്പുകൾ അവരുടെ ഉപരിപഠനത്തിനു പ്രയോജനകരമായിരിക്കും; മാത്രമല്ല, കൊച്ചു കലാകാരന്മാക്കും കലാകാരികൾക്കും പരിശീലനത്തിനും പ്രകടനത്തിനും പ്രോത്സാഹനവും.

മുൻപറഞ്ഞ നിർദ്ദേശങ്ങൾ രക്ഷാകർത്താക്കളുടെയും സർക്കാരിന്റെയും പരിഗണനയ്ക്കു അംഗീകരണത്തിനുമായി സമർപ്പിച്ചുകൊണ്ട്, അവരുടെ പ്രോത്സാഹനത്തിന്റെയും സഹായസഹകരണങ്ങളുടെയും ഫലമായി അടുത്ത തലമുറയിൽ മികച്ച കലാകാരന്മാരെയും കലാകാരികളെയും കലാരസികരെയും വളർത്തിയെടുക്കണം എന്നുള്ള പ്രാർത്ഥനയോടുകൂടി ഈ ലേഖനം ഉപസംഹരിച്ചുകൊള്ളട്ടെ.

യഥാർത്ഥ കലാകാരന്മാക്കാണോ സമ്മാനം നൽകുന്നത്?

കലാമണ്ഡലം കൃഷ്ണൻനായർ

നാം ഇന്നു നടത്തുന്ന യുവജനകലോത്സവം അതിന്റെ മൗലികമായ ആദർശത്തെ എത്രമാത്രംനിലനിറുത്തുന്നുണ്ട്, നിർവ്വഹിക്കുന്നുണ്ട് എന്നു് ഇടയ്ക്കെങ്കിലും പരിശോധിക്കേണ്ടതത്യാവശ്യമാണു്.

മൂന്നു ലവലുകളിലായി യുവജനോത്സവം ഇന്നു് നിലവിലുണ്ടു്. ഇവയിലോരോന്നിലും ഓരോ വിഷയങ്ങളിൽ മത്സരങ്ങൾ നടക്കുന്നു. ആദ്യത്തെ രണ്ടു ലവലുകളിലും ഒന്നാംസമ്മാനത്തിനർഹരായ വിദ്യാർത്ഥികളെ ഒടുവിൽ മത്സരിപ്പിച്ചു്, സ്റ്റേറ്റു ലവലിൽ ഒന്നും രണ്ടും സമ്മാനങ്ങൾ ഓരോ വിഷയത്തിനും നല്കുന്നു. ഇങ്ങനെ സമ്മാനാർഹരാകുന്ന വിദ്യാർത്ഥികൾ യഥാർത്ഥത്തിൽ ആ വിഷയത്തിൽ വേണ്ടത്ര അറിവും കഴിവും ഉള്ളവരാണോ? കഴിവുള്ളവരെല്ലാം സമ്മാനാർഹരാകുന്നുണ്ടോ? നിഷ്പക്ഷമായി ചിന്തിക്കേണ്ട കാര്യങ്ങളാണിവ.

ഇന്നത്തെ സമ്പ്രദായമനുസരിച്ചു സമ്മാനാർഹരാകുന്ന വിദ്യാർത്ഥികൾ അതാതു വിഷയങ്ങളിൽ വേണ്ടത്ര അറിവോ കഴിവോ ഉള്ളവരായിരിക്കണമെന്നില്ല. ഉദാഹരണമായി കഥകളിമത്സരംതന്നെ എടുക്കാം. പത്തു മിനിറ്റാണു് ഒരു സോളോ ഐറ്റത്തിന്റെ സമയം. ഒരു കുട്ടി ഈ പത്തു മിനിറ്റുകൊണ്ടു് അവന്റെ കഴിവു പ്രദർശിപ്പിക്കണം. ഈ പത്തു മിനിറ്റുനേരത്തേക്കു വേണ്ട പ്രകടനമേ അവിടെ ആവശ്യമുള്ളൂ. അങ്ങനെ പ്രദർശിപ്പിച്ചു് ഒരുവൻ സമ്മാനാർഹനായി എന്നുവെയ്ക്കുക. ഇന്നത്തെ അവസ്ഥയിൽ ആ കുട്ടിക്കു കഥകളിയിൽ വേണ്ടത്ര പരിജ്ഞാനം ഉണ്ടാവണമെന്നില്ല. ഒരുപക്ഷേ, അവൻ ആടിയ പദംതന്നെ ഏതു കഥയിലുള്ളതാണെന്നോ ആരുടെ പദമാണെന്നോ അവനറിയില്ലായിരിക്കാം. ആ പദത്തിന്റെ രാഗമെന്തു്, താളമെന്തു് എന്നൊന്നുമറിയാനവൻ മെനക്കെട്ടിരിക്കയില്ല. ഈ ഒരവസരത്തിനുവേണ്ടി ഏതെങ്കിലും കഥകളിയദ്ധ്യാപകനെക്കൊണ്ടു് പത്തു മിനിറ്റിൽ ഒതുങ്ങുന്ന ഒരു പദം ആ കുട്ടിയെ പഠിപ്പിക്കുന്നു. അതിനു് ഒരാഴ്ചയോ കൂടിയാൽ ഒരുമാസമോ അവർ ചെലവഴിച്ചിട്ടുണ്ടാകും. കുട്ടി കാഴ്ചയിൽ നല്ലവനും കലാവാസനയുള്ളവനുമായിരിക്കും. പ്രൈസു് വാങ്ങുവാൻ ഇത്രയെല്ലാം മതി. നേരിട്ടനുഭവമുള്ളതുകൊണ്ടാണു ഞാനിത്ര കണിശമായി പറയുന്നതു്. ഇതുകൊണ്ടു് ആ കുട്ടിക്കോ ആ കലയ്ക്കോ എന്താണു പ്രയോജനം? കുട്ടികൾക്കു കലാപരിജ്ഞാനം ഉണ്ടാക്കുവാൻവേണ്ടിയാണല്ലോ മത്സരങ്ങൾ നടത്തുന്നതു്; അപ്പോൾ അവരുടെ കഴിവുകളെ ശരിയായി പരിശോധിച്ചറിയുവാനുള്ള സൗകര്യങ്ങൾകൂടി ഈ അവസരത്തിലുണ്ടാക്കേണ്ടതാണു്. അതായതു് കുട്ടികൾ സമ്മാനാർഹരാകുന്നതു് അവരുടെ അറിവിനെയും സാമർത്ഥ്യത്തെയും പൂർണ്ണമായും ആശ്രയിച്ചായിരിക്കണം. അതിനുവേണ്ടി പ്രകടനത്തോടൊപ്പം എഴുത്തുപരീക്ഷയോ അഭിമുഖപരിശോധനയോ നടപ്പിൽ വരുത്താൻ വിഷമമുള്ള കാര്യമല്ല. ഇങ്ങനെ ചെയ്യുമ്പോൾ ഇന്നു നാം കാണുന്ന കോപ്പിരാട്ടികളിക്കൊന്നും ആളുകൾ മുതിരുകയില്ല. ഇതുകൊണ്ടു് കുട്ടികളിൽ കലാവാസന വളർത്തുവാനും കലകളെ തനതുരൂപങ്ങളിൽ വളർത്തിയെടുക്കുവാനും കഴിയുമെന്നുള്ള കാര്യം നിർവ്വിവാദമാണു്.

കലാമത്സരങ്ങൾ നടത്തുന്നതിനു പിന്നിൽ നിശ്ചിതമായ അഭ്യസനംകൂടി ആവശ്യമാണു്. യൂത്തു് ഫെസ്റ്റിവലിനുവേണ്ടിമാത്രം എന്തെങ്കി

ലും പഠിക്കുക എന്നുള്ള ഇന്നത്തെ സമ്പ്രദായം ആക്ഷം പ്രയോജനം ചെയ്യുകയില്ല. നല്ല അദ്ധ്യാപകരുടെ കീഴിൽ കഴിവുള്ള വിദ്യാർത്ഥികൾ ചിട്ടയനുസരിച്ചു് ഓരോ കലകളിലും അഭ്യസനം നടത്തണം. അതായതു് ഇത്തരം കലോത്സവങ്ങളിൽ പങ്കെടുക്കുവാനും അങ്ങനെ കലാവാസനയുള്ള കുട്ടികളെ വളർത്തിയെടുക്കുവാനും അതിൽക്കൂടി പ്രശസ്തി നേടാനും മുതിരുന്ന സ്ഥാപനങ്ങൾ ആ കലകൾക്കു സ്ഥിരംക്ലാസ്സുകൾതന്നെ അവരുടെ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തണം. അങ്ങനെ കുട്ടികളിൽ അവരുടെ പ്രായത്തിനനുസരിച്ചു സാമാന്യമായ കലാബോധം ഉളവാക്കണം. ഈ അഭ്യസനം മിഡിൽക്ലാസ്സുകൾതൊട്ടു സർവ്വകലാശാലകൾവരെ പടിപടിയായി ഉയർത്തിക്കൊണ്ടുവരാം. കലോത്സവങ്ങളിൽ അതനുസരിച്ചുള്ള മത്സരച്ചട്ടങ്ങളും വെയ്ക്കാം.

ഒന്നുരണ്ടു വർഷങ്ങൾക്കുമുൻപു് നമ്മുടെ ഗവണ്മെൻറ് സ്കൂൾസിലബസ് കമ്മറ്റി വിളിച്ചുകൂട്ടി ഹൈസ്കൂൾ ക്ലാസ്സുകളിൽ കഥകളി ഉൾപ്പെടുത്തുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയുണ്ടായി. എന്നാൽ അതിനെപ്പറ്റി പിന്നീടു് ഒന്നുംതന്നെ കേൾക്കുകയുണ്ടായില്ല. ഇന്നു് കേരളത്തിൽ കൊല്ലംകോട്ടം വെള്ളിനേഴിയും ഹൈസ്കൂളുകളിൽ കഥകളി പാഠ്യവിഷയമാക്കിയിട്ടുണ്ടു്. അതുകൊണ്ടായില്ല. ഓരോ ഡിസ്ട്രിക്ടിലും രണ്ടോ മൂന്നോ സ്കൂളുകളിലെങ്കിലും ശാസ്ത്രീയകലകൾ അഭ്യസിപ്പിക്കണം. അക്കാദമികളിൽ കോഴ്സുകൾ പൂർത്തിയാക്കിയ അനേകം കലാകാരന്മാർ ഇന്നു കേരളത്തിലുണ്ടു്. അതുകൊണ്ടു് ഈ വിഷയങ്ങളിൽ അദ്ധ്യാപകരെ കിട്ടാതെ വിദ്യാലയങ്ങൾ വിഷമിക്കുകയില്ല.

ഇനി ചിന്തിക്കേണ്ട മറ്റൊരു പ്രധാനകാര്യമുണ്ടു്. യഥാർത്ഥത്തിൽ സമ്മാനമർഹിക്കുന്ന കുട്ടികൾക്കു മത്സരങ്ങളിൽ സമ്മാനം ലഭിക്കുന്നുണ്ടോ? മിക്കവാറും ഇല്ലെന്നുള്ളതാണു പരമാർത്ഥം. ഇതിനു കലോത്സവഭാരവാഹികളെയും ജഡ്ജിമാരെയും ജനങ്ങൾ കുറ്റം പറയുന്നുണ്ടു്. സമൂഹായത്തിൽ ഉന്നതസ്ഥാനമർഹിക്കുന്ന വ്യക്തികളുടെ കുട്ടികൾക്കു സമ്മാനം നല്കാതിരിക്കാൻ ചിലർക്കു ഭയമാണു്. ആ സമുന്നതവ്യക്തികളാകട്ടെ, തങ്ങളുടെ കുട്ടികൾക്കു സമ്മാനം ലഭിച്ചില്ലെങ്കിൽ ചന്ദ്രഹാസമിളക്കുകയും ചെയ്യും. ഇതിൽ ആരാണു കൂടുതൽ തെറ്റുകാർ? ജഡ്ജിമാർ കൂടുതൽ മാർക്കിട്ട കുട്ടികൾക്കു് ഒന്നാംസമ്മാനം ലഭിക്കാതിരുന്നിട്ടുള്ള സംഭവങ്ങൾ എനിക്കറിയാം. അങ്ങനെയുള്ള കുട്ടികളുടെ രക്ഷിതാക്കളും അദ്ധ്യാപകരും ഈ അനീതിക്കെതിരെ ശബ്ദമുയർത്താൻ ഭയപ്പെടുന്നവരോ കഴിവില്ലാത്തവരോ ആയിരിക്കും. പിന്നെ ഇത്തരം മത്സരങ്ങൾകൊണ്ടുള്ള പ്രയോജനം എന്താണു്?

നിഷ്പക്ഷമായി കുട്ടികളുടെ കഴിവിനെ വിലയിരുത്തുവാൻ ജഡ്ജിമാരെ അനുവദിക്കണം. അവരുടെ അഭിപ്രായങ്ങളെ മാനിക്കുവാൻ ബാക്കിയുള്ളവർ തയ്യാറായിരിക്കണം. അങ്ങനെ കുട്ടികളുടെ കഴിവിനെ വിലയിരുത്താൻ കഴിവുള്ള—തനതു കലകളിൽ പരിപൂർണ്ണമായ അറിവും ആരുടെയും മുഖംനോക്കാതെ കർത്തവ്യനിർവ്വഹണം നടത്തുവാൻ സന്നദ്ധതയും ഉള്ള—വ്യക്തികളെ മാത്രം വേണം ജഡ്ജിമാരായി നിയമിക്കാൻ. ഈ ഒരു കാര്യം മത്സരങ്ങളുടെ വിജയത്തെ ഏറ്റവുമധികം ബാധിക്കുന്നു.

കലാമത്സരത്തിലെ ഓരോ ഇനത്തിനും ഇത്ര സമയം എന്നു നിശ്ചയിച്ചിട്ടുണ്ടു്. പലപ്പോഴും ഈ നിയമം തെറ്റിക്കുന്നതായി കാണുന്നു. മുൻപു പറഞ്ഞ മുഖംനോക്കൽ അതിനൊരു കാരണമാണു്. മറ്റൊന്നു പങ്കെടുക്കുന്നവരുടെ എണ്ണക്കൂടുതലും ഇടവേളകളുടെ ദൈർഘ്യവും. ഒരു ദിവസം ഇത്രപേർക്കു പങ്കെടുക്കാമെന്നും ഇടവേള ഇത്രസമയം ആകാമെന്നുമുള്ള നിയമം വെയ്ക്കണം. മുഖംനോക്കലും ശുപാർശയും മറ്റും അങ്ങേയറ്റം തടയുകയും അങ്ങനെ ചെയ്യുന്നവരെ കർശനമായ നടപടികൾക്കു വിധേയരാക്കുകയും വേണം.

ശാസ്ത്രീയകലകളെക്കുറിച്ചാണു് ഇത്രയും പറഞ്ഞതു്. ഇവയെക്കൂടാതെ ഇന്നു് അസ്തമനദശയെ പ്രാപിച്ചുകൊണ്ടിരിക്കുന്ന പല കലകളും നമ്മുടെ നാട്ടിലുണ്ടു്. അവയെ പുനരുജ്ജീവിപ്പിച്ചു് പ്രചാരത്തിൽ വരുത്തുവാൻ ഇത്തരം അവസരങ്ങൾ പ്രയോജനപ്പെടുത്തിക്കൂടെ? ഉദാഹരണമായി ചാക്യാർകൂത്തു്, പറയൻതുള്ളൽ, പരിശമുട്ടുകളി, തിറ അങ്ങനെ പലതും. ഇന്നു് ഇത്തരം കലകളെക്കുറിച്ചുറിയാവുന്നവർ വിരളമാണു്. അതുകൊണ്ടുതന്നെയാവാം ഒരുപക്ഷേ, ഒന്നുമല്ലാത്ത, എന്നാൽ, ഇതെല്ലാംകൂടിച്ചേർന്ന ചില 'ശിഖണ്ഡികൾ' കലോത്സവങ്ങളിലെ വേദികളിൽ പ്രത്യക്ഷപ്പെടുന്നതു്. അങ്ങനെയുള്ള കോലാഹലങ്ങൾ കണ്ടു് കാണികളും ജഡ്ജിമാരും ഒരുപോലെ 'പരിഭ്രമിച്ച വശായി'ത്തീരുന്നുമുണ്ടു്.

മേല്പറഞ്ഞ കാര്യങ്ങൾ ഒന്നുംതന്നെ പ്രായോഗികമാക്കുവാൻ സാധിക്കാത്തതല്ല. യൂത്തു് ഫെസ്റ്റിവലിന്റെ ആദർശങ്ങളെക്കുറിച്ചും, ആവശ്യങ്ങളെക്കുറിച്ചും, നിയമങ്ങളെക്കുറിച്ചും, അതിന്റെ ഭാരവാഹികളും അതിൽ പങ്കെടുക്കുന്ന വ്യക്തികളും—സ്ഥാപനങ്ങളും ഏറ്റവുമധികം ബോധമുള്ളവരായിരിക്കണം. എങ്കിൽമാത്രമേ ഗവണ്മെൻറ് വളരെയധികം പണം ചെലവഴിച്ചുനടത്തുന്ന ഈ സംരംഭം വിജയിക്കയുള്ളൂ.

കലകൾ സ്കൂളുകളിൽ പഠിപ്പിക്കണം

അമ്പലപ്പുഴ രാമവർമ്മ

നമ്മുടെ മിക്ക വിദ്യാലയങ്ങളിലും സാഹിത്യസമാജങ്ങളും കലാസമിതികളും പ്രവർത്തിച്ചുപോരുന്നുണ്ട്. അദ്ധ്യാപകരാണ് അതിനു നേതൃത്വവും ഉപദേശവും കൊടുക്കുന്നതു്. അദ്ധ്യാപകരുടെ ഉത്സാഹത്തെ ആശ്രയിച്ചിരിക്കും, ആതാതു വിദ്യാലയങ്ങളിലെ കലാസാഹിത്യാദികാര്യങ്ങളുടെ പ്രവർത്തനരീതിയും. ചില വിദ്യാലയങ്ങളും ഈവക കാര്യങ്ങൾക്കു നല്ല മാതൃകയായി വർത്തിക്കുന്നുണ്ട്. മറ്റു ചിലവയാകട്ടെ, അദ്ധ്യാപകരുടെ ഉദാസീനതകൊണ്ടോ അധികാരികളുടെ പ്രോത്സാഹനമില്ലായ്മകൊണ്ടോ ഏറ്റവും താണനിലവാരത്തിൽ കഴിയുന്നവയുമാണ്. കുട്ടികളിൽ നിർല്ലീനമായ കലാവാസനയെ പരിപോഷിപ്പിച്ചു് അവരെ ഭാവിയിലെ ഉന്നതരായ കലാകാരന്മാരോ കലാസ്വാദകരോ ആയി വളർത്തിയെടുക്കേണ്ടതു് വിദ്യാഭ്യാസപ്രവർത്തകരുടെ ഒഴിച്ചുകൂടാൻപാടില്ലാത്ത കടമയത്രേ. വിദ്യാലയങ്ങളും കേന്ദ്രമാക്കി നടത്തുന്ന യുവജനോത്സവങ്ങൾക്കു് ഈ വിഷയത്തിൽ വളരെയേറെ സംഭാവനകളും നല്കുവാൻ സാധിക്കും.

നമ്മുടെ വിദ്യാലയങ്ങളിൽ പഠിക്കുന്ന ബഹുഭൂരിപക്ഷം കുട്ടികളും കലാവാസനയുള്ളവരാണു്. മിക്കവരും തങ്ങളുടെ വാസനയനുസരിച്ചു കലാപ്രകടനകൗശലതയും ഉൾക്കൊള്ളുന്നവരാണു്. അവരെ തേടിപ്പിടിച്ചു് തക്കതായ പ്രോത്സാഹനം കൊടുക്കുകയാണെങ്കിൽ അവർ ഭാവിയിൽ കലാലോകത്തിനു മികച്ച സംഭാവനകളായിരിക്കുമെന്നതിനു സംശയമില്ല. പക്ഷേ, ആണ്ടിലൊരിക്കൽ യുവജനോത്സവം നടത്തിയതുകൊണ്ടുമാത്രം ഈ ലക്ഷ്യം സാധിക്കുമെന്നു തോന്നുന്നില്ല. ഓരോ വിദ്യാലയവും ഈ ലക്ഷ്യപ്രാപ്തിക്കു ശരിയായ അടിസ്ഥാനത്തിലും ചിട്ടയിലും പ്രവർത്തിക്കണം. എല്ലാ കലകൾക്കും ഒരു വിദ്യാലയത്തിൽ തുല്യമായ പരിഗണനയും പ്രാതിനിധ്യവും ലഭിച്ചെന്നു വരികയില്ല. അതു പ്രയാസമാണു്; അപ്രായോഗികവുമാണു്. എന്നാൽ ഏതെങ്കിലും ഒരു കലയ്ക്കു് പ്രമുഖസ്ഥാനം കല്പിക്കുകയും മറ്റു കലകൾക്കു് സാമാന്യമായ പ്രോത്സാഹനം കൊടുക്കുകയും ചെയ്യാം. അങ്ങനെ ഓരോ വിദ്യാലയവും പ്രവർത്തിക്കുകയാണെങ്കിൽ നമ്മുടെ ബാലവിദ്യാർത്ഥികളിൽ ചിലർക്കു് ഏതെങ്കിലും ഒരു കലയിൽ പ്രത്യേകമായ പരിശീലനം നേടുന്നതിനും, മറ്റു കലകളെക്കുറിച്ചു് സാമാന്യജ്ഞാനം സിദ്ധിക്കുന്നതിനും ഉള്ള സാഹചര്യം ഉളവാകാതിരിക്കയില്ല.

സൗകര്യമുള്ള വിദ്യാലയങ്ങളിൽ കഥകളിക്കു പ്രത്യേകമായ കോഴ്സ് തുടങ്ങണം. പ്രഗത്ഭന്മാരായ ആശാന്മാരെ അദ്ധ്യാപകരായി നിയമിക്കണം. കഥകളിയിൽ ഭാവിതലമുറയ്ക്കു് ആസക്തിയും, അടിസ്ഥാനമുറച്ചുള്ള പ്രാവീണ്യവും ലഭിക്കുന്നതിനും; കഴിവും യോഗ്യതയുമുള്ള കഥകളികലാകാരന്മാർക്കു് സ്ഥിരമായ ഒരു ജോലി കിട്ടുന്നതിനും ഇതുമൂലം സാധിക്കും. അംഗീകൃതകഥകളിവിദ്യാലയങ്ങളിലെ പഠനംകഴിഞ്ഞു പുറത്തിറങ്ങുന്ന യുവകലാകാരന്മാർക്കു് ഇതെത്രകണ്ടു പ്രയോജനപ്പെടുമെന്നു പറഞ്ഞറിയിക്കേണ്ടതില്ല. ഇങ്ങനെ ചെയ്തില്ലെങ്കിൽ കഥകളി ഒരു പ്രത്യേകവിഷയമായി പഠിക്കാൻ ആരും മുൻപോട്ടു വരുമെന്നു തോന്നുന്നില്ല.

യുവജനോത്സവവേളകളിൽ കഥകളിക്കു മത്സരിക്കുന്ന വിദ്യാർത്ഥികളുടെ സംഖ്യ ഇന്നു കൂടിവരുന്നുണ്ടു്. എത്രയെത്ര ക്ലേശങ്ങളും സാമ്പത്തികനഷ്ടവും സഹിച്ചാണു് അവർ അതിനു തയാറാവുന്നതെന്നു് അനുഭവസ്ഥർക്കറിയാം. പുറമേയുള്ള കലാകാരന്മാരെ ആശ്രയിച്ചാണു് അവരെല്ലാം തങ്ങളുടെ പരിപാടികളും അവതരിപ്പിക്കാനുള്ള പരിശീലനം തേടുന്നതു്. കഥകളിപരിശീലന ക്ലാസ്സുകളും ഉള്ള വിദ്യാലയങ്ങളാണെങ്കിൽ അവിടത്തെ വിദ്യാർത്ഥികൾക്കു് ഈ ബുദ്ധിമുട്ടുണ്ടാവുകയില്ല. ആദ്യംമുതൽതന്നെ ചിട്ടയൊപ്പിച്ചുള്ള അഭ്യാസം അവർക്കു ലഭിക്കും. തങ്ങളുടെ വാസനയും കഴിവും മത്സരരംഗത്തു പ്രത്യക്ഷപ്പെടുത്തി കാണികളുടെ പ്രീതിക്കും പ്രോത്സാഹനത്തിനും പാത്രമാവുന്ന അവർക്കു് ഈ വിശേഷാത്തരകലയോടു് വിശേഷിച്ചൊരാഭിമുഖ്യവും താൽപര്യവും തോന്നാതിരിക്കയില്ല. കഥകളിയുടെ വളർച്ചയ്ക്കും പ്രചാരത്തിനും നിലനില്പിനും ആവശ്യമായതു് യുവജനങ്ങളുടെ താദൃശമനോഭാവമാണല്ലോ. ഏതായാലും കേരളത്തിൽവെച്ചു നടത്തുന്ന യുവജനോത്സവങ്ങൾ കേരളീയ

കലകളുടെ—പ്രത്യേകിച്ചു കഥകളിയുടെ—അഭിവൃദ്ധിക്കും ആസ്വാദനത്തിനും ഉതകുണമെന്ന കാര്യത്തിൽ രണ്ടുപക്ഷമുണ്ടാവുമെന്നു തോന്നുന്നില്ല.

യുവജനോത്സവവേളകളിൽ കലാമത്സരത്തിന്റെ വിധികർത്താക്കളായി നിശ്ചയിക്കപ്പെടുന്നവരെപ്പറ്റി രണ്ടുവാക്കു്: ജഡ്ജിമാക്കു് അവർ പരീക്ഷിച്ചു മാക്കിടുന്ന ആ കലാവിഭാഗത്തെപ്പറ്റി പൂർണ്ണമായ ജ്ഞാനം ഉണ്ടായിരിക്കണം. നിഷ്പക്ഷമതിയും സത്യസന്ധനും വിദ്യാർത്ഥികളുടെ ഭാവിയിൽ തത്പരനുമായ ഒരദ്ധ്യാപകന്റെ മനോഭാവം വിധികർത്താക്കൾക്കു വേണം. ഈ വക യോഗ്യതകളില്ലാത്ത ഒരു ജഡ്ജിമതി, ശരിയായ തീരുമാനത്തെ ആകെ തുലയ്ക്കുവാൻ. അയാൾ സഹജഡ്ജിമാരോടും, കലാമത്സരത്തിനു പാടുപെട്ടിറങ്ങിത്തിരിച്ചിരിക്കുന്ന വിദ്യാർത്ഥികളോടും, അവരുടെ അഭ്യുദയകാംക്ഷികളോടും എത്രമാത്രം ദ്രോഹമാണു ചെയ്യുന്നതെന്നു പറയേണ്ടതില്ലല്ലോ. യുവജനോത്സവംകൊണ്ടു് നാം ഉദ്ദേശിക്കുന്ന ഫലം കിട്ടണമെങ്കിൽ, ശരിയായ 'മെറിറ്റ്' ഉള്ള വിദ്യാർത്ഥികൾ ഒരിക്കലും തെറ്റായ വിധിനിർണ്ണയംകൊണ്ടു് നിരാശരാവാൻ പാടുള്ളതല്ല.

കലാമത്സരവിജയികൾക്കു ഗ്രേഡ് മാർക്കു നൽകണം

അന്നമ്മ ചെറിയാൻ

യുവജനോത്സവം ഉടലെടുത്തതുമുതൽ ഈ വർഷംവരെ ജില്ലാസംസ്ഥാനോത്സവങ്ങളിൽ സംബന്ധിക്കുന്നതിനു് ഏറെക്കുറെ എനിക്കു സാദ്ധ്യമായിട്ടുണ്ടെന്നുള്ളതു ചാരിതാർത്ഥ്യജനകമാണു്.

1957—ൽ ആദ്യമായി യുവജനോത്സവമത്സരത്തിനു്, ഞങ്ങൾ രണ്ടു് അദ്ധ്യാപികമാരും മത്സരത്തിനുള്ള ഏതാനും വിദ്യാർത്ഥികളും ചേർന്നു് ചങ്ങനാശ്ശേരി എസ്. ബി. ഹൈസ്കൂളിൽ പോകുകയുണ്ടായി. യുവജനോത്സവം അന്നു പുത്തരിയായതിനാലോ എന്തുകൊണ്ടോ, അവിടെയുണ്ടായിരുന്ന സജ്ജീകരണങ്ങളും താമസസൗകര്യങ്ങളും ഭാരവാഹികളുടെ നാനാപ്രകാരേണയുള്ള സ്നേഹമസൃണമായ പെരുമാറ്റങ്ങളും ഇന്നും സ്മൃതിപഥത്തിൽനിന്നും മാഞ്ഞുപോയിട്ടില്ല. എന്നാൽ 'ചെലവുചുരുക്കൽപ്രസ്ഥാനം' ഉടലെടുത്തതുമുതൽ വിവിധനിലകളിൽ ഇതിനു കോട്ടം വന്നുപോയിട്ടുണ്ടു്.

വിവിധമത്സരങ്ങളിൽ പങ്കെടുക്കുന്നവർ ആദ്യന്തം സംബന്ധിക്കുന്നതു പ്രാരംഭപരിപാടികൾക്കു മാത്രമാണു്. സാംസ്കാരികമായ ഒരു നല്ല രാഷ്ട്രം കെട്ടിപ്പടുക്കണമെന്നുള്ളതാണു യുവജനോത്സവത്തിന്റെ ലക്ഷ്യമെങ്കിൽ അവയ്ക്കു പ്രചോദനം നല്കാനുള്ള പരിതഃസ്ഥിതികൾ കൂടുതലായി സൃഷ്ടിക്കുകതന്നെ വേണം. അതിനാൽ ഉദ്ഘാടനംമുതൽ സമാപനസമ്മേളനംവരെ എല്ലാ മത്സരക്കാരെയും സംബന്ധിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതാണു്.

കവിത, ചെറുകഥ, ലേഖനം മുതലായവയിലുള്ള മത്സരം നടപ്പിൽവരുത്തുന്നതും ആശാസ്യമായിരിക്കും.

കായികമത്സരങ്ങളിൽ വിജയികളാകുന്നവർക്കു നല്കുന്ന സമ്മാനംപോലെതന്നെ കലാമത്സരവിജയികൾക്കും നല്കണമെന്നില്ല. സർട്ടിഫിക്കറുകൾ, നല്ല നല്ല ഗ്രന്ഥങ്ങൾ എന്നിവ നല്കുന്നതായിരിക്കും കൂടുതൽ അഭിലഷണീയമെന്നു് അനുഭവത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാം.

യുവജനോത്സവമത്സരങ്ങളിൽ അഭിനന്ദനാർഹമായ സ്ഥാനങ്ങൾ നേടുന്നവർപോലും തൊഴിലിനുവേണ്ടിയോ ഉപരിവിദ്യാഭ്യാസത്തിനു വേണ്ടിയോ നട്ടംതിരിയുന്നതു ശോചനീയമാണു്. കലാകാരന്മാരായ യുവതീയുവാക്കന്മാർ അപേക്ഷകൾ അയച്ചും സ്ഥാപനങ്ങളിൽ കയറിയിറങ്ങിയും നിരാശരായി കഴിയേണ്ടിവരുന്നു.

ഈ ദുഃസ്ഥിതി മാറ്റുന്നതിനു കലാമത്സരങ്ങളിൽ വിജയംവരിച്ചവർക്കു് ഒരു നിശ്ചിത ശതമാനം മാർക്കു കൂടുതൽ നൽകുന്നതിനുള്ള ഒരു 'നിയമം' ഗവണ്മെൻറ് പ്രാബല്യത്തിൽ വരുത്തിയാൽ കൊള്ളാം.

യുവജനോത്സവം ഒരു ദേശീയോത്സവമായിത്തീരണം. അതിനായി ഈ കലോത്സവം കോളേജുകളിലേക്കുകൂടി വ്യാപിപ്പിച്ചു് അഭിവൃദ്ധിപ്പെടുത്തേണ്ടിയിരിക്കുന്നു.

യുവജനോത്സവത്തിൽ പങ്കെടുക്കുന്നതു വിദ്യാർത്ഥികൾക്കു് എത്രമാത്രം സന്തോഷപ്രദമാണെന്നു് അദ്ധ്യാപകർക്കു് അറിവുള്ളതാണല്ലോ. അ

തിനാൽ പുതിയ പരിഷ്കാരങ്ങളോടുകൂടിയ യുവജനോത്സവംവഴിയായി ഭാവിതലമുറയ്ക്ക് ഉത്തേജനവും പ്രയോജനവും നൽകുന്നതിനു വിദ്യാഭ്യാഭ്യാസപ്രവർത്തകർ നടപടികളും സ്വീകരിക്കണമെന്നും അതു കലാകാരനായ ഈശ്വരനു കൂടുതൽ ആനന്ദപ്രദമായിരിക്കുമെന്നും ഈയവസരത്തിൽ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

സ്കൂളുകൾ കൂടുതൽ താൽപര്യം കാട്ടണം

ഐ. എം. വേലായുധൻ

സ്കൂളിൽ പഠിക്കുന്ന കുട്ടികളെ മുഴുവനുമോ അവരിൽ ഭൂരിപക്ഷത്തേയോ കലാകാരന്മാരാക്കിമാറ്റുക സാദ്ധ്യമല്ല; പക്ഷേ, കുട്ടികളിലുള്ള കലാപരമായ ആസ്വാദനശക്തി സംസ്കരിക്കുകയും പോഷിപ്പിക്കുകയും ചെയ്യുവാൻ ശ്രമിക്കുന്നതു് തീച്ചയായും ആവശ്യമാണു്. സ്കൂൾ യുവജനോത്സവങ്ങളെ ഈ അടിസ്ഥാനത്തിൽ വീക്ഷിക്കുകയാണെങ്കിൽ ഇന്നവയ്ക്കു നൽകപ്പെടുന്നതിനേക്കാൾ കൂടുതൽ പരിഗണന അവ അർഹിക്കുന്നു എന്നു കാണാം.

ജില്ലാതലത്തിൽ നടക്കുന്ന യുവജനോത്സവങ്ങളിലെ പ്രകടനങ്ങൾ വീക്ഷിച്ചാൽ നമ്മുടെ സ്കൂളുകൾ സാമാന്യമായി കലകളേയും കലോത്സവത്തേയും അതു സഹതാപപൂർവ്വമല്ല വീക്ഷിക്കുന്നതെന്നു് എളുപ്പം മനസ്സിലാകും. അപൂർവ്വം ചില സ്കൂളുകൾ മാത്രമേ തങ്ങളുടെ കുട്ടികളുടെ കലാപരമായ സിദ്ധികൾ വികസിപ്പിക്കുന്നതിൽ എന്തെങ്കിലും താൽപര്യമെടുക്കുന്നതായി കാണുന്നുള്ളൂ. ചിലപ്പോൾ ആ താൽപര്യം രക്ഷിതാക്കളുടേതാണെന്നും വരാം. മിക്കവാറും സ്കൂളുകളും ഡിപ്പാർട്ടുമെന്റു് വലിച്ചുവെച്ചിട്ടുള്ള ഒരു വയ്യാവേലിയായി മാത്രം ഇതിനെ കണക്കാക്കുന്നു.

യുവജനോത്സവങ്ങളുടെ നിലവാരമുയർത്താനും അവ പ്രയോജനകരമാക്കാനും ആദ്യം വേണ്ടതു് സ്കൂൾതലത്തിലുള്ള ഈ താൽപ്യമില്ലായ്മ നീക്കിക്കളയുകയാണു്. കുട്ടികളുടെ പക്ഷത്തുനിന്നു് എന്തെങ്കിലും താൽപര്യക്കുറവു് ഒരു സ്കൂളിലും അനുഭവപ്പെടുമെന്നു തോന്നുന്നില്ല. മിക്ക സ്കൂളുകളിലും താൽപര്യമുള്ള ഏതാനും അദ്ധ്യാപകന്മാരെ കണ്ടെത്താനും കഴിയും. മുഖ്യതടസ്സം ഭരണപരമായ നൂറായിരം നൂലാമാലകളിൽ കുടുങ്ങിക്കിടക്കുന്ന ഹെഡ്മാസ്റ്റരുടെ 'ഓഫീസ് മനോഭാവ'മാണു്. യുവജനോത്സവത്തെപ്പോലുള്ള പരിപാടികളും സാരമായ പരിഗണന നല്കുമ്പോൾ പരമ്പരാഗതമായി അച്ചടക്കത്തെപ്പറ്റി സ്കൂളുകൾ പുലർത്തിപ്പോരുന്ന സങ്കല്പത്തിനു് അല്പം ഭേദഗതി ആവശ്യമായിവരും. അച്ചടക്കത്തിനു താല്ക്കാലികമായുണ്ടാകുന്ന ഈ അയവും അതോടനുബന്ധിച്ചുള്ള പ്രശ്നങ്ങളും ഹെഡ്മാസ്റ്റരുടെ മസ്തിഷ്കത്തിനു കൂടുതൽ വ്യാമമുണ്ടാക്കിയെന്നുവരാം. ആ വ്യാമം ഒഴിവാക്കാൻ മാത്രമായി അവശ്യം ആവശ്യമായ പാഠ്യേതരസാംസ്കാരികപ്രവർത്തനങ്ങൾ സ്കൂളുകളിൽനിന്നു മാറിനിൽക്കുന്നതു് ശരിയല്ലല്ലൊ. ഒരു ആർട്ട്സ് ക്ലബ്ബു് രൂപീകരിച്ചു കലാപരമായപ്രവർത്തനങ്ങൾ ആ ക്ലബ്ബിനേയും ക്ലബ്ബിന്റെ ഭരണം താൽപര്യവും കഴിവുമുള്ള ഏതാനും അദ്ധ്യാപകരേയും ഏല്പിച്ചാൽ ഇന്നത്തേക്കാൾ മെച്ചപ്പെട്ട ഫലമുണ്ടാകുമെന്നു വിശ്വസിക്കാം.

യുവജനോത്സവങ്ങളിൽ പ്രകടനത്തിനു് അംഗീകരിക്കപ്പെട്ടിട്ടുള്ള ഭരതനാട്യം, കഥകളി, ഓട്ടൻതുള്ളൽ, ശാസ്ത്രീയസംഗീതം, വാദ്യവിശേഷങ്ങൾ തുടങ്ങിയവയ്ക്കു് തത്തൽ വിഷയങ്ങളിൽ വിദഗ്ദ്ധരായവരുടെ ശിക്ഷണം ആവശ്യമാണു്. ശിക്ഷണമാകട്ടെ അല്പകാലത്തേക്കുമാത്രം മതിയാകുകയുമില്ല. ഇന്നത്തെ ചുറ്റുപാടുകളിൽ വാസനയുള്ള കുട്ടികൾക്കു സ്കൂളിന്റെ ആഭിമുഖ്യത്തിൽ ശിക്ഷണം നല്കുക എളുപ്പമല്ല. രക്ഷിതാക്കളുടെ താൽപര്യത്തിനും കഴിവിനും വിട്ടുകയേ നിവൃത്തിയുള്ളൂ. തൽഫലമായി യഥാർത്ഥത്തിൽ വാസനയുള്ള കുട്ടികൾക്കു പലപ്പോഴും ശിക്ഷണത്തിനു് അവസരം ലഭിക്കുന്നില്ല. ഏതു സ്കൂളിലും നൈസർഗ്ഗികകലാവാസനയുള്ള കുട്ടികളിൽ ഭൂരിഭാഗവും സാമ്പത്തികശേഷിയില്ലാത്ത കുടുംബങ്ങളിൽപെട്ടവരാണെന്നു കാണാം. അവരിനു് ചാണ കാണാത്ത രത്നങ്ങളായി കുപ്പക്കുഴിയിൽ മങ്ങിനശിക്കുകയാണു്. ''തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും വാച്ചിട്ടും കല്ലുകൾ'' എല്ലാം തിരഞ്ഞുപിടിച്ചു സംസ്കരിക്കാൻ സാധിച്ചാൽ നമ്മുടെ യുവജനോത്സവങ്ങൾ

അത്യന്തകലാകാരന്മാരെ അരങ്ങത്തേക്കാനയിക്കുന്ന വിശിഷ്ടവേദികളായി മാറുന്നതാണു്. ഇതെങ്ങനെ സാധിക്കും എന്നു ചോദിച്ചാൽ ഋജുവായ ഒരു മറുപടി, നമ്മുടെ പൊതുദാരിദ്ര്യത്തെ വിസ്മരിക്കാതെ, പറയുക പ്രയാസമാണു്.

എന്നാൽ വലിയ പണച്ചെലവു കൂടാതെ പരിശീലനം നൽകാവുന്ന കുറെ ഇനങ്ങളുണ്ടു്—പദ്യപാരായണം, ലളിതസംഗീതം, പ്രസംഗം, ചിത്രമെഴുത്തു്, നാടകം തുടങ്ങിയവ ഇവയുടെ ഇന്നത്തെ ദയനീയമാംവിധം മോശമായ നിലവാരത്തിന്നുള്ള ഉത്തരവാദിത്വത്തിൽനിന്നു് ഒഴിഞ്ഞുനില്ക്കുവാൻ സ്ക്കൂൾഭാരവാഹികൾക്കു കഴിയുമെന്നു തോന്നുന്നില്ല.

ജില്ലാതലത്തിലും സംസ്ഥാനതലത്തിലും യുവജനോത്സവങ്ങൾ നടത്തുന്നതിൽ ചില പരിഷ്കാരങ്ങൾ ആവശ്യമാകാം. പക്ഷേ, അവ മൗലികപ്രാധാന്യമുള്ളവയല്ല. അടിസ്ഥാനപരമായി വേണ്ടതു്, സ്ക്കൂളുകൾക്കു കുട്ടികളുടെ കലാപോഷണത്തിൽ സജീവമായ താൽപര്യമാണു്. കാലപ്പഴക്കംകൊണ്ടു് ആഴം വർദ്ധിച്ച സനാതനമായ ചക്രച്ചാലിൽക്കൂടി ആയാസം കൂടാതെ നല്ല വണ്ണം ഇഴഞ്ഞുനീങ്ങിയാൽ മതിയെന്ന നമ്മുടെ അലസമനോഭാവം മാറിയാൽ മറ്റു പരിഷ്കാരങ്ങൾ പുറകെ വന്നുകൊള്ളും.

കവിതാപ്രസംഗത്തിൽ മത്സരം വേണം

എം. പി. മന്മഥൻ

യുവജനോത്സവങ്ങളിൽ നമ്മുടെ സ്ക്കൂൾകുട്ടികൾക്കായുള്ള പ്രസംഗമത്സരം ഇന്നു നടക്കുന്ന രീതിയിലാണോ നടക്കേണ്ടതു്, അതിനു വല്ല പരിഷ്കാരവും വരുത്തേണ്ടതുണ്ടോ എന്നതു സംഗതമായ ഒരു ചിന്താവിഷയമാണു്. ഏതെങ്കിലും വിഷയത്തെപ്പറ്റി, മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ അവർക്കു മുൻകൂട്ടി സഞ്ചയിക്കാൻ കഴിഞ്ഞിട്ടുള്ള അറിവും അല്പനേരത്തെ ആലോചനയും ചേർത്തു് സംഘടിപ്പിച്ചു നടത്തുന്ന പ്രഭാഷണങ്ങൾ അവരുടെ പ്രസംഗകലാപാടവത്തിൽ ഒരു ശരിയായ പ്രതിഫലനമാകുന്നുണ്ടോ? ഉണ്ടെന്നു പറയാൻ കഴിയുന്നില്ല. ആവിധമൊരു മത്സരം ഭാവിയിൽ വാചാപ്രസംഗത്തിലുള്ള കഴിവിനെ വളർത്താനുള്ള ഒരു വഴികാട്ടി എന്ന നിലയിൽ സഹായകമാകുന്നുണ്ടെന്നും തോന്നുന്നില്ല. പലപ്പോഴും അതു കുറേ താളമുള്ള വാചകങ്ങളുടെ ഉച്ചാരണം മാത്രമായിപ്പോകുന്നു. ചിന്തയുടെ ഫലമായുള്ള ഒരാത്മാവിഷ്കരണമെന്ന നിലയിൽ ആ പ്രഭാഷണങ്ങൾ പരാജയപ്പെടുകയാണു്. വാക്കുകളുടെ കിലുക്കവും താളവുമാണു് ചിന്താപരമായ അംശത്തേക്കാൾ അവിടെ മുന്തിനില്ക്കുന്നതു്.

നല്ല പ്രസംഗകനെന്ന നിലയിൽ ഒരു ഭാവിയുണ്ടാകാൻ വാചകങ്ങളുടെ ഒഴുക്കും സൗന്ദര്യവും കുറച്ചു കൃത്രിമമായ ആവേശവും മതിയോ? ആത്മാർത്ഥതയുള്ള ആശയങ്ങളുടെ നൈസർഗ്ഗികമായ ആവിഷ്കരണസാമർത്ഥ്യമായിരിക്കണ്ടേ ഒരു നല്ല പ്രസംഗകനെ നിശ്ചയിക്കുമ്പോൾ മാനദണ്ഡമായെടുക്കേണ്ടതു്? അങ്ങനെയാണെങ്കിൽ നമ്മുടെ പ്രസംഗമത്സരങ്ങൾക്കു് ഒരു പ്രകാരഭേദം വരുത്തേണ്ട ആവശ്യമില്ലേ?

എനിക്കു തോന്നുന്നതു് നല്ല പ്രസംഗകനെ നിശ്ചയിക്കുന്നതിനും പ്രസംഗകലയിലുള്ള കഴിവു് വിദ്യാർത്ഥികളിൽ വളർത്തുന്നതിനും ഇന്നത്തെ സമ്പ്രദായം കുറച്ചൊന്നു ഭേദഗതി ചെയ്യണമെന്നാണു്. 'ദേശീയോദ്ഗ്രഥനം,' 'വിദ്യാർത്ഥികളും അച്ചടക്കവും,' 'വിദ്യാർത്ഥികളും സാമൂഹ്യസേവനവും' ഇങ്ങനെ 'ഏട്ടിൽപ്പതിഞ്ഞ' വിഷയങ്ങളിലൊന്നു നിർദ്ദേശിച്ചുകൊടുക്കുന്നതും ഇതെല്ലാം ഏകദേശം മുൻകൂട്ടിക്കണ്ടു് പൊതുവേ എല്ലാറ്റിനും പറ്റിയ കുറേ നല്ല വാചകങ്ങളും കുറച്ചു് ആവേശവും കലർത്തിപ്പറയുന്ന വിദ്യാർത്ഥി നല്ല പ്രസംഗകനെന്ന പേരു സമ്പാദിക്കുന്നതും പ്രസംഗമത്സരംകൊണ്ടുദ്ദേശിക്കുന്ന ലക്ഷ്യത്തിനുതകുന്നില്ലതന്നെ.

എന്നാൽ പിന്നെ എങ്ങനെ വേണമെന്നു

തീത്തൊരു നിർദ്ദേശം നല്കാൻ ഇവിടെ ഒരുങ്ങുകയല്ല. ഇന്നത്തെ പ്രസംഗമത്സരസമ്പ്രദായത്തിന്റെ മേൽവിവരിച്ച അപര്യാപ്തത ബോദ്ധ്യപ്പെടുന്ന പലർക്കും പല നിർദ്ദേശങ്ങളും ഉണ്ടാകാം. എങ്കിലും ഒരു രീതി പരീക്ഷിച്ചാൽ തരക്കേടില്ലെന്നു തോന്നുന്നു. ഏതെങ്കിലും ലളിതവും സുന്ദരവുമായ ഒരു കവിതാഭാഗം ഉദ്ധരിച്ചു് അതിന്റെ ആശയത്തെ അടിസ്ഥാനപ്പെടുത്തി ഒരു ആസ്വാദനപ്രസംഗം ചെയ്യാൻ വിദ്യാർത്ഥിയോടു് ആവശ്യപ്പെടുക. ഒരു നല്ല കവിതയുടെ സുന്ദരമായ ആശയത്തിൽ പിടികിട്ടിയാൽ അതൊന്നു വിശദീകരിച്ചു മറ്റുള്ളവരെ മനസ്സിലാക്കാനുള്ള പ്രേരണ നല്ലമട്ടിലുള്ള ആശയാവിഷ്കരണത്തിനു വഴിതെളിക്കും. അതു കലാഭംഗിയോടെ നിർവ്വഹിക്കുന്നതിൽ ഒരാകർഷണമുള്ള കഴിവു് യഥാർത്ഥത്തിൽ അയാളുടെ പ്രസംഗകലയുടെ കഴിവുതന്നെയാണു്. ഇവിടെ കഴിവിനു് ഏറ്റക്കുറച്ചിലുണ്ടാകുമെന്നതിനുപുറമേ മേന്മയേറിയ പല വൈവിധ്യങ്ങളും ദർശിക്കാനും കഴിയും. പരക്കെ അറിയപ്പെട്ട ഏതെങ്കിലും ഒരു വിഷയത്തെ അധികരിച്ചുള്ള പ്രസംഗം പലപ്പോഴും പ്രകടിതമായിക്കഴിഞ്ഞിട്ടുള്ള ചില ആശയങ്ങളുടെ ആവർത്തനമായിരിക്കയേയുള്ളൂ. കുട്ടിയുടെ സർഗ്ഗപ്രതിഭ അതിൽ അത്ര പ്രകാശിച്ചില്ലെന്നുവരാം. കവിതയാകുമ്പോൾ അങ്ങനെയല്ല. മനസ്സു നിറഞ്ഞുനില്ക്കുന്ന കവിതാസൗന്ദര്യത്തിന്റെ സ്വച്ഛന്ദമായ ഒരാവിഷ്കരണത്തിൽ പ്രസംഗകന്റെ പ്രതിഭ സ്വയം പ്രകാശിക്കാതിരിക്കുകവയ്യ. അതു ബുദ്ധിയുടെയും ഹൃദയത്തിന്റെയും സ്വതന്ത്രവ്യാപാരഫലമായിരിക്കും. ഓരോരുത്തരുടേയും പ്രസംഗം അവരുടേതായ കഴിവിന്റെയും വാസനയുടെയും പ്രത്യേകതകളുള്ളതുമായിരിക്കും.

കവിതയുടെ ഹൃദ്യമായ ആലാപനം ഈ പ്രസംഗസമ്പ്രദായത്തിൽ ഒഴിക്കവയ്യാത്തതായിരിക്കുമല്ലോ. സുഖമുള്ള രീതിയിൽ, ആശയങ്ങളെ സ്വയം സ്പഷ്ടമാക്കുമാറു്, അക്ഷരസ്ഫുടതയോടെ കവിത ചൊല്ലുന്നതു് ഈ സമ്പ്രദായത്തിന്റെ മറ്റൊരു നേട്ടമാണു്. സംഗീതപാടവം ഇതിൽ അത്രയൊന്നും കണക്കിലെടുക്കേണ്ടതില്ല. ഇമ്പമുള്ള ആലാപമായിരിക്കണമെന്നതിൽക്കവിഞ്ഞൊന്നും നോക്കണമെന്നില്ല. ഇമ്പമായി കവിത ചൊല്ലി മനോധർമ്മവിലാസത്തോടെ ആ കാവ്യസൗന്ദര്യം ആവിഷ്കരിക്കയേ വേണ്ടൂ. ആശയങ്ങളും മനസ്സിൽ അടക്കിയടക്കി വയ്ക്കുന്നതിനുള്ള കഴിവു്, അവതരണചാതുര്യം, വാചാലത, സഹൃദയത്വം ഇതെല്ലാം കുട്ടിയിൽ വളർത്തിക്കൊണ്ടുവരുന്നതിനു് ഈ സമ്പ്രദായം ഉതകും. അങ്ങനെ, കുട്ടിയുടെ വെറും 'വാചകമടി'ക്കുന്ന' ശീലത്തെ ഹൃദയഹാരിയായ പ്രസംഗകലയാക്കി മാറ്റാൻ കഴിഞ്ഞാൽ പ്രസംഗമത്സരങ്ങളും വെറും ശ്രുഷ്കവും വിരസവുമായ ഇന്നത്തെ നിലയിലേക്കു് താഴ്ന്നുപോകാതിരിക്കും; കഴിവുള്ള കുട്ടിയെ കണ്ടുപിടിക്കുന്നതിനു് അതു സഹായിക്കുകയും ചെയ്യും.

ഈ മത്സരത്തിനു പ്രസംഗമത്സരമെന്നു പേരു കൊടുക്കാൻ പോരായ്മ തോന്നുന്നുണ്ടെങ്കിൽ കവിതാപ്രസംഗമത്സരമെന്നാക്കിയാലും തെറ്റില്ല. കഥാപ്രസംഗമെന്ന പേരു് ഉദ്ദേശിക്കപ്പെട്ടിട്ടില്ല. എങ്കിലും ഒരു നല്ല കവിതാപ്രസംഗം പ്രസംഗത്തിന്റെയും, അഭിനയത്തിന്റെയും, കഥാപ്രസംഗത്തിന്റെയും എന്നുവേണ്ടാ, ഒരു കലാഹൃദയത്തിന്റെതന്നെ സമ്പൂർണ്ണപ്രകാശനമായിരിക്കും. ഔചിത്യപൂർവ്വകമായ ആശയാവിഷ്കരണം കൊണ്ടു സദസ്സിനെ വശീകരിക്കാൻ ഒരു വിദ്യാർത്ഥിയിൽ ലയിച്ചുകിടക്കുന്ന ശക്തിയാണു് അവിടെ നാം കണ്ടറിയുക.

വിദ്യാഭ്യാസംതന്നെ അന്യരുടെ ആശയം കടംവാങ്ങി കൈകാര്യംചെയ്യുന്ന ഒന്നാണെന്നും വിദ്യാർത്ഥിയുടെ അന്തർശക്തിയുടെ പ്രകാശനമെന്ന നിലയിൽ അതിനു സ്ഥാനമില്ലാതെ വരികയാണെന്നും ഇന്നു് ആക്ഷേപമുണ്ടു്. ഈ അവസ്ഥയിൽ പ്രസംഗമെന്ന പേരിൽ കൂറേ കടംവാങ്ങിയ ആശയങ്ങളും വാക്യങ്ങളും അവതരിപ്പിക്കുന്ന നമ്മുടെ പ്രസംഗമത്സരത്തിന്റെ സ്ഥാനത്തു മേൽവിവരിച്ച കവിതാപ്രസംഗത്തിനുള്ള സ്ഥാനം ഇവിടെ ഇനിയും വിശദീകരിക്കേണ്ടതില്ല.

നമ്മുടെ യുവജനോത്സവങ്ങളിൽ അതിനാൽ പ്രസംഗമത്സരത്തേക്കാൾ കവിതാപ്രസംഗമത്സരമായിരിക്കും കൂടുതൽ ഉചിതമായിരിക്കുക എന്നുള്ള അഭിപ്രായം പരിഗണിക്കപ്പെടുമെന്നു പ്രതീക്ഷിക്കട്ടെ. നമ്മുടെ യുവജനോത്സവങ്ങളിലെ പ്രസംഗമത്സരത്തിനു വരുത്തേണ്ട പരിഷ്കാരങ്ങളെപ്പറ്റി എന്തെങ്കിലും പറയണമെന്നാവശ്യപ്പെട്ടപ്പോൾ മനസ്സിൽ വന്ന ചില വിചാരങ്ങൾ ഇങ്ങനെ കുറിച്ചുവെന്നേയുള്ളൂ.

കുട്ടികളുടെ കലാകൗതുകവും അദ്ധ്യാപകരും

സി. കെ. ജേക്കബ്

കുട്ടികളിൽ ഉറങ്ങിക്കിടക്കുന്ന കലാവാസനയെ ഉണർത്തിവിടാൻ അദ്ധ്യാപകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി ഒരദ്ധ്യാപകൻ വിവരിക്കുന്നു.

ഭാവിയുടെ നല്ല വാഗ്ദാനങ്ങളായ പല യുവകലാകാരന്മാരെയും ക്ലാസ്സുമുറികളിൽ കണ്ടെത്താൻ അദ്ധ്യാപകനു കഴിയും. ക്ലൂപെട്ടുകുന്ന സർഗ്ഗാത്മകവാസനകൾക്കു പ്രകാശംനല്കാൻ മടിച്ചു ലജ്ജാശീലരായി ഒതുങ്ങിക്കഴിയാനാണു് അവരിൽ അധികംപേരും ആഗ്രഹിക്കുന്നതു്. പേരെടുത്ത പല കലാകാരന്മാർപോലും ഇതിനൊരപവാദമല്ല. ജവഹർലാൽനെഹ്റു കേംബ്രിഡ്ജിൽ വിദ്യാർത്ഥിയായിരുന്നകാലത്തു സഹപാഠികളെ അഭിസംബോധനചെയ്യാൻകൂടി ധൈര്യപ്പെട്ടിരുന്നില്ല. എണ്ണയും തിരിയുമുള്ള ഈ കൊച്ചുകലാദീപങ്ങൾക്കു പ്രോത്സാഹനത്തിന്റെ ദീപനാളം കൊളുത്തേണ്ടതു് അദ്ധ്യാപകരാണു്. വിദ്യാലയങ്ങളിലെ സാഹിത്യസമാജങ്ങളും മറ്റും ഇതിനുള്ള അവസരം പ്രദാനം ചെയ്യുന്നു. പ്രസംഗം, സംഗീതം, അഭിനയം, കവിതാപാരായണം മുതലായി അവരവരുടെ അഭിരുചിക്കൊത്ത ഏതെങ്കിലും ഒരു പരിപാടി ക്ലാസ്സു് സാഹിത്യസമാജത്തിൽ ഒരു വിദ്യാർത്ഥി നിർബ്ബന്ധമായും നടത്തിയിരിക്കണം എന്നു് വ്യവസ്ഥ

ചെയ്താൽ ഈ ലജ്ജാശീലരെ രംഗത്തു കൊണ്ടു വരുവാൻ എളുപ്പം സാധിക്കും.

ഇതിനൊരു മറുവശംകൂടിയുണ്ട്. കലാവിഷയങ്ങളിൽ ജന്മസിദ്ധമായ കഴിവുകളുടെ ലാഞ്ഛനപോലുമില്ലാത്ത കുട്ടികളും സമൂഹത്തിൽ പേരെടുക്കുന്നതിനുവേണ്ടി മാത്രം 'കലാകാരന്മാരാ'യി രംഗത്തിറങ്ങാറുണ്ട്. അങ്ങനെയുള്ള കലാവൈകൃതങ്ങളും മുളയിലേ നുള്ളിക്കളയാത്തപക്ഷം ഭാവിയിൽ സമൂഹത്തിനും കലയ്ക്കും അതൊരുപോലെ ദോഷകരമായി തീർന്നേക്കാം.

കലാകാരനു് ഒരു വ്യക്തിത്വം ഉണ്ടു്. ആ വ്യക്തിത്വം വളരുന്നതു് അവനു ലഭിക്കുന്ന സ്വാതന്ത്ര്യത്തിൽനിന്നാണു്. അതിനാൽ അദ്ധ്യാപകർ യുവകലാകാരന്മാരെ അവരുടെ കലാസരണിയിൽ സ്വതന്ത്രരായി വിടേണ്ടതാണു്. സൈക്കിളും ബാലൻസു് വശമാക്കുന്ന ഒരുവനു വീഴ്ച പറഞ്ഞു സൂക്ഷിക്കുക എന്നതു മാത്രമാണു് സഹായകനുള്ള കടമ. അദ്ധ്യാപകന്റെ ചുമതലയും ഇത്രമാത്രമാണു്. പ്രകൃതിയാണു കലാകാരന്റെ നിത്യപ്രചോദനത്തിനുള്ള നീരുറവ. ചിത്രരചനയിൽ പരിശീലനംനേടുന്ന ഒരു വിദ്യാർത്ഥിക്കു വിഷയങ്ങളും നിർദ്ദേശിച്ചുകൊടുക്കുവാനുള്ള ചുമതല അദ്ധ്യാപകനില്ല. 'വരയ്ക്കുക', വീണ്ടും വരയ്ക്കുക, കൂടുതൽ ഭംഗിയാക്കുക എന്ന ഉപദേശം മാത്രം കൊടുത്തു് അദ്ധ്യാപകനു തൃപ്തിപ്പെടാം. നിറത്തിന്റെയും രൂപത്തിന്റെയും സാങ്കേതികഭാവങ്ങളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ചിത്രകലയിൽ പ്രകാശവും നിഴലും പ്രതിഫലിപ്പിക്കുവാനുള്ള പ്രവണത ലിയണാർഡോ ഡാവിഞ്ചിക്കുണ്ടായതു് അദ്ദേഹത്തിന്റെ സ്വതന്ത്രബുദ്ധിയിൽനിന്നാണു്.

അനുകരണവാസന കുട്ടികളുടെ അതിപ്രധാനമായ ഏഷണ(ഇൻസ്റ്റിംക്ടു്)യാണു്. പരിശീലനകാലത്തു മഹാന്മാരായ കലാകാരന്മാരെയും അവരുടെ കലാസൃഷ്ടികളെയും കുട്ടികൾക്കു പരിചയപ്പെടുത്തിക്കൊടുക്കേണ്ടതാണു്. ഷേക്സ്പിയറേയോ കാളിദാസനേയോ അറിയാത്ത ഒരു യുവസാഹിത്യകാരനോ, മൈക്കൽ ഏഞ്ചലോവിനേയോ ഡാവിഞ്ചിയേയോ സെഡാനെയോ പിക്കാസോയേയോ അറിയാത്ത ഒരു ബാലചിത്രകാരനോ, ബിത്തോവനേയോ ത്യാഗരാജസ്വാമികളേയോ പരിചയപ്പെടാത്ത ഒരു യുവസംഗീതജ്ഞനോ ഉണ്ടായിരിക്കരുതു്. എന്നാൽ അനുകരണത്തിലൂടെ വളർന്ന സ്വന്തമായ പുതിയ പ്രവണതകൾക്കു രൂപംകൊടുക്കാൻ കഴിവുണ്ടാകുമ്പോൾ മാത്രമാണു് അവർ ലക്ഷ്യത്തിലെത്തുന്നതു്. അനുകരണം വെറും യാന്ത്രികമാകാൻ അനുവദിച്ചുകൂടാ.

കലാരംഗത്തേക്കു കടന്നുവരുന്ന കുട്ടികളിൽ നിന്നു് ദുരഭിമാനങ്ങളും നീക്കംചെയ്യേണ്ടതാണു്. കലയിൽ ഉച്ചനീചത്വങ്ങളും ഇല്ല. എല്ലാ കലകളും സമാദരണീയങ്ങളാണു്. കേരളത്തിന്റെ പുരാതനസംസ്കാരവുമായി ബന്ധപ്പെട്ട പല കലകളും ഇന്നു് അവഗണിക്കപ്പെട്ടുകിടക്കുന്നുണ്ടു്. കഥകളിയെ കേരളത്തിന്റെ കലയായി പരക്കെ അംഗീകരിച്ചിട്ടുണ്ടെങ്കിലും നമ്മുടെ പൂർവ്വികരുടെ സംഭാവനയായ വാദ്യവിഭാഗത്തിൽപ്പെട്ട പല കലകളും പ്രോത്സാഹനത്തിന്റെ കരസ്പർശങ്ങളും ഏല്ക്കാതെ കിടക്കുന്നുണ്ടു്. ചെണ്ട, തിമില, ഇടയ്ക്ക മുതലായ വാദ്യങ്ങളും ഉദാഹരണമായി പറയാം. ഈ പുരാതനകലകളെ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള രക്ഷാകർത്താക്കളുടെ കുട്ടികളും വിദ്യാലയങ്ങളിൽ ഉണ്ടായിരിക്കും. ദുരഭിമാനംകൊണ്ടു് കുട്ടികളും ഈ കലാസരണിയെ കൈവിടാനിടയാകരുതു്. പരമ്പരാഗതമായി തങ്ങൾക്കു ലഭിച്ചിട്ടുള്ള ഈ കലാസമ്പത്തു് പരിപോഷിപ്പിക്കുന്നതിനുള്ള ഉത്തേജനം അദ്ധ്യാപകരിൽനിന്നും ലഭിക്കേണ്ടതാണു്.

നാടകാവതരണംപോലെ സംഘംചേർന്നുള്ള കലാപരിപാടികളിൽ പ്രധാനറോളുകൾക്കു വേണ്ടി കുട്ടികൾതമ്മിൽ മത്സരമുണ്ടാകാറുണ്ടു്. പിൻനിരക്കാരാകാൻ ആർക്കാണു് ആഗ്രഹം? എന്നാൽ ഒരു നാടകത്തെ സംബന്ധിച്ചിടത്തോളം നായകനും പരിചാരകനും തുല്യസ്ഥാനം ഉണ്ടെന്നുള്ള വസ്തുത കുട്ടികൾ ഗ്രഹിച്ചിരിക്കണം. ഒരു ഫുട്ബോൾടീമിന്റെ വിജയം മുൻനിരക്കാരായ കളിക്കാരെ മാത്രം ആശ്രയിച്ചല്ല നില്ക്കുന്നതു്; ഏറ്റവും പിന്നിൽ, ബാറിനടിയിൽ നില്ക്കുന്ന ഗോൾകീപ്പറെക്കൂടെ ആശ്രയിച്ചാണു്. അവനവന്റെ റോളുകളോടു നീതികാണിക്കാൻ കഴിഞ്ഞാൽ അവരുൾപ്പെടുന്ന സംഘത്തിനും വിജയിക്കുവാൻ കഴിയും.

ഭാഷയ്ക്കു വ്യാകരണം എന്നതുപോലെ കലകൾക്കു് സാങ്കേതികബന്ധമുണ്ടെന്നുള്ള കാര്യം കുട്ടികൾ അറിഞ്ഞിരിക്കേണ്ടതാണു്. സാങ്കേതികപരിജ്ഞാനം സിദ്ധിച്ച അദ്ധ്യാപകരോ, പ്രത്യേകവൈദഗ്ദ്ധ്യം സിദ്ധിച്ച മറ്റാളുകളോ ഇക്കാര്യത്തിൽ കുട്ടികളെ സഹായിക്കേണ്ടതാണു്.

കുട്ടികളുടെ കലാപരമായ സ്വതന്ത്രവികാസത്തിനു് അദ്ധ്യയനസമയത്തിനപ്പുറം സമയം കണ്ടെത്തേണ്ടിയിരിക്കുന്നു. സംഘം ആർട്സു് ക്ലബ്ബുകൾ അതിനുള്ള ഏറ്റവും നല്ല രംഗമൊരുക്കുന്നു. യുവജനോത്സവങ്ങളുടെ ആവിർഭാവത്തോടുകൂടെ ഇന്നു പല വിദ്യാലയങ്ങളിലും കലാസ

ഒരു നാഴികക്കല്ലിന്റെ കഥ

എസ്. സുഗന്ധവല്ലീഭായി

ഞാൻ തുറവൂർ ടി. ഡി. ഹൈസ്കൂളിൽ 7–ാംസ്റ്റാൻഡേഡ് വിദ്യാർത്ഥിനിയായിരുന്ന കാലത്തു് 1962 ജനുവരി 26–ാംതീയതി ചങ്ങനാശ്ശേരിയിൽ നടന്ന യുവജനോത്സവത്തിൽ ഭരതനാട്യത്തിനുള്ള ഒന്നാംസമ്മാനം നേടി; തുടർന്നുള്ള എന്റെ എല്ലാ കലാഭ്യസനത്തിനും, പ്രകടനത്തിനും പ്രചോദനം നല്കിയ അന്നത്തെ ആ ദിനം എന്റെ ജീവിതവഴിത്താരയിലെ മായാത്ത നാഴികക്കല്ലാണു്. കലാഭ്യസനം നടത്താൻ സാമ്പത്തികശേഷിയില്ലാത്ത കലാകുതുകികൾക്കുവേണ്ടി കേരളസംഗീതനാടക അക്കാദമി നല്കുന്ന സ്റ്റൈപ്പെൻഡിനു് ഞാൻ അർഹയാവുകയും അങ്ങനെ ചെറുതുരുത്തി കലാമണ്ഡലത്തിൽ ചേർന്നു് നൃത്താഭ്യസനം തുടർന്നുപോവുകയും ചെയ്തു. മലയാളസിനിമയുടെ ജൂബിലിയാഘോഷത്തോടു് അനുബന്ധിച്ചു് സ്റ്റേറ്റടിസ്ഥാനത്തിൽ ഒരു കലാമത്സരം ഏർപ്പെടുത്തിയിരുന്നതിൽ ഭരതനാട്യത്തിനു് ഒന്നാംസമ്മാനം കരസ്ഥമാക്കുവാനും എനിക്കു സാധിച്ചു. ഈ നേട്ടങ്ങൾക്കെല്ലാം കാരണഭൂതമായിട്ടുള്ളതു് സംസ്ഥാനയുവജനോത്സവമാണെന്നു് എന്നും ഞാൻ ഓർമ്മിക്കും.

മിതികൾ രൂപംകൊണ്ടിട്ടുണ്ടു്. കലാവാസനയുള്ള കുട്ടികളെ തെരഞ്ഞെടുക്കുവാനും അവർക്കു് ഒരുമിച്ചുകൂടി തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കുവാനും ആർട്ട്സ് ക്ലബ്ബുകൾ സൗകര്യംനല്കുന്നു. വിദ്യാലയത്തിൽ ഒരു കലാസമിതി എന്നതിനു പകരം ഡ്രമാറ്റിക് ക്ലബ്ബ്, മ്യൂസിക് ക്ലബ്ബ്, ചിത്രകലാപരിഷത്ത്, ഡാൻസ് ക്ലബ്ബ് എന്നിങ്ങനെ ഓരോ വിഭാഗത്തിനും പ്രത്യേകം ക്ലബ്ബുകൾ ഉണ്ടായിരിക്കുന്നതു് കൂടുതൽ പ്രയോജനപ്രദമായിരിക്കും. ഓരോന്നിനും താൽപര്യവും കഴിവും ഉള്ള അദ്ധ്യാപകർ നേതൃത്വം കൊടുക്കണം. സ്കൂൾദിനാഘോഷങ്ങളിൽ അവതരിപ്പിക്കുന്ന നാടകങ്ങൾ സ്കൂൾഡ്രമാറ്റിക് ക്ലബ്ബിന്റേതായിരിക്കണം; നൃത്തം നൃത്തസമിതിയുടേതും. അങ്ങനെ ഈ കലാസമിതികൾക്കും കലാകാരന്മാർക്കും മാന്യമായ അംഗീകരണം ലഭിക്കാൻ അവസരമുണ്ടാക്കണം. സ്കൂൾ ആർട്ട്സ് ക്ലബ്ബിന്റെ വകയായി നാടകം, നൃത്തം, ഗാനമേള തുടങ്ങിയ കലാപരിപാടികൾ പൊതുരംഗത്തും നടത്താവുന്നതാണു്. അങ്ങനെയുണ്ടാകുന്ന സാമ്പത്തികനേട്ടം കലാസമിതിയുടെ ആവശ്യമായ ഉപകരണങ്ങളും മറ്റും സമ്പാദിക്കുന്നതിനു വിനിയോഗിക്കാം. ആർട്ട്സ് ക്ലബ്ബിലെ അംഗമായിരിക്കുക എന്നതു് ഒരു വലിയ പദവിയായി കുട്ടികളുടെ ഇടയിൽ അംഗീകരിക്കപ്പെടണം. അതോടൊപ്പം വാസനാസമ്പന്നരല്ലാത്ത കുട്ടികൾ ആർട്ട്സ് ക്ലബ്ബിൽ നുഴഞ്ഞുകയറാതെ നോക്കുകയുംവേണം.

ആർട്ട്സ് ക്ലബ്ബുകൾപോലെതന്നെ ബാലകലാകാരന്മാർക്കു് അണിനിരക്കാനുള്ള മറെറാരു രംഗമാണു് കൈയെഴുത്തുമാസിക. ഭാവിയുടെ വാഗ്ദാനങ്ങളായ കവികളും, കഥാകൃത്തുകളും, ചിത്രകാരന്മാരും, നാടകകൃത്തുകളും ഉൾക്കൊള്ളുന്നതാണല്ലോ ഇന്നത്തെ വിദ്യാർത്ഥിലോകം. തന്നെപ്പോലെതന്നെയുള്ള കൊച്ചുകലാകാരന്മാർ പ്രത്യക്ഷപ്പെടുന്ന കൈയെഴുത്തുമാസികയിൽത്തന്നെ കഥയും കവിതയും പ്രസിദ്ധപ്പെടുത്തുവാൻ ഒരു വിദ്യാർത്ഥിക്കു സ്വാഭാവികമായിത്തന്നെ ഔത്സുക്യം ഉണ്ടായിരിക്കും.

കലാഭ്യസനത്തിൽ, പ്രത്യേകിച്ചു നൃത്തം, നാടകം, വാദ്യസംഗീതം, ചിത്രകല, ശില്പകല, കഥകളി തുടങ്ങിയവയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളിൽ സാമ്പത്തികസഹായം അർഹിക്കുന്നവരും ഉണ്ടായേക്കാം. ഇതിനു പൊതുജനങ്ങളിൽനിന്നോ, രക്ഷാധികാരികളിൽനിന്നോ വേണ്ട സഹകരണം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അദ്ധ്യാപകർ കണ്ടെത്തേണ്ടതാണു്.

ഇന്നത്തെ അദ്ധ്യയനസമ്പ്രദായം ഏറിയകൂറും പാഠപുസ്തകങ്ങളെയും അതുകഴിഞ്ഞാൽ കായികവിനോദങ്ങളെയും കേന്ദ്രീകരിച്ചു നില്ക്കുന്നു. കലാവിഷയങ്ങൾ ഏറെറവും പിൻതള്ളപ്പെട്ടിരിക്കുന്നു. ഹൃദയത്തെ വികസിപ്പിക്കുകയും സംസ്കാരബോധം ഉണർത്തുകയുംചെയ്യുന്ന ലളിതകലകളെ അവഗണിക്കുന്നതു് വളരുന്ന തലമുറയോടു ചെയ്യുന്ന ഏറെറവും വലിയ അപരാധമായിരിക്കും. അതിനാൽ വിദ്യാഭ്യാസരംഗത്തു ലളിതകലകളെ പുനഃപ്രതിഷ്ഠിക്കുകയാണു് അദ്ധ്യാപകന്റെ ഇന്നത്തെ അതിപ്രധാനമായ കടമ.

വിദ്യാലയ നാടകവേദി

ഒരുകാലത്തു ഞാനും ചില കൂത്തുകളൊക്കെ കാണിച്ചിരുന്നു. പഠിച്ചുകൊണ്ടിരുന്ന കാലം. അന്നു പിന്നെ എന്താ ചെയ്യാനാകാത്തതു്? മുന്നംപിന്നം നോക്കണോ?

ഇന്നു സമൂഹദൃഷ്ടിയിൽ 'യോഗ്യ'ന്മാരായിക്കഴിയുന്ന ചിലർ ആത്മഗതംചെയ്യുന്നതു കേൾക്കാം.

ആവശ്യമായ ഒരനാവശ്യം. കുട്ടികൾക്കു പഠിച്ചില്ലെങ്കിലും നാടകം കളിക്കണം. ശല്യമുണ്ടാകരുതല്ലൊ. അനുവദിച്ചു.

വിദ്യാലയാധികൃതർ പരിദേവനംചെയ്യുന്നതു കേൾക്കാം.

ആനിവേഴ്സറി വരട്ടെ. ഞാനൊരു വാരു വാരും.

ക്ലാസ്സുമുറിക്കകത്തു മായനും മടിയനുമായ വിദ്യാർത്ഥി പ്രഖ്യാപിക്കുന്നതു കേൾക്കാം.

പിള്ളേരുടെ ഒരു നാടകം. അതു 'പ്രമാദ'മായ കാര്യമൊന്നുമല്ല.

സ്ഥലത്തെ നാടകകുതുകികളും പുച്ഛവും അനുകമ്പയും നിറഞ്ഞ സ്വരത്തിൽ പരാമർശിക്കുന്നതു കേൾക്കാം.

ഇന്നു നമ്മുടെ നാട്ടിലെ വിദ്യാലയനാടകവേദിയോടുള്ള വിവിധപ്രതികരണങ്ങൾ ഏതാണ്ടു് ഇതേവിധമിരിക്കും. വർഷംതോറും വിദ്യാലയങ്ങളിൽ മനുഷ്യപ്രയത്നവും ധനവും സാമാന്യം ഭംഗിയായവിധം വ്യയംചെയ്യുന്ന നാടകങ്ങൾ അരങ്ങേറിപ്പോരാറുണ്ടു്. എന്നിട്ടും നമ്മുടെ വിദ്യാലയനാടകവേദി ചക്കിൽ കെട്ടിയ കാളയെപ്പോലെ കറങ്ങിത്തിരിഞ്ഞുകൊണ്ടിരിക്കുകയാണു്. എല്ലാ സ്കൂളുകളിലും വാർഷികാഘോഷങ്ങളുണ്ടു്. പല സ്ഥലത്തും അതു നടത്തുന്ന രീതിയിലും മോടിയിലും ബാലിശമെന്നതോന്നിപ്പിക്കുന്ന മത്സരങ്ങൾപോലുമുണ്ടു്—പ്രാസംഗികരെ സംഘടിപ്പിക്കുന്നതിൽ; ആഘോഷത്തിന്റെ കാലയളവിൽ എല്ലാംതന്നെ. അവയോടൊപ്പം വിട്ടുവീഴ്ചചെയ്യാനാവാത്ത ഒരു ചടങ്ങെന്ന നിലയിൽ നാടകാഭിനയങ്ങളുമുണ്ടാവും. അതെ; ഒരു ചടങ്ങാണതു്. ചടങ്ങുകൾ നടത്തുന്നവരുടെ സ്ഥിതിയും ധനശേഷിയുമനുസരിച്ചു നാടകത്തിനു് എന്തെല്ലാം ബാഹ്യമോടികളാകാമോ അവയൊക്കെയുണ്ടാവും. കളിക്കുന്നവർക്കും കളിപ്പിക്കുന്നവർക്കും ഒരാഘോഷം; ഒരാവേശം; ഒരു ആത്മപ്രകടനോത്സവം. ഉത്സവത്തിനു കിന്നരിവയ്ക്കുന്ന വെടിക്കെട്ടു്. തീർന്നു! അടുത്ത വർഷം അതേ അവസരംവരെ ആ നാടകരംഗം ഉറങ്ങിക്കിടക്കും. പിന്നീടു കുംഭകേർണ്ണനെപ്പോലെ അതുണരും; അലറും; ഗോഗ്വേവിളിക്കും; വീണ്ടും തളർന്നുറങ്ങും. കോളേജുകളിലാണെങ്കിൽ ഈ ഉണർച്ചയും ഉറക്കവും വർഷത്തിൽ രണ്ടു പ്രാവശ്യമുണ്ടാകും എന്നൊരു വ്യത്യാസം മാത്രമുണ്ടു്.

ഇതു് ആക്ഷേപമായി പറഞ്ഞതല്ല. തൊഴിൽ നാടകവേദിയൊഴിച്ചുള്ള നമ്മുടെ നാടകവേദിയുടെ പൊതുസ്വഭാവംതന്നെ ഏറെക്കുറെ ഇതായിരിക്കെ, വിദ്യാലയനാടകവേദിക്കു് ഒരു തരത്തിലും അതപകർഷമല്ല.

സമൂഹജീവിതത്തിന്റെ അതതുകാലത്തെ മുഖമുദ്രകളും വിപുലീകൃതരൂപത്തിൽ പ്രതിഫലിക്കുന്ന ഒന്നാണല്ലോ വിദ്യാലയാന്തരീക്ഷം. അതുകൊണ്ടു നാടകത്തെ സംബന്ധിച്ചിടത്തോളമുള്ള സങ്കല്പവും രസവാസനകളും ഇപ്രകാരമല്ലാതിരുന്നാൽ മാത്രമേ അത്ഭുതപ്പെടേണ്ട കാര്യമുള്ളൂ. എന്തെന്നാൽ, നമുക്കിന്നും നാടകം കലാകൗതുകമുള്ള ഒരു സഹൃദയസദസ്സിന്റെ സവിശേഷപരിലാളനസ്സു വിഷയമായിട്ടില്ല. നാടകം അഭിനയിക്കുന്ന കലാസമിതികളിൽ മുക്കാൽപങ്കിനും അതു കേവലം വിനോദപരമായ ഒരു ഉത്സാഹപ്രകടനവും അനുകരണാർത്തിയുടെ ബാലിശമായ പ്രകാശനവും മാത്രമാണു്. ഒരു രാജ്യത്തി

ജി. ശങ്കരപ്പിള്ള

ന്റെ സാംസ്കാരികചക്രവാളത്തിൽ വർണ്ണശബളിമയും വൈചിത്ര്യഭംഗിയും ചേർക്കുവാൻപോരുന്ന ഒരു ക്രിയാത്മകപ്രസ്ഥാനം എന്ന നിലയിൽ നാടകകൗതുകം നമ്മുടെ നാട്ടിൽ വളരാൻ ആരംഭിച്ചിട്ടേയുള്ള. അതുകൊണ്ട് ഇവിടെ ഇപ്പോഴും നിലനിന്നുപോരുന്ന പ്രവണതകളെ വിദ്യാലയനാടകവേദി ആക്കത്തിലും അളവിലും വിപുലീകരിച്ചുകാട്ടുന്നു എന്നുമാത്രം.

ഈ ഒരവസ്ഥയ്ക്ക് അല്പാല്പമായ മാറ്റം വന്നുകൊണ്ടിരിക്കുന്നു എന്നതു് ശുഭോദർക്കമാണു്. അതിനും കാരണങ്ങൾ പലതുണ്ടു്. ഏറ്റവും പ്രധാനം മലയാളനാടകമണ്ഡലത്തിൽത്തന്നെ നാടകകൃത്തുകികളുടെ ബോധപൂർവ്വമുള്ള പ്രവർത്തനം നാടകാസ്വാദനം, പ്രകടനം, തുടങ്ങിയ മണ്ഡലങ്ങളിൽ ആരംഭിച്ചുകഴിഞ്ഞു എന്നതാണു്. മറ്റൊന്നു് വിദ്യാഭ്യാസത്തെപ്പറ്റിയുള്ള സങ്കല്പത്തിൽത്തന്നെ മൗലികമായ മാറ്റങ്ങൾ വന്നു സംഭവിച്ചതും. വെറും പുസ്തകമാത്രോപജീവികളായി ദഹിച്ചതും ദഹിക്കാൻ വിസമ്മതിച്ചതുമായ കുറെ വിജ്ഞാനശകലങ്ങൾ ഛർദ്ദിച്ചുവയ്ക്കാൻ ഒരു വിദ്യാർത്ഥിയെ ഒരുക്കിയെടുക്കുകയല്ല ഇന്നത്തെ വിദ്യാദാനത്തിന്റെ ലക്ഷ്യം. പാഠ്യവിഷയങ്ങൾക്കുള്ളതുതന്നെ പ്രാമാണ്യവും പ്രാധാന്യവും, പാഠ്യേതരവിഷയങ്ങൾക്കും നല്ലണമെന്ന സത്യം അംഗീകരിക്കപ്പെട്ടിട്ടുതന്നെ നാളേറെയായി. പാഠ്യേതരമെന്ന പദപ്രയോഗത്തിന്റെ സാധുതയെ ചോദ്യംചെയ്യത്തക്കതരത്തിൽ പാഠപുസ്തകവിജ്ഞാനത്തിനപ്പുറം ഒരു വിദ്യാലയാന്തരീക്ഷത്തിൽനിന്നും പഠിപ്പിക്കുവായ ഒരുവൻ ഉൾക്കൊള്ളുന്ന അറിവിനും അനുഭവത്തിനും സഹായകമാണു മറ്റു പ്രവർത്തനങ്ങളെന്നു് വന്നുകഴിഞ്ഞിരിക്കുന്നു. അതിനും അപ്പുറം പോയി 'വിനോദത്തിൽക്കൂടി വിജ്ഞാനം', 'പ്രവൃത്തിയിൽക്കൂടി വിജ്ഞാനം' എന്നൊക്കെയുള്ള പുതിയ ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും നവീനങ്ങളായ വിദ്യാഭ്യാസസമ്പ്രദായങ്ങൾക്കു് ആണിക്കല്ലുകളായി പരിണമിച്ചും കഴിഞ്ഞിരിക്കുന്നു.

അങ്ങനെ, ഒരുകാലത്തു് പുച്ഛിച്ചും കേവലം ബാഹ്യാഡംബരമോടിയുടെ ഒരുപകരണമായി അവഗണിച്ചും വിട്ടിരുന്ന നാടകാഭിനയത്തിനു് ഒരു ചടഞ്ഞെന്ന പരിധിവിട്ട് നിലനില്പുവന്നുകഴിഞ്ഞു. നാടകതല്പരരായ അദ്ധ്യാപകരുള്ള സ്കൂളുകളിൽ നാടകാഭിനയം ഗൗരവപൂർണ്ണമായി കൈകാര്യംചെയ്യപ്പെടുന്ന ഒരു കലാപ്രസ്ഥാനമായിക്കലാശിച്ചുതുടങ്ങി.

എങ്കിലും ഒരു ചടങ്ങുമാത്രമല്ലേ ഇന്നും നമ്മുടെ വിദ്യാലയങ്ങൾ പലതിലേയും നാടകാഭിനയങ്ങൾ? ഭൂരിപക്ഷം വിദ്യാലയങ്ങളുടെ സ്ഥിതി അതാണെന്നു സമ്മതിച്ചാൽത്തന്നെ മറിച്ചു ചൂണ്ടിക്കാട്ടുവാൻപോന്ന ഏതാനും വിദ്യാലയങ്ങളും, അവയിൽ അതിദ്രുതം വളർന്നുകൊണ്ടിരിക്കുന്ന നല്ല നാടകസംഘങ്ങളും ഇന്നുണ്ടായിവരുന്നുണ്ടു്. പഴയ നിലപാടുതന്നെ അഭംഗുരം തുടർന്നുപോകുന്നിടങ്ങളിലൊക്കെ അവയുടെ സാരഥ്യം വഹിക്കുന്നതു വിദ്യാഭ്യാസത്തെപ്പറ്റി പഴയ സങ്കല്പം വച്ചുപുലർത്തുന്നവരാണെന്നതാണും.

എന്താണു നാടകത്തിനു വിദ്യാഭ്യാസസംവിധാനത്തിലുള്ള സ്ഥാനം? എന്താണതിന്റെ സംഭാവന? ഒന്നിലധികം നിലകളിൽ നാടകം ഒരു വിദ്യാർത്ഥിക്കു പ്രയോജനകരമായിത്തീരാറുണ്ടു്. കലാപരവും കലാബാഹ്യവുമായ നേട്ടങ്ങൾ അതുകൊണ്ടു കൈവരിക്കാനാവും. നാടകംപോലെ ഒരു സംശ്ലിഷ്ടകലാരൂപവുമായിട്ടിടപഴകുന്ന വിദ്യാർത്ഥിക്കു്, അഭിനയം, സംഗീതം, നൃത്തം, ചിത്രകല എന്നിങ്ങനെ വിവിധ സുകുമാരകലകളിലുള്ള തന്റെ താല്പര്യത്തിനു പ്രകടനരംഗം ലഭിക്കുന്നു. സംഗീതവും നൃത്തവും, ചിത്രരചനയും നേരിട്ടു നാടകത്തിലുണ്ടാവണമെ

ന്നില്ല ഇതു സംഭവിക്കാൻ. ഏതു നാടകമായാലും അതിന്റെ അവതരണവേളയിൽ നടന്മാരുടെ ചലനങ്ങളും, ചേഷ്ടകളും, അവരുച്ചരിക്കുന്ന പദങ്ങളും, ആ പദങ്ങളുടെ ശയ്യാക്രമം എന്നിവയിലെല്ലാം സംഗീതത്തിന്റെ അടിസ്ഥാനഭാവമായ താളം വേണം. അരങ്ങൊരുക്കിലും നടന്മാരെ ചമയിക്കുന്നതിലും ചിത്രകലയുടെ സഹായമാവശ്യം. നടീനടന്മാരുടെ നില്പിലും പടുതിയിലും (Pose) ശില്പകലയും പങ്കുചേരുന്നു. ഈ വിവിധ കലാരൂപങ്ങളിൽ തൽപരരായ വിദ്യാർത്ഥികളും ഒന്നിച്ചുചേർന്നു പ്രവർത്തിക്കാവുന്ന രംഗവേദിയാണു നാടകമുണ്ടാക്കുന്നതു്.

കലാബാഹ്യമായോ? വിദ്യാഭ്യാസത്തിന്നടിസ്ഥാനമായിരിക്കേണ്ട അച്ചടക്കത്തെപ്പറ്റി നാമിന്നു വളരെയേറെ ബോധവാന്മാരാണു്. അച്ചടക്കരാഹിത്യത്തിന്റെ ആസുരമായ താണ്ഡവം കണ്ടു് വിദ്യാർത്ഥികളുപേലും പൊറുതിമുട്ടിയിരിക്കുന്ന ഒരവസരമാണല്ലൊ ഇതു്. അതു നിവാരണംചെയ്യുവാനുള്ള മാർഗ്ഗങ്ങളെപ്പറ്റി വിദ്യാഭ്യാസവിചക്ഷണന്മാർപോലും അതിതീക്ഷ്ണമായി മസ്തിഷ്കമഥനം ചെയ്യുപോരുന്നകാലം. ഇങ്ങനെ, വിദ്യാഭ്യാസവുമായി ഏതെങ്കിലും ഒരു തലത്തിൽ എന്തെങ്കിലും ഒരു ബന്ധം സ്ഥാപിച്ചിട്ടുള്ളവരെല്ലാം തലപുകഞ്ഞു തപസ്സുചെയ്യുന്ന 'അച്ചടക്ക'മെന്ന ഇഷ്ടദേവതയെ അനായാസമായി വിദ്യാനികേതനങ്ങളിൽ കുടിയിരുത്താൻ കഴിയുന്ന ഒരു കലാവിദ്യയാണു് നാടകം.

കാരണം, നാടകാവതരണത്തിന്റെ അടിസ്ഥാനാശയംതന്നെ അച്ചടക്കമത്രേ. പരസ്പരസഹകരണം പൂർണ്ണമായി ആവശ്യപ്പെടുന്ന ഒരു പ്രസ്ഥാനമാണതു്. ഏതെങ്കിലും ഒരു നടനോ നടിക്കോ തന്റെ 'മനോധർമ്മം' മാത്രമാടി അപ്പാസു മേടിക്കാൻ നാടകരംഗത്തു സാധ്യമല്ല. അതുകൊണ്ടും നാടകാവതരണത്തെപ്പറ്റി അറിവുള്ളവർ അതിനെ ഒരു വാദ്യവൃന്ദത്തോടു് താരതമ്യപ്പെടുത്തിയിട്ടുണ്ടു്. 'ഓർക്സ്ട്രാ'കണ്ടക്ടറുടെ സംവിധാനനിർദ്ദേശങ്ങളും പാലിച്ചുകൊണ്ടു് ചെറുതും വലുതുമായ വാദ്യോപകരണങ്ങളും ഒരു പ്രത്യേകതാളത്തിലും ലയത്തിലും പുറപ്പെടുവിക്കുന്ന വിവിധവാദ്യധ്വനികളും ഒത്തുചേർന്നാണു് ഒരു വൃന്ദവാദ്യക്കച്ചേരിക്കു് മാധുര്യവും മനോഹാരിതയും സംഭാവനചെയ്യുന്നതു്. അതുപോലെയാണു് നാടകത്തിലും. സംവിധായകൻ നാടകത്തിൽക്കാണുന്ന ആശയചമൽക്കാരമോ, ഭാവഭംഗിയോ, അവയുടെ വ്യാഖ്യാനത്തിനായാളെ ഉദ്ഘാടനാക്കുന്നു. നടീനടന്മാർ, അരങ്ങു്, ദീപപ്രസരം എന്നിതുകളുംവഴി അയാളം നിർവ്വഹിക്കുന്നതു് ആ വ്യാഖ്യാനത്തെ പ്രേക്ഷകരിലേക്കു സംക്രമിപ്പിക്കുകയാണു്. അങ്ങനെ, കവിയെപ്പോലെ അയാളും യഥാർത്ഥത്തിൽ ചെയ്യുന്നതു് ഒരു നാടകഗ്രന്ഥത്തെപ്പറ്റി തനിക്കുണ്ടായ ഉൾക്കാഴ്ചയെ പല ഉപാധികളിൽക്കൂടി ആവിഷ്കരിക്കുകയാണു്. അവിടെ സംവിധായകൻ പരമാധികാരിയും അയാളുടെ നിയമങ്ങളും അനുസരിക്കുന്ന മറ്റു ഘടകങ്ങളും സാമന്തരുമാണു്. ഒരു യന്ത്രത്തിന്റെ നേരിയ ഒരു ഭാഗത്തിനുണ്ടാകുന്ന തകരാറു് വലിയൊരു ഫാക്ടറിയെത്തന്നെ സ്തംഭിപ്പിക്കുമല്ലൊ. അതുപോലെ സംവിധായകനെ മറുതലിക്കുന്ന ഒരു ചെറിയ ഘടകം നാടകാവതരണത്തിന്റെ ക്രിയാപദ്ധതിക്കിടയിൽ കടന്നുകൂടിയാൽ മതി, അവതരണം തകരാറിലാവും. നടീനടന്മാർതന്നെ വേണമെന്നില്ല; പ്രോംപ്റ്റർ ചെയ്യുന്നവനോ കർട്ടൻ പിടിക്കുന്നവനോ ആയാൽ മതി. അതുകൊണ്ടു് ഔചിത്യമുള്ള നാടകസംവിധായകൻ ആദ്യമായി ചെയ്യുന്നതു് തന്റെ സംഘത്തിലുള്ള എല്ലാ അംഗങ്ങളുടേയും—അരങ്ങിലും അണിയറയിലും പ്രവർത്തിക്കുന്ന എല്ലാ അംഗങ്ങളുടേയും—നിരാക്ഷേപമുള്ള സഹകരണത്തിനും, നിർല്ലോഭമുള്ള ആദരത്തിനും അഹ്നായിത്തീരുകയാണു്. അവിടെ അച്ചടക്കത്തിന്റെ ആദ്യപാഠങ്ങളും ആരംഭിക്കുന്നു.

വിദ്യാലയത്തിൽ ക്ലാസ്സുമുറിയിൽവച്ചു ലഭിക്കാത്ത അച്ചടക്കം നാടകപഠനവേളയിൽ ലഭിക്കുന്നതിനു സൗകര്യം കൂടുതലാണു്. ആത്മാവിഷ്കരണവ്യഗ്രതയും മറെറാരാളായി മാറുവാനുള്ള ആഗ്രഹവും മനുഷ്യനിൽ സഹജമായിത്തന്നെയുണ്ടു്. അരങ്ങു് എന്ന മാദ്ധ്യമത്തിനാകട്ടെ ഈ ആഗ്രഹലാഞ്ഛനയെങ്കിലുമുള്ള മനസ്സിനെ തന്നിലേക്കു വലിച്ചടുപ്പിക്കുവാൻ, കടലിനെപ്പോലൊരു ശക്തിയുമുണ്ടു്.

അതു മാത്രമല്ല നാടകവേദികൊണ്ടു വിദ്യാഭ്യാസത്തിനു കൈവരുന്ന അനുഗ്രഹം. വിദ്യാലയപ്രശ്നങ്ങൾക്കു മാത്രമല്ല, രാജ്യാന്തരപ്രശ്നങ്ങൾക്കുതന്നെ ഇന്നു രൂക്ഷത വർദ്ധിപ്പിക്കുന്ന വസ്തുതാനുരഞ്ജകത്വത്തിന്റെ അഭാവവും സഹകരണരാഹിത്യവുമാണു്. നാടകാഭ്യസനത്തിനു് അത്യന്താപേക്ഷിതമായ ഗുണങ്ങളാണു് സഹകരണസന്നദ്ധത. റീഹേഴ്സലുകളിലൂടെ നാടകം അരങ്ങേറുന്നദിവസം അവസാനത്തിരശ്ശീല വീഴുന്നതുവരെ ആ അഭിനേതൃസംഘത്തിലെ അംഗങ്ങൾ വളരെയേറെ വിട്ടുവീഴ്ചകൾക്കും പരസ്പരസഹകരണത്തിനും സന്നദ്ധരായേ പറ്റൂ. സ്വന്തം വ്യക്തിസ്വഭാവങ്ങളിലെ ഏണും മുഴകളും അവിടെവച്ചു മനപ്പൂർവ്വം തേച്ചുമാച്ചുകളയേണ്ടിവരും. അന്യബഹുമാനം, അച്ചടക്കത്തോടുള്ള ബഹുമാനം എന്നിങ്ങനെ പലതും ആ കളരി

യിൽ അവശ്യം അഭ്യസിക്കേണ്ടിവരും. വിദ്യാഭ്യാസത്തിന്റെ മൗലികലക്ഷ്യം സ്വഭാവസംസ്കരണമാണെങ്കിൽ ഇവിടമാണു് അതഭ്യസിക്കുന്ന യഥാർത്ഥവിദ്യാലയമെന്നു പറയണം. എങ്കിൽപ്പിന്നെ നാടകാഭിനയങ്ങളും നാടകോത്സവങ്ങളും നടക്കുന്ന സ്കൂളുകളിലും കോളേജുകളിലും എന്തുകൊണ്ടു് ഈ അന്തരഞ്ജകതത്വവും സഹകരണസന്നദ്ധതയും ഇന്നു പ്രത്യക്ഷമാകുന്നില്ല? ചോദ്യം വരാം. ഉത്തരം ഇതു മാത്രമാണു്: നാടകാഭിനയത്തിന്റെ ഈ ഒരു പ്രാധാന്യം ഇന്നും നാം അറിയുന്നില്ല. നാടകപ്രകടനവും പരിശീലനവും നമ്മുടെ വിദ്യാഭ്യാസത്തിന്റെ പുറംവേലിക്കരുകിലേ ഇന്നും നില്ക്കുന്നുള്ളു. കായികകലയ്ക്കു വിദ്യാലയങ്ങളിൽ നല്കിപ്പോരുന്ന സ്ഥാനംപോലും സുകുമാരകലകൾക്കു് ഇന്നു നല്കിയിട്ടില്ല. അതിൽത്തന്നെ സംഗീതത്തിനും സാഹിത്യത്തിനുമുള്ള സ്ഥാനംപോലും അഭിനയം എന്ന കലയ്ക്കില്ലതാനും.

വിദ്യാലയനാടകവേദിയോടു് ഇത്തരത്തിൽ, നമ്മുടെ വിദ്യാഭ്യാസസമ്പ്രദായവും അതു കൈകാര്യംചെയ്യുന്നവരും കൈക്കൊണ്ടിട്ടുള്ള മനോഭാവം മലയാളനാടകവേദിയുടെ പൊതുവിലുള്ള പുരോഗതിയെത്തന്നെ സാരമായി വികലപ്പെടുത്തുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. നാടകവേദിയുടെ വളർച്ചയ്ക്കു്, 'നല്ല വിദ്യകഴിച്ചു്' അഭ്യാസബലം ആർജ്ജിച്ചിട്ടുള്ള നടന്മാരുടെ തലമുറകൾ ഉണ്ടായിക്കൊണ്ടിരിക്കണം. നാടകമെന്നാൽ എന്താണെന്നും, അരങ്ങിന്റെ സാദ്ധ്യതകളും പരിമിതികളും ഏതേതെന്നും രൂപമുള്ള സംവിധായകർ ഉണ്ടായിക്കൊണ്ടിരിക്കണം. സർവ്വോപരി, നാടകങ്ങൾ കണ്ടു കണ്ടു ശീലംവന്ന, നല്ലതും തീയതും നിഷ്പ്രയാസം തെരഞ്ഞെടുത്തു രസിക്കാൻ കഴിയുന്ന ആസ്വാദകസദസ്സുണ്ടായിക്കൊണ്ടിരിക്കണം. ചുരുക്കത്തിൽ നാടകപരമായ സർഗ്ഗശക്തി പ്രസരിക്കുന്ന ഒരന്തരീക്ഷമുണ്ടായിക്കൊണ്ടിരിക്കണം. ആ തെളിഞ്ഞ, ചൈതന്യഭാസുരമായ, ഒരന്തരീക്ഷത്തിൽ മാത്രമേ നാടകവേദി പുതിയ മേഖലകളിലേക്കു വളർന്നേറുകയുള്ളൂ.

നാടകവേദിയെ അതിനു സഹായിക്കുകയാണു് നാടകകുതുകികളായ സഹൃദയരുടെ ചെറു സംഘങ്ങൾ അനുഷ്ഠിക്കുന്ന കർത്തവ്യം. അവ ശക്തികേന്ദ്രങ്ങളാണു്. ഒരു ചെടിയുടെ വളർച്ചയ്ക്കാവശ്യമായ കാറ്റും വെളിച്ചവുംപോലെ. നാടൊട്ടുക്കുള്ള, നിശ്ചിതമായ ലക്ഷ്യങ്ങളോടെ വിദ്യാഭ്യാസം നിർവ്വഹിക്കുന്ന, വിദ്യാലയങ്ങൾക്കു് ഈ ശക്തിദാനം വ്യക്തമായ അളവിലും രൂപത്തിലും നല്കുവാൻ സാധിക്കും. ഒരു നാട്ടിന്റെ നാടകവേദിയുടെ സ്വരവും സ്വരൂപവും എന്തായിരിക്കണമെന്നു് നിശ്ചയിക്കുവാനും അതിന്റെ രൂപരേഖകൾ സമർപ്പിക്കുവാനും കഴിയും. ആധുനികയുഗത്തിൽ, വിദ്യാഭ്യാസത്തിൽ പാശ്ചാത്യരങ്ങളായ ഇത്തരം വിഷയങ്ങളുടെ പ്രാധാന്യം പൂർണ്ണമായും കണ്ടെത്തപ്പെട്ടിട്ടില്ലാത്ത നാടകളിൽ വിദ്യാലയനാടകസംഘങ്ങളിൽനിന്നും നാടകവേദിക്കു് ഉണ്ടായിട്ടുള്ള സഹായം അളവറ്റതാണെന്നതാനും. ആധുനികകാലഘട്ടത്തിൽവികസ്വരമായിത്തീർന്നിട്ടുള്ള ഏതു നാടകവേദിയുടെയും വേരുകൾ നാം അന്വേഷിച്ചുനോക്കുക. അതതു നാടകളിലെ വിദ്യാലയങ്ങളിലും സർവ്വകലാശാലകളിലും നമുക്കു ചെന്നെത്തേണ്ടിവരുമെന്നതു് നിരാക്ഷേപമാണു്.

നമ്മുടെ വിദ്യാലയനാടകവേദി ഈ ചക്രവാളത്തെപ്പറ്റി സ്വപ്നംകണ്ടുതുടങ്ങിയിട്ടുതന്നെയില്ല. പക്ഷേ, ഇന്നു് നാടകാഭിനിവേശം സാർവ്വത്രികമായിട്ടുണ്ടു്. അതിനെ നാടകയോഗ്യമായ നിലയിൽ വഴി വെട്ടിത്തെളിച്ചു നയിക്കുക എന്നതാണിന്നത്തെ ആവശ്യം. ഏതേതു മാർഗ്ഗങ്ങളിൽക്കൂടിയാണു് അതുണ്ടാകേണ്ടതെന്നു വിശദമായി പ്രതിപാദിക്കുവാൻ ഈ ലേഖനപരിമിതി അനുവദിക്കുന്നില്ല. എങ്കിലും നാടകാവതരണവിഷയത്തിൽ വിദ്യാലയനാടകവേദികളും അവശ്യം ശ്രദ്ധിച്ചിരിക്കേണ്ട പ്രാഥമികകാര്യങ്ങളെപ്പറ്റി ഇവിടൊന്നു പരാമർശിക്കേണ്ടതാവശ്യമെന്നു ഞാൻ വിശ്വസിക്കുന്നു.

വാഷ്കികാഘോഷത്തിനു നാടകം കളിക്കുന്നതുകൊണ്ടു മാത്രം തൃപ്തിപ്പെടുന്ന വിദ്യാലയനാടകക്കാരോടു് എനിക്കൊന്നും പറയാനില്ല. അവയെ നാടകവേദിയെന്നു വിളിക്കേണ്ട ആവശ്യംതന്നെയില്ല. നാടകവേദി ഉടലെടുക്കുന്നതു നാടകപരമായി സജീവമായ ഔത്സുക്യവും നാടകം കളിക്കുകയും കാണുകയും ചെയ്യുവാനുള്ള ഒരു ശക്തമായ അവബോധവും ഉണ്ടാകുമ്പോഴാണു്. അങ്ങനെ ഒരു അന്തരീക്ഷം ഏതെങ്കിലും വിദ്യാലയത്തിലെ നടനകുതുകികളായ കുട്ടികൾക്കിടയിൽ ഉണ്ടാക്കാൻ ബോധപൂർവ്വം പരിശ്രമിക്കുന്ന അദ്ധ്യാപകരുണ്ടെങ്കിൽ അവരുടെ നാടകകൗതുകത്തോടു് എനിക്കു ചിലതൊക്കെ മന്ത്രിച്ചാൽ കൊള്ളാമെന്നുണ്ടു്.

എങ്ങനെ നാടകം കളിക്കാം? 'എങ്ങനെയെങ്കിലും ഒന്നു കഴിച്ചുകൂട്ടിയാൽ മതി' എന്നു് അഭിപ്രായമില്ലാത്തവരെ സംബന്ധിച്ചിടത്തോളം അതൊരു വലിയ പ്രശ്നമാണു്. കുട്ടികളെ തെരഞ്ഞെടുക്കുന്നതിനു് ഇന്നു യാതൊരു മാർഗ്ഗവും പ്രായേണ സ്വീകരിച്ചുപോരാറില്ല.

അതുകൊണ്ടുതന്നെ ശരിയായ നാടകതാൽപ

ര്യവും അഭിനയവാസനയുമുള്ള കുട്ടികളും സ്കൂളിലുണ്ടായിരിക്കെത്തന്നെ തള്ളിക്കയറാൻ ജന്മവാസനയുള്ളവൻ രംഗത്തു വരും. അതിനനുസരിക്കാവുന്ന ഒരു മാർഗ്ഗം നാടകാഭിനയത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന വിദ്യാർത്ഥികളെ മുഴുവൻ വിളിച്ചുകൂട്ടി അവരുടെ മനോധർമ്മവ്യാപാരത്തിനു സ്വാതന്ത്ര്യവും നല്ലതക്കതെരത്തിൽ, കുട്ടികളെ അഭിനയിക്കാൻ വിടുകയാണു്. അവക്കിഷ്ടമുള്ള ഭാഗം, ഇഷ്ടമുള്ള സ്വഭാവാനുകരണങ്ങളും നല്ലാം. സംഭാഷണംതന്നെ നിർബ്ബന്ധിതമാക്കണമെന്നില്ല. എല്ലാം അവരുടെ കല്പനയ്ക്കു വിടുക. എനിക്കു നല്ല തീർച്ചയുണ്ടു്, അങ്ങനൊരു പരിപാടിയിലൂടെ നടന്മാർ തെരഞ്ഞെടുക്കപ്പെട്ടാൽ അഹ്തയുള്ളവൻ അവഗണിക്കപ്പെട്ടുപോവുകയില്ലെന്നു്. നാടകം തെരഞ്ഞെടുക്കുന്നതും ഇതേപോലെ വ്യക്തവും വിശദവുമായ ചിന്തയ്ക്കുശേഷമായിരിക്കണം. കുട്ടികളാണു ഭൂരിപക്ഷം പ്രേക്ഷകർ. കുട്ടികളാണു നടീനടന്മാർ. അവരെക്കൊണ്ടിക്കുന്നതും അവർക്കു പങ്കെടുത്തു നടത്താവുന്നതുമായ നാടകങ്ങളും വേണം തെരഞ്ഞെടുക്കുവാൻ. ഇന്നു സാധാരണയായി വിദ്യാലയങ്ങളിൽ സ്വീകരിച്ചുപോരുന്ന നാടകങ്ങളും മറ്റു വേദികൾക്കു പാകമാകുന്നവയും പലപ്പോഴും അവയ്ക്കുവേണ്ടി രചിക്കപ്പെട്ടവയും ആയിരിക്കും. തനി റീയലിസ്റ്റിക് നാടകങ്ങളും കോമഡികളുമാണു് ഇന്നു സാധാരണ സ്കൂളുകളിൽ അരങ്ങേറപ്പെടുന്നതു്. ആ ആവശ്യത്തെ മുൻനിറുത്തി, അഭിനയപ്രാധാന്യം തുലോം കുറച്ചു്, ഭാവചപലമായ മുഹൂർത്തങ്ങളും വളരെ കൂട്ടി ഒരുതരം നാടകസാഹിത്യംതന്നെ നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ടു്. എനിക്കു തോന്നുന്നതു് ഈ രണ്ടു വിഭാഗങ്ങളിൽപ്പെടുന്ന നാടകങ്ങളും വിദ്യാലയങ്ങളിൽ, വിശേഷിച്ചും താഴ്ന്ന കാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കാര്യത്തിൽ, ഒഴിവാക്കുകയാണു നന്നു്. നമുക്കു് ഒരു പൊതുധാരണയുണ്ടു്, പ്രഹസനങ്ങളും കോമഡികളും അവതരിപ്പിക്കുവാൻ കഴിവുകുറഞ്ഞ നടന്മാരായാലും വേണ്ടില്ലെന്നു്. നാടകത്തെപ്പറ്റി അറിവുള്ളവർക്കു് ആ അഭിപ്രായത്തിന്റെ വിസ്തൃതം മനസ്സിലാകും. കുട്ടികൾക്കുവേണ്ടി എഴുതപ്പെട്ട സാഹിത്യം നമുക്കില്ലാത്തതുകൊണ്ടു്, ഈ തെരഞ്ഞെടുപ്പു വളരെ ശ്രദ്ധാപൂർവ്വംതന്നെ നടത്തേണ്ടിയിരിക്കുന്നു. ഇന്നു്, കൊച്ചുകുട്ടികളും പ്രായമായവരുടെ കൂപ്പായമിട്ടു നടക്കുന്നതു കാണുമ്പോഴുള്ള അസഹ്യത വിദ്യാലയനാടകവേദികളിൽ പ്രത്യക്ഷപ്പെടുന്ന പല നാടകങ്ങളും നമ്മിലുണ്ടാക്കുന്നു.

വിദ്യാലയനാടകത്തിന്റെ സംവിധായകൻ അദ്ധ്യാപകനായിരിക്കുമല്ലൊ. സംവിധായകധർമ്മത്തിന്റെ മർമ്മം ഗ്രഹിച്ച ഒരാൾ കുട്ടികളിൽ നിന്നും ഉണ്ടാകുന്നതുവരെ അതുതന്നെയാണു കാമ്യം. പക്ഷേ, ആ അദ്ധ്യാപകൻ കുട്ടികൾക്കു കളിക്കാൻവേണ്ടി സ്വീകരിക്കുന്ന നാടകത്തെ ഒരു സംവിധായകൻ സ്ക്രിപ്റ്റ് എത്രകണ്ടു് ശ്രദ്ധയോടെ പഠിക്കാനും വ്യാഖ്യാനിക്കാനും ശ്രമിക്കുമോ അത്രയും പൂർണ്ണമായ ശ്രദ്ധയോടെതന്നെ കൈകാര്യംചെയ്യണം. കളിക്കാൻ ഉപയോഗിക്കുന്ന അരങ്ങേതെന്നു് തീർച്ചയാക്കണം. പല വിദ്യാലയങ്ങളിലും വെളിയിൽ കെട്ടിയുണ്ടാക്കുന്ന മേടകളായിരിക്കുമല്ലൊ. അതിന്റെ നീളം, വീതി എല്ലാം നേരത്തെകൂട്ടി തീരുമാനിക്കണം. ആ അളവുകളും എവിടെയെങ്കിലും അടയാളപ്പെടുത്തിവച്ചുകൊണ്ടു് അവിടെ പെരുമാറി ശീലിക്കാൻ നടന്മാരെ അഭ്യസിപ്പിക്കണം. അവരുടെ ചലനങ്ങളും നേരത്തേകൂട്ടി ആസൂത്രണംചെയ്യണം. അതവർ ശീലിച്ച സ്വായത്തമാക്കുംവരെ ആവർത്തനംചെയ്യിക്കണം. കഥാപാത്രങ്ങളെ വ്യാഖ്യാനിച്ച മനസ്സിലാക്കുവാൻ ഉള്ള കഴിവു് കുട്ടികൾക്കു കൈവന്നിട്ടില്ലാത്തതുകൊണ്ടു്, അദ്ധ്യാപകൻ അവ വിവരിച്ചുകൊടുത്തു് കഥാപാത്രമായി മാറുവാൻ സഹായിക്കണമവരെ. ഇങ്ങനെ എല്ലാ ആസൂത്രണങ്ങളും പൂർത്തിയാക്കിയതിനുശേഷംവേണം നാടകത്തിന്റെ 'ചൊല്ലിയാട്ടം' ആരംഭിക്കാൻ. അതിനുശേഷമോ?

എല്ലാ ചര്യാക്രമങ്ങളും വിശദമായി പ്രതിപാദിക്കാൻ ഈ ചെറുലേഖനത്തിൽ വിഷമമാണു്. അതുകൊണ്ടു് അടിസ്ഥാനപരമായിത്തന്നെ അറിഞ്ഞിരിക്കേണ്ട ചില വിധികളും നിഷേധങ്ങളും ഇവിടെ ചൂണ്ടിപ്പറയാം:

(1) അരങ്ങൊരുക്കുന്ന അവസരത്തിൽ നാടകമാവശ്യപ്പെടാത്തതു ഉപകരണങ്ങളും രംഗത്തിട്ടു് അവിടത്തെ തിക്കും തെരക്കും വർദ്ധിപ്പിക്കുവാൻ ശ്രമിക്കരുതു്. ഒരു മേശയോ കസേരയോ കട്ടിലോ ഇട്ടാൽ അതിനു നാടകാഭിനയത്തിൽ എന്തെങ്കിലും ഒരാവശ്യമുണ്ടായിരിക്കണം. ഇതുതന്നെ പശ്ചാത്തല സജ്ജീകരണം, വെളിച്ചം എന്നിതുകൾക്കെല്ലാം ബാധകമാണു്.

(2) റിഹേഴ്സലിനിടയിൽ രംഗപ്രയോഗപരമായി ചെയ്യാനുദ്ദേശിക്കുന്ന യാന്ത്രികമായ ഇഫക്റ്റുകളുടെ ശീലനം നോക്കരുതു്. അതു പ്രത്യേകമായി പരിശീലിക്കണം.

(3) പ്രോംപ്റ്റിംഗ് നാടകാവതരണമുഹൂർത്തത്തിൽ ഒഴിവാക്കണം.

(4) നടന്മാരുടെ സംഭാഷണാവിഷ്കരണം നാടകംകൊണ്ടു് സംവിധായകൻ ഉദ്ദേശിക്കുന്ന

പൊതു ശൈലിക്കനുസരണമായി വേണം ചിട്ടചെയ്യിക്കാൻ. സംഭാഷണത്തെക്കാൾ അർത്ഥവ്യഞ്ജകത്വം അവസ്ഥിടയിൽ പ്രയോഗിക്കുന്ന നിശ്ശബ്ദതയ്ക്കുണ്ടെന്നു ധരിക്കുക.

(5) രംഗത്തു നില്ക്കുന്ന നടൻ മറ്റേയാൾ പറയുന്ന വാക്യം കേൾക്കുന്നതായി തോന്നണം. കേട്ടാലുണ്ടാകുന്ന പ്രതികരണം കാട്ടുകയുംവേണം. മാത്രമല്ല, ആ സംഭാഷണം നൂറാമത്തെത്തവണ കേൾക്കുന്ന ഭാവം അയാളുടെ മുഖത്തു വരുകയുമരുതു്.

(6) രംഗവേദിയുടെ എല്ലാ പ്രധാനഭാഗങ്ങളും നടന്മാർ ഉപയോഗിക്കണം.

(7) അരങ്ങത്തേക്കു കയറുന്നതിനുമുൻപുതന്നെ നടനെ കഥാപാത്രമാക്കിനിറുത്തുവാൻ ശ്രദ്ധിക്കണം.

(8) രംഗോപകരണങ്ങളും, പശ്ചാത്തലശബ്ദങ്ങളും എന്നിങ്ങനെ രംഗപ്രസാധനത്തിന്റെ ഓരോ ഘടകത്തിനും ഉത്തരവാദികളായി കുട്ടികളെത്തന്നെ ഓരോരുത്തരെ ചുമതലപ്പെടുത്തുക.

(9) റീഹേഴ്സലിനിടയ്ക്കു് ഏതെങ്കിലും മോശപ്പെട്ട ഒരു നടനെ ശരിയാക്കാൻ അമിത സമയം എടുക്കാതിരിക്കണം. നാടകത്തിന്റെ രസത്തിനനുഗുണമായ ഒരു അന്തരീക്ഷം റീഹേർഴ്സലിനും ഉണ്ടാകത്തക്കവിധത്തിൽ അധികം വിച്ഛിത്തിവരാതെ അതു നടക്കണം. മോശമായവനെ പ്രത്യേകം വിളിച്ചു് അയാൾക്കു വേണ്ട നിർദ്ദേശം പിന്നീടു നല്കുകയാണു നന്നു്.

(10) ശരിയായ അവതരണത്തിനുമുമ്പു് പൂർണ്ണമായ എല്ലാ സജ്ജീകരണങ്ങളോടുംകൂടി ഒരു റീഹേഴ്സൽ നടത്തുക.

(11) ഒരിക്കലും സംവിധായകൻ അഭിനയിച്ചു കാട്ടുവാൻ ശ്രമിക്കരുതു്. തന്റെ ഭാവഹാവാദികളെ അനുകരിക്കുവാനല്ല ഒരു നാടകസംവിധായകൻ നടന്മാരെ അഭ്യസിപ്പിക്കേണ്ടതു്. മറുപാധികളൊന്നുകൊണ്ടു് അവന്റെ ഉള്ളിലുള്ള സർഗ്ഗവാസനയെ വർദ്ധിപ്പിക്കുവാനാണു്.

(12) ചുരുക്കിപ്പറഞ്ഞാൽ നാടകാവതരണസന്ദർഭത്തിലുള്ള പരാക്രംപാച്ചിലും, നിർദ്ദേശങ്ങളും അനുജ്ഞകളും ചീത്തവിളികളും അവഹേളനം സൃഷ്ടിക്കുന്ന ബഹളവും ഒഴിവാക്കുവാൻതക്കവിധം ആദ്യംമുതലേ ആസൂത്രണംചെയ്യുന്നതിലാണു വിജയം.

നാടകാവതരണത്തിനു് നീക്കിവെക്കപ്പെട്ടിട്ടുള്ള പണമെന്തുണ്ടെന്നുകൂടി നോക്കി അതനുസരിച്ചു് ഒരു അവതരണബഡ്ഡറും സംവിധായകൻ ഉണ്ടാക്കേണ്ടതാണു്. നാടകം പ്ലാൻചെയ്യുമ്പോൾത്തന്നെ അതു കണക്കിലെടുക്കേണ്ടിവരും.

ഇത്രയും പറഞ്ഞതു് നാടകാവതരണം അയത്നലളിതമായി പ്രയോഗിച്ചുകളയാവുന്ന ഒരു ലഘുവ്യവസായമല്ലെന്നു് വെളിപ്പെടുത്തുവാനാണു്. അതിനു് ശ്രമവും, അന്വേഷണവും, അവധാനതയും വേണം. അതിനൊക്കെ സന്നദ്ധത പ്രകടിപ്പിക്കുന്ന സംഘങ്ങളാണു് വിദ്യാലയനാടകവേദികളുടെ പ്രയോജനം പൂർണ്ണമായി അനുഭവിക്കുന്നതു്. വിശാലമായ നാടകസാമ്രാജ്യത്തിനു തന്നെ ശക്തികേന്ദ്രങ്ങളായി വർത്തിക്കുന്നതു്.

'നാടകവേദി' വികാസദശയെ പ്രാപിച്ച എല്ലാ രാജ്യങ്ങളിലും 'വിദ്യാലയനാടകവേദികം' സജീവമായി പ്രവർത്തിക്കുന്നു.

അവിടെല്ലാം നാടകം പാഠ്യവിഷയമായോ, അതിനു തുല്യമായോ അംഗീകരിക്കപ്പെട്ടിട്ടുണ്ടു്; ആണ്ടറുതിയും മകരസംക്രാന്തിയും മാത്രം നാടകം കളിക്കുക എന്ന സമ്പ്രദായം സ്വീകരിക്കപ്പെട്ടതായി കാണുകയില്ല. എളുപ്പം കളിക്കുവാൻ പറ്റുന്ന, വെറും മൊഴിമാത്രം പറഞ്ഞു് ചപലമായി കണ്ണീരൊഴുക്കിയും, മൂന്നാംതരം ഫലിതങ്ങളും വിളമ്പിയും നിറമുള്ള പട്ടുതായുടെ മുന്നിൽ നിന്നു്, നിറംമാറുന്ന പ്രകാശം മുഖത്തടിക്കെ, ചങ്കുറപ്പോടെ 'ഡയലോഗു്' കാച്ചിയാൽ ഉഗ്രൻ നാടകാഭിനയം നിർവ്വഹിച്ച എന്ന മൂഢധാരണയോടെ സംതൃപ്തിയടയുന്ന നടന്മാരേയും നാടകസംഘങ്ങളേയും കണ്ടുമുട്ടുവാനാവില്ല.

മനുഷ്യാല്പത്തിയോളംതന്നെ പഴക്കമുള്ള ഒരു കലാരൂപത്തെ, വിദ്യാഭ്യാസത്തിന്റെ സജീവപുരോഗതിയെ ക്രിയാത്മകമായി സഹായിക്കുവാൻ കഴിയുന്ന ഒരു വിശിഷ്ടദൃശ്യകലയെ, ഇത്രയും അലസതയോടും അജ്ഞതയോടും കൈകാര്യംചെയ്താൽ മതിയോ? വിദ്യാലയനാടകവേദിയോടു് ഏതെങ്കിലും നിലയിൽ ബന്ധപ്പെടുന്നവരെല്ലാം ഈ ചോദ്യം സ്വയം ചോദിക്കേണ്ടതുണ്ടു്. 'നമ്മുടെ നാടകവേദി' എന്ന കുറെക്കൂടി വിശാലമായ ഒരു സങ്കല്പത്തെ സ്വമനസ്സാലെ സ്നേഹിക്കുന്നവരും ഇന്നത്തെ അവസ്ഥയ്ക്കു് ഒരു മാറ്റം കൈവരുത്തുവാൻ ഈ നാടകപ്രസ്ഥാനത്തിൽത്തന്നെ പ്രയത്നമാരംഭിക്കണം.

മലയാളനാടകവേദി പ്രായംകൊണ്ടെങ്കിലും പരിപക്വദശയിലേക്കു് കടന്നുകഴിഞ്ഞിരിക്കുന്ന ഈ വേളയിലെങ്കിലും അതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചുകണ്ടാൽ നമ്മുടെ നാടകത്തിനു് ഭാവിയുണ്ടാകും; വളർച്ചയുടെ നവീനചക്രവാളങ്ങളും ദൃശ്യമാകും; നാളത്തെ കേരളത്തിനു് അഭിമാനിക്കാവുന്ന ഒരു നാടകപാരമ്പര്യം സംജാതമാവുകയും ചെയ്യും.

സ്വാതന്ത്ര്യസമരകാലത്തു പല ദേശീയനേതാക്കളും പറഞ്ഞുകേട്ടിട്ടുള്ള ഒരു ആക്ഷേപം നിങ്ങളിൽ ചിലരെങ്കിലും ഓക്കുന്നുണ്ടായിരിക്കാം. അന്നത്തെ നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം പ്രധാനമായും സക്കാരാഫീസ്സുകളിലെ ഗുമസ്തന്മാരെ സൃഷ്ടിക്കുവാൻ മാത്രം ഉദ്ദേശിച്ചുകൊണ്ടു ബ്രിട്ടീഷുകാർ ചിട്ടപ്പെടുത്തിയ ഒരേർപ്പാടാണു് എന്നായിരുന്നു പരാതി. ഇതു വാസ്തവംതന്നെ, സമ്മതിക്കാം. എന്നാൽ സ്വാതന്ത്ര്യം കിട്ടി ഇരുപതുകൊല്ലം കഴിഞ്ഞശേഷം ഇന്നത്തെ നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ സ്ഥിതി എന്താണു്? സർക്കാർഗുമസ്തന്മാരെ സൃഷ്ടിക്കുവാൻ പോലും അതിനു കഴിവില്ലാതായിത്തീന്നിരിക്കുന്നുവെന്നു പറയാം. ഇന്നാട്ടിന്റെ സംസ്കാരം, കലകൾ, ഭാഷകൾ, ജീവിതരീതികൾ എന്നിവയ്ക്കാണും പ്രത്യേക പ്രാധാന്യം നല്കാതിരിക്കുന്നിടത്തോളം കാലം നമ്മുടെ പാഠ്യപദ്ധതികൾ നമ്മുടെ കുട്ടികളെ ഒരു സാംസ്കാരികനവോത്ഥാനത്തിലേക്കു വഴിതെളിയിക്കുകയില്ല എന്ന കാര്യത്തിൽ ആർക്കും എതിരഭിപ്രായമുണ്ടാവില്ലല്ലൊ. ഒരു സാംസ്കാരികനവോത്ഥാനത്തിലൂടെയല്ലാതെ ഈ രാജ്യം അതിന്റെ ശക്തിയും സത്തയും വീണ്ടെടുക്കുമെന്നു് ആരെങ്കിലും വിശ്വസിക്കുന്നുണ്ടെങ്കിൽ അവർ ജീവിക്കുന്നതു മൂഢസ്വർഗ്ഗത്തിലാണെന്നതാനും.

കുട്ടികൾക്കു്, സ്കൂളിലായാലും കോളേജിലായാലും ഇന്നു പഠിക്കാൻ ഒട്ടനവധി വിഷയങ്ങളുണ്ടു്. ഭാഷകൾതന്നെ മൂന്നോ നാലോ, ശാസ്ത്രവിഷയങ്ങൾ എല്ലാംതന്നെ—ശാസ്ത്രത്തിനാണല്ലോ ഇപ്പോൾ മുൻഗണന; പിന്നെ സാമൂഹ്യപാഠങ്ങൾ, തത്വവിചാരം, ധനശാസ്ത്രം, ചരിത്രം തുടങ്ങിയ വിഷയങ്ങൾ വേറെയും. ഇതെല്ലാം കഴിഞ്ഞു കലകൾകൂടി പഠിക്കണമെങ്കിൽ അതിനുള്ള സമയമെവിടെ? കുട്ടികൾക്കു് അതൊരു ഭാരമാവില്ലെ? ഇതാണെന്നു തോന്നുന്നു നമ്മുടെ പാഠ്യപദ്ധതികൾ ആസൂത്രണംചെയ്തിരിക്കുന്നവരുടെ ചിന്താഗതി. കലകളും മറ്റും പഠിക്കുന്നതു തീരെ അനാവശ്യവും അസംബന്ധവും മറ്റുമാണെന്നു് അവരാരെങ്കിലും കരുതുന്നതായി കേട്ടിട്ടില്ല. പിന്നെ ഉത്തരംമുട്ടിക്കുന്ന മറ്റൊരു പ്രശ്നവും ഉന്നയിക്കപ്പെടാം; ഇതിനൊക്കെ പണമെവിടെ? സ്പോർട്ട്സ്, ലൈബ്രറി, ലാബറട്ടറി മുതലായവയ്ക്കുപോലും പണം ചെലവാക്കുന്നതിനോടു വലിയ ആനുകൂല്യമുള്ളവരല്ലല്ലൊ, വിദ്യാഭ്യാസത്തിനുവേണ്ടി പണം അനുവദിക്കാൻ ചുമതലപ്പെട്ടിരിക്കുന്ന നമ്മുടെ ഭരണാധികാരികളധികവും; അതിനുമേലാണോ കല?

ആദ്യമായി നമുക്കു സമയക്കുറവിന്റെ കാര്യം ആലോചിക്കാം. കലകൾകൂടി സ്കൂളുകളിലും കോളേജുകളിലും പഠിപ്പിക്കണമെങ്കിൽ അതിനു സമയം എങ്ങനെയുണ്ടാവും? ഇന്നു് എൻ. സി. സി. പരിശീലനം മിക്കവാറും എല്ലാ ഹൈസ്കൂ

വിദ്യാലയങ്ങളുടെ പാഠ്യപദ്ധതിയിൽ കലകൾക്കുള്ള പരിശീലനം ഉൾപ്പെടുത്താനുള്ള ഒരു ക്രിയാത്മകനിർദ്ദേശം

കലകൾ വിദ്യാലയങ്ങളിൽ

ളകളിലും കോളേജുകളിലും നടത്തിവരുന്നുണ്ടു്. ഇതിനുവേണ്ട സമയവും സൗകര്യങ്ങളും ഏർപ്പെട്ടത്താൻ യാതൊരു പ്രയാസവും നേരിട്ടതായി കേട്ടിട്ടില്ല. എൻ. സി. സി. പരിശീലനത്തിനു വേണ്ടിവരുന്ന അത്രയും സമയം കഥകളിയോ ചിത്രകലയോ സംഗീതമോ അഭ്യസിക്കാൻ കിട്ടില്ലെന്നുവരുമോ? എൻ. സി. സി. യിൽ ചേരാൻ താല്പര്യമില്ലാത്തവരും ഏതെങ്കിലും കലകളിൽ പരിശീലനംനേടിയാൽക്കൊള്ളാമെന്നു താല്പര്യമുള്ളവരുമായ വിദ്യാർത്ഥികൾക്കു് കാലത്തും വൈകിട്ടും ഇതിനുവേണ്ടി അല്പം സമയം അനുവദിച്ചാൽ കാര്യം നടക്കും. എൻ. സി. സി. ക്കാർക്കു് അനുവദിച്ചിട്ടുള്ള ചില ആനുകൂല്യങ്ങളും കഥകളിയും ചിത്രകലയും സംഗീതവും മറ്റും അഭ്യസിക്കുന്നവർക്കും അനുവദിക്കാം.

കഥകളിപോലുള്ള ഒരു കലയിൽ അഭ്യസനം ലഭിക്കുന്നതു് ഒരുകണക്കിൽ എൻ. സി. സി. പരിശീലനംപോലെതന്നെ പ്രാധാന്യം അഹിക്കുന്നതുംകൂടിയാണെന്നു് ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. അച്ചടക്കവും മെയ്‌വഴക്കവും അതിൽനിന്നു് വിദ്യാർത്ഥികൾക്കു ലഭിക്കുന്നു; അതോടൊപ്പം മാനസികവളർച്ചയും. വിദ്യാലയങ്ങളിൽ കഥകളിയും മറ്റു കലകളും അഭ്യസിപ്പിച്ചുതുടങ്ങുന്നതോടൊപ്പം ഈ കലകൾ ഉന്നതവിദ്യാഭ്യാസം ലഭിച്ച കുറേപ്പേരുടെ കൈകളിൽ സുരക്ഷിതമായിരിക്കുകയും ചെയ്യും. അവയുടെ വികാസത്തിനും അതു സഹായകമായിത്തീരും. ഫാക്കു് ഹൈസ്കൂളിൽ കഥകളി, ഭരതനാട്യം തുടങ്ങിയ കലകൾ ഇപ്പോൾ കുട്ടികൾ പഠിച്ചുവരുന്നുണ്ടു്. ഇതു കുട്ടികളുടെ മറ്റു വിഷയങ്ങളിലുള്ള ശ്രദ്ധാന്തിയെ പ്രതികൂലമായി ബാധിക്കുന്നതായി പരാതിയൊന്നും കേൾക്കാറില്ല. അതുകൊണ്ടു് ഇത്തരം കലകൾകൂടി പഠിക്കുന്നതു കുട്ടികൾക്കു താങ്ങാനാവാത്ത ഒരു ഭാരമായിരിക്കും എന്ന വാദത്തിൽ കഴമ്പുണ്ടെന്നു തോന്നുന്നില്ല.

പ്രൈമറിക്ലാസ്സുകളിൽത്തന്നെ ഇതിനുള്ള അടിസ്ഥാനം ഇട്ടുകയാണെങ്കിൽ കുറേക്കൂടി സൗകര്യമായിരിക്കും. പഴയ കളരിസമ്പ്രദായത്തിലുള്ള ഉഴിച്ചിൽ താഴ്ന്ന ക്ലാസ്സുകളിൽനിന്നുതന്നെ ആരംഭിക്കാം. കർക്കടകമാസത്തിലാണല്ലോ ഇതു പതിവു്. കാലത്തു് ഉഴിച്ചിലും കുളിയും ഭക്ഷണവും കഴിഞ്ഞു കുട്ടികൾ ക്ലാസ്സിൽ ഹാജരായാൽ മതി. ഹൈസ്കൂൾക്ലാസ്സുകളിൽ എത്തുമ്പോൾ ഓരോരുത്തരുടെയും താൽപര്യവും വാസനയും അനുസരിച്ചു് അവർക്കു വ്യത്യസ്തകലകളിൽ പരിശീലനം നല്കാം. എൻ. സി. സി. പോലെ കാലത്തും വൈകിട്ടും ഇതിനു് ഏർപ്പാടുകൾ ചെയ്യാവുന്നതാണല്ലോ. കോളേജ്ക്ലാസ്സുകളിൽ ഓരോ പ്രത്യേകവിഭാഗങ്ങളിൽ 'സ്പെഷലൈസ്' ചെയ്യാനുള്ള സൗകര്യവും ഏർപ്പെടുത്തണം. അതു കഴിഞ്ഞു ബിരുദാനന്തരപഠനം, ഗവേഷണം എന്നിവയും.

പണത്തിന്റെ കാര്യം—വേണമെങ്കിൽ ചക്കവേരിലും കാശും എന്നല്ലേ ചൊല്ലു്? നമ്മുടെ കുട്ടികൾ വളർന്നു വലുതായി രാജ്യത്തിനും ലോകത്തിനും ഭാവിതലമുറയും മഹത്തായ സംഭാവനകൾ നല്കാൻ കെല്പുള്ളവരായിത്തീരണമെന്നുണ്ടെങ്കിൽ, അവരുടെ വ്യക്തിത്വം നല്ല നിലയിൽ വികസിപ്പിച്ചെടുത്തേ മതിയാവൂ. അല്ലെങ്കിൽ ഉറക്കംതൂങ്ങികളും, മടിയന്മാരും, കാര്യശേഷിയില്ലാത്തവരും, എങ്ങനെയെങ്കിലും നാളുകൾ തള്ളിനീക്കിയാൽ മതിയെന്നു് വിചാരിക്കുന്നവരും നിറഞ്ഞ ഒരു തലമുറയായിരിക്കും നമുക്കു പിന്നാലെ വരുന്നതു്. അവർ സക്കാർ ഗ്രമസ്ഥന്മാരായിരിക്കാൻപോലും കൊള്ളില്ല. ഇപ്പോൾത്തന്നെ ഇതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. പ്രശ്നം സാംസ്കാരികമാണു്. ഒരു നവോത്ഥാനത്തിൽക്കുടിയല്ലാതെ ഈ ഗ്ലാനിയിൽനിന്നു നമുക്കു മോചനം ലഭിക്കുകയില്ല. ഇത്രയും അടിസ്ഥാനപരമായ ഒരാവശ്യത്തിനു പണം ചെലവാക്കാൻ നാം മടിക്കുകയാണെങ്കിൽ അതിനു ശിക്ഷ അനുഭവിക്കേണ്ടിവരുന്നതു നമ്മുടെ സന്തതിപരമ്പരകളായിരിക്കും. അവർ നിരപരാധികളുമാണു്.

എം. കെ. കെ. നായർ

കുട്ടികളുടെ കലാകൗതുകവും

രക്ഷിതാക്കളും

കുട്ടികളുടെ കലാവാസന പോഷിപ്പിക്കാൻ രക്ഷിതാക്കൾക്കുള്ള പങ്കിനെപ്പറ്റി ചിന്തിക്കുമ്പോൾ ഒന്നാമതായി മനസ്സിൽ വരുന്നതു് കുട്ടികളുടെ കലാവാസന ഞെരടിനശിപ്പിക്കാൻ ഇന്നു രക്ഷിതാക്കൾ വഹിച്ചുകൊണ്ടിരിക്കുന്ന പങ്കാണു്. കുറെ പുസ്തകങ്ങളും പാഠ്യവിഷയങ്ങളും മനഃപാഠമാക്കുക, പരീക്ഷയിൽ മാക്കുനേടുക എന്നതാണു് വിദ്യാഭ്യാസം എന്നു ധരിച്ചിട്ടുള്ള സമുദായത്തിൽ രക്ഷിതാക്കളുടെ ഈ മനോഭാവം സ്വാഭാവികമത്രെ! സാഹിത്യഗ്രന്ഥങ്ങൾ വായിക്കുകയും, ചിത്രം വരയ്ക്കുകയും, അഭിനയിക്കുകയും മറ്റും ചെയ്യുന്ന കുട്ടികൾക്കു് രക്ഷിതാക്കളിൽനിന്നു് ഇന്നും ശാസനയല്ലാതെ മറ്റൊന്നും കിട്ടാറില്ല. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ വിജയംവരിക്കണമെങ്കിൽ പുസ്തകം കുറെ കരണ്ടുതിന്നണമെന്നുള്ളതു ശരിതന്നെ. എന്നാൽ കലാപരമായ കഴിവുകളുടെ പ്രകാശനത്തിനു് ധാരാളം സമയം ഇന്നത്തെ നിലയിൽപ്പോലും കുട്ടികൾക്കു കിട്ടും. ആ സമയം കലാപ്രവർത്തനത്തിൽ ഏർപ്പെടാൻ കുട്ടികളെ അനുവദിച്ചുകൂടെ? തങ്ങൾക്കു് നിഷേധിക്കപ്പെട്ട ഒരു ലോകം തങ്ങളുടെ സന്താനങ്ങൾക്കെങ്കിലും കിട്ടട്ടെ എന്ന ഔദാര്യം രക്ഷിതാക്കൾ പ്രകടിപ്പിച്ചേ മതിയാവൂ.

വിവരമുള്ളവരെന്നു കരുതപ്പെടുന്ന രക്ഷിതാക്കളിൽനിന്നാണു് കുട്ടികൾക്കു കൊടിയതടസ്സം നേരിടേണ്ടിവരുന്നതു്. കഴിഞ്ഞ കുറെ കൊല്ലങ്ങളായി നടക്കുന്ന യുവജനോത്സവങ്ങളുടെ ഫലമായി ഈ മനോഭാവം മാറിയെന്നു പറയാൻ ആവില്ല. കുട്ടികളെ പ്രോത്സാഹിപ്പിക്കുന്ന രക്ഷിതാക്കളും ഉണ്ടു് എന്നു പറയാവുന്ന സ്ഥിതി മാത്രമേ ഇപ്പോൾ ഉണ്ടായിട്ടുള്ളൂ.

രക്ഷിതാക്കളുടെ ഈ നിരുത്സാഹപ്പെടുത്തൽ മാറാൻ കുട്ടികളുടെ കലാപോഷണത്തിൽ താല്പര്യമുള്ള അദ്ധ്യാപകർ വാസനയുള്ള കുട്ടികളുടെ അച്ഛനമ്മമാരെ സ്കൂളിൽ വിളിച്ചു് സൗഹാർദ്ദചർച്ചകൾ നടത്തുന്നതു നന്നായിരിക്കും. ഈ രക്ഷിതാക്കളെപ്പോലെ ഹൃദയം മുരടിച്ചവരല്ലെ അദ്ധ്യാപകരും എന്നു ചോദിച്ചേക്കാം. കഠിനമായ ആ ചോദ്യത്തിനു സമാധാനം കണ്ടെത്തുക പ്രയാസമാണു്. ഇത്തരം സമ്മേളനങ്ങൾക്കു് ഒരു തുടക്കമിട്ടാൽ അദ്ധ്യാപകരുടെ മുരടിപ്പും മാറിക്കിട്ടുമെന്നേ പറയാൻ തോന്നുന്നുള്ളൂ. അല്പനാൾ അദ്ധ്യാപനവൃത്തിയിലും ഇപ്പോൾ രക്ഷിതാവെന്ന നിലയിലും എനിക്കുള്ള അനുഭവം വച്ചു പറയുകയാണെങ്കിൽ ഇക്കാര്യത്തിനെന്നല്ല മറ്റു പലതിനും അദ്ധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള സമ്പർക്കം നല്ലതാണു്. രക്ഷിതാ

കുട്ടികളുടെ കലാവാസന വികസിപ്പിക്കുന്ന കാര്യത്തിൽ രക്ഷാകർത്താക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി ഒരു രക്ഷാകർത്താവ് ഈ ലേഖനത്തിൽ വിവരിക്കുന്നു

കനകലതാ ശ്രീകണ്ഠൻനായർ

ക്കളുടെയും അദ്ധ്യാപകരുടെയും കൂട്ടുത്തരവാദിത്വം ആവശ്യപ്പെടുന്ന ഈ സമ്മേളനം ഇടയ്ക്കിടയ്ക്കെങ്കിലും നടക്കുന്ന എത്ര സ്ക്കൂളുകൾ നമ്മുടെ രാജ്യത്തുണ്ട്? ഒരുശതമാനം മാത്രം. അദ്ധ്യാപകർ രക്ഷിതാക്കളെ കുറ്റം പറയുമെങ്കിലും കുറ്റം അദ്ധ്യാപകരിൽ കൂടുതൽ ചുമത്താൻ ഞാൻ ധൈര്യപ്പെടുന്നു.

ഇന്നു്, കുട്ടികളുടെ കലാവാസനയ്ക്കു പ്രോത്സാഹനം ലഭിക്കാതിരിക്കുന്നതിനുള്ള ഒരു പ്രധാന കാരണം രക്ഷിതാക്കളുടെ മോശപ്പെട്ട സാമ്പത്തികസ്ഥിതിയാണു്. കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ മനസ്സുള്ള രക്ഷിതാക്കൾക്കു് അതിനുള്ള സൗകര്യമോ ധനശേഷിയോ ഇല്ല. ധനശേഷിയും സൗകര്യവും ഉള്ളവക്കു മനസ്സില്ല. ധനശേഷിയും മനസ്സും ഉള്ള രക്ഷിതാക്കളാകട്ടെ എണ്ണത്തിൽ വളരെ കുറവും. ഈ വിചിന്തനത്തിന്റെ പരിധിയിൽ ഒതുങ്ങാത്ത ഒരു സാമൂഹ്യപ്രശ്നമാണിതു്. പാഠ്യപദ്ധതിയിൽ കേരളീയകലകൾക്കെങ്കിലും പ്രാതിനിധ്യം കൊടുക്കുകയാണു് ഈ ദുഃസ്ഥിതിക്കു തല്ക്കാലം ഒരു പരിഹാരമാർഗ്ഗം എന്നു് പറഞ്ഞുനിർത്താനേ കഴിയുന്നുള്ളൂ.

കുട്ടികളുടെ കലാവാസന വളർത്താൻ മനസ്സും അതിനുവേണ്ടി ചെലവുചെയ്യാൻ ശേഷിയുമുള്ള രക്ഷിതാക്കൾപോലും അവരുടെ പങ്കു് നല്കുനിലയിൽ നിർവ്വഹിക്കുന്നില്ല. അവർ ചെയ്യുന്ന അപകടം കുട്ടികളെ തെറ്റായ വഴിയിൽ നയിക്കുന്നു എന്നുള്ളതാണു്. നല്ല നൃത്തവാസനയുള്ള കുട്ടികളെ റിക്കാർഡു് പാടിച്ചു് നൃത്തം അഭ്യസിപ്പിക്കുന്ന കപടനൃത്താദ്ധ്യാപകരുടെ കൈയിലേക്കു് എറിഞ്ഞുകൊടുക്കുന്ന സമ്പ്രദായം ഇതിനുദാഹരണമാണു്. സംഗീതവാസനയുള്ള കുട്ടികളെ സിനിമാപ്പാട്ടിന്റെ സ്വാധീനത്തിൽനിന്നും രക്ഷപ്പെടുത്തി യഥാർത്ഥസംഗീതത്തിലേക്കു്—അതായതു് ശാസ്ത്രീയസംഗീതത്തിലേക്കു നയിക്കാൻ രക്ഷിതാക്കൾ ശ്രമിക്കണം. 'റിക്കാഡ്' പ്ലേയറുകൾ' സ്വന്തമായിട്ടുള്ള രക്ഷിതാക്കളെങ്കിലും ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. സംഗീതമെന്നു കേട്ടാൽ സിനിമാപ്പാട്ടാണെന്നുമാത്രം ധരിച്ചുവച്ചിരിക്കുന്നവരാണു് ഇന്നത്തെ കുട്ടികൾ. സംഗീതത്തിനു ലയവും താളവും ശ്രുതിയും ഉള്ള വിശാലമായ ഒരു ലോകമുണ്ടെന്നു കാര്യം അവരെ അത്ഭുതപ്പെടുത്തുന്നതായി എനിക്കനുഭവമുണ്ടു്. പ്രതിഭാശാലികളായ ഗായകരുടെ വാസ്സാട്ടം വാദ്യസംഗീതവും ഇന്നു് ലാംഗ്പ്ലേയിംഗ് റിക്കാർഡുകളായി കിട്ടും. കണ്ണാടകസംഗീതമോ ഉത്തരേന്ത്യൻ സംഗീതമോ പാശ്ചാത്യസംഗീതമോ എന്നു നോക്കേ

ണ്ടതില്ല. ആ റിക്കാർഡുകളും കേട്ടാൽ കുട്ടികളും സ്വയം നല്ല സംഗീതത്തിൽ അഭിരുചിയുള്ളവരായിത്തീരും. രവിശങ്കറെന്നോ ബാലചന്ദ്രനെന്നോ ഭീമ്സിംഗ്ജോഷിയെന്നോ കേട്ടിട്ടില്ലാത്ത രക്ഷിതാക്കളും റിക്കാർഡുകച്ചവടക്കാരനെയും ഇടയ്ക്ക് നല്ല വാരികകളിൽ പ്രത്യക്ഷപ്പെടുന്ന റിവ്യൂകളെയും അഭയംതേടണമെന്നേയുള്ളൂ.

രക്ഷിതാക്കളുടെ തെറ്റായ സങ്കല്പങ്ങളും കുട്ടികളെ വഴിതെറ്റിക്കുന്നതിനു് നല്ല ഒരു ഉദാഹരണം ചിത്രരചനയിൽ ഏർപ്പെടുന്ന കുട്ടികളുംക്കുണ്ടാകുന്ന അനുഭവമാണു്. വർണ്ണവും വരയും അവയുടെ മേളവും മാത്രമാണു് കുട്ടികളും വരയ്ക്കുന്ന ചിത്രങ്ങളുടെ ആശയം, അഥവാ പ്രമേയം. അങ്ങനെ ആയിരിക്കുകയും വേണം. എന്നാൽ ചിത്രകലാവാസനയുള്ള കുട്ടികളോടു് അച്ഛനമ്മമാർ പറയും നെഹ്റുവിനെയും ഗാന്ധിയെയും വരയ്ക്കാൻ. വാസനയെ തച്ചുകൊല്ലുന്നതിനു സമമാണു് ഈ നിർദ്ദേശമെന്നു രക്ഷിതാക്കളും ധരിക്കണം. ചിത്രംവരയിൽ കൗതുകമുള്ള കുട്ടികളുംക്കു് കടലാസും ക്യാൻവാസും ചായവും ബ്രഷും വാങ്ങിക്കൊടുക്കുകയും ധാരാളം വരയ്ക്കാൻ പ്രോത്സാഹിപ്പിക്കുകയും മാത്രമാണു് അച്ഛനമ്മമാർ ചെയ്യേണ്ടതു്. മറ്റു കലകളെ സംബന്ധിച്ചും ഈ തത്വം പാലിച്ചാൽ മതി. കുട്ടികളുംക്കു കലാവിദ്യയിൽ ഏർപ്പെടാനുള്ള സൗകര്യവും ഉണ്ടാക്കിക്കൊടുക്കുക. അവരെ ഏതെങ്കിലും ശൈലിയിലേക്കോ നിയതമായ ധാരണയിലേക്കോ നയിക്കാതിരിക്കുക. സിനിമാപ്പാട്ടിൽനിന്നും ശാസ്ത്രീയസംഗീതത്തിലേക്കു തിരിച്ചുവിടുന്നതു് ഇപ്രകാരം ഒരു നയിക്കലല്ലേ, അതും തെറ്റല്ലേ എന്നു ചോദിച്ചേക്കാം. സിനിമാപ്പാട്ടു് ഒരു കലാരൂപം എന്നു തീർത്തുപറയാൻ പറ്റുകയില്ല എന്നാണു് എന്റെ ഉത്തരം. മാത്രമല്ല സിനിമാപ്പാട്ടിൽ കമ്പമുള്ള കുട്ടികളെ നിരുത്സാഹപ്പെടുത്തണമെന്നു് ഞാൻ വാദിക്കുന്നുമില്ല. അവർക്കു ശാസ്ത്രീയസംഗീതത്തിന്റെ മെച്ചപ്പെട്ട സംസ്കാരം പരിചയപ്പെടുത്തിക്കൊടുക്കണമെന്നേ ഞാൻ അർത്ഥമാക്കുന്നുള്ളൂ.

കലാവാസനയുള്ള കുട്ടികളുംക്കു് അവരുടെ വാസന ഏതു പ്രത്യേക കലയിലാണോ ആ കലയെ കൂടുതൽ പരിചയപ്പെടുത്തിക്കൊടുക്കുകയാണു് രക്ഷിതാവിന്റെ പ്രധാന കടമ. ലാംഗ്വേജിന്റെ കാര്യം എടുത്തുപറഞ്ഞല്ലോ. അതുപോലെ പാട്ടകച്ചേരികളും, ചിത്രകലാപ്രദർശനങ്ങളും, നൃത്തം, നാടകം, കഥകളി, നാടൻകലകളും ഇതൊക്കെ കാണാൻ കുട്ടികളുംക്കു് സൗകര്യമുണ്ടാക്കണം. മേലേക്കിടയിലുള്ള കലാപ്രദർശനങ്ങളുമായി കുട്ടികളെ പരിചയപ്പെടുത്തുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

വീട്ടിൽ കുട്ടികളുടെ കലാവിരുന്നു് ഒരുക്കാനുള്ള അവസരം എല്ലായ്പ്പോഴും ഉണ്ടാവണം. അതിഥികളെ സല്ക്കരിക്കുമ്പോൾ, അവർക്കു മധുരപലഹാരം കൊടുക്കുന്നതുപോലെതന്നെ പാടാൻകഴിയുന്ന കുട്ടിയുടെ ഒരു പാട്ടു കേൾപ്പിക്കുന്നതിലും തെറ്റില്ല. അതിഥികളുടെ മാനസികനിലവാരംകൂടി ഇവിടെ പരിഗണിക്കണം എന്നേയുള്ളൂ. എന്റെ കുട്ടിക്കാലത്തു് ഒരു നാടകം കാണാൻ അച്ഛൻ ഞങ്ങളെ കൊണ്ടുപോകണമെങ്കിൽ ആ നാടകം പതിനഞ്ചുദിവസത്തിനകം ഗൃഹസദസ്സിന്റെ മുൻപിൽ അഭിനയിച്ചുകാണിക്കണമെന്ന കുട്ടികളായ ഞങ്ങളും ഉറപ്പുനല്കണമായിരുന്നു. ഒരു കലാകാരി ആയില്ലെങ്കിലും എനിക്കു കിട്ടിയ സഹൃദയത്വം അത്തരം അനുഭവങ്ങളിൽ നിന്നാണെന്നു ഞാൻ വിചാരിക്കുന്നു. കുട്ടികളുടെ കലാപരിപാടികളുംക്കു് ഗൃഹസദസ്സിൽ സ്ഥാനം നല്കിയാൽ കുടുംബാന്തരീക്ഷം ഭാസുരമാവുകയും കുട്ടികളും നല്ല മനുഷ്യരും കലാവാസനയുള്ളവരും ആയി വളരുകയും ചെയ്യും. വാസനാബലം കൂടുതലുള്ള കുട്ടികളാണെങ്കിൽ അവർ കലയുടെ കൊടുമുടികളിലേക്കുള്ള പ്രയാണം അവിടെ ആരംഭിക്കുകയും ചെയ്യും.

കുട്ടികളെ അഭിനന്ദിക്കുകയാണു് രക്ഷിതാക്കളും സർവ്വപ്രധാനമായി നിർവ്വഹിക്കേണ്ട ചുമതല. ഏതു കലാവിദ്യയും അഭിനന്ദനത്തിൽക്കൂടി മാത്രമേ വളരൂ. പ്രത്യേകിച്ചും അച്ഛനമ്മമാരുടെ അഭിനന്ദനത്തിനു് മുലപ്പാലിന്റെ ശക്തിതന്നെയുണ്ടു്. ഒരു കുട്ടി താൻ മിടുക്കനാണെന്നു് ആദ്യം തെളിയിക്കാൻ ആഗ്രഹിക്കുന്നതു് അച്ഛനമ്മമാരുടെ മുമ്പിൽത്തന്നെ. അതുകൊണ്ടു് അച്ഛനും അമ്മയും അഭിനന്ദിച്ചാൽ, അനുഗ്രഹിച്ചാൽ, അവനു് ആത്മവിശ്വാസം വളരുന്നു. അല്പം വാസനയുള്ള കുട്ടികളുംപോലും മിടുമിടുക്കന്മാരായിത്തീരും.

ചുരുക്കത്തിൽ ഇത്രയുമാണു് എന്റെ അഭിപ്രായത്തിൽ രക്ഷിതാക്കളും ചെയ്യേണ്ടതു്. കുട്ടികളുടെ കലാവാസനയെ തടയാതിരിക്കുക; അവരുടെ വാസന വികസിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുക; (സംഗീതോപകരണങ്ങളും, ചായം, ബ്രഷ്, ചിലങ്ക, റിക്കാഡർ തുടങ്ങിയ ഉപകരണങ്ങളും വാങ്ങിക്കൊടുക്കുക) മെച്ചപ്പെട്ട കലകളുമായി പരിചയപ്പെടുത്തുക; അവർ കലാപ്രകടനം നടത്തുമ്പോൾ നിർലോഭമായി സഹകരിക്കുക; അഭിനന്ദിക്കുക.

ശാസ്ത്രീയസംഗീത പഠനം കൂടിയേ തീരൂ

കെ. സി. കല്യാണസുന്ദരം

ലളിതസംഗീതാവിഷ്കരണത്തിൽ സ്തുത്യർഹമായ പങ്കുവഹിച്ചിട്ടുള്ളവർ നമ്മുടെ ഇന്നത്തെ ചലച്ചിത്ര ഗാനരചയിതാക്കളും ഗാന സംവിധായകരുമാണെന്നുള്ള സംഗതി നിസ്തർക്കമാണു്. ഒന്നിനോടൊന്നു മെച്ചപ്പെട്ടരീതിയിലുള്ള അവരുടെ പ്രസ്തുത സേവനങ്ങളും സ്തുത്യർഹങ്ങളത്രേ. നമ്മുടെ വിദ്യാർത്ഥികളിലും യേനകേനപ്രകാരേണ ലളിതസംഗീതത്തോടുള്ള പ്രവണതയാണു കൂടുതൽ പ്രകടമാകുന്നതു് എന്നുള്ള വസ്തുത വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു് സംഘടിപ്പിച്ചിരിക്കുന്ന യൂത്തു്ഫെസ്റ്റിവലിൽ ഭാഗഭാക്കുകളാകുന്ന വിദ്യാർത്ഥികളിൽ നിന്നും സാമാന്യേന സ്പഷ്ടമാണു്. നേരേമറിച്ചു ശാസ്ത്രീയസംഗീതത്തിനോടുള്ള കുറുതാരതമ്യേന പരിമിതമായും കാണപ്പെടുന്നുണ്ടു്. എന്നാൽ ലളിതസംഗീതം ആസ്വാദ്യമായി കൈകാര്യം ചെയ്യണമെങ്കിൽ ശാസ്ത്രീയസംഗീതത്തിൽ കുറച്ചൊരു പ്രാവീണ്യം ഉണ്ടായിരിക്കണമെന്നുള്ളകാര്യം ഒരിക്കലും വിസ്മരിക്കുവാൻ പാടില്ലാത്തതാകുന്നു. വഷ്കാലത്തു് അവിടവിടെ കാണുന്ന കുഴികളിൽ വെള്ളം നിറഞ്ഞു കുളം ഉണ്ടാകുകയും, വെള്ളം ആവശ്യമായ വേനൽക്കാലത്തു വറ്റി ഉപയോഗശൂന്യമാകുകയും ചെയ്യുന്നപോലെ ആയിരിക്കും ശാസ്ത്രീയസംഗീതമില്ലാത്തവന്റെ ലളിതസംഗീതം. ഈ വിഷയം ലളിതസംഗീതപ്രേമികളായ ഏവരും വിശിഷ്യ നമ്മുടെ വിദ്യാർത്ഥികളും മനസ്സിലാക്കുന്നില്ല എന്നുള്ള വിഷയം വളരെ ശോചനീയംതന്നെ.

സാധാരണയായി ഉത്സവപരിപാടികളിലും മറ്റു പൊതുപരിപാടികളിലും സുപ്രസിദ്ധ സംഗീതവിദ്വാന്മാർ ശാസ്ത്രീയസംഗീതത്തിൽക്കൂടി അവരുടെ പാടവങ്ങളും പ്രകടമാക്കുന്നതു നമുക്കു് അനുഭവപ്പെടാറുണ്ടല്ലോ. എന്നാൽ ആ പ്രകടനങ്ങൾക്കു സാധാരണജനങ്ങളിൽനിന്നും അർഹിക്കുന്നതായ പ്രോത്സാഹനം ലഭിച്ചുകാണുന്നില്ല. നേരേമറിച്ചു ലളിതസംഗീതം, ലളിതശാസ്ത്രീയസംഗീതം ഇവ ഉൾക്കൊള്ളുന്ന ഗാനമേളകൾക്കു ലഭിക്കുന്ന പ്രോത്സാഹനം ഏറ്റവും മികച്ചതായി കാണുന്നു. കാരണം, ശാസ്ത്രീയസംഗീതത്തിനോടുള്ള കുറില്ലായ്മയല്ലാ, ആ വിഭാഗത്തിൽ അവരുടെ അറിവു വളരെ പരിമിതമായിട്ടുള്ളതുകൊണ്ടാണെന്നു് അനുമാനിക്കാം.

വിദ്യാർത്ഥികളിൽ ശ്രുതിമൂലമായി കാണുന്ന സംഗീതവാസനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു ഉപാധിയായി നിരവധി സംഗീതാദ്ധ്യാപകന്മാർ വിദ്യാലയങ്ങളിൽ നിയമിതരായിട്ടുണ്ടു്. എന്നാൽ ആ അദ്ധ്യാപകർമൂലം നാം ഉദ്ദേശിക്കുന്നതായ പ്രയോജനങ്ങൾ ലഭിച്ചുകാണുന്നില്ല. കാരണം, അതിനുള്ള പ്രോത്സാഹജനകമായ അന്തരീക്ഷം ഭൂരിപക്ഷം വിദ്യാലയങ്ങളിലും വിരളമാണു്. വിദ്യാർത്ഥികളുടെ സംഗീതവാസനയെ ഉത്തേജിപ്പിക്കുമാറു നിരവധി ലഘുഗീതങ്ങൾ തിരഞ്ഞെടുത്തു് അവയ്ക്കു് ഉചിതമായ ലഘുശാസ്ത്രീയപദ്ധതി ആവിഷ്കരിച്ചു സംവിധാനംചെയ്തു് അദ്ധ്യയനംനടത്തിയാൽ കാലക്രമേണ ശാസ്ത്രീയസംഗീതത്തിൽ വിദ്യാർത്ഥികൾക്കുള്ള അഭിരുചി പുഷ്ടിപ്രാപിക്കുമെന്നുള്ളതിനു പക്ഷാന്തരമില്ല.

ശാസ്ത്രീയസംഗീതപഠനം നടത്തുന്ന കാര്യത്തിൽ വിദ്യാലയങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതു് ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണു്. സാമാന്യജനങ്ങൾക്കു ശാസ്ത്രീയാഭിരുചി വളത്താൻ പര്യാപ്തമായിട്ടുള്ള ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിൽ നമ്മുടെ ബഹുമാനപ്പെട്ട ഭരണകൂടം കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതും ഏറ്റവും ആവശ്യമാണു്. ഇപ്പോഴത്തെ നിലവിലുള്ള ഏർപ്പാടുകൾ തുലോം പരിമിതമാണു്, എന്നു് അനുമാനിക്കുന്നതിൽ തെറ്റില്ലെന്നതന്നെ. ശാസ്ത്രീയസംഗീതാഭ്യസനത്തിനു വളരെയേറെ മുതൽക്കൂട്ടുള്ള സ്ഥാപനങ്ങളാണു് ഇപ്പോഴത്തെ നിലവിലുള്ള മൂന്നു സംഗീതകലാശാലകൾ. ഇതുപോലെതന്നെ ഇനിയും അനേകം കലാശാലകൾ നമുക്കു് ഉണ്ടാകേണ്ടിയിരിക്കുന്നു. അവകളിൽക്കൂടി മാത്രമെ നാം വിഭാവനംചെയ്യുന്ന ശാസ്ത്രീയാഭിരുചി പടുത്തുയർത്താൻ കഴിയുകയുള്ളൂ.

[യുവജനോത്സവകലകളെ സംബന്ധിച്ചു വിദ്യാലയങ്ങളിൽ നിലവിലിരിക്കുന്ന ചില സംശയങ്ങളെപ്പറ്റി ഹെഡ്മാസ്റ്ററും കോട്ടയം യുവജനോത്സവത്തിന്റെ ഭാരവാഹികളിൽ ഒരാളുമായ ശ്രീ വി. ആർ. പരമേശ്വരൻ നായർ ശ്രീ സി. എൻ. ശ്രീകണ്ഠൻനായരുമായി നടത്തിയ അഭിമുഖസംഭാഷണമാണ് ചുവടെ ചേർക്കുന്നത്.]

വി. ആർ: യുവജനോത്സവത്തിൽ ഇപ്പോഴുള്ള കലാമത്സരങ്ങൾക്കു പുറമെ എന്തെല്ലാം ഇനംകൂടി ഉൾപ്പെടുത്താം?

സി. എൻ: ഉൾപ്പെടുത്താവുന്ന ഇനങ്ങൾ വളരെയുണ്ട്. എന്നാൽ എല്ലാ കലാശാഖകളിലും മത്സരം ഏർപ്പെടുത്താൻ സാധിച്ചെന്നുവരികയില്ല. ഉദാഹരണമായി രവീന്ദ്രസംഗീതംതന്നെയെടുക്കാം. എന്തുകൊണ്ട് ഈ വിഭാഗത്തിൽ മത്സരം ഏർപ്പെടുത്തിക്കൂടാ? മത്സരം ഏർപ്പെടുത്തുന്നതു നല്ലതുതന്നെ. അതുകൊണ്ടു പ്രയോജനവും ഉണ്ടാകും. എന്നാൽ എവിടെയെങ്കിലും ഒരു അതിർത്തി വേണ്ടതിനാൽ, ചില കലാശാഖകൾക്കു മുൻഗണന നൽകേണ്ടിവരും. അങ്ങനെ മുൻഗണന നൽകിയാണോ ഇപ്പോൾ യുവജനോത്സവം സംഘടിപ്പിക്കുന്നതു് എന്നതാണു് പ്രശ്നം. ആണെങ്കിൽ, എന്തിനാണു് മുൻഗണന എന്നും ആലോചിക്കണം.

എന്റെ അഭിപ്രായത്തിൽ കേരളീയകലകൾക്കും കേരളത്തിൽ ഇപ്പോൾ പ്രചാരമുള്ള കലകൾക്കും മുൻഗണന നല്കിക്കൊണ്ടുവേണം കലാമത്സരങ്ങൾ ഏർപ്പെടുത്തുവാൻ. ഈ തത്വം അംഗീകരിച്ചാൽ സോപാനസംഗീതം, ചെണ്ട, തിമില, മദ്ദളം, ഇടയ്ക്ക, എന്നീ വാദ്യങ്ങളുടെ പ്രയോഗം, തിറ, തീയാട്ട് തുടങ്ങിയ ആരാധനാനൃത്തങ്ങൾ, പരിശമുട്ട്, മുടിയാട്ടം തുടങ്ങിയ നാടൻനൃത്തങ്ങൾ, പാഠകം, കഥാപ്രസംഗം എന്നീ പ്രഭാഷണകലകൾ, കൂത്തു്, കളമെഴുത്തു് എന്നിവയെല്ലാം നിർബ്ബന്ധമായും യുവജനോത്സവമത്സരങ്ങളിൽ ഏർപ്പെടുത്തണം.

വി. ആർ: ഭരതനാട്യത്തിൽ ആൺകുട്ടികൾക്കുവേണ്ടി മത്സരം ഏർപ്പെടുത്തുന്നില്ല. ഇതു ശരിയാണോ?

ഭരതനാട്യം ലാസ്യവിഭാഗത്തിൽ പെടുത്താവുന്ന നൃത്തമാണു്. സ്ത്രീകൾക്കാണു് അതു് ഇണങ്ങുന്നതു്. അതുകൊണ്ടു് ആൺകുട്ടികളെ ഭരതനാട്യമത്സരത്തിൽ ഉൾപ്പെടുത്താത്തതിൽ തെറ്റില്ല.

വി. ആർ: പദ്യപാരായണം, പ്രസംഗം എന്നിവയ്ക്കു് ഇംഗ്ലീഷിലും മലയാളത്തിലും പ്രത്യേകം മത്സരം സംഘടിപ്പിക്കേണ്ടതല്ലെ?

സി. എൻ: വേണ്ടതാണു്.

വി. ആർ: പ്രസംഗം ഒരു കലയാണോ?

സി. എൻ: അല്ലെന്നു് പറയുകവയ്യ. ഒരു ശ്രവ്യകലയാണു് പ്രസംഗം. എന്നാൽ ഒരു കലാവിദ്യയായി അതിനെ കൈകാര്യംചെയ്യുന്നവർ ചുരുങ്ങും. പ്രസംഗം, പ്രഭാഷണം, കഥാപ്രസംഗം, പാഠകം എന്നിവയ്ക്കെല്ലാം അടിസ്ഥാനം മൊഴിയാണു്, മൊഴിക്കു് ഒരു മേളമുണ്ടാവണം. ഓർചെസ്ട്രേഷൻ എന്നു് ഇംഗ്ലീഷിൽ പറയാം. സംഗീതവുമായിട്ടാണു് മൊഴിമേളത്തിനു ബന്ധമുള്ളതു്. സ്വരം, ശ്രുതി, സ്ഥായി, കാലം, ലയം എന്നീ സംഗീതഘടകങ്ങൾക്കെല്ലാം മൊഴിമേളത്തിൽ സ്ഥാനവുമുണ്ടു്. വിദേശരാജ്യങ്ങളിൽ 'സ്പീച്ചു്' പഠിപ്പിക്കുന്ന കാളേജുകൾതന്നെയുണ്ടു്. രാഷ്ട്രീയപ്രവർത്തകർ, അഭിനേതാക്കൾ, വൈദികന്മാർ തുടങ്ങിയവർക്കു് അതു പഠിക്കേണ്ടിവരുന്നു. പഠിക്കാതെ വിദ്യകാട്ടുന്ന സമ്പ്രദായം നമ്മുടെ നാട്ടിലേയുള്ളൂ.

പ്രസംഗം കലയാവുമ്പോൾ വിഷയ

ഒമ്പതു ചോദ്യം: ഒമ്പതുത്തരം

ത്തിനു പ്രാധാന്യം കുറയും എന്നും ഓമ്മിക്കേണ്ടതാണു്.

വി. ആർ: ഫോൽക്കു് ഡാൻസു്—നാടൻ നൃത്തം—എന്നാൽ എന്താണു്?

സി. എൻ: പ്രകാരനിഷ്കർഷകളും കൃത്യമായ ലക്ഷണങ്ങളും ക്രോഡീകരിച്ചു് ചിട്ടപ്പെടുത്താത്തതും ജനങ്ങളുടെ നിത്യജീവിതത്തിന്റെ ഭാഗമായി അതാതു ദേശങ്ങളിൽ തലമുറകളായി നിലനിന്നുവരുന്നതും ആയ നൃത്തങ്ങളെ ഈ വിഭാഗത്തിൽ പെടുത്താം. നാടൻ നൃത്തങ്ങളാണു് പില്ക്കാലത്തു ലക്ഷണയുക്തമായ ശാസ്ത്രീയനൃത്തമായി രൂപഭേദപ്പെടുന്നതെന്നും ഓമ്മിക്കണം.

കേരളത്തിലെ പരിശമുട്ടു്, മുടിയാട്ടം, കൈകൊട്ടിക്കളി മുതലായവ നാടൻ നൃത്തങ്ങളാണു്. ഇവയ്ക്കൊന്നും ലക്ഷണങ്ങളില്ലെന്നു പറഞ്ഞുകൂടാ. ലക്ഷണങ്ങളും ഭരതനാട്യത്തിനുംമറ്റുമുള്ളതുപോലെ സംസ്കരിച്ചതും ക്രോഡീകരിച്ചതും അല്ലെന്നേയുള്ളു. കൈകൊട്ടിക്കളി ശാസ്ത്രീയനൃത്തത്തിന്റെ കവാടത്തിൽ എത്തിനില്ക്കുന്ന ഒരു നാടൻനൃത്തമാണു്. ഇന്നു് ഫോൽക്കു് ഡാൻസു് എന്ന പേരിൽ കണ്ടുവരുന്ന പലതും ഫോൽക്കിന്റെ —ജനങ്ങളുടെ—ഡാൻസല്ല എന്നു തീച്ച്.

വി. ആർ: റാക്കു് എൻ റോൾ ഫോൽക്കു് ഡാൻസാണോ?

സി. എൻ: അതെ. നമ്മുടേതല്ല, പാശ്ചാത്യരുടേതാണെന്നുമാത്രം.

വി. ആർ: കവിതാരചന, അക്ഷരശ്ലോകം, കഥാകഥനം എന്നിവയ്ക്കുടി മത്സരം ഏർപ്പെടുത്തിക്കൂടെ?

സി. എൻ: വേണ്ടതാണു്.

വി. ആർ: Classical dance other than Bharatha Natyam and Kathakali എന്നൊരിനം യുവജനോത്സവത്തിലുണ്ടു്. ഈ ഇനത്തിൽ എന്തെല്ലാം നൃത്തം ഉൾപ്പെടും?

സി. എൻ: ഭാരതീയനൃത്തങ്ങളിൽ ഒതുക്കിപ്പറഞ്ഞാൽ കഥക്, മണിപ്പൂരി, മോഹിനിയാട്ടം, ഭരതനാട്യത്തിന്റെ വകഭേദങ്ങളായ കൂച്ചിപ്പുടി, ഒഡീസി എന്നിവ ശാസ്ത്രീയനൃത്തങ്ങളാണു്. ഉദയശങ്കർ, ശാന്തിബർധൻ, ഗുരു ഗോപിനാഥു് എന്നിവർ കഥകളി, ഭരതനാട്യം, കഥക്, മണിപ്പൂരി എന്നീ ശാസ്ത്രീയനൃത്തസമ്പ്രദായങ്ങളിൽനിന്നെല്ലാം സങ്കേതങ്ങൾ സ്വീകരിച്ചു രൂപപ്പെടുത്തിയിരിക്കുന്ന ഡാൻസു് അഥവാ ആധുനികനൃത്തവും ഈ വിഭാഗത്തിൽപ്പെടുത്താമോ എന്നു് ആലോചിക്കണം.

വി. ആർ: സംഘനൃത്തം—ഒരു നിർവ്വചനം?

സി. എൻ: ഒരാളിൽക്കൂടുതൽ പങ്കെടുക്കുന്ന നൃത്തമെന്നേ നിർവ്വചിക്കാനാവൂ. സംഘനൃത്തം ഏതു നൃത്തസമ്പ്രദായം അനുസരിച്ചുള്ളതുമാകാം.

വി. ആർ: കേരളത്തിന്റെ അമൂല്യസ്വത്തായ കൈകൊട്ടിക്കളി (തിരുവാതിരക്കളി) എന്തുകൊണ്ടു് യുവജനോത്സവത്തിൽ ഉൾപ്പെടുത്തുന്നില്ല?

സി. എൻ: വിദ്യാഭ്യാസവകുപ്പു് ഈ ചോദ്യത്തിനുത്തരം പറയേണ്ടതാണു്. കൈകൊട്ടിക്കളി ഒന്നാംതരം ഒരു ഗ്രൂപ്പു് ഐറ്റമായിരിക്കും എന്നാണു് എന്റെ അഭിപ്രായം.

കുട്ടികളല്ല സൃഷ്ടാക്കൾ

എം. വി. ദേവൻ

ശൈശവകാലത്തു കുട്ടികളിൽ കണ്ടുവരുന്ന കലാവാസനയെ നിരുത്സാഹപ്പെടുത്തരുതു്; കഴിയുമെങ്കിൽ വഴിയാംവണ്ണം പ്രോത്സാഹിപ്പിക്കുകയാണു വേണ്ടതു്. ഇതിനു പറ്റിയ സാഹചര്യം വിദ്യാലയങ്ങളിലുണ്ടായിരിക്കണം. വിദ്യാഭ്യാസരീതിയിൽ മാറ്റങ്ങളും വരുത്തിയും കുട്ടികളുടെ കലാപ്രവർത്തനങ്ങൾക്കു് അരങ്ങും അംഗീകരണവുമുണ്ടാക്കേണ്ടതാണു്. ഈ വഴിക്കുള്ള പ്രവർത്തനങ്ങൾ പതുക്കെപ്പതുക്കെ രൂപപ്പെട്ടുവരുന്നു.

ഇതു് ഇന്നത്തെ കഥ.

എന്നാൽ അടുത്തകാലംവരെ സ്ഥിതിയിതല്ലായിരുന്നു. ചിത്രം വരയ്ക്കുകയോ പാട്ടിൽ കമ്പം കാണിക്കുകയോ കവിത 'കെട്ടുക'യോ ചെയ്യുന്ന കുട്ടികളെ വികൃതികളാണെന്നുവരെയായിരുന്നു ധാരണ. അവർ നന്നാകാനുള്ളവരല്ലെന്നും പഠിത്തത്തിൽ തനി അമാന്തക്കാരാകുമെന്നും കരുതി രക്ഷിതാക്കന്മാരും അദ്ധ്യാപകന്മാരും അവരെ അത്തരം രംഗങ്ങളിൽനിന്നു പിന്തിരിപ്പിക്കാൻ എല്ലാ അടവുകളും എടുത്തുപോന്നിരുന്നു. ഇതിനൊരു മാറ്റം വന്നതു് ഏതായാലും നന്നു്. പക്ഷേ, ഈ മാറ്റം തൊലിപ്പുറമെയുള്ളതു മാത്രമാണോ? എങ്കിൽ വലിയ ഫലമൊന്നും ഈ മാറ്റത്തിൽനിന്നു പ്രതീക്ഷിച്ചുകൂടാ.

പ്രകൃതിയുടെ അരുമസ്സന്താനങ്ങളായ കുട്ടികളും വിദ്യാലയത്തിന്റെ നാലു ചുമരുകൾക്കുള്ളിൽ അടയ്ക്കപ്പെടുകയും ബുദ്ധിപരമായ വ്യായാമങ്ങളിൽ മുഴുകുകയും ചെയ്യുമ്പോൾ അവരുടെ ഹൃദയവ്യാപാരങ്ങളെ ആരോഗ്യകരമായി വളർത്തിയെടുക്കേണ്ടതുണ്ടു്; അല്ലെങ്കിൽ മാനസികമായ വളർച്ചയ്ക്കു സന്തുലിതത്വം നഷ്ടപ്പെടും. വ്യക്തിത്വത്തിന്റെ പൂർണ്ണവികാസം അസാദ്ധ്യമാകും. വ്യക്തിത്വമില്ലാത്ത—അഞ്ചടി അഞ്ചിഞ്ചുകാരായ—മനുഷ്യരെക്കൊണ്ടു സമുദായത്തിനോ രാജ്യത്തിനോ വലിയ പ്രയോജനമുണ്ടാകുന്നതല്ല. പുരുഷാരം മാത്രമായ അവർ ജാഥകളിൽ മുദ്രാവാക്യങ്ങൾവിളിച്ചു കൂവാനും ഏതെങ്കിലും നേതാവിന്റെ താളത്തിനു പാകത്തിൽ തുള്ളാനും മാത്രം പോന്നവരായിരിക്കും.

കുട്ടികൾ ഇനിമേലെങ്കിലും ഇങ്ങനെയല്ല വളരേണ്ടതെങ്കിൽ അവരുടെ വൈകാരികജീവി

തത്തെ കണക്കിലെടുത്തു് അതിനു വേണ്ട വികസനസാദ്ധ്യതകളും ഉണ്ടാക്കിക്കൊടുക്കണം. പ്രകൃതിയുടെ അത്യുദാരസംഭാവനകളായ രൂപവർണ്ണനാദങ്ങളുമായി കൂട്ടികലർക്കുള്ള സഹജമായ അഭിവാഞ്ഛയെ വളർത്തുകയാണു് ഇതിനുള്ള ഏറ്റവും നല്ല മാർഗ്ഗം. ചിത്രംവരയും, പാട്ടും, ആട്ടവും സാഹിത്യാഭിമുഖ്യവുമെല്ലാം ഇതിന്റെ വിവിധരൂപഭേദങ്ങൾ മാത്രമാണു്.

കൂട്ടികളുടെ വളർച്ചയിൽ കണ്ണു്, കൈ, മനസ്സു് എന്നീ മൂന്നു ഘടകങ്ങളും ഏകാഗ്രങ്ങളായി പ്രവർത്തിക്കുന്നതിന്റെ ദൃഷ്ടാന്തമാണു്, അവരുടെ ചിത്രങ്ങൾ. ഇതു കേവലമായ ബുദ്ധിപ്രവർത്തനമോ, കൈനടനമോ മാത്രമല്ല. വസ്തുക്കളെയും വസ്തുതകളെയും കണ്ടറിയുന്ന കണ്ണിന്റെ പ്രവൃത്തിയും ആ കണ്ടറിഞ്ഞ അനുഭവങ്ങളിൽനിന്നു മറെറാരു വസ്തുവിനെ വിഭാവനംചെയ്യാനുള്ള കഴിവും ഇതു രണ്ടും ചേർന്നു് ഒരു സൃഷ്ടികർമ്മം നിർവ്വഹിക്കലുമാണിവിടെ സംഭവിക്കുന്നതു്. ഒരർത്ഥത്തിൽ മനുഷ്യനിലെ സ്രഷ്ടാവിന്റെ ഏറ്റവും ലളിതവും സമുന്നതവുമായ ആദർശപ്രഖ്യാപനവുമാണിതു്. ചിത്രരചന, പ്രതിമാനിർമ്മാണം, മറു കരകൗശലവിദ്യകളും എന്നിവയിൽ കൂട്ടികളും പ്രായേണ കാണിക്കുന്ന അഭിരുചിയും, കാര്യമായ ശിക്ഷണമൊന്നുമില്ലാതെതന്നെ അവർ ഈ തുറയിൽ പ്രദർശിപ്പിക്കുന്ന വിരുതും മനസ്സിന്റെ വളർച്ചയുടെ സ്പഷ്ടീകരണമാണു്. ഭാവിയിൽ ഡോക്ടറോ, എൻജിനീയറോ, ശാസ്ത്രജ്ഞനോ, അദ്ധ്യാപകനോ ആയിത്തീരാനിരിക്കുന്ന കൂട്ടികൾ ഈ വിവിധജീവിതരംഗങ്ങളിൽ തനതായ വ്യക്തിത്വം പുലർത്താൻ കഴിയണമെങ്കിൽ ഇത്തരത്തിലുള്ള സ്പഷ്ടീകരണം ആവശ്യമാണെന്നു പറയാതെ വയ്യ. മറുള്ളവരെ അനുകരിക്കുന്നതിൽ കവിഞ്ഞു സ്വന്തമായ എന്തെങ്കിലും ചെയ്യണമെന്നു് ആഗ്രഹിക്കുന്നു എല്ലാവർക്കും ഈ വളർച്ച വേണം.

ഇതോടൊപ്പംതന്നെ എടുത്തുപറയേണ്ട മറെറാന്നു്, വ്യക്തിവികാസത്തിനാവശ്യമായ ആത്മവിശ്വാസമാണു്. സ്വന്തമായി, പരസഹായമേതുമില്ലാതെ എന്തെങ്കിലും ചെയ്യുന്നതിൽനിന്നേ ആത്മവിശ്വാസം വളരുകയുള്ളൂ. കൂട്ടികൾക്കു കലാപ്രവർത്തനംമൂലം ഇതു് എളുപ്പം കരഗതമാകും. അങ്ങനെ പരിശീലിച്ചുവളർന്ന കൂട്ടികൾ, അവർ മുതിർന്നുകഴിഞ്ഞാലും ആത്മവിശ്വാസത്തോടെ കാര്യങ്ങൾ ചെയ്യും. അത്തരം കാര്യങ്ങൾ അവരുടെ സർഗ്ഗശക്തിയെ ദൃഢീകരിക്കുകയും ചെയ്യും. പുതിയ യന്ത്രങ്ങൾ കണ്ടുപിടിക്കുകയോ, ശാസ്ത്രസത്യങ്ങളെ വെളിച്ചത്തു കൊണ്ടുവരികയോ ചെയ്യുമ്പോൾ ബുദ്ധിമാനായ ഒരു മനുഷ്യനുണ്ടാകുന്ന ആനന്ദത്തിൽ ഒട്ടും കുറവല്ല, പരന്ന കടലാസിൽ താൻ കണ്ട വസ്തുവിന്റെ, മനസ്സിൽ പതിഞ്ഞുകിടക്കുന്ന ആകൃതികളെ പലവാറു് ചാച്ചും ചരിച്ചും ഘടിപ്പിക്കുന്ന ഒരു കൂട്ടി അനുഭവിക്കുന്നതു്. പല നിറങ്ങളെ തരതമഭേദങ്ങളോടെ കടലാസ്സിൽ പൂശി ഒരു പുതിയ രൂപക്രമത്തെയും വർണ്ണവിലാസത്തെയും ആവിഷ്കരിക്കുമ്പോഴും ഇതുതന്നെ സംഭവിക്കുന്നു.

ചുരുക്കത്തിൽ ശൈശവകാലത്തു പ്രകടമാകുന്ന കലാവാസന കൂട്ടിയിൽ മുളപൊട്ടുന്ന സ്രഷ്ടാവായ മനുഷ്യന്റെ സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നു. ചിത്രം വരയുകയോ ശില്പങ്ങളുണ്ടാക്കുകയോ അത്തരത്തിലുള്ള മറു പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുകയോ ചെയ്യുന്ന കൂട്ടികളെ കഴിയുന്നതും അവരുടെ പാട്ടിനു വിടുകയാണു വേണ്ടതു്. രക്ഷിതാക്കന്മാരുടെയും അദ്ധ്യാപകന്മാരുടെയും അതിശ്രദ്ധ പലപ്പോഴും ഗുണത്തെക്കാളും ദോഷം ചെയ്യുവെന്നുവരും. ചിത്രംവരയുന്ന കൂട്ടികളെല്ലാം വളർന്നുകഴിഞ്ഞാൽ ചിത്രകാരന്മാരാകുമെന്നോ ആകണമെന്നോ, നാമുദ്ദേശിക്കുകയില്ലല്ലോ. അവർ വളർന്നുവരുന്നതോടെ എന്തായിത്തീരുമെന്നു് അവർക്കുതന്നെ നിശ്ചയമില്ലാത്തതാണു്. കൂട്ടിക്കാലത്തു നേടിയിട്ടുള്ള ആത്മവിശ്വാസവും, ഉറച്ച വ്യക്തിത്വവും കണ്ണും കൈയും മനസ്സുംവെച്ചു കാര്യങ്ങൾചെയ്യാനുള്ള കഴിവും ജീവിതത്തിന്റെ ഏതു മേഖലയിലേക്കു കടക്കുമ്പോഴും സപ്രയോജനമായിത്തീരും;— മേഖലയുടെ സ്വഭാവത്തിനനുസരിച്ചു് ഇവിടെ രൂപാന്തരവും സംഭവിക്കും.

അതുകൊണ്ടാണു് കലാവാസനയെ പ്രോത്സാഹിപ്പിക്കുന്നതു്, കലാപ്രവർത്തനത്തിൽ ഏർപ്പെടാൻമാത്രമല്ലെന്നു പറയുന്നതു്. പൂർണ്ണമായ വ്യക്തിത്വത്തിന്റെ വികാസത്തിനനുപേക്ഷണീയമായ ഹൃദയവ്യാപാരമാണു് ഇവിടെ അടിസ്ഥാനഭാവമെന്നോർക്കണം. ഈ ഹൃദയവ്യാപാരം ഉത്തമന്മാരായ മനുഷ്യർക്കെല്ലാവർക്കും ഒരളവുവരെ ആവശ്യമാണു്. സത്യവും ശ്രദ്ധിയും കലർന്ന ജീവിതത്തിനുള്ള അടിത്തറയായ ഹൃദയവ്യാപാരത്തെ ശിഥിലീകരിക്കുകയോ കളങ്കപ്പെടുത്തുകയോ ചെയ്യാതിരിക്കുകയാണു്, നൈസർഗ്ഗികവാസനകളെ തടസ്സപ്പെടുത്താതെ കൂട്ടികളെ വളർത്തിയെടുക്കുമ്പോഴും ചെയ്യുന്നതു്.

ജീവിതത്തിനും് ആഴവും പരപ്പും രാജ്യത്തിനും് ബഹുവിധമായ വികാസവും നേടിക്കൊടുക്കാൻ സമർത്ഥരായ മനുഷ്യരെ വളർത്തിയെടുക്കാനുള്ള ഉദ്യമത്തിന്റെ ആദ്യത്തെപ്പടി കൂട്ടികളുടെ ജന്മവാസനകളെ ശരിയായ വഴിക്കു വികസിപ്പിക്കാനനുവദിക്കുകയാണു്.

വിദ്യാലയജീവിതം തുടരുമ്പോഴും അതിനുശേഷം ഏതെങ്കിലും കലയിൽ വൈദഗ്ധ്യം നേടണമെന്ന് ആഗ്രഹിക്കുമ്പോഴും കുട്ടികൾ അവലംബിക്കേണ്ട കലാഭ്യസനമാർഗ്ഗങ്ങളെപ്പറ്റി വിവിധ കലകളിൽ പരിചയം സിദ്ധിച്ചവർ ഈ ലേഖനപരമ്പരയിൽ ചർച്ചചെയ്യുന്നു

കുട്ടികൾക്കു കലാഭ്യസനത്തിനുള്ള മാർഗ്ഗങ്ങൾ

സംഗീതാഭ്യസനം

വി. മാധവൻനായർ

യുവജനങ്ങൾക്കു് ശാസ്ത്രീയസംഗീതത്തിൽ അഭിരുചി കുറഞ്ഞുവരികയാണെന്നു് ഒരു ആരോപണം അടുത്തകാലത്തു് ഉണ്ടായിട്ടുണ്ടു്. ഇന്ത്യയിൽ പലയിടങ്ങളിലും, കൂട്ടത്തിൽ കേരളത്തിലും. സിനിമയുടെ അദ്ഭുതപൂവ്വമായ പ്രചാരംകാരണമായി ലളിതസംഗീതം എന്ന വ്യവഹരിക്കുന്ന ഒരു സംഗീതശാഖയുടെ പ്രഭാവം നാട്ടിൽ ഉടനീളം, പ്രത്യേകിച്ചു യുവജനങ്ങളുടെയിടയിൽ, പ്രകടമായി കാണാമെന്നുള്ളതു് ശരിയാണു്. ശാസ്ത്രീയസംഗീതം ഒരു പഴഞ്ചരക്കാണെന്നും അതിനെ കാഴ്ചബംഗ്ലാവിൽ പ്രദർശനവസ്തുവായി വയ്ക്കേണ്ടതാണെന്നും അഭിപ്രായമുള്ള ചില ചലച്ചിത്രസംഗീതപ്രണയികളേയും കണ്ടേക്കാം. എന്നാലും പരമ്പരാസിദ്ധമായ ക്ലാസ്സിക്കൽ സംഗീതവും യുവജനങ്ങളുമായി അത്രയേറെ അകൽച്ചയുണ്ടായിട്ടുണ്ടെന്നു വിചാരിക്കുന്നതു് മൗഢ്യമാണു്. ശാസ്ത്രീയസംഗീതം അഭ്യസിപ്പിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ മിക്കതും നിറഞ്ഞുകവിയുകയാണെന്നും അവിടങ്ങളിൽ പ്രവേശനംകിട്ടുക ബുദ്ധിമുട്ടുള്ള കാര്യമാണെന്നും അനുഭവസ്ഥന്മാക്കറിയാം. സംഗീതജ്ഞന്മാരുടെ കീഴിൽ പഴയ ഗുരുകുലസമ്പ്രദായം അനുസരിച്ചു് അഭ്യസനംനടത്തുന്ന യുവതീയുവാക്കന്മാരുടെ സംഖ്യയും കുറവല്ല. സംഗീതക്കച്ചേരികളിൽ സന്നിഹിതരാവുന്നവരുടെയിടയിൽ ചെറുപ്പക്കാരും ധാരാളമുണ്ടു്. റേഡിയോമുഖേന ക്ലാസ്സിക്കൽസംഗീതം ആസ്വദിക്കുന്നവരുടെ സംഖ്യയും തുച്ഛമല്ല. ആകെക്കൂടി നോക്കുമ്പോൾ ശാസ്ത്രീയസംഗീതത്തിനു യുവജനങ്ങളുടെയിടയിൽ ഒട്ടും സ്ഥാനമില്ലെന്നു പറയുന്നതു് തെറ്റായിരിക്കും.

ലളിതസംഗീതത്തിന്റെയും ക്ലാസ്സിക്കൽസംഗീതത്തിന്റെയും മേന്മകളെക്കുറിച്ചു് ഒരു താരതമ്യപഠനം നടത്താനല്ല, രണ്ടുംതമ്മിലുള്ള ചില ബന്ധങ്ങളെ ലഘുവായി പ്രതിപാദിക്കാനാണു് ഇപ്പോൾ ഉദ്ദേശിക്കുന്നതു്.

''ശ്രുതിർമ്മാതാ ലയഃ പിതാ'' എന്നൊരു ചൊല്ലുണ്ടു് സംസ്കൃതത്തിൽ, സംഗീതത്തെക്കുറിച്ചു്. ശ്രുതി മാതാവും ലയം പിതാവും എന്നാണു് അർത്ഥം. ശ്രുതിയും ലയവുമില്ലാതെ സംഗീതമില്ല എന്നു പറയാം. (ഇവിടെ ലയം എന്ന പദത്തിനു താളസംബന്ധിയായ അർത്ഥമാണു് പണ്ടു മുതല്ക്കേ സങ്കല്പിച്ചിട്ടുള്ളതു്.)

ഒരു ലളിതസംഗീതക്കച്ചേരി ആദ്യമായി നമുക്കൊന്നു വിഭാവനംചെയ്യാം. ഗായകൻ പാട്ടുകയും അനേകം സംഗീതോപകരണങ്ങൾ അയാളുടെ ശരീരത്തെ 'അകമ്പടിസേവിക്കുക'യും ചെയ്യുന്നു. വീണ, വയലിൻ, പുല്ലാങ്കുഴൽ മുതലായി ദക്ഷിണഭാരതസംഗീതത്തിൽ സർവ്വസാധാരണമായ സംഗീതോപകരണങ്ങളും, ഗിറ്റാർ, മാൻഡൊലിൻ മുതലായ തനി പാശ്ചാത്യസംഗീതോപകരണങ്ങളും, ഉത്തരഭാരതത്തിലെ തബലയും മറ്റും കേരളത്തിൽ ധാരാളമായി ഉപയോഗിക്കപ്പെടുന്ന ഇന്നത്തെക്കാലത്തു്. ഈ അവസരത്തിലാണു് ശ്രുതി ചേർക്കുക എന്ന സമ്പ്രദായത്തെക്കുറിച്ചു പ്രത്യേകമായി പ്രസ്താവിക്കാനുള്ളതു്. ഓരോ ഗായകനും ഗായികയ്ക്കും സൗകര്യമായി കൈകാര്യംചെയ്യാവുന്ന സ്വതസ്സിദ്ധമായ ഓരോ ശ്രുതിയുണ്ടു്. ആ ശ്രുതിക്കു് അനുസരണമായി തന്ത്രവാദ്യങ്ങളും സുഷിരവാദ്യങ്ങളും താളവാദ്യങ്ങളും ശ്രുതിചേർക്കുക എന്ന പ്രധാനകർത്തവ്യം കച്ചേരി ആരംഭിക്കുന്നതിനു മുൻപായി നിർവ്വഹിക്കപ്പെടേണ്ടിയിരിക്കുന്നു. ഓരോ ഗായകന്റെയും ഗായികയുടെയും ശ്രുതിയൊപ്പിച്ചു വാദ്യങ്ങളുടെ ശ്രുതിയും ശരിപ്പെടുത്തിയാലേ സമഞ്ജസമായ സംഗീതം ഉയർന്നുവരികയുള്ളു. പുരുഷന്മാരുടെ ശ്രുതിയെക്കാൾ കുറെ കൂടിയ ശ്രുതിയാണു് സ്ത്രീകൾക്കു സാധാരണയായിട്ടു്. പാടുന്ന പുരുഷന്റെയോ സ്ത്രീയുടെയോ ശാരീരം പ്രായേണ എല്ലായ്പ്പോഴും ഒരേ ശ്രുതിയിലായിരിക്കെ, വ്യത്യസ്തങ്ങളായ ശാരീരങ്ങൾക്കു് യോജിക്കുന്ന വിധത്തിൽ ആവശ്യംപോലെ ശ്രുതി കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാനുള്ള കഴിവു്, സംഗീതോപകരണങ്ങൾക്കുണ്ടു് എന്നതു് ഒരു പ്രത്യേകതയാണു്. സുസ്ഥിരമായ അഭ്യാസമില്ലാത്ത ഒരു ഗായകന്റെ ശ്രുതി ഒരേ പരിപാടിയിൽത്തന്നെ പലപ്പോഴും പല മാതിരിയായിപ്പോയി എന്നുവരാം. അങ്ങനെയാവുമ്പോൾ ശാസ്ത്രീയസംഗീതപരിജ്ഞാനമില്ലാ

ത്ത അനുവാചകനുപോലും, അയാൾ കാരണമറിയാതെതന്നെ, കച്ചേരി ഏറ്റവും അരോചകമായി അനുഭവപ്പെട്ടാം, ചോറിൽ കല്ലുകടിക്കുന്നപോലെ. പ്രാചീനകാലത്തുതന്നെ ക്ലാസ്സിക്കൽ സംഗീതത്തിൽ—ഉത്തരേന്ത്യൻസംഗീതത്തിലും ദക്ഷിണേന്ത്യൻ സംഗീതത്തിലും—ശ്രുതിയെപ്പറ്റി സൂക്ഷ്മമായ പഠനങ്ങൾ നടന്നിട്ടുണ്ട്. അന്നത്തെ ആചാര്യന്മാരുടെ നിഗമനങ്ങൾ അണുപോലും വ്യത്യാസപ്പെടാതെ ഇന്നും അത്ഥവത്തായിരിക്കുന്നു. അതുകൊണ്ടു ലളിതസംഗീതത്തിൽ മാത്രം അഭിരുചിയുള്ളവരും ശ്രുതിയെക്കുറിച്ചു് ബോധവാന്മാരായേ കഴിയൂ.

ഏതാണ്ടു് ഇതുതന്നെയാണു് താളത്തിന്റെയും അവസ്ഥ. ഏതു ലളിതഗാനമായാലും അതിനൊരു താളമുണ്ടു്. അതുകൊണ്ടാണല്ലോ എല്ലാ ലളിതസംഗീതക്കച്ചേരികളിലും മൃദംഗം, തബല മുതലായ താളവാദ്യങ്ങൾ പ്രയോഗിക്കപ്പെടുന്നതു്. ദീർഘചരിത്രമുള്ള സംഗീതശാസ്ത്രത്തിന്റെ ഏറ്റവും പ്രധാനമായൊരു ശാഖയാണു് താളശാസ്ത്രം. സംസ്കൃതത്തിലുള്ള ആധികാരികമായ മിക്കവാറും എല്ലാ ഗ്രന്ഥങ്ങളും താളങ്ങളെ സവിസ്തരമായി പ്രതിപാദിക്കുന്നു. നൂറ്റെട്ടു താളങ്ങളുള്ളതായി അവയിൽ സൂചനയുണ്ടു്. ആ താളങ്ങളെല്ലാം ആധുനികകാലത്തെ ലളിതസംഗീതകാരൻ അറിഞ്ഞിരിക്കണമെന്നാരും ശഠിക്കുകയില്ല. എങ്കിലും, ആദി, രൂപകം, ഝംപ, ചാപ്പു് മുതലായ ചുരുക്കം ചില താളങ്ങളെക്കുറിച്ചു നല്ല അറിവുണ്ടായിരിക്കുന്നതു് അയാൾക്കു് ഏറ്റവും പ്രയോജനപ്പെടുമെന്നുള്ളതു നിസ്സംശയമാണു്. ഈ താളങ്ങളിൽത്തന്നെ ത്രിശ്രഗതി, ചതുരശ്രഗതി മുതലായ 'ഗതി'കളും കൂടിയാവുമ്പോൾ നല്ലൊരു താളസമ്പത്തു് അയാൾക്കു് അധീനമാവും. ശാസ്ത്രീയമായി നിർവ്വചിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഒരു താളത്തിന്റെ ഏതെങ്കിലും ഒരു ഗതിയിൽ ഒതുങ്ങിനില്ക്കുന്നതായിരിക്കും, മിക്കവാറും ഏതു പുതിയ ലളിതഗാനവും എന്നുള്ളതു വിസ്മയകരമായ ഒരു പരമാത്ഥമാണു്, ഗായകനോ ഗാനരചയിതാവോ അതു് അറിഞ്ഞിരിക്കിലും പാശ്ചാത്യസംഗീതമായാലും ശരി, വിദൂരപൂർവ്വസംഗീതമായാലും ശരി, ഏതു കാപ്പിരിവർഗ്ഗക്കാരുടെ സംഗീതമായാലും ശരി, ഒരുവിധത്തിലല്ലെങ്കിൽ മറെറാരു

ഈശ്വരസാമീപ്യത്തിനു സംഗീതാഭ്യസനം

രാമവർമ്മ അപ്പൻതമ്പുരാൻ

ഋഗ്വേദമന്ത്രോച്ചാരണങ്ങൾകൊണ്ടു ദേവന്മാർ സമ്പൂർണ്ണസംതൃപ്തരാകുന്നില്ലെന്നു മനസ്സിലാക്കിയ ഋഷികൾ ദേവന്മാക്കു പ്രീതിലഭിക്കുമാറു് സാമവേദം രചിക്കുകയും പാടുകയും ചെയ്തുവത്രെ. സാമവേദം സംഗീതകലയുടെ പ്രഭവസ്ഥാനമായി കരുതപ്പെടുന്നു. സപ്തസ്വരങ്ങളുടെ സ്ഥാനത്തു് ഉദാത്തം, അനുദാത്തം, സ്വരിതം എന്നീ മൂന്നു സ്വരങ്ങളാണു് സാമവേദത്തിൽ കാണുന്നതു്. 'സദ്യോജാതാദി' എന്ന ചിത്തരഞ്ജിനി സംഗീതത്തിന്റെ ചരണങ്ങളിലൂടെ ത്യാഗരാജൻ ഇതു വ്യക്തമാക്കിയിട്ടുണ്ടു്. ഈ സ്വരങ്ങളുടെ ആവിഷ്കരണത്തിലൂടെ അദ്ദേഹം സംഗീതകലയുടെ ശാസ്ത്രീയാടിസ്ഥാനം വ്യക്തമാക്കുന്നതോടൊപ്പം സാമവേദത്തിന്റെ മഹത്വം പ്രകീർത്തിക്കുകകൂടി ചെയ്യുന്നു.

സംഗീതം നാദമാണു്. പ്രാണന്റെയും അഗ്നിയുടെയും യോഗഫലമായി പ്രണവം അഥവാ ഓങ്കാരം ഉത്ഭവിച്ചു; അതിൽനിന്നു നാദവും.

സ്വാമികൾ അടുത്തതായി നാദത്തിൽ ഈശ്വരാംശം കണ്ടെത്തുന്നു. ശ്രീപരമേശ്വരൻ നാദത്തിന്റെ മൂർത്തിമത്ഭാവമാണു്. 'നാദതനുമനിശം ശങ്കരം' പ്രണവത്തിൽനിന്നുദയംചെയ്ത സപ്തസ്വരങ്ങളുടെ നാദമാകുന്ന ഗിരിശൃംഗത്തിലെ മാഗ്ദീപമായി ഭഗവാൻ ശ്രീകൃഷ്ണൻ പരിലസിക്കുന്നു.

മാത്രമല്ല, തന്റെ പഞ്ചമുഖങ്ങളിൽനിന്നും ബഹിർഗ്ഗമിക്കുന്ന സപ്തസ്വരങ്ങളുടെ കലാസൗകുമാര്യം സ്വയം ആസ്വദിക്കുന്നവനായിട്ടാണു് ശ്രീപരമേശ്വരനെ ചിത്രീകരിച്ചിരിക്കുന്നതു്.

ഹിന്ദുപുരാണങ്ങളിൽ സംഗീതത്തിന്റെ ദൈ

വിധത്തിൽ താളം കടന്നുവരികതന്നെ ചെയ്യും. എന്നാൽ താളം ഒരു മഹാശാസ്ത്രമായി അംഗീകരിക്കപ്പെടുകയും ആ ശാസ്ത്രത്തിന്റെ സവ്വവശങ്ങളുടെയും പഠനം എഴുതിയിടുകയും ചെയ്തതു് ഭാരതത്തിലാണു് എന്ന നാം അഭിമാനത്തോടെ സ്മരിച്ചേ മതിയാവൂ.

'സ്വരം' എന്ന ഘടകമാണു മൂന്നാമത്തെ പ്രതിപാദ്യം. അതിനു 'രാഗം' എന്ന ഘടകവുമായി അഭേദ്യമായ ബന്ധമുണ്ടു്. 'മട്ടുകം' എന്നു വ്യവഹരിക്കപ്പെടാവുന്ന രീതികം ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും നിലവിലുണ്ടെങ്കിലും രാഗം എന്ന സങ്കല്പം ഭാരതീയസംഗീതത്തിന്റെ പ്രത്യേകതയാണു്, ലോകസംഗീതത്തിനു ഭാരതത്തിന്റെ അമൂല്യമായ സംഭാവനയുമാണു്. പത്തോ നൂറോ അല്ല, ആയിരമായിരം രാഗങ്ങളെ വിഭാവനംചെയ്യുന്നുണ്ടു്, ഭാരതത്തിലെ ദാക്ഷിണാത്യസംഗീതശാസ്ത്രം. ഓരോ രാഗത്തിനും അതിന്റേതായ സ്വരൂപമുണ്ടതാനും. സ, രി, ഗ, മ, പ, ധ, നി എന്ന സപ്തസ്വരങ്ങളും—അവയിൽ ചിലതിന്റെ വ്യത്യസ്തമായ സ്ഥാനങ്ങളും കൂടിയാവുമ്പോൾ പന്ത്രണ്ടാവും—ഭിന്നരീതികളിൽ മാറിയും മറിച്ചും സന്നിവേശിപ്പിക്കുന്നതിൽനിന്നു ഭിന്നരാഗങ്ങളും സംജാതമാവുന്നു. ഏതു ലളിതഗാനമായാലും ശരി, ആ സ്വരസമുച്ചയത്തിൽ ചിലതെല്ലാംപ്രയോഗത്തിൽ വന്നേ കഴിയൂ. ലോകത്തിലെ ഏതു സംഗീതരീതി പ്രകാരമുള്ള ഏതു ഗാനവും ഭാരതീയമായ സപ്തസ്വരങ്ങളുടെ പരിധിയിൽ അകപ്പെടുന്നു എന്നു പറയാം. യുവാവായ ലളിതസംഗീതകാരൻ രാഗശാസ്ത്രം മുഴുവൻ പഠിക്കണം എന്നു നിബ്ബന്ധിക്കുകയല്ല. അയാളും സപ്തസ്വരങ്ങളുടെ സ്ഥാനങ്ങളും നല്ലവണ്ണം മനസ്സിലാക്കുകയും ആ സപ്തസ്വരങ്ങളും സ്ഥാനഭേദംകൂടാതെ എപ്പോഴും പ്രയോഗിക്കാൻ അഭ്യസിക്കയും ചെയ്യണമെന്നേയുള്ളു. അങ്ങനെയായാൽ അയാൾക്കു് ആ അഭ്യാസം ഏറ്റവും പ്രയോജനപ്പെടുമെന്നതീച്ച്ചയാണു്.

ലളിതസംഗീതത്തിൽ തൽപരരായ യുവജനങ്ങളോടു് എനിക്കു പറയാനുള്ളതു് ഇതാണു്: ശാസ്ത്രീയസംഗീതത്തിന്റെ അടിസ്ഥാനപരമായ പാഠങ്ങളും പഠിക്കുക. അതു നിങ്ങളുടെ ലളിതസംഗീതത്തിനു മേന്മയുണ്ടാക്കും.

വികതവം വിശദീകരിച്ചിട്ടുണ്ടു്. ഭഗവാൻ ശ്രീകൃഷ്ണൻ മുരളീധരനാണു്; ശ്രീസരസ്വതീദേവിയും നാരദമുനിയും വീണാപാണികളാണു്.

ഈശ്വരകീർത്തനങ്ങളും മോക്ഷദായകങ്ങളാണു്; ചില നിബന്ധനകളും അനുസരിക്കണമെന്നുമാത്രം. രചനാവൈശിഷ്ട്യം എത്രതന്നെ ഉണ്ടെന്നിരുന്നാലും സംഗീതം ഭക്തിനിർഭരമല്ലെങ്കിൽ ആ സംഗീതത്തിനു് ഉൽക്കൃഷ്ടമൂല്യമില്ല; അതു നമ്മെ ഒരിക്കലും ലക്ഷ്യത്തിലെത്തിക്കുകയുമില്ല. പ്രതിപാദ്യം 'നൈഗമഷ്ടശാസ്ത്രപുരാണാഗമാത്ഥ'ങ്ങളിൽ മാത്രം ഒതുക്കിനിറുത്തേണ്ടതാണു്. സ്വരാനുരൂപ്യം, യതി, തികഞ്ഞ ഭക്തി, നിസ്സംഗതാഭാവം, ലാവണ്യം, ലാളിത്യം, നവരസങ്ങളും എന്നിവ ഉത്തമസംഗീതത്തിന്റെ അവിഭാജ്യഘടകങ്ങളാണു്.

സംഗീതാഭ്യസനം നടത്തേണ്ടതെങ്ങനെയെന്നുകൂടി അദ്ദേഹം നിർദ്ദേശിക്കുന്നു. നിർഭയവിടിഞ്ഞു്, ശ്രുതിക്കു തംബുരുവുമായി, തെളിഞ്ഞ മനസ്സോടെ, ശുദ്ധസ്വരങ്ങളും പുറപ്പെടുവിച്ചുചിട്ടയായി സംഗീതാഭ്യസനംനടത്തണം.

ക്ഷേത്രഭിത്തികളിൽ യോഗദക്ഷിണാമൂർത്തിക്കുപകരം വീണദക്ഷിണാമൂർത്തിയെ പ്രതിഷ്ഠിച്ചതിന്റെ പിന്നിലുള്ള സൂചന ജ്ഞാനലബ്ധിക്കുതുല്യമാണു്, ഭക്തിനിർഭരമായ ഗാനാലാപം എന്നതത്രെ. രണ്ടും ആത്മാവിനെ സ്വതന്ത്രമാക്കുന്നു.

പൗരാണികമായി നമുക്കു ലഭിച്ചിട്ടുള്ള ഒരു സ്വഗ്ഗീയകലയാണു സംഗീതം. സൗന്ദര്യാനുഭൂതിയുടെ കാഴ്ചപ്പാടിൽക്കൂടി മാത്രമല്ല, ആദ്ധ്യാത്മികമായ അടിസ്ഥാനത്തിലും ഈ വിശിഷ്ടകലയെ യഥാതഥമായി സംരക്ഷിക്കുകയാണു നമ്മുടെ കടമ. നമ്മിൽ പലർക്കും ഈ കലയിൽ ഒരു വിദഗ്ധനാകാൻ കഴിഞ്ഞെന്നുവരില്ല. പക്ഷേ, ബഹുഭൂരിപക്ഷത്തെയും ഇതിന്റെ ആസ്വാദകരായി മാറുവാൻ നമുക്കു കഴിയും. അനുഗൃഹീതരായ കലാകാരന്മാർക്കു് ഔദ്യോഗികമായ അംഗീകരണം കൊടുത്തേതീരൂ. യുവജനോത്സവങ്ങൾമൂലം നമ്മുടെ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കു് ഈ മഹത്തായ ലക്ഷ്യംനേടാൻ കഴിഞ്ഞെങ്കിൽ നമ്മുടെ വിദ്യാഭ്യാസലക്ഷ്യങ്ങളിൽ ഒന്നെങ്കിലും നേടിയതായി സമാശ്വസിക്കാം.

നാടകാഭ്യസനം

സി. എൻ. ശ്രീകണ്ഠൻനായർ

കലാഭ്യസനത്തിന്റെ മൗലികതത്വങ്ങൾ ഏതു കലയെ സംബന്ധിച്ചും ഒന്നുതന്നെയാണു്; അതിന്റെ സങ്കേതങ്ങൾ നിരന്തരാഭ്യാസംകൊണ്ടും പരിചയംകൊണ്ടും സ്വായത്തമാക്കുക. വിദ്യാലയജീവിതം തുടരുമ്പോഴും ഏതെങ്കിലും കലയിൽ പ്രത്യേക വൈദഗ്ധ്യം നേടാൻ യത്നിക്കുമ്പോഴും അഭ്യസനതത്വം ഒന്നുതന്നെ. വിദ്യാലയജീവിതം തുടരുമ്പോൾ കലാഭ്യസനം ഏകമുഖമായി നടത്താൻ കഴിയുകയില്ലെന്നുമാത്രം.

നാടകകലയിൽ കൗതുകമുള്ള കുട്ടികളും മറെറാരു തത്വം അഭ്യസനത്തെ സംബന്ധിച്ചു സ്മരിക്കേണ്ടതില്ല. എന്നാൽ നാടകകുതുകികൾ—മുതിർന്നവർപോലും—അഭ്യസനവും ശിക്ഷണവും നാടകത്തിനു് ആവശ്യമില്ലെന്നു ധരിച്ചിട്ടുണ്ടു്. ചിത്രവും നൃത്തവും പാട്ടും മറ്റും പഠിക്കുകയും പരിചയിക്കുകയും അഭ്യസിക്കുകയും ചെയ്യേണ്ട കലകളും നാടകം ആക്കും എപ്പോഴും എടുത്തു പെരുമാറാനുള്ള നേരമ്പോക്കും എന്നാണെന്ന ധാരണ മാറുകതന്നെ വേണം. നാടകം കഥകളിയോ ശാസ്ത്രീയസംഗീതമോ അഭ്യസിക്കുന്നതുപോലെ അഭ്യസിച്ചു സ്വായത്തമാക്കേണ്ട കലാവിദ്യയാണു്. ആംഗികവും വാചികവും സാത്വികവുമായ അഭിനയം, ചമയം, വേഷം, ദീപവിധാനം, രംഗവിധാനം, സംവിധാനം എന്നീ വകയെല്ലാം സാങ്കേതികജടിലമായ വിദ്യകളത്രെ. ഈ വിദ്യകൾ വശമാക്കാതെ നാടകാവതരണം സാദ്ധ്യമല്ല. നാടകത്തിന്റെ അടിസ്ഥാനഘടകം നാടകംതന്നെ ആകയാൽ സാഹിത്യപരിചയം നല്ലപോലെ ഉണ്ടായിരിക്കണം. അവതരണസങ്കേതങ്ങളിലേക്കു് ഇറങ്ങിച്ചെല്ലുമ്പോൾ നൃത്തം, ചിത്രം, ശില്പം, സംഗീതം എന്നീ കലകളെപ്പററി പരിമിതമായ അളവിലെങ്കിലും നാടകവിദ്യാർത്ഥിക്കു് അവഗാഹം കൂടിയേ കഴിയൂ എന്നു മനസ്സിലാക്കാൻ കഴിയും. ഒരു ഗായകനു് ഒരു ശാരീരം മതിയെന്നും നടനു് എത്രയധികം ശാരീരം ആകാമോ അത്രയും നന്നെന്നും അറിയുമ്പോൾ മുൻപറഞ്ഞ ഒരു ഘടകത്തിന്റെ—അതായതു വാചികാഭിനയസങ്കേതങ്ങളുടെ—തന്നെ പരപ്പു് എത്രത്തോളമുണ്ടെന്നു ബോദ്ധ്യമാകും. ഇതൊന്നും അറിയാതെയാണു നമ്മുടെ കുട്ടികൾ—മുതിർന്നവരും—നാടകത്തെ സമീപിക്കുന്നതു്. അതുകൊണ്ടാണു നാടകാഭിനയത്തിനു നമ്മുടെ നാട്ടിൽ ഗതികിട്ടാതെ പോയതും. ഈ നില മാറണമെങ്കിൽ നാടകത്തെപ്പററി ഗൗരവപൂർണ്ണമായ ഒരു സമീപനം ആവശ്യമാണു്. ഈ സമീപനം വിദ്യാലയങ്ങളിൽത്തന്നെ ആരംഭിക്കേണ്ടിയിരിക്കുന്നു.

സ്കൂൾകുട്ടികൾക്കു നാടകാഭ്യസനം തൃപ്തികരമായി ലഭിക്കണമെങ്കിൽ സ്കൂൾനാടകവേദികൾ രൂപംകൊള്ളുകതന്നെ വേണം. നമ്മുടെ നാട്ടിൽ ഒരു സ്കൂളിലും ഒരു നാടകവേദി നിലവിലില്ലാത്തതിനാൽ കുട്ടികൾക്കു സ്വന്തം നിലയിലും കൂട്ടുകാരുമായി ചേർന്നും നടപ്പിൽവരുത്താവുന്ന അഭ്യസനക്രമങ്ങളെപ്പററി മാത്രമേ ഞാൻ ഇവിടെ പരാമർശിക്കുന്നുള്ളൂ. ആ അഭ്യസനക്രമങ്ങൾ ആരംഭിക്കുംമുൻപു് കുട്ടികൾ ഒരു പ്രതിജ്ഞ എടുക്കുന്നതു നന്നായിരിക്കും. മേനിനടിക്കാനും കൂട്ടുകാരുടെ മുമ്പിൽ ഞെളിയാനും ഉള്ള മാർഗ്ഗമായി നാടകാഭിനയത്തെ കണക്കാക്കരുതു്. ഭക്ത്യാദരങ്ങളോടും അർപ്പിതമനസ്സോടും ഏകാഗ്രബുദ്ധിയോടും ഉപാസിച്ചാൽ മാത്രമേ ഏതൊരു കലയുമെന്നപോലെ നാടകവും പ്രസാദിക്കുകയുള്ളൂ. പെട്ടെന്നു് എടുത്തു കൈകാര്യം ചെയ്യാവുന്ന ഒന്നാണു നാടകമെന്ന ധാരണയും മാറണം.

നാടകമാണു് കാര്യം— Play is the thing— എന്നു് പ്രസിദ്ധമാണല്ലൊ. നാടകഗ്രന്ഥംതന്നെയാണു് ഒന്നാമതായി കൈകാര്യംചെയ്യേണ്ടതു്. നാടകങ്ങൾ ഒറ്റയ്ക്കും കൂട്ടായും ഉറക്കെ വായിച്ചു ശീലിക്കണം. പാത്രങ്ങൾക്കനുസരിച്ചു ശബ്ദം മാററിയും, ഒരു കഥാപാത്രത്തിന്റെതന്നെ ശബ്ദം സന്ദർഭാനുസാരം വ്യത്യാസപ്പെടുത്തിയും ആവിഷ്കരിക്കാൻ ശ്രമിക്കണം. കൂട്ടുകാർ ഒരുമിച്ചുചേർന്നു് ഓരോ കഥാപാത്രത്തിന്റെ ഭാഗം ഓരോരുത്തരായിവായിക്കുന്ന നാടകപാരായണരീതി പരിശീലിക്കുന്നതു നന്നു്. മലയാളത്തിലുള്ള നല്ല നാടകകൃതികൾ മുഴുവൻ തിരഞ്ഞെടു

ത്തു് ഇങ്ങനെ കൂട്ടായി പാരായണംചെയ്താൽ കൂട്ടികളുടെ നാടകപരിചയം ഗണ്യമായി വർദ്ധിക്കും. വായിക്കുമ്പോഴും ഓരോ കഥാപാത്രത്തിന്റെയും ശാരീരവും ഭാവവൈജാത്യത്തിനു് അനുസരിച്ചു് മൊഴിയുടെ സ്ഥായിക്കും ശ്രുതിക്കും സ്വരത്തിനും കാലത്തിനും വരുന്ന വ്യത്യാസങ്ങളും ആവിഷ്കരിക്കാൻ ശ്രമിക്കുന്നതു നന്നു്. ഇപ്രകാരം കൂട്ടായി വായിക്കുന്നതു് ഇരുന്നുകൊണ്ടോ, നിന്നുകൊണ്ടോ ഒരു രംഗവേദിയിലാണെങ്കിൽ കഥാപാത്രങ്ങളുടെ ചേഷ്ടകളും സഞ്ചാരക്രമങ്ങളും അനുകരിച്ചുകൊണ്ടോ ആകാം. ഒടുവിൽ പറഞ്ഞ രീതിയാണു് ഉത്തമം.

നാടകം ഒരു ദൃശ്യകലയായി വ്യവഹരിക്കപ്പെടുന്നുവെങ്കിലും ശ്രവ്യാംശം വളരെ പ്രധാനമാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. ശ്രവ്യം കാതിനു് ഇമ്പമുള്ളതാവുകയും വേണം. കഥാപാത്രങ്ങളുടെ മൊഴിക്കു താളവും ലയവും ഉണ്ടായാൽ മാത്രമേ വാചികാഭിനയം ഭംഗിയാവൂ എന്നു് ഓർമ്മിക്കേണ്ടതാണു്.

വാചികാഭിനയപരിശീലനത്തിന്റെ ഭാഗമെന്ന നിലയിൽ കവിതാപാരായണം ഇടയ്ക്കിടയ്ക്കു നടത്തുന്നതു നന്നായിരിക്കും. കവിത ഈണത്തിൽ വായിക്കരുതു്. അർത്ഥം വ്യഞ്ജിപ്പിച്ചും ഭാവം ആവിഷ്കരിച്ചും നാടകീയചടുലതയോടെ കവിത ഉച്ചത്തിൽ വായിച്ചു ശീലിക്കണം.

പ്രകൃഷ്ടങ്ങളായ നാടകകൃതികളിലെ നല്ല ഭാഗങ്ങൾ മനഃപാഠമാക്കി ഇടയ്ക്കിടയ്ക്കു് അവതരിപ്പിക്കുന്നതിൽ നാടകകൃത്തുകിടക്കുന്നതിനെ വേണം. മാക്സ് ആന്റണിയുടെ പ്രസംഗവും മറ്റും പഠിച്ചു് അവതരിപ്പിക്കുന്ന രീതി മുമ്പു നമ്മുടെ വിദ്യാലയങ്ങളിൽ നിലവിലിരുന്നിരുന്നു. നമ്മുടെ ഭാഷയ്ക്കു പ്രാഥമ്യം നഷ്ടപ്പെടുന്നതിനു മുമ്പുള്ള കാലത്തു മലയാളനാടകങ്ങളിൽനിന്നുതന്നെയുള്ള രംഗങ്ങൾ ഇതിനുവേണ്ടി തിരഞ്ഞെടുക്കുന്നതാണു് ഉചിതം. മറ്റൊരുപയോഗം ഇല്ലെന്നുവന്നാൽത്തന്നെയും ഉച്ചാരണശുദ്ധി കൈവരുത്താൻ ഈ ശീലം ഉപകരിക്കും. നമ്മുടെ നാട്ടിൽ അദ്ധ്യാപകർപോലും 'ബത്താവെ'ന്നും 'ബാര്യ'യെന്നുമാണു് ഉച്ചരിക്കുന്നതെന്നു് ലജ്ജയോടെ ഓർമ്മിക്കാതിരിക്കാൻ വയ്യ.

അഭിനയത്തിൽ സാത്വികത്തിനുള്ള സ്ഥാനം നിരതിശായിയാണു്. സാത്വികാഭിനയം ശീലിക്കാനുള്ള എളുപ്പവഴി മനോധർമ്മരംഗങ്ങൾ മൊഴിയില്ലാതെ അഭിനയിച്ചുനോക്കുകയാണു്. ഇതിനു് ഇംപ്രൊവൈസേഷൻ എന്നു പറയുന്നു. ഏതെങ്കിലും ഒരു നാടകീയഘട്ടം മുൻകൂട്ടി നിശ്ചയിച്ചിട്ടു് ഒറ്റയ്ക്കോ കൂട്ടായോ മനോധർമ്മരംഗങ്ങൾ അഭിനയിക്കാവുന്നതാണു്. ഒരു രംഗംതന്നെ പലതവണ അഭിനയിച്ചുനോക്കുമ്പോൾ, അഭിനയത്തിനു് സ്ഫുടത വരുന്നതായി അനുഭവപ്പെടും.

ഓരോക്ലാസ്സിലും ചെറിയ നാടകസമിതികൾ രൂപീകരിച്ചു് ഈ അഭ്യാസക്രമങ്ങൾ ശീലിക്കാവുന്നതാണു്. അദ്ധ്യാപകർക്കുടി താൽപര്യമെടുക്കുകയാണെങ്കിൽ, ഈ അഭ്യസനസമ്പ്രദായങ്ങൾ കൂടുതൽ പ്രയോജനകരമാക്കാം.

ഈ സമ്പ്രദായത്തോടൊപ്പം ഓരോക്ലാസ്സിലെയും കുട്ടികൾ ഒരുവർഷം ഒരു നാടകം അവതരിപ്പിക്കുന്നതു നന്നായിരിക്കും. അവതരിപ്പിക്കാൻ തിരഞ്ഞെടുക്കുന്ന നാടകം നേരത്തെ പറഞ്ഞരീതിയിൽ പലതവണ പാരായണംചെയ്യുകയും തുടർന്നു് ഏറ്റവും കുറഞ്ഞതു മുപ്പതുതവണയെങ്കിലും റീഹേഴ്സൽ ചെയ്യുകയും വേണം. ഒന്നാമത്തെ ടേമിന്റെ മദ്ധ്യത്തിൽ തുടങ്ങി രണ്ടാമത്തെ ടേം അവസാനിക്കുന്നതോടെ പൂർത്തിയാക്കേണ്ട ഒരു പരിപാടി എന്നനിലയിലാണു് നാടകാവതരണം ആസൂത്രണം ചെയ്യേണ്ടതു്. നാടകാവതരണത്തിനു വലിയ ചെലവൊന്നും വരുത്തരുതു്. ഒരു പ്ലാറ്റ്ഫാമിൽ രംഗാലങ്കാരങ്ങളും ഒന്നും ഇല്ലാതെ നാടകം കളിച്ചാൽമതി. ചമയംതന്നെ അത്യാവശ്യമല്ല. ഉച്ചഭാഷിണി ഉപയോഗിക്കാൻ പാടുള്ളതുമല്ല. നാടകത്തിൽ ഉച്ചഭാഷിണി ഉപയോഗിക്കുന്ന ഒരേയൊരു ജനത മലയാളികളാണു്. ഉച്ചഭാഷിണി മൊഴിയുടെ ശബ്ദസൗഭാഗ്യവും ഭാവദീപ്തിയും നഷ്ടപ്പെടുത്തുന്നു എന്ന യാഥാർത്ഥ്യം നാം ഇനിയും മനസ്സിലാക്കിയിട്ടില്ല.

മേല്പറഞ്ഞ അഭ്യസനക്രമങ്ങൾ ശീലിക്കുകയും ഇടയ്ക്കിടയ്ക്കു നല്ല നാടകങ്ങൾ കാണുകയും മാത്രമേ സ്കൂൾജീവിതത്തിനിടയിൽ നാടകകൃത്തുകികളായ കുട്ടികൾക്കു കരണീയമായിട്ടുള്ളു. നാടകകലയിൽ പ്രാവീണ്യംനേടണമെന്നുള്ളവർക്കു സ്കൂൾ വിട്ടശേഷം ഡൽഹിയിലെ നാഷണൽ സ്കൂൾ ആഫ് ഡ്രാമായിലോ ബറോഡാ സർവ്വകലാശാലയിലെ നാടകകാളേജിലോ ചേർന്നു പഠിക്കാം. കേരളത്തിൽ നാടകവിദ്യാലയങ്ങൾ ഇല്ല. ഞങ്ങൾ ചിലർ ചേർന്നു് അവധിക്കാലത്തു സംഘടിപ്പിച്ച രണ്ടു നാടകക്കളരികൾ മാത്രമെ നാടകത്തിൽ പ്രത്യേക പരിശീലനം നല്കാനുള്ള ശ്രമങ്ങളായി എടുത്തു പറയുവാനുള്ളൂ. ഹ്രസ്വകാലശിബിരങ്ങൾ എന്ന നിലയിൽ അവയ്ക്കുള്ള പ്രയോജനം പരിമിതമായിരുന്നു.

നാടകകലയിൽ താൽപര്യമുള്ള കുട്ടികൾ നാടകവും നാടകസംബന്ധിയായ ലേഖനങ്ങളും ഗ്രന്ഥങ്ങളും എവിടെ കണ്ടാലും വായിക്കണമെന്നു

പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. നിരന്തരമായ പഠനവും അഭ്യാസവുംകൊണ്ടു മാത്രമേ നാടകകലയിലും നൈപുണ്യം സമ്പാദിക്കുവാനാവൂ. നടീനടന്മാരും സംവിധായകരും നാടകകൃത്തുക്കളും ആകാൻ ആഗ്രഹിക്കുന്നവർ മാത്രമേ നാടകാഭ്യസനം നടത്താവൂ എന്നില്ല. നാടകാഭിനയം ആത്മവിശ്വാസം വളർത്തുന്നു എന്നു മനഃശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഏഴു കലകളെ ഒരു ചെപ്പിലാക്കി കീശയിലിടുന്ന ഒരാൾക്കു കലാകാരനായില്ലെങ്കിൽപ്പോലും, നിത്യജീവിതത്തിൽ പ്രയോജനപ്പെടുന്ന പല വിദ്യകളും ആ ചെപ്പിൽനിന്നെടുത്തു പ്രയോഗിക്കാനുള്ള മിടുക്കനാകാനെങ്കിലും കഴിയും.

കഥകളി അഭ്യസനം

കുറിച്ചി കുഞ്ഞൻപണിക്കർ

കഥകളിയിൽ അഭിരുചിയുള്ള കുട്ടികൾക്കു വിദ്യാഭ്യാസകാലത്തുതന്നെ കഥകളി പഠിക്കുന്നതിനുള്ള അവസരം ഇന്നു വളരെ കുറവാണു്. കഥകളി പഠിക്കണമെങ്കിൽ കലാമണ്ഡലം ഒഴിച്ചാൽ കൊല്ലങ്കോടു് രാജാസു് ഹൈസ്കൂൾ, ഫാക്ടു് ഹൈസ്കൂൾ, തൃപ്പൂണിത്തുറ ആർ. എൽ. വി. സ്കൂൾ എന്നീ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മാത്രമെ കേരളത്തിൽ ഇന്നു സൗകര്യമുള്ളു. മറ്റു ദിക്കുകളിൽ ഈ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കുടെ എന്നു ചോദിച്ചാൽ, അതിനുള്ള ബുദ്ധിമുട്ടുകൾ പലതും പറയാൻ കാണും. എല്ലാ വിദ്യാലയങ്ങളിലും കഥകളിപോലുള്ള കലകൾ പഠിക്കാൻ സൗകര്യം ഏർപ്പെടുത്തണം എന്നുതന്നെയാണു് എന്റെ അഭിപ്രായം.

പക്ഷേ, അതില്ലെങ്കിലോ? കഥകളി അഭ്യസിക്കാൻ താൽപര്യമുള്ള കുട്ടികൾ എന്തു ചെയ്യും? ഒഴിവുസമയങ്ങളിൽ അടുത്തുള്ള കഥകളിയാശാന്മാരുടെ അടുക്കൽ ചെന്നു പഠിക്കുകയാണു് ഇന്നു നിർദ്ദേശിക്കാൻ കഴിയുന്ന ഒരേയൊരു പോംവഴി. കുട്ടികൾക്കു് അതിനുവേണ്ട പ്രോത്സാഹനം രക്ഷിതാക്കളും അധ്യാപകരും നല്കുകയാണെങ്കിൽ ഇക്കാര്യത്തിൽ വലിയ പ്രയാസം ഉണ്ടാവില്ല.

എന്നാൽ കുട്ടികൾക്കു ശരിയായ രീതിയിൽ ശിക്ഷണംനല്കാൻ കഴിവും സൗകര്യവും ഉള്ള കഥകളിയാശാന്മാർ എത്ര പേരുണ്ടു്? എല്ലാ ദിക്കിലും അവർ ഉണ്ടായെന്നു വരുമോ? ഇതെപ്പറ്റി ഖണ്ഡിതമായ ഒരു അഭിപ്രായം പറയാൻ ഇപ്പോൾ സാദ്ധ്യമല്ല. ഒന്നു മാത്രം പറയാം, കഥകളിയിൽ നല്ല ശിക്ഷണം ലഭിച്ചിട്ടും, അതൊരു സ്ഥിരം തൊഴിലായി കൊണ്ടുനടക്കാൻ കഴിയാത്ത എത്രയോ പേരുണ്ടു്. അവർ ഉപജീവനത്തിനു മറ്റു തൊഴിലുകളിലേർപ്പെട്ടിരിക്കയാണു്. ഇടയ്ക്കൊക്കെ വല്ല പരിപാടികൾക്കും പോയെങ്കിലായി, എന്നു മാത്രം. ചുറ്റുവട്ടത്തുമുള്ള കുട്ടികൾക്കു്, ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ, 'ട്യൂഷൻ' കൊടുക്കാനുള്ള അവസരം ഉണ്ടാവുകയാണെങ്കിൽ കഥകളി പഠിച്ചവർക്കു കഥകളിതന്നെ സ്ഥിരം തൊഴിലായി കൊണ്ടുനടത്താനും കഴിയും. ക്രമേണ ആ പ്രദേശത്തു് ഒരു നല്ല കഥകളിസംഘംതന്നെ ഉണ്ടായിത്തീരും.

ഒരു കാര്യം പ്രത്യേകം പറയേണ്ടതുണ്ടു്. കഥകളി എളുപ്പം വശമാക്കാവുന്ന ഒരു കലയല്ല. മെയ്യും മനസ്സും ഒരുപോലെ വശപ്പെടേണ്ട ഒന്നാണതു്. ശിക്ഷണം ആദ്യകാലങ്ങളിലെങ്കിലും കഠിനമായിത്തോന്നാം. കുട്ടികൾക്കു് ആദ്യം കഥകളി പഠിക്കണമെന്നു് ഒരു കമ്പം ഉണ്ടായി എന്നു വരാം. പഠിച്ചുവരുമ്പോൾ അതിന്റെ ബുദ്ധിമുട്ടു് ഓർത്തു പഠിത്തം നിറുത്താനും ഇടയുണ്ടു്. പഠിപ്പിക്കുന്ന ആശാന്മാർക്കും രക്ഷിതാക്കൾക്കും വേണ്ടത്ര ക്ഷമയും കലാപ്രേമവും ഉണ്ടെങ്കിൽ കുട്ടികളെ ഇതിൽ നല്ലപോലെ സഹായിക്കാൻ കഴിയും.

ഇക്കാലത്തു ചില ശാസ്ത്രവിഷയങ്ങൾ പഠിക്കുന്ന കുട്ടികൾക്കു ഗവണ്മെന്റിൽനിന്നു പഠിപ്പിന്നാവശ്യമായ തുക കടമായി കൊടുത്തുവരുന്നതായി കേട്ടിട്ടുണ്ടു്. പഠിപ്പുതീർന്നു ജോലിയൊക്കെയായാൽ ഈ തുക കുറച്ചുകുറച്ചായി തിരിച്ചടച്ചാൽ മതി. കഥകളി പഠിക്കുന്ന കുട്ടികൾക്കും ഇങ്ങനെ ചില ധനസഹായങ്ങൾ സർക്കാരിൽനിന്നു കൊടുക്കാവുന്നതാണു്. കഥകളി പഠിച്ചു് ഓരോ പരിപാടികൾക്കു പോവുമ്പോൾ കിട്ടുന്ന പ്രതിഫലത്തിൽനിന്നു പിന്നീടു് ഇതു തവണകളായി തിരിച്ചടയ്ക്കാം.

ചിത്രകലാഭ്യസനം

ജി. അരവിന്ദൻ

കുട്ടികളുടെ ചിത്രകലാവാസന വികസിപ്പിക്കാൻ ഒന്നാമതായും രണ്ടാമതായും ചെയ്യേണ്ടതു് വരയ്ക്കുകതന്നെയാണു്. യാതൊരു നിയന്ത്രണവും ഇല്ലാതെ കുട്ടികൾ ചിത്രം വരച്ചുകൊള്ളട്ടെ.

സ്കൂൾ വിദ്യാഭ്യാസത്തിലെ ഇപ്പോഴത്തെ പാഠപദ്ധതിയിൽ മാറ്റം വരുത്തേണ്ടതാവശ്യമാണു്. ഡ്രായിംഗ് ഏഴാംസ്റ്റാൻഡേർഡുവരെ പാഠ്യപദ്ധതിയിൽ പെടുത്തിയിട്ടുണ്ടെങ്കിലും, പഠിപ്പിക്കുന്നതു കെ. ജി. ടി. ഈ. എന്ന സാങ്കേതിക സർട്ടിഫിക്കറ്റു മാത്രം കൈവശപ്പെടുത്തിയവരാണു്. ചിത്രകലയിൽ അവരിൽ ചിലർ അഭിരുചിയുള്ളവരായിരിക്കണമെന്നില്ല. അങ്ങനെയുള്ളവർ പഠിപ്പിക്കുന്നതുകൊണ്ടു ഗുണത്തെക്കാൾ അധികം ദോഷമല്ലേ ഉണ്ടാകുന്നതു്, എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അവർ പഠിപ്പിക്കുന്നതുമൂലം കുട്ടികളുടെ നൈസർഗ്ഗികവാസന വികസിക്കുന്നതിനു പകരം മുരടിച്ചുപോകാനാണു് ഇടയുള്ളതു്. കലാവാസനയുള്ള കുട്ടികൾ അവരുടെ വാസനയെ വികസിപ്പിക്കുവാൻവേണ്ടി ഒന്നാമതായി ചെയ്യേണ്ടതു് അവർ സ്വതന്ത്രമായ കലാസൃഷ്ടിചെയ്യുക എന്നുള്ളതാണു്. കുട്ടികൾ സ്കൂളിലെ ശിക്ഷണം പാലിക്കുന്നതിനു ഡ്രായിംഗ്അദ്ധ്യാപകരെ അനുസരിക്കേണ്ടിവന്നാലും വീട്ടിൽ ചെന്നു് അവർ സ്വതന്ത്ര കലാസൃഷ്ടി നടത്തേണ്ടതാണു്.

എന്തിന്റെയെങ്കിലും പകർപ്പോ, അനുകരണമോ, പ്രതിഫലനമോ, ആണു് കല എന്നു വലിയവർ ധരിച്ചിട്ടുണ്ടെങ്കിലും കുട്ടികൾക്കു് ആ തെറ്റിദ്ധാരണയില്ല. അവർ വർണ്ണങ്ങളുടെ ചേരുവയിലും വരകളുടെ ചലനത്തിലും ഭംഗി കണ്ടെത്തുന്നു. ചിത്രകലയുടെ മൗലികതത്വവും അതുതന്നെയാണു്. അതുകൊണ്ടു കുട്ടികൾ ആരുടെയും അനുശാസനത്തിനു വിധേയമാകാതെ സ്വതന്ത്രമായും സ്വൈരമായും അവർക്കു് ഇമ്പം തോന്നുന്ന വിധത്തിൽ അവരുടേതായ വർണ്ണപ്രപഞ്ചങ്ങൾ സൃഷ്ടിക്കട്ടെ. കാക്കയുടേയും പൂച്ചയുടെയും ചിത്രം വരച്ച സമയം കളയാതെ, ചായം നിർലോഭമായി കോരിയൊഴിച്ചു് അവരുടെ ഭാവനയ്ക്കു് അനുസരണമായി എന്തും അവർക്കു വരയ്ക്കാം. വരയ്ക്കാമെന്നല്ല, വരയ്ക്കണം. ഏതെങ്കിലും ഘട്ടത്തിൽ വരയുടെയും വർണ്ണത്തിന്റെയും വ്യാകരണത്തെപ്പറ്റി മനസ്സിലാക്കണം എന്നു തോന്നിയാൽ, അങ്ങനെ തോന്നിയാൽ മാത്രം, തോന്നുമ്പോൾ മാത്രം, അവർ അതു പഠിച്ചാൽ മതി. പ്രശസ്തമായ ചിത്രകലാവിദ്യാലയങ്ങളിൽ ഈ ശിക്ഷണമാർഗ്ഗമാണു സ്വീകരിച്ചിട്ടുള്ളതും.

സ്കൂൾ വിദ്യാഭ്യാസകാലത്തും തുടർന്നു കോളേജിൽ പോവുകയാണെങ്കിൽ അപ്പോഴും ചിത്രകലാഭ്യസനം തുടരാൻ ഒരു വഴിമാത്രമേ എനിക്കു നിർദ്ദേശിക്കാനുള്ളു; സമയം കിട്ടുമ്പോഴെല്ലാം വരയ്ക്കുക. ചിത്രകലയിൽ ഉപരിപഠനം നേടണം എന്നാഗ്രഹിക്കുന്നവർക്കു് ഇൻഡ്യയിലെ ഒന്നാംകിടയിലുള്ള ചിത്രകലാവിദ്യാലയങ്ങളിൽ പ്രവേശനം നേടാവുന്നതാണു്. മദിരാശി കോളേജ് ഓഫ് ആർട്സ്, ബറോഡാ സർവ്വകലാശാലയിലെ ചിത്രകലാവിദ്യാലയം, ഗവാളിയർ കലാവിദ്യാലയം, ബംഗാളിലെ വിശ്വഭാരതി, ഡൽഹി കലാവിദ്യാലയം എന്നിവയാണു് ഇൻഡ്യയിലെ പ്രശസ്തമായ കലാസ്ഥാപനങ്ങൾ. മലയാളികൾക്കു് ഏറ്റവും അടുത്തുള്ളതു് മദിരാശി സ്കൂൾ ഓഫ് ആർട്സ് ആണു്. കേരളത്തിൽ ഒന്നാംകിടയിലുള്ള ഒരു ചിത്രകലാവിദ്യാലയം ഇല്ല എന്നുള്ള വസ്തുത ഓർമ്മിക്കേണ്ടതായിട്ടുണ്ടു്.

കലാവാസന പുഷ്ടിപ്പെടുത്താനുള്ള ഏറ്റവും നല്ല മാർഗ്ഗം വാസനയുള്ളവരുടെ കലാവിദ്യകൾ പ്രദർശിപ്പിക്കാൻ സൗകര്യമുണ്ടാക്കിക്കൊടുക്കുകയാണു്. സ്കൂളുകളിലും, യുവജനോത്സവരംഗങ്ങളിലും ചിത്രകലാപ്രദർശനം നിബ്ബന്ധിതമാക്കണം. പാട്ടും നൃത്തവും നാടകവും പ്രദർശിപ്പിക്കാനവസരം നൽകുന്ന യുവജനോത്സവം ചിത്രകല പ്രദർശിപ്പിക്കുന്നില്ല എന്നാണു ഞാൻ മനസ്സിലാക്കുന്നതു്. പ്രദർശനമില്ലാത്ത കലോത്സവം, കലോത്സവമാകുന്നതെങ്ങനെ?

സ്കൂളുകളിലെ പ്രദർശനങ്ങളെപ്പറ്റി പറഞ്ഞുവല്ലോ. കുട്ടികളുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതു കൂടാതെ പ്രശസ്തകലാകാരന്മാരുടെ ചിത്രങ്ങൾ സ്കൂളിൽ ഇടയ്ക്കിടയ്ക്കു പ്രദർശിപ്പിക്കുന്നതു നന്നായിരിക്കും. ഒരു സ്കൂളിനു് ഇതൊറ്റയ്ക്കു സാധിച്ചില്ലെങ്കിൽ അടുത്തടുത്തുള്ള സ്കൂളുകൾക്കു് ഒരുമിച്ചു ചേർന്നു് ഇതു ചെയ്യാവുന്നതാണു്.

യുവജനോത്സവത്തിൽ അവതരിപ്പിക്കുന്ന പ്രധാനപ്പെട്ട കലകളെപ്പറ്റി അടിസ്ഥാനപരമായി ചർച്ചചെയ്യുന്ന ഒരു ലേഖനപരമ്പരയാണിതു്. സോപാനസംഗീതത്തെപ്പറ്റി ആറ്റൂർ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായം ഇക്കൂട്ടത്തിൽ പ്രത്യേകം ശ്രദ്ധേയമത്രെ

സംഗീതം, നൃത്തം

നാടകം, ചിത്രം

കേരളീയ സംഗീതം: ആറ്റൂരിന്റെ അഭിപ്രായം

കാവാലം
നാരായണപ്പണിക്കർ

[കണ്ണാടകസംഗീതത്തിന്റെ സാങ്കേതിക ശൈലിയിൽനിന്ന വേറിട്ട് തികച്ചും വിഭിന്നമായ വ്യക്തിത്വം പുലർത്തുന്നതും കേരളത്തിന മാത്രം അവകാശപ്പെടുവാൻ അർഹതയുള്ളതുമായി സോപാനസംഗീതം എന്നൊരു സംഗീതപദ്ധതിയുടെ നിലനില്പിനെ ആവേശപൂർവ്വം ഉയർത്തിക്കാട്ടിയിട്ടുള്ളവരുടെ കൂട്ടത്തിൽ അദ്വിതീയനാണ് ശ്രീ ആറ്റൂർ കൃഷ്ണപ്പിഷാരടി. പണ്ഡിതനും സംഗീതചന്ദ്രികാകർത്താവുമായ ഇദ്ദേഹം ഒരു വൈണികൻ എന്ന നിലയിലും മഹത്വം നേടിയിരുന്നതു കൊണ്ട് തന്റെ താത്വികവിചാരങ്ങൾക്ക പ്രായോഗികപരിജ്ഞാനത്തിന്റെ പരിവേഷവും ചാർത്താൻ അദ്ദേഹത്തിന കഴിയുന്നുണ്ട്. യശഃശരീരനായ ആറ്റൂരുമായി അദ്ദേഹത്തിന്റെ മരണത്തിനുമുമ്പു കേരള സംഗീത നാടക അക്കാദമി സെക്രട്ടറി ശ്രീ കാവാലം നാരായണപ്പണിക്കർ നടത്തിയ അഭിമുഖസംഭാഷണമാണ് ചുവടെ ചേർക്കുന്നതു.]

ദാക്ഷിണാത്യസംഗീതം ആകെക്കൂടി ഒന്നേ മാത്രമേ ഉള്ളൂ എന്നും അതു കറകളഞ്ഞ കണ്ണാടക സംഗീതപദ്ധതിയാണെന്നും അതിൽനിന്നും വിഭിന്നമായി ഒരു ഗാനപദ്ധതി ഉണ്ടെന്ന വാദിക്കുന്നതു ശരിയല്ലെന്നുമുള്ള ഒരു ചിന്താഗതി ചില സംഗീതജ്ഞന്മാർ ഇന്നു മുറുകെപ്പിടിക്കുന്നുണ്ട്. ക്ഷേത്രങ്ങളിലെ സോപാനങ്ങളിൽ സംഗീതം പ്രയോഗിക്കുവാൻ അവിചക്ഷണരായ ആളുകൾ 'വയറുപിഴപ്പിന്' വേണ്ടി പാടിവന്ന സുസ്വരമല്ലാത്ത ഗാനശൈലിയെച്ചൊല്ലി ഒരു പ്രസ്ഥാനംതന്നെ മിനഞ്ഞെടുക്കുവാനുള്ള പ്രവണതയാണ് സോപാനസംഗീതത്തെപ്പറ്റി ഉയർത്തിക്കാണിക്കുന്ന വാദമുഖങ്ങൾ എന്നവർ ഉറപ്പിച്ചു വാദിക്കുന്നു. സോപാനം എന്ന വാക്കിന്റെ അർത്ഥത്തിലും ഉപരിയായി കച്ചേരിസംഗീതത്തിൽനിന്നും സമൂലം വിഭിന്നമായി അഭിനയത്തിനുതകുന്ന ഭാവാത്മകസംഗീതം എന്നൊന്ന് ഉണ്ടെന്ന് അംഗീകരിക്കുന്നതിൽ ആക്ഷേപൈമനസ്യത്തിന കാര്യമുണ്ടെന്നു തോന്നുന്നില്ല. ഏതു രാജ്യത്തിലും സംഗീതത്തിന്റെ ചരിത്രപരമായ വളർച്ച പരിശോധിച്ചാൽ രംഗത്തിന വേണ്ടി സംഗീതത്തിന സാങ്കേതികസംഗീതത്തിൽനിന്നും ഭിന്നമായ ഒരു വ്യക്തിത്വം കൈവന്നതായി കാണാൻ കഴിയും. ആംഗ്ലേയസംഗീതത്തിന്റെ പ്രചാരം ആരംഭിച്ച ഘട്ടത്തിൽ അതിന കാരണക്കാരിൽ പ്രധാനികളായ വാഗ്നറേയും മോസാർട്ടിനേയും ശാസ്ത്രീയസംഗീതത്തിന്റെ വക്താക്കൾ എത്രമാത്രം കളിയാക്കിയിരുന്നു! രംഗബോധവും, സംഗീതബോധവും വാഗ്നറിൽ സമരസപ്പെട്ടതിന്റെ ഫലമായി അദ്ദേഹം സംഗീതത്തിന്റെ പരമശത്രുവായിത്തീർന്നു. Absence of melody, Illegitimate and discordant harmonic progressions and monstrous abuse of orchestra എന്നിങ്ങനെ വാഗ്നറെ ശാസ്ത്രീയമായി പള്ളിയിൽ നിലനിന്ന സംഗീതത്തിന്റെ പ്രതിനിധികൾ വല്ലാതെ ശകാരിച്ചു. സംഗീതത്തെ തകരാറിലാക്കുന്ന ഉപദ്രവകാരി എന്നു പഴിക്കപ്പെട്ട വാഗ്നറുടെ അഭിനയസംഗീതത്തിലെ ആന്തരചൈതന്യം സാമാന്യജനങ്ങൾക്ക് ആവഹിക്കുവാൻ കഴിഞ്ഞതും, പിന്നീടു പടിപടിയായി ആംഗ്ലേയസംഗീതത്തിൽ അഭിനയപ്രധാനമായ ഒരു ഗാനശൈലി വികസിച്ചുവന്നതും നമുക്കറിയാം.

കേരളത്തിൽ നാട്യം, നൃത്തം, ഗീതവാദ്യങ്ങൾ തുടങ്ങി ദൃശ്യശ്രാവ്യകലാഘടകങ്ങളുടെ എല്ലാം സമ്യക്കായ സംയോജനം സാധിച്ചിട്ടുള്ള ഒരു മഹത്തായ കലാപ്രസ്ഥാനം എന്ന നിലയിൽ കഥകളിയിൽ ഭാവപ്രകടനത്തിന വിധേയമായ ഒരു ഗാനാവിഷ്കാരസമ്പ്രദായം വളർന്നുവന്നതായി അനുമാനിക്കുന്നതിൽ തെറ്റില്ല. സംഗീതം കൂടുതൽ സാങ്കേതികത്വത്തെ ആശ്രയിക്കുന്ന ഘട്ടത്തിൽ സാഹിത്യത്തിനോ

ഭാവത്തിനോ മിഴിവുനല്കുന്ന വിഷയത്തിൽ ഗായകൻ ദത്താവധാനനായിരിക്കുകയില്ല. സങ്കേതങ്ങളിലൂടെ വളത്തിക്കൊണ്ടുവരുന്ന സ്വരജിത്തു്, വണ്ണം എന്നിവ കീർത്തനത്തിലെത്തുമ്പോഴും ക്രമേണ ഭാവസ്ഫുരണത്തിന്റെ ഘട്ടത്തിലേക്കു നീങ്ങുന്നതു കാണാം. സാഹിത്യത്തിന്റെ അക്ഷരങ്ങളെ അകറിനിറുത്തി അവസ്ഥിടയിലെല്ലാം രാഗങ്ങളുടെ സാങ്കേതികക്കിണക്കങ്ങളും അടുക്കിച്ചേർക്കുന്ന വണ്ണങ്ങളിലെ വൈഭവം സംഗീതത്തിനു് ഒഴിച്ചുകൂടാനാവാത്തതാണെങ്കിലും സാഹിത്യത്തെ സംബന്ധിച്ചു് അതൊരു ഭാവസരണി സൃഷ്ടിക്കുന്നില്ല. കീർത്തനത്തിലെത്തുമ്പോഴേക്കുമാണു് കാണുന്ന ഈ സാഹിത്യാംശം പദങ്ങളിൽ (കഥകളിയിലും കണ്ണാടകസംഗീതത്തിലും) ഉന്നതമായ ഭാവപ്രകടനോപാധിയായി മാറുന്നു. അപ്പോഴും സ്തോഭങ്ങൾക്കു് ഉതകാത്ത സംഗീതത്തിനെക്കാൾ നിലനിൽപ്പുള്ള ഒരു സംഗീതപദ്ധതി കഥകളിയിലൂടെ കേരളത്തിൽ വളർന്നുവന്നു എന്നു തീർച്ചയാണു്. ഈ സംഗീതത്തിനു് ഒരുപക്ഷേ, അഭിനയത്തിനു സഹായകമായി മാത്രമേ പുലരാനാവൂ എന്നു പറയാം.

ഈ അഭിനയസംഗീതത്തിന്റെ വളർച്ചയിൽ സോപാനത്തിൽ പാടിവന്ന ഗീതഗോവിന്ദകീർത്തനങ്ങളുടെ അവതരണരീതി സ്വാധീനം ചെലുത്തിയിരുന്നതായി അനുമാനിക്കാം. പ്രത്യേകിച്ചും കച്ചേരിസംഗീതത്തിൽ താളമൂന്നുന്നതിൽനിന്നും വിഭിന്നമായി ഇടക്കൊട്ടുകൊണ്ടു് ചേർത്തു് കൊട്ടിപ്പാടിസ്സേവയിൽ അവതരിപ്പിക്കപ്പെട്ടിരുന്ന ഗാനരൂപവും ഗാനഭാവവും പില്ക്കാലത്തു് അഭിനയത്തിനു് ഉതകത്തക്കതായി മാറിയതു്, അഭിനയസംഗീതത്തിന്റെ ക്രമാനുഗതമായ വളർച്ചയുടെ ഘട്ടങ്ങളാണു്.

കാലപ്രമാണം ഭാവാവിഷ്കാരത്തിനു രാഗകല്പനകളെക്കാൾ കൂടുതൽ സഹായകമായി ഭവിക്കുന്നതു കഥകളിയിൽ ഉടനീളം കാണാൻ കഴിയും. വളരെ പിരിമുറുക്കംകൂടിയ നാടകീയരംഗങ്ങൾക്കു മാത്രം പ്രയോഗക്ഷമമായ കാലപ്രമാണത്തിന്റെ മൂഡ്നൃഭാവങ്ങൾ കച്ചേരിസംഗീതത്തിൽ എപ്പോഴും ആശ്രയിക്കേണ്ട കാര്യമില്ലല്ലോ. എന്നാൽ നാടകാവിഷ്കാരത്തിൽ സംഗീതത്തിനു് ഒരു സഹായകസ്ഥാനം മാത്രം കല്പിച്ചിട്ടുള്ളതുകൊണ്ടു് അഭിനയത്തോടു നീതിചെയ്യുക എന്നതായിരിക്കണം ഈ സംഗീതത്തിന്റെ പരമധർമ്മം—കച്ചേരിസംഗീതത്തിൽ അനുലോമപ്രതിലോമാദികൾ ചേർത്തു് പല്ലവി പാടുന്നതു് ഇതിനു് ഒരു അപവാദമായി പറയാം. 'താരകബ്രഹ്മസ്വരൂപിണീ താമരസവിലോ

സംഗീതത്തെപ്പറ്റിത്തന്നെ

മാവേലിക്കര ശങ്കരൻകുട്ടിനായർ

സിനിമാപ്പാട്ടുകളിലും, ലളിതസംഗീതത്തിലുമുള്ള അമിതമായ കമ്പം ഇന്നത്തെ യുവതലമുറയുടെ ഒരു പ്രത്യേകതയാണു്. ആയിക്കൊള്ളട്ടെ. പക്ഷേ, അതോടൊപ്പം ശാസ്ത്രീയസംഗീതത്തെ കഴിച്ചുമൂടാനുള്ള വ്യഗ്രതകൂടി കാണിക്കുന്നതാണു മനസ്സിലാകാത്തതു്. ലളിതഗാനങ്ങളുടെ ആസ്വാദനയോഗ്യതയെ ചോദ്യംചെയ്യുകയല്ല. ഈ 'റെഡിമെയിഡ്' സംഗീതമേ സാധാരണക്കാരനു രസിക്കാൻ വകനല്കുയുള്ളൂ എന്നും, സംഗീതം അതിന്റെ കുബേരപദവി വിട്ടു് സാധാരണക്കാരന്റെ കാല്ക്കൽ വീഴണമെന്നും മറ്റുമുള്ള വാദഗതി കേവലം ബാലിശമാണു്. ഈ ഗതി തുടരുകയാണെങ്കിൽ ആസന്നഭാവിയിൽത്തന്നെ ശാസ്ത്രീയസംഗീതം കേരളത്തിൽനിന്നു തിരോധാനംചെയ്യും. മദിരാശി സംഗീത അക്കാദമിയുടെ 42–ാമത്തെ വാർഷികാഘോഷവേളയിൽ നടത്തിയ, സംഗീതകലാനിധി ശ്രീമതി എം. എസ്. സുബ്ബലക്ഷ്മിയുടെ അദ്ധ്യക്ഷപ്രസംഗത്തിലെ ചില വരികളും തികച്ചും ശ്രദ്ധേയമാണു്. ആ മഹതി പറയുകയാണു്: ''കഴിവുള്ള യുവസംഗീതവിദ്വാന്മാരെ അഹ്വാനംചെയ്യുന്ന പ്രോത്സാഹനങ്ങളും നല്കി വളർത്താത്തപക്ഷം സംഗീതത്തിന്റെ മണ്ഡലത്തിൽ ഈ തലമുറയ്ക്കും അടുത്ത തലമുറയ്ക്കുമിടയിൽ നികത്താനാവാത്ത ഒരു വിടവുണ്ടാകും.'' ഏറ്റവും ശരിയായ ഒരഭിപ്രായമാണിതെന്നു മനസ്സിലാക്കാൻ വളരെയൊന്നും ചിന്തിക്കേണ്ട ആവശ്യമില്ല. ലളിതഗാനങ്ങളും സിനിമാപ്പാട്ടുകളും ശ്രോതാക്കൾക്കു നല്കുന്ന രസം ക്ഷണികമാണു്. ഏതാനും ദിവസങ്ങൾ കഴിഞ്ഞാൽ അവയിലുള്ള പുതുമയും സൗകുമാര്യവും നഷ്ടപ്പെടുന്നു. എന്നാൽ ''നഗുമോ'', ''പക്കാല'', ''വാദാപി'', ''ക്ഷീരസാഗര'' മുതലായ കീർത്തനങ്ങൾ ഇന്നും പുതുമനിറഞ്ഞവയാണു്. സംഗീതക്കച്ചേരികളിൽ ഇന്നും ഇവ പാടിക്കേൾക്കാൻ ആസ്വാദകർക്കു് ഒട്ടുങ്ങാത്ത ആശയാണു്. ഇതാണു് ശാസ്ത്രീയസംഗീതവും ലളിതഗാനവും തമ്മിലുള്ള വ്യത്യാസം.

ചനേ' എന്നും മറും പല്ലവികളും പല കാലപ്രമാണങ്ങളിൽ മുറുകിയും അയഞ്ഞും പ്രയോഗിക്കുന്നതു് സാങ്കേതികവൈദഗ്ധ്യം പ്രകടിപ്പിക്കാനാണു്. അഭിനയസംഗീതത്തിലാകട്ടെ കാലപ്രമാണം നാടകത്തിന്റെ വൈകാരികസത്ത ആവിഷ്കരിക്കുന്നതിനുള്ള ജീവനാണു്.

തനി മലയാളഗാനങ്ങളും നമ്മുടെ കഥകളിപ്പദങ്ങളാണെന്ന ശ്രീ ആറൂരിന്റെ അഭിപ്രായത്തോടു നമുക്കു തികച്ചും യോജിക്കുക. ഇരയിമ്മൻതമ്പി, കുട്ടിക്കുഞ്ഞുതങ്കച്ചി, കെ. സി. എന്നിങ്ങനെ ചുരുക്കം ചില ഗാനനിർമ്മാതാക്കളും നമുക്കുണ്ടായിട്ടുണ്ടെങ്കിലും ഈ ഇനത്തിൽ നമ്മുടെ കഥകളിപ്പദങ്ങളാണു് എടുത്തു പറയേണ്ടവ. കോട്ടയംകഥകളിലെ പദങ്ങൾക്കു പ്രത്യേകമായ ഒരു മലയാളസ്വഭാവമുണ്ടെന്നും അതിനു കാരണം സന്ദർഭാനുസരണമുള്ള രാഗവും കാലവും ചേർത്തുകൊണ്ടാണു് ആ പദങ്ങളും എന്നുള്ളതാണെന്നും പറഞ്ഞശേഷം ശ്രീ ആറൂർ ഈ വിഷയത്തിൽ കോട്ടയംകഥകളിപ്പദങ്ങളെ അദ്വിതീയമെന്ന അർത്ഥത്തിൽ വിശേഷിപ്പിക്കുകയുണ്ടായി. ഓരോ രസത്തിനും ഇന്നയിന്ന രാഗം ചേർക്കണമെന്ന തത്വം ശരിയായി ദീക്ഷിക്കപ്പെട്ടിരിക്കുന്നതു് കോട്ടയംകഥകളിലെ പ്രത്യേകതയായി അദ്ദേഹം കരുതുന്നു. രസങ്ങൾക്കു് അനുസരണമായ കാവ്യസംവിധാനത്തിന്റെ കാര്യത്തിൽ നളചരിതം കോട്ടയംകഥകൾക്കു പിന്നിലാണെന്നു പറയാമോ എന്നു് ഒരു സംശയം എന്റെ ഉള്ളിൽ പൊന്തിവന്നു. പക്ഷേ, എന്റെ സംശയം എന്നിൽത്തന്നെ നിക്ഷേപിച്ചതേയുള്ളു. ഒരു കാര്യം തീർച്ചയാണെന്നു് എനിക്കു തോന്നി. പാട്ടിനും നാടകത്തിനും ഇണങ്ങിനില്ക്കുന്ന ഉണ്ണായിവാര്യരുടെ പദങ്ങളും കഥകളിസാഹിത്യത്തിൽ മറ്റൊന്നും കാണാത്തമട്ടിലുള്ളവയാണു്; കോട്ടയംകഥകളുടെ ക്ലാസ്സിക്കൽ ഗാംഭീര്യവും മറും മറ്റൊരു കഥകളിലും ഇല്ലാത്തതുപോലെതന്നെ. ഇരയിമ്മൻതമ്പിയുടെ കൃതികളിൽ തെളിഞ്ഞുകാണുന്ന ഗാനാത്മകതയും കണക്കിലെടുക്കേണ്ടതുതന്നെയാണു്. രസാനുഗുണ്യത്തെപ്പറ്റിയുള്ള ദൃഷ്ടാന്തങ്ങളും അദ്ദേഹം തുടർന്നു പറഞ്ഞു: ''ത്യാഗരാജസ്വാമികളുടേയും ശ്യാമാശാസ്ത്രികളുടേയും കീർത്തനങ്ങൾക്കു് രസസ്ഫുടത്തിധാരാളമുണ്ടു്. രണ്ടും ഭക്തിരസപ്രധാനമാണു്. എന്നാൽ ദീക്ഷിതരുടെ കീർത്തനങ്ങളിൽ ശബ്ദത്തിനാണു പ്രാധാന്യംകാണുന്നതു്. രസത്തേയോ സന്ദർഭത്തേയോ അദ്ദേഹം അത്രതന്നെ ഗണിച്ചിട്ടില്ല. രസം, സന്ദർഭം ഇവയ്ക്കു പ്രാധാന്യം കല്പിച്ചിട്ടുള്ള കഥകളിഗാനങ്ങൾക്കു് ഉത്തമദൃഷ്ടാന്തം കോട്ടയംകഥകളാണു്.

കേരളത്തിനു പ്രത്യേകമായ ഒരു സംഗീതപദ്ധതിയുണ്ടെന്ന തന്റെ അടിയുറച്ച വിശ്വാസത്തിനു് ഉപോൽബലകമായി ശ്രീ ആറൂർ ചില രാഗങ്ങളും തെരഞ്ഞെടുത്തു് തന്റെ വിശ്വാസത്തെ ന്യായീകരിച്ചു. കേദാരപ്പന്തു്, ഗൗളിപ്പന്തു് എന്നീ രാഗങ്ങളെ തികച്ചും കേരളീയരാഗങ്ങളായി അദ്ദേഹം വിവരിച്ചു. ''മൊസബേക്കു'', ''തെരതീയകരാത'' എന്നീ ത്യാഗരാജകീർത്തനങ്ങളും ഗൗളിപ്പന്തിലാണെന്ന വിവരം ഞാൻ അദ്ദേഹത്തെ അനുസ്മരിപ്പിച്ചു. എന്നാൽ കണ്ണാടകസംഗീതത്തിൽ നാമമാത്രമായി പേർ പറഞ്ഞുവെക്കുകമാത്രം ചെയ്തിട്ടുള്ള ഗൗളിപ്പന്തു്, പുറനീരു് മുതലായ രാഗങ്ങൾക്കു മലയാളത്തിൽ ഭിന്നമായ വ്യക്തിത്വമുണ്ടെന്നും അദ്ദേഹം വാദിച്ചു. അദ്ദേഹത്തിന്റെ ഭാഷയിൽ വിശദമാക്കാം:

''ദ്വിജാവന്തി മുതലായ രാഗങ്ങൾക്കു കേരളത്തിലും കണ്ണാടകസമ്പ്രദായത്തിലും വളരെ വ്യത്യാസമുണ്ടു്. കേരളസംഗീതത്തിലെ പ്രധാനഗുണം ഓരോരോ രാഗത്തിലുമുള്ള ജീവസ്വരങ്ങളെ പ്രത്യേകം എടുത്തു് അവ തമ്മിലുള്ള സഞ്ചാരംകൊണ്ടു് രാഗത്തിന്റെ സ്വഭാവവും വ്യക്തമാക്കുക എന്നുള്ളതാണു്. മറുള്ള സംഗീതപദ്ധതിയിലാകട്ടെ ജീവസ്വരങ്ങളിൽ പോകുന്നുണ്ടെങ്കിലും പല വൈഷമ്യങ്ങളും കൂട്ടത്തിൽ ചേർത്തുകാണാം. അതിനാൽ രസസ്ഫുടത്തി കുറഞ്ഞുവരുന്നു. ഗൗളിപ്പന്തും ദ്വിജാവന്തിയുംപോലെതന്നെ പുറനീരു് എന്ന പേരും കേരളത്തിനു പുറത്തു് ഉണ്ടെന്നേ ഉള്ളു. മലയാളത്തിൽ ഭക്തിരസത്തിനു പുറനീരു് വളരെ വിശേഷമാണു്. പ്രഭാതസമയത്തിനു് അതു വളരെ ഇണങ്ങുന്ന രാഗമാണു്. നമ്മുടെ പ്രത്യേകരാഗമായി പുറനീരിനെ ഗണിക്കണമെന്നു് എനിക്കു തോന്നുന്നു. ഇന്ദിശയും അതുപോലെതന്നെയാണു്.''

രാഗങ്ങളെ സംബന്ധിച്ച കേരളത്തിന്റെ പ്രത്യേകതകളെപ്പറ്റിയും മറും വിശദീകരിച്ചപ്പോൾ രാഗങ്ങളുടെ പെരുപ്പത്തെപ്പറ്റിയും രസങ്ങളുടെ മിതത്വത്തെപ്പറ്റിയും ഞാൻ കൗതുകത്തിനു മാത്രം ഒന്നാലോചിച്ചുപോയി. എണ്ണമറ്റ രാഗങ്ങളുണ്ടു്. രണ്ടു കൈയുടെ വിരലുകളും മടക്കിയാൽ തീരുന്നത്ര രസങ്ങളുണ്ടു്. ഏതു രാഗവും കാലപ്രമാണംകൊണ്ടു് ഏതു രസത്തിനും ഉതകത്തക്ക ഭാവം കൊടുത്തു പാടിക്കുടേ എന്നും അതല്ലേ അഭിനയസംഗീതത്തിന്റെ കാതൽ എന്നുമുള്ള സംശയം എന്നിൽ തലപൊക്കി. സാങ്കേതികച്ചായ കുറഞ്ഞു് അഭിനയത്തിനും സാഹിത്യത്തിനും പ്രാധാന്യംകൊടുത്തുള്ള ഒരു ഗാനപദ്ധതിയാണോ സോപാനസംഗീതം എന്ന എന്റെ ചോദ്യത്തിനു് അദ്ദേഹം സാങ്കേതി

കമ്പ്രായ സോപാനസംഗീതത്തിൽ കുറയുന്നില്ല എന്നു മുറുകെപ്പിടിച്ചു. സാങ്കേതികമായി ജീവസ്വരങ്ങൾ കൂടുതൽ ഉപയോഗിക്കുന്നതുകൊണ്ട് കേരളീയസംഗീതം കൂടുതൽ ഭാവപ്രധാനമാകുന്നു എന്നു തന്റെ അനുമാനം അദ്ദേഹം ആവർത്തിച്ചു. ചില രസങ്ങൾക്ക് ചില രാഗങ്ങൾ അനുഗുണമാകുമെന്നു സ്ഥാപിക്കുവാനും അതു പ്രത്യേകിച്ചും സോപാനശൈലിയിൽ കൂടുതൽ പ്രകടമാകുമെന്നു കാണിക്കുവാനും അദ്ദേഹം തന്റെ പ്രായാധിക്യത്തെ വകവയ്ക്കാതെ ശങ്കരാഭരണരാഗത്തിൽ, ''കാലേകദായിദഥ കാമിജനാനുകൂലേ'' എന്ന ശ്ലോകം പാടി. സോപാനശൈലിയിൽ ശ്ലോകം പാടുവാൻ ദീക്ഷിച്ചുവരുന്ന ഒരു നിയമം ഇങ്ങനെ സംഗ്രഹിച്ചു: ''ശ്ലോകമാണെങ്കിൽ ആദ്യത്തെ പാദം അവസാനിക്കുന്നതു പഞ്ചമത്തിലും രണ്ടാമത്തെ പാദം അവസാനിക്കുന്നതു താഴത്തെ ഷഡ്ജത്തിലുമായിരിക്കണം. ഈവക നിയമങ്ങൾ കണ്ണാടകസംഗീതത്തിൽ കാണാനില്ല. ഈ നിയമദീക്ഷ ഹൃദ്യവുമാണ്.''

അദ്ദേഹം ഉപസംഹരിച്ചു:

''സോപാനസംഗീതം എന്നു സാധാരണ പറഞ്ഞുവരുന്നതു് മലയാളത്തിന്റെ ഒരു പ്രത്യേകരീതിയാണു്. വാസ്തവത്തിൽ കണ്ണാടകസംഗീതത്തിന്റെ വകഭേദമാണു്, സോപാനസംഗീതം. തെലുങ്കരുടെ സംഗീതം, തമിഴരുടെ സംഗീതം, കണ്ണാടകരുടെ സംഗീതം, കേരളീയരുടെ സംഗീതം ഇവയെല്ലാം ദാക്ഷിണാത്യസംഗീതത്തിൽ പെട്ടതാണെങ്കിലും ഇവയ്ക്കെല്ലാം പ്രത്യേകസ്വഭാവങ്ങളുണ്ടു്. ഒരു പാട്ടു കേട്ടാൽ അതു തമിഴു പാട്ടോ തെലുങ്കുപാട്ടോ എന്നൊക്കെ തിരിച്ചറിയാം. മലയാളികളെ എവിടെവച്ചു കണ്ടാലും സാമാന്യമായി പ്രത്യേകം തിരിച്ചറിയാം. കാരണം, അവരുടെ മുഖഭാവത്തിനും പെരുമാറ്റത്തിനും മറ്റും ചില പ്രത്യേകതകളുണ്ടു്. സംഗീതത്തിനും ഈ വ്യത്യാസമുണ്ടു്. അതുകൊണ്ടു് ദാക്ഷിണാത്യസംഗീതം എല്ലാം ഒന്നാണെന്നു സമ്മതിക്കാൻ എനിക്കു സാധിക്കുന്നില്ല. ഈവക വിഷയങ്ങളിൽ അഭിപ്രായഭേദം ഉണ്ടാകാം. അതുകൊണ്ടു തീച്ചപ്പെടുത്തി പറയാൻ ഞാൻ തുനിയുന്നില്ല. എന്റെ അഭിപ്രായം ഇതാണെന്നു മാത്രം.''

സംഗീതോപാസന ജീവിതവ്രതമാക്കി തന്റെ അഭിപ്രായങ്ങളെ ആവേശപൂർവ്വം സ്ഥാപിക്കാൻ സന്നദ്ധനായി കഴിഞ്ഞിട്ടും മടികാണിക്കാത്ത ശ്രീ ആറ്റൂർ കൃഷ്ണപ്പിഷാരടിയുമായി യാത്രപറയുമ്പോൾ അദ്ദേഹത്തിലെ യൗവനയുക്തനായ കലാകാരനെപ്പറ്റി എനിക്കു മതിപ്പു തോന്നി.

ആധുനിക ചിത്രകലയ്ക്ക് ഒരു മുഖവുര

മലയാറ്റൂർ രാമകൃഷ്ണൻ

ചിത്രകലയുടെ ആധുനികഘട്ടമാരംഭിക്കുന്നതു് രണ്ടു വിപ്ലവങ്ങളുടെ കാഹളത്തോടെയാണു്: ആവിയന്ത്രത്തിന്റെ ആവിർഭാവത്തോടെ ആരംഭിച്ച വ്യവസായവിപ്ലവവും, ജനാധിപത്യത്തിന്റെ കൊടിക്കൂറയേന്തിയ രാഷ്ട്രീയവിപ്ലവവും. ഈ രണ്ടു വിപ്ലവങ്ങളും ഇന്നും തുടർന്നുപോകുന്നു. ഈ വിപ്ലവങ്ങളുടെ ലക്ഷ്യം മൊത്തത്തിൽ, പുരോഗതിയാണെന്നു പറയാം. ഒരുകാലത്തു് മതത്തിനുമാത്രം മനുഷ്യൻ നല്കിപ്പോന്ന വികാരപരമായ അനുസരണയാണു് ഇന്നു് ഇവയ്ക്കു് ലഭിച്ചുപോരുന്നതു്. കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളായി അനുസ്യൂതമായ ശാസ്ത്രപുരോഗതി ഉണ്ടായിട്ടുണ്ടു്; എടുത്തുപറയാവുന്ന നേട്ടങ്ങളുണ്ടായിട്ടുണ്ടു്. പക്ഷേ, സംതൃപ്തിയും ശാന്തിയും സുഖവും തേടിയുഴലുന്ന മനുഷ്യനു് നേട്ടങ്ങളുണ്ടായെന്നു പറയാൻ കഴിയുമോ? ഇവിടെയാണു് നമ്മുടെ കാലഘട്ടത്തിലെ സംഘട്ടനത്തിന്റെ ബീജം സ്ഥിതിചെയ്യുന്നതു്. പരമ്പരാഗതമായ നിയോഗങ്ങളുടെ ശക്തിയും അധികാരപ്രാഭവവും മനുഷ്യനെ പണ്ടു കെട്ടിവരിഞ്ഞിരുന്നുവെന്നതു് നേരാണു്; അതേസമയം ആ കെട്ടുകം അവനെ താങ്ങിനിറുത്തുകയും ചെയ്തിരുന്നു. മനുഷ്യൻ ആ ചങ്ങലകം പൊട്ടിച്ചെറിഞ്ഞിരിക്കുന്നു. ഒരേ സമയത്തുതന്നെ ഭയവും ഉന്മേഷോന്മാദവും ഉള

വാക്കുന്ന സ്വാതന്ത്ര്യത്തോടെ ഇന്നു് അവനു പ്രവർത്തിക്കാൻ കഴിയും. എല്ലാ മൂല്യങ്ങളെയും ചോദ്യത്തിനു വിധേയമാക്കുന്ന ഒരു പുതിയ ലോകത്തിൽ, മനുഷ്യൻ പുതിയൊരന്വേഷണത്തിനിറങ്ങിപ്പുറപ്പെട്ടിരിക്കുന്നു. തന്റെ വ്യക്തിത്വമെന്നാലെന്തു്, ഒറ്റപ്പെട്ട മനുഷ്യന്റെയും സമൂഹമനുഷ്യന്റെയും നിലനില്പിന്റെ അർത്ഥമെന്തു്, എന്നീ പ്രശ്നങ്ങൾ അവനെ അലട്ടുന്നു. തന്നെപ്പറ്റി മുമ്പെങ്ങുമില്ലാത്ത അളവിൽ ഇന്നു് അവനറിയാം. എന്നാൽ അവൻ പ്രതീക്ഷിച്ച മട്ടിൽ, ഈ വിജ്ഞാനം അവനെ സംതൃപ്തനാക്കുന്നില്ല. ആധുനികസംസ്കാരത്തിനു പഴമയുടെ കെട്ടുറപ്പോ, സാന്ദ്രതയോ ഇല്ല. ഷെൽഫുകളും ലേബലുകളും ഉപയോഗിച്ചു കലാപ്രവർത്തനത്തെ കാലത്തിന്റെ അറകളിലൊതുക്കാൻ ബുദ്ധിമുട്ടായിരിക്കും. ഇന്നു് കലയുടെ ചരിത്രം പ്രസ്ഥാനങ്ങളുടെയും എതിർപ്രസ്ഥാനങ്ങളുടെയും ചരിത്രമാണു്. ഈ ചരിത്രത്തിൽ തുടച്ചുയുടെ നൂലുകൾ കാണാനും കഴിയും. ഈ പ്രസ്ഥാനങ്ങൾക്കു്, 'ഇസങ്ങൾ'ക്കു്, ഭാഷാപരമോ, വ്യുത്പർമോ, ഭ്രമിശാസ്ത്രപരമോ ആയ വേലികളില്ല. ആധുനികകല, ആധുനികശാസ്ത്രത്തെപ്പോലെതന്നെ 'ഇൻറർനാഷനലാ'ണു്.

ഈ രണ്ടു പ്രസ്ഥാനങ്ങളുടെയും കാലം 1750 മുതൽ 1850വരെയാണു്. പരസ്പരമാത്സര്യമുള്ള പ്രസ്ഥാനങ്ങളായി എണ്ണപ്പെട്ടിരുന്നെങ്കിലും ഇവ പരസ്പരബന്ധമുള്ള പ്രസ്ഥാനങ്ങളായി ഇപ്പോൾ കണക്കാക്കപ്പെടുന്നു. ക്ലാസ്സിക്കൽ പഴമയുടെ പുനർജ്ജന്മമാണു് നിയോക്ലാസ്സിസിസം. റൊമാൻറിസിസം ഒരു പ്രത്യേകശൈലിയല്ല; ഒരു സമീപനമാണു്; മാനസികഭാവമാണു്. അതുകൊണ്ടുതന്നെ അതു കൂടുതൽ വിശാലമായ ഒരാശയമാണു്—നിർവ്വചിക്കാൻ ബുദ്ധിമുട്ടുള്ള ഒരാശയം. പ്രകൃതിയിലേക്കുള്ള മടങ്ങിപ്പോക്കിനെതിരായിനില്ക്കുന്ന മതിലുകളെ പൊളിക്കുകയെന്നതായിരുന്നു, റൊമാൻറിക്കുകളുടെ പ്രഖ്യാപിതലക്ഷ്യം. മനുഷ്യൻ പ്രകൃതിക്കനുസരണമായി, സ്വാഭാവികമായി പെരുമാറിയാൽ—അവന്റെ പ്രതികരണങ്ങളെ കെട്ടഴിച്ചുവിട്ടാൽ—തിന്മ അപ്രത്യക്ഷമാകുമെന്നും സന്തുഷ്ടിയുണ്ടാകുമെന്നും റൊമാൻറിക്കുകൾ വിശ്വസിച്ചു. പ്രകൃതിയുടെ പേരിൽ അവർ സ്വാതന്ത്ര്യം, ശക്തി, സ്നേഹം, സാഹസം എന്നീ ആശയങ്ങളെ ആരാധിച്ചു; ഗ്രീക്കുകളെയും മധ്യകാലഘട്ടത്തെയും അവർ ഉയർത്തിപ്പിടിച്ചു. വാസ്തവത്തിൽ വികാരത്തെയാണവർ ആരാധിച്ചതു്. വികാരം അന്തിമലക്ഷ്യമാണെന്നമട്ടിൽ. സ്വയംപ്രകാശനത്തിനു് കലാസൃഷ്ടിമാത്രം പോരെന്നും, 'ഡയറക്ടു് ആക്ഷൻ' വേണമെന്നും അവർ കരുതി. അതുകൊണ്ടാണു് നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും മഹത്തായ (ഏറ്റവും നീചമായതും) പല സംവേദങ്ങൾക്കും റൊമാൻറിസിസം പ്രചോദനം നല്കിയതു്.

റൊമാൻറിക്കു് ആട്ടിസ്റ്റിനും ഒരു ശൈലി വേണമല്ലോ. പക്ഷേ, അയാൾ വ്യവസ്ഥിതിക്കെതിരാണു്. അതുകൊണ്ടു നിലവിലുള്ള ശൈലികൾ സ്വീകരിക്കുകവയ്യ. കഴിഞ്ഞ കാലങ്ങളിൽ നിന്നും അയാൾക്കു ബന്ധമുണ്ടെന്നു തോന്നിയ (Elective affinity) ശൈലികൾ അയാൾ തിരഞ്ഞെടുത്തു, എന്നുവെച്ചാൽ, റൊമാൻറിസിസത്തിനു് ഒരൊറ്റ ശൈലിയുണ്ടെന്നു് പറയാൻ വയ്യ. പല ശൈലികളുടെയും പുനരാവിഷ്കരണമാണു് ഈ പ്രസ്ഥാനം നേടിയതു്. അവയിലൊന്നായിരുന്നു നിയോക്ലാസ്സിസിസം.

ഇംഗ്ലണ്ടായിരുന്നു റൊമാൻറിസിസത്തിന്റെ ജന്മസ്ഥലം. വാസ്തുശില്പത്തിലാണു റൊമാൻറിസിസത്തിന്റെ സ്വാധീനം ആദ്യം കണ്ടതു്. ക്ലാസ്സിക്ശൈലിയുടെ ഉറവിടം പുരാതനഗ്രീസ്സിലെ കലയാണെന്ന നിഗമനവും, ഹെർക്കുലേനിയത്തിലും പോംപിയിലും നടന്ന പുരാവസ്തുഖനനവും പതിനെട്ടാംനൂറ്റാണ്ടിന്റെ മദ്ധ്യത്തിലുണ്ടായ പ്രധാനപ്പെട്ട രണ്ടു കാര്യങ്ങളാണു്. പുരാവസ്തുഗവേഷണം ബഹുജനപ്രീതി നേടിയ വിഷയമായിത്തീർന്നു. ക്ലാസ്സിക്കൽ പുനരുത്ഥാനത്തിനു വഴിതെളിഞ്ഞു. ഇതോടൊപ്പം 'ഗോഥിക്കു്' പുനരുത്ഥാനവുമുണ്ടായി. 1800 ആയപ്പോൾ ക്ലാസ്സിക്ശൈലിയെ ഗോഥിക്ശൈലി പുറംതള്ളി. 1836-ൽ നിർമ്മാണമാരംഭിച്ച ലണ്ടനിലെ പാർലമെൻറ്മന്ദിരം ഗോഥിക്പുനരുത്ഥാനത്തിന്റെ ഏറ്റവും വലിയ സ്മാരകമാണു്.

റൊമാൻറിക്ചിത്രകലയുടെ ആദ്യത്തെ ഉപജ്ഞാതാക്കൾ താരതമ്യേന അപ്രശസ്തരായ റാഫേൽ മെംഗ്സ് (Raffael Mengs—ജർമ്മനി), ഗാവിൻ ഹാമിൽട്ടൺ (Gavin Hamilton—സ്കോട്ട്ലണ്ടു്), ജോസഫ് മേരി വീൻ (Joseph Marie Vien—ഫ്രാൻസു്) എന്നിവരാണു്. ബെഞ്ചമിൻ വെസ്റ്റു് (Benjamin West—അമേരിക്ക), ജോൺ സിംഗിൾടൺ കോപ്ലി (John Singleton Copley—അമേരിക്ക) എന്നിവരുടെ പേരുകളും പ്രസ്താവ്യമത്രെ. കോപ്ലിയുടെ 'വാട്സന്റെ സ്രാവു്' എന്ന ചിത്രം റൊമാൻറിക്ഭാവനയുടെ ഏറ്റവും നല്ല മാതൃകയായി കണക്കാക്കപ്പെടുന്നു. ഹവാനാ തുറമുഖത്തിൽ നീന്തിക്കൊണ്ടിരുന്ന വാട്സൻ എന്നൊരാളെ ഒരു സ്രാവു് ആക്രമിച്ചു. വാട്സൻ അത്ഭുതകരമാംവണ്ണം രക്ഷപ്രാപിച്ചു. ഈ സംഭവത്തെ ആസ്പദമാക്കി കോപ്ലി വരച്ച ചിത്ര

ത്തിലെ സ്രാവ് തിന്നയുടെ ഭീകരപ്രതീകമായും, സ്രാവിനെ ബോട്ടിൽ നിന്നുകൊണ്ടു ചാട്ടുളിയുമായി നേരിടുന്നയാൾ സാത്താനെ നേരിടുന്ന മാലാഖയായും, വെള്ളത്തിൽ കിടന്നു പിടയുന്ന ഒരു നഗ്നബാലൻ മൃത്തിയുടെയും നാശത്തിന്റെയും മദ്ധ്യത്തിൽപ്പെട്ടു ഞെരുങ്ങുന്ന മനുഷ്യനായും മാറുന്നു. ഒരു സ്വകാര്യവ്യക്തിക്കുണ്ടായ അനുഭവത്തിനു് ഐതിഹ്യങ്ങളുടെ വികാരപരതയും പ്രതീകാത്മകസ്വഭാവവും നല്കുകയെന്നതു റൊമാൻറിസിസത്തിന്റെ സ്വഭാവമായിരുന്നു.

പ്രകൃതിദൃശ്യങ്ങളും വരച്ച കോൺസ്റ്റബിളും (Constable—ഇംഗ്ലണ്ടു്), ടേണർ (Turner—ഇംഗ്ലണ്ടു്) എന്നിവരും ഡേവിഡു് (David—ഫ്രാൻസു്), ജെറിക്കോൾടു് (Gericault—ഫ്രാൻസു്), ഡെലാക്രോ (Delacroix—ഫ്രാൻസു്), ഡോമിയർ (Daumier—ഫ്രാൻസു്), ഗോയ (Goya—സ്പെയിൻ) എന്നിവരുമാണു് ഏറ്റവും പ്രശസ്തരായ റൊമാൻറിക് ചിത്രകാരന്മാർ. ഇവരിൽ ഡോമിയറുടെ ശൈലി ഒട്ടൊക്കെ റീയലിസത്തോടടുക്കുന്നതാണു്.

ഫ്രഞ്ചു കവിയും കലാനിരൂപകനുമായ ചാൾസു് ബാഡ്ലെയർ (Charles Baudelaire) 1846—ൽ, ആധുനികജീവിതത്തിന്റെ പൗരുഷവും പ്രാഭവവും പ്രകടമാക്കുന്ന ചിത്രങ്ങൾ ഉണ്ടാകണമെന്നു് ആഹ്വാനംചെയ്തു. അദ്ദേഹത്തിന്റെ സുഹൃത്തായ കോർബെ (Courbet) എന്ന ചിത്രകാരൻ ഈ ആഹ്വാനം ചെവിക്കൊണ്ടു. ഒരു ഗ്രാമീണനും സോഷ്യലിസ്റ്റുമായിരുന്ന കോർബെ, റൊമാൻറിസിസത്തിലെ ഭാവന, കാലഘട്ടത്തിന്റെ സത്യങ്ങളിൽനിന്നുള്ള ഒളിച്ചോട്ടമാണെന്നു വിശ്വസിച്ചു. ഒരിക്കൽ അദ്ദേഹം പറഞ്ഞു: ''എനിക്കൊരു മാലാഖയെ വരയ്ക്കാൻ സാദ്ധ്യമല്ല; കാരണം, ഞാൻ ഒരു മാലാഖയെ കണ്ടിട്ടില്ല.'' സാധാരണക്കാരുടെ ജീവിതത്തിൽനിന്നും ആവേശംകൊണ്ടു കോർബെ വരച്ച ചിത്രങ്ങൾക്കു് അക്കാഡമികളിൽ സ്ഥാനം കിട്ടിയില്ല. 1855—ൽ നടന്ന 'പാരിസു് എക്സ്പൊസിഷൻ' അദ്ദേഹത്തിന്റെ ചിത്രങ്ങൾ തിരസ്കരിക്കപ്പെട്ടതു പ്രപഞ്ചാതീതമായ പുതിയ രൂപവിശേഷങ്ങൾ ചിത്രതലത്തിൽ ആവിഷ്കരിച്ചു് അനുവാചകനു പ്രദാനംചെയ്യുന്നു. ഇതു കാഴ്ചക്കാരന്റെ സങ്കല്പത്തിനു വിരുദ്ധമായിരുന്നേക്കാം. മനുഷ്യരാശിയുടെ സങ്കല്പം എല്ലാം ഒരുപോലെയല്ലല്ലോ. അതുകൊണ്ടു് പ്രേക്ഷകന്റെ ഭാവനയ്ക്കു് സമാന്തരമായി ചിത്രകാരനു ഭാവന ഉണ്ടാകാൻ അവസരമുണ്ടോ? അഥവാ ഉണ്ടാകണമെന്നു് അനുവാചകൻ ആഗ്രഹിക്കുന്നതു യുക്തമാണോ? അതു് അസാദ്ധ്യമായ ഒരു ഏർപ്പാടല്ലേ? ചിത്രകാരന്റെ അന്തസ്സത്തയിൽ രൂപംകൊള്ളുന്ന സൗന്ദര്യാനുഭൂതിയുടെ ബഹിർസ്ഫുരണമാണു നാം അയാളുടെ കലാസൃഷ്ടിയിൽ ദർശിക്കുന്നതു്. ഇവയൊന്നും നമുക്കു നിത്യപരിചയമുള്ള രൂപവിശേഷങ്ങളല്ല. ചിത്രകാരനോടൊപ്പം നിർവിവാദമനഃസ്ഥിതിയും സ്വീകരണക്ഷമതയും അനുവാചകനുണ്ടായാൽ ഇത്തരം കലാസൃഷ്ടികൾ അത്ഭുതാവഹവും, അരോചകവുമായിത്തോന്നുകയില്ല. എന്നാൽ താൻ കാണുന്ന ചിത്രങ്ങളിൽ കഥാകഥനങ്ങളും, സാരോപദേശങ്ങളും ചിരപരിചയവസ്തുക്കളും മാത്രം പ്രതീക്ഷിക്കുന്ന പ്രേക്ഷകനു് ഇത്തരം

ആധുനികാലികചിത്രകല

എസ്. എൽ. ലാറിയസ്

ആധുനികചിത്രകാരന്റെ പ്രമേയം സ്ഥൂലരൂപങ്ങളുടെ ചിത്രീകരണമല്ല. സ്വപ്നപ്രപഞ്ചത്തിലെ വർണ്ണനാതീതവും ഇന്ദ്രിയാഗോചരവുമായ അമൂർത്തപ്രതിഭാസങ്ങളാണു് അയാളുടെ ഇന്നത്തെ ചൈത്രികവിഷയം. പ്രപഞ്ചത്തിൽ ദർശിക്കപ്പെടാത്ത എത്രയോ സുന്ദരസ്വപ്നങ്ങൾ, അത്ഭുതവ്യാപാരങ്ങൾ നാം സ്വപ്നമണ്ഡലത്തിൽ ദർശിക്കാതിരിക്കുന്നില്ല! ഈ സുന്ദരസ്മരണകളും, സ്വപ്നസങ്കല്പങ്ങളും, ഭാവനകളും സഹജീവികൾക്കും പകർന്നുകൊടുക്കേണ്ട മഹത്തായ കർത്തവ്യം ഒരു കലാകാരനുണ്ടല്ലോ. മൂകഭാഷിയായ ചിത്രകാരനു് അതിനുവേണ്ടിയുള്ള ഉപാധികൾ വരയും വർണ്ണവും മാത്രമാണു്. ഇവയിൽക്കൂടി തന്റെ ഉപബോധമനസ്സിൽ ദർശി

ച്ചപ്പോഴും, കോർബെ, ഒരു സ്വകാര്യപ്രദർശനം സംഘടിപ്പിക്കുകയും റീയലിസത്തെപ്പറ്റിയുള്ള ഒരു മാനിഫെസ്റ്റോ പുറപ്പെടുവിക്കുകയുംചെയ്തു. 1849–ൽ കോർബെ വരച്ച 'കല്ലുടയ്ക്കുന്നവർ' (Stone Breakers)എന്ന ചിത്രത്തെ സോഷ്യലിസ്റ്റായ പ്രൗധൻ (Proudhon) ബൈബിൾസന്മാർഗ്ഗകഥകളോടു് ഉപമിക്കുകയുണ്ടായി.

എഡ്വാർഡ് മാനേ(Edouard Manet–ഫ്രാൻസ്–1832–1883) ആണു് കോർബെയുടെ പ്രാധാന്യം മനസ്സിലാക്കിയ ആദ്യത്തെ ചിത്രകാരൻ. 'Luncheon on the Grass' എന്ന അദ്ദേഹത്തിന്റെ ചിത്രം ഉണ്ടാക്കിയ ഒച്ചപ്പാടു് കുറച്ചൊന്നുമായിരുന്നില്ല. ഫ്രോക്കോട്ടു് ധരിച്ച രണ്ടു പുരുഷന്മാരും നഗ്നയായ ഒരു സ്ത്രീയുംചേർന്ന ലഞ്ചുകഴിക്കുന്നതാണീ ചിത്രം. ഒരുപക്ഷേ, ഇതിനെ ഒരു 'ചിത്രമാനിഫെസ്റ്റോ' ആയി മാനേ കണക്കാക്കിയിരിക്കാം. കലാപരമായ അനുഭൂതി പകരാൻ ഏതിനം വസ്തുക്കളെയും ഒന്നുചേർത്തു് ഒരു 'കോമ്പസിഷൻ' ഉണ്ടാക്കാമെന്നാണു് മാനേ സൂചിപ്പിച്ചതു്. മാംസത്തിന്റെ നിറവും ഫ്രോക്കോട്ടുകളുടെ കറുപ്പു്–ചാര വർണ്ണങ്ങളും തമ്മിലുള്ള വ്യതിരേകം കോമ്പസിഷനെ സഹായിക്കുന്നതുകൊണ്ടു്, അദ്ദേഹം സ്ത്രീയെ നഗ്നയാക്കി. പ്രകൃതിനിയമങ്ങളിൽനിന്നും ഭിന്നമായ സ്വന്തം നിയമങ്ങൾ ചിത്രകലയ്ക്കുണ്ടെന്നും, ചിത്രകാരന്റെ കടപ്പാടു് അയാളുടെ ക്യാൻവസിനോടു മാത്രമാണെന്നും മാനേ പറഞ്ഞു. 'കല കലയ്ക്കുവേണ്ടി' എന്ന മുദ്രാവാക്യത്തിന്റെ തുടക്കമായിരുന്നു, ഈ സമീപനം. പരന്ന ക്യാൻവസിൽ ത്രിമാനപ്രതീതിയുണ്ടാക്കാൻ ചിത്രകല അന്നോളം സ്വീകരിച്ചുപോന്ന മാർഗ്ഗങ്ങളെ മാനേ തിരസ്കരിച്ചു. ഒരു ചീട്ടിനെപ്പോലെ പരന്നതാണു് മാനേയുടെ ചിത്രങ്ങളെന്നു കോർബെ പറയാനിടയായതു് ഇതുകൊണ്ടാണു്. ശുദ്ധചിത്രകലയുടെ ആദ്യത്തെ ഉപാസകൻ മാനേ ആണെന്നു പറയാം. ചായംതേച്ച ക്യാൻവസ് പരമപ്രധാനമായും സംയോജിത വർണ്ണങ്ങളുടെ ഒരു തലമാണെന്നും, ആസ്വാദകൻ

കൃതികളും ഹൃദ്യമായിത്തോന്നുകയില്ല. ഓരോ അനുവാചകന്റെയും അനുഭൂതിക്കും, പ്രതീക്ഷയ്ക്കും, ഇംഗിതത്തിനും അനുസൃതമായി ഏതൊരു കലാകാരനു് കലാശില്പങ്ങളും സൃഷ്ടിക്കാൻ കഴിയും? ഈദൃശവാദഗതിക്കാരായ പ്രേക്ഷകർ അവരുടെ ഇംഗിതത്തിനു് അനുയോജ്യമായ കലാശില്പങ്ങളും സ്വയമേവ സൃഷ്ടിക്കുകയാണു വേണ്ടതു്. അല്ലാതെ കലാകാരൻ അനുവാചകന്റെ ആശയഗതിക്കു യോജിച്ച ശില്പങ്ങളേ നിർമ്മിക്കാവൂ എന്നു ശഠിക്കുന്നതു ന്യായമാണോ? തന്റെ ഇംഗിതത്തിനും ആശയത്തിനും ഇണങ്ങിയ വിധം ഒരു നിമിഷംകൊണ്ടു ഗ്രഹിക്കത്തക്ക രീതിയിൽ ഒരു കവി കാവ്യം സൃഷ്ടിക്കണമെന്നും, സംഗീതജ്ഞൻ ഗാനമാലപിക്കണമെന്നും ഒരു അനുവാചകൻ ആഗ്രഹിക്കുന്നതും നിബ്ബന്ധിക്കുന്നതും കലാനീതിക്കു് ഒട്ടുംതന്നെ യോജിച്ചതല്ലല്ലോ. അതിനു സ്വന്തം കവിതയും, ഗാനവും, ചിത്രവും തന്നത്താൻ നിർമ്മിക്കുന്നതായിരിക്കും അയാൾക്കു ഹൃദ്യമായിട്ടുള്ളതു്.

ചിത്രകലയുടെ അടിസ്ഥാനതത്ത്വങ്ങളും, സാമാന്യസങ്കേതങ്ങളും ഗ്രഹിച്ചിട്ടുള്ള ഒരുത്തനു് ആധുനികകല ആസ്വദിക്കുന്നതിനു വിഷമംനേരിടുമെന്നു തോന്നുന്നില്ല. രേഖ, വർണ്ണം, തലം, ഖണ്ഡം എന്നിവയുടെ പ്രഭാവങ്ങളും, താളം, ലയം, സംതുലനം, രേഖവർണ്ണാദികളുടെ സംയോജനം, വീക്ഷണസിദ്ധാന്തം ആദിയായ മൗലികഘടകങ്ങളും മനസ്സിലാക്കിയാൽ ഈ പ്രമാണങ്ങളുടെ വെളിച്ചത്തിൽ ആധുനികകല ഏറെക്കുറെ മനസ്സിലാക്കാൻ കഴിയും. വൃത്തം, വ്യാകരണം, അലങ്കാരം, കാവ്യമീമാംസ മുതലായവ ധരിച്ചിട്ടുള്ള ഒരാളിനെപ്പോലെ സാഹിത്യത്തിലെ സാരസ്യം ഒരു സാധാരണക്കാരനു് ആസ്വദിക്കാൻ സാധിക്കുകയില്ലല്ലൊ. അതുപോലെ സംഗീതം, കഥകളി മുതലായവ നിഷ്കൃഷ്ടമായി ആസ്വദിക്കുന്നതിനു് രാഗം, താളം, ശ്രുതി, മുദ്രകൾ ആദിയായവയെപ്പറ്റിയുള്ള ജ്ഞാനം അത്യന്താപേക്ഷിതമാണു്. ചിത്രകലയുടെ പ്രാഥമികതത്ത്വങ്ങൾപോലും ഗ്രഹിച്ചിട്ടില്ലാത്തവർ ആധുനികചിത്രകലയിൽ കഴമ്പില്ലെന്നും, അതു വെറും ആഭാസപ്രകടനമാണെന്നും, അതുപോലെ ആർക്കും എന്തും കുത്തിവരച്ചു കാട്ടാമെന്നും മറ്റും പറഞ്ഞു ശകാരവർഷംകൊണ്ടു് ഈ നവീനശൈലിയെ മുദ്രകുത്തുന്നതു ന്യായമാണോ?

ആ തലത്തെ നോക്കണമെന്നും അതിലൂടെ (ചിത്രത്തിന്റെ വിഷയത്തെത്തേടി) നോക്കരുതെന്നും പറഞ്ഞ മാനേ, തന്റെ ശൈലിക്കു പേരൊന്നും നല്കിയില്ല. പക്ഷേ, അദ്ദേഹത്തിന്റെ ശിഷ്യന്മാർ 'ഇമ്പ്രഷനിസ്റ്റുകൾ' എന്ന ലേബൽ സ്വീകരിച്ചു. ക്ലോഡ് മോണെ (Claude Monet—ഫ്രാൻസ്, 1840—1926) 1874-ൽ 'ഇമ്പ്രഷൻ=സൂര്യോദയം' എന്ന ചിത്രം വരച്ചതിനെത്തുടർന്നാണ് ഇമ്പ്രഷനിസമെന്ന ലേബലുണ്ടായതു്. മാനേയുടെ കാല്പാടുകൾ പിന്തുടർന്ന മോണെ പ്രകൃതിദൃശ്യങ്ങൾ വരച്ചു. മാനേയുടേതിനെക്കാൾ 'പരന്ന' ചിത്രങ്ങളാണു മോണെയുടേതു്. വണ്ണങ്ങളുടെ പൊട്ടുകളുപയോഗിച്ച ക്യാൻവസിൽ സൂര്യപ്രകാശത്തിന്റെ സന്നിവേശം സാധിച്ച മോണെയുടെ ഒരു പ്രസിദ്ധ ചിത്രമാണു 'നദി'.

ഡാൻസ്ഹാളുകളും തിയേറ്ററുകളും കഫേകളും ഇമ്പ്രഷനിസ്റ്റ് ചിത്രകാരന്മാർക്കു പ്രിയംകരമായ വിഷയങ്ങളായിരുന്നു. റെനോയർ (Renoir), ഡെഗാസ് (Degas) എന്നിവരുടെ പേരുകളും എടുത്തു പറയേണ്ടതുണ്ടു്.

'ലീജിയൺ ഓഫ് ഓണറി'ലെ ഷെവലിയർപദവി നല്കി 1882-ൽ മാനേയെ ഫ്രഞ്ചു് ഗവണ്മെന്റ് ബഹുമാനിച്ചു. ഇമ്പ്രഷനിസം ഒരു പ്രസ്ഥാനമെന്ന നിലയിൽ അംഗീകാരം നേടിക്കഴിഞ്ഞിരുന്നു. 1886-ലായിരുന്നു ഇമ്പ്രഷനിസ്റ്റുകളുടെ അവസാനത്തെ ഗ്രൂപ്പുപ്രദർശനം. അംഗീകാരം കിട്ടിക്കഴിഞ്ഞപ്പോൾ ഇമ്പ്രഷനിസത്തിനു മാർഗ്ഗദർശനം നടത്താനുള്ള കഴിവു നഷ്ടപ്പെട്ടു. ഭാവി പോസ്റ്റ് ഇമ്പ്രഷനിസ്റ്റുകളുടേതായിരുന്നു.

1880-നു ശേഷം രംഗത്തു വന്ന പ്രമുഖചിത്രകാരന്മാരെയെല്ലാംതന്നെ പോസ്റ്റ് ഇമ്പ്രഷനിസ്റ്റുകളെന്നു വിളിക്കാം. ഇവരെല്ലാം ഇമ്പ്രഷനിസത്തിലൂടെ വളർന്നവരും, ആ ശൈലിയുടെ പരിമിതികളെപ്പറ്റി ബോധവാന്മാരായതിനാൽ പുതിയ പാതകൾ വെട്ടിത്തുറന്നവരുമാണു്. അവർക്കു പൊതുവായ ലക്ഷ്യമോ മാർഗ്ഗമോ ഉണ്ടായിരുന്നില്ല. അതുകൊണ്ടാണു പോസ്റ്റ് ഇമ്പ്രഷനിസ്റ്റെന്ന പൊതുലേബൽമാത്രം ഉപയോഗിക്കാൻ ഇടവരുന്നതു്. 'Luncheon on the Grass' എന്ന ചിത്രത്തിലൂടെ മാനേ ആരംഭിച്ചുവച്ച പ്രസ്ഥാനത്തിന്റെ തുടർച്ചയായിരുന്നു, പോസ്റ്റ് ഇമ്പ്രഷനിസം.

പോസ്റ്റ് ഇമ്പ്രഷനിസത്തിലെ അതികായനാണു് സെസാൻ (Cezanne). മാനേയെപ്പോലെ സെസാനും ചിത്രകലയുടെ അംഗീകൃതസിദ്ധാന്തങ്ങളെ ബോധപൂർവ്വം തിരസ്കരിച്ചു. ചിത്രസംവിധാനത്തിനതീതമെങ്കിൽ വസ്തുക്കളുടെ ബാഹ്യരൂപം ഉപേക്ഷിക്കാവുന്നതാണെന്നു് സെസാൻ തെളിയിച്ചു. പ്രകൃതിയിൽ കാണുന്നതെന്തും Cone, Sphere, Cylinder എന്നീ രൂപങ്ങളിൽ അധിഷ്ഠിതമാണെന്നു കരുതിയ അദ്ദേഹം, വസ്തുക്കളെ ലളിതമായി ആവിഷ്കരിക്കുകയും വികൃതപ്പെടുത്തുകയും (Distortion) ചെയ്തു. ആപ്പിളുകളും കിണ്ണങ്ങളും അദ്ദേഹത്തിന്റെ ചിത്രരചനയ്ക്കു വിഷയങ്ങളായി. തന്റെ പുതിയ ശൈലിയിൽ അദ്ദേഹം ഒരു മലയുടെ ചിത്രം (Mount Sainte Victoire) തുടരെത്തുടരെ വരച്ചു.

സൂറാ (Seurat), ലാടെക് (Lautrec), വാൻഗോ (Van Gogh), ഗൊഗാൻ (Gauguin) എന്നിവരുടെ ചിത്രശൈലികളെപ്പറ്റിപ്പറഞ്ഞാലേ പോസ്റ്റ് ഇമ്പ്രഷനിസത്തിന്റെ കഥ പൂർത്തിയാകൂ. ഒരു ഹ്രസ്വലേഖനത്തിലൊതുക്കാവുന്നതല്ല, ഈ കഥ. അതുകൊണ്ടു് അതിനു മുതിരുന്നില്ല.

1901-നും 1905-നുമിടയ്ക്കു് സെസാൻ, വാൻഗോ, ഗൊഗാൻ എന്നിവരുടെ ചിത്രങ്ങൾ പലതവണ പാരീസിൽ പ്രദർശിപ്പിക്കപ്പെട്ടു. ഈ ചിത്രങ്ങളുടെ സ്വാധീനമുൾക്കൊണ്ട പല ചിത്രകാരന്മാരും കടുംവണ്ണങ്ങളുപയോഗിക്കാനും, കടന്ന മട്ടിലുള്ള Distortion നടത്താനും മുതിർന്നു. ഇക്കൂട്ടർ 1905-ൽ നടത്തിയ ഒരു പ്രദർശനം കലാലോകത്തെ നടുക്കിക്കളഞ്ഞു. അവയ്ക്കൊരു പേരുകിട്ടി: Fauves—'വന്യമൃഗങ്ങൾ.'

വന്യമൃഗങ്ങളിലെ പ്രമുഖൻ മത്തീസ് (Matisse) ആയിരുന്നു. ഇരുപതാംനൂറ്റാണ്ടിലെ ചിത്രകലയുടെ പിതാവു് അദ്ദേഹമാണെന്നു വിമർശകർ പറയാറുണ്ടു്. പരന്നതലത്തിൽ വരയും വണ്ണവും താളലയങ്ങളോടെ സംയോജിപ്പിക്കുക മാത്രമല്ല പെയിന്റിംഗിന്റെ ധർമ്മമെന്നും, കാതലായ കാര്യം 'എക്സ്പ്രഷൻ' ആണെന്നും മത്തീസ് കരുതി. ഈ വാക്കുകൊണ്ടു് അദ്ദേഹം ഉദ്ദേശിച്ചതു മനുഷ്യന്റെ മുഖഭാവമല്ല, ചിത്രരചനാവിഷയമാക്കപ്പെട്ട വസ്തുവിന്റെ എക്സ്പ്രഷനല്ല ചിത്രമൊട്ടാകെ നല്കുന്ന എക്സ്പ്രഷനാണു്. മത്തീസ് ചിത്രങ്ങൾക്കു് ആകർഷകമായ അലങ്കരണസ്വഭാവം (Decorative quality) ഉണ്ടു്.

1905-നു മുൻപുതന്നെ പിക്കാസ്സോ (Picasio) യെപ്പറ്റി കലാലോകം കേട്ടിരുന്നു. അക്കാലം വരെ താനുപയോഗിച്ചുപോന്ന ശൈലി (Blue-period) ഉപേക്ഷിച്ച അദ്ദേഹം, കൂടുതൽ ശക്തിമത്തായ ഒരു ശൈലിക്കുവേണ്ടി പരിശ്രമിച്ചു. മത്തീസ്സിനെപ്പോലെ പിക്കാസ്സോയും ഗൊഗാൻ, സെസാൻ എന്നിവരെ ആരാധിച്ചു. പക്ഷേ, ഈ ആരാധന മത്തീസ്സിൽനിന്നും വിഭിന്നമായ ഒരു കാഴ്ചപ്പാടിലൂടെയായിരുന്നു.

'Joy of life' എന്നൊരു മത്തീസ്സ്ചിത്രമുണ്ടു്. അതിനു ബദലെന്നോണം 1906—1907—ൽ പിക്കാസ്സോ ഒരു ചിത്രം വരച്ചു—Les Demoiselles d' avignon—'ആവിഗ്നോണിലെ ചെറുപ്പക്കാരികൾ.' ഈ ചിത്രം മത്തീസ്സിനെപ്പോലും അമ്പരപ്പിച്ചു. തുടക്കത്തിൽ ഒരു വേശ്യാലയത്തിലെ മദാലസകളുടെ ചിത്രം വരയ്ക്കാനാണു് പിക്കാസ്സോ ഒരുമ്പെട്ടതു്. പക്ഷേ, വരച്ചുതീർന്ന ചിത്രം, അഞ്ചു നഗ്നകളുടെയും ഒരു നിശ്ചലദൃശ്യത്തിന്റെയും (Still life) കോമ്പസിഷനായിരുന്നു. എന്തൊരു നഗ്നകം! മൂർച്ചയുള്ള കോണുകളുപയോഗിച്ചു വികൃതമാക്കപ്പെട്ട ക്ലാസ്സിക്കൽരൂപങ്ങളാണു മൂന്നുപേർ. മറ്റു രണ്ടുപേരുടെയും ശരീരങ്ങളും പ്രകൃതിയുടെ സൃഷ്ടിയെ വിഘടിപ്പിച്ചശേഷം പിക്കാസ്സോതന്നെ നടത്തിയ പുനഃസൃഷ്ടിയാണു്. ഒരു വിമർശകൻ പറഞ്ഞപോലെ പിക്കാസ്സോചിത്രങ്ങളും, പൊട്ടിയകപ്പിച്ചില്ലുകളും പരന്നു കിടക്കുന്ന ഒരു തലത്തെ അനുസ്മരിപ്പിക്കാൻ തുടങ്ങി. രൂപങ്ങളെ ബോധപൂർവ്വം വിഘടിപ്പിക്കുകയും തകർക്കുകയുംചെയ്ത പിക്കാസ്സോ ആദ്യം നമ്മെ ഞെട്ടിപ്പിക്കുന്നു. ഈ ഞെട്ടൽ അവസാനിച്ചു കഴിയുമ്പോൾ നമുക്കു മനസ്സിലാകും, പിക്കാസ്സോ ക്രമീകൃതമായ നശീകരണമാണു നടത്തുന്നതെന്നു്. ആളുകളും പശ്ചാത്തലവും കോണുകളായി മാറ്റപ്പെട്ടിട്ടുണ്ടെങ്കിലും ക്യാൻവസ് 'പരന്നതല്ല', ത്രിമാനപ്രതീതിയുളവാക്കുന്നതുതന്നെയാണു്. ബാഹ്യലോകത്തിന്റെ നേർക്കു പിടിച്ച ഒരു കണ്ണാടിയല്ല പിക്കാസ്സോയുടെ ക്യാൻവസ്. അവയ്ക്കു തനതായ ഒരു ലോകമുണ്ടു്. ചിത്രങ്ങളിൽ നിറഞ്ഞുകണ്ട കോണുകളും ഈ ശൈലിക്കു 'ക്യൂബിസം' എന്ന പേർ നല്കാൻ അന്നത്തെ വിമർശകരെ പ്രേരിപ്പിച്ചു. പ്രകൃതിയുമായി ഒളിച്ചുകളിക്കുകയായിരുന്ന പിക്കാസ്സോ, എന്നു പറയാം. അമൂർത്തകലയാണു ക്യൂബിസമെങ്കിലും വസ്തുനിഷ്ഠമായ രംഗങ്ങളുംതന്നെയാണു് പിക്കാസ്സോകലയുടെ ഉറവിടം. സ്വന്തം സർഗ്ഗശക്തിയുടെ കടിഞ്ഞാണഴിച്ചുവിടാൻ അദ്ദേഹത്തിനു പ്രകൃതിയും ബാഹ്യലോകവും ആവശ്യമാണു്.

1910 ആയപ്പോഴേക്കും ക്യൂബിസം പ്രചാരംനേടി. ഇതേ ശൈലിയിൽ മറ്റു പലരും ചിത്രരചന നടത്തി. ഇവരിൽ പ്രമുഖൻ ബ്രാക് (Georges Braque) ആയിരുന്നു. ബ്രാക്കും പിക്കാസ്സോയും ക്യാൻവസിൽ ലോഹത്തകിടുകളും, കയറും മുതലായവ ഒട്ടിച്ചുചേർത്തു കൊളാഷ് ക്യൂബിസം (Collaze Cubism) എന്ന ശൈലിക്കു രൂപം നല്കി. ക്രമേണ ഇങ്ങനെ ഒട്ടിച്ചുവയ്ക്കാതെതന്നെ 'കൊളാഷ്' ഇഫക്റ്റുണ്ടാക്കാമെന്നായി. കൊളാഷ് ക്യൂബിസത്തിന്റെ മഹത്തായ മാതൃകയാണു് പിക്കാസ്സോയുടെ 'മൂന്നു ഗായകർ' എന്ന ചിത്രം. കടലാസ് വെട്ടിയൊട്ടിച്ച മട്ടിലാണു് ഈ ചിത്രം വരച്ചിരിക്കുന്നതു്.

അമൂർത്തചിത്രകലയുടെ കറതീർന്ന ഉദാഹരണമാണു് ഡച്ചു് ചിത്രകാരനായ മോണ്ട്റിയാന്റെ (Mondrian, 1872—1944) ചിത്രങ്ങളും. കുറുകെയും നെടുകെയുമുള്ള ഋജുരേഖകളും ചുവപ്പു്, നീല, മഞ്ഞ എന്നീ വർണ്ണങ്ങളും മാത്രമുപയോഗിച്ചു വരയ്ക്കപ്പെട്ട ഇദ്ദേഹത്തിന്റെ ചിത്രങ്ങളും പ്രശസ്തങ്ങളാണു്. ഈ ചിത്രങ്ങൾക്കു 'വിഷയം' ഇല്ല.

ഈ നൂറ്റാണ്ടിലെ മറ്റൊരു ധാരയാണു ഫാൻടസിചിത്രങ്ങളും. ചഗാൾ (Chagall), ക്ലീ (Klee), മീറോ (Miro), ദാലി (Dali), പോളക് (Pollock) മുതലായ പ്രശസ്തന്മാർ ഈ ശൈലിയുടെ പ്രണേതാക്കളാണു്.

എന്റെ ഓട്ടപ്രദക്ഷിണത്തിന്റെ അവസാനമായി, വിപുലമായ ഒരു വിഷയത്തെപ്പറ്റി ചുരുക്കിപ്പറയുകയെന്ന സാഹസമാണു ഞാൻ നടത്തിയതു്. ചിത്രകലയുടെ കഥ തുടരുന്നു. അമൂർത്തകലയെപ്പോലും 'പഴഞ്ചനാ'ക്കുന്ന പുതിയ സങ്കേതങ്ങളും ഇന്നു് പടിഞ്ഞാറൻ രാജ്യങ്ങളിൽ ഉദയംചെയ്യുകയാണു്. ഫോട്ടോഗ്രഫിയുടെ ആവിർഭാവത്തെത്തുടർന്നാണു പുതിയ ശൈലികളും ഉടലെടുത്തതു്. കണ്ടതു കണ്ടപോലെ പകർത്തിവയ്ക്കാൻ ക്യാമറ മതിയെന്നും സർഗ്ഗശക്തിയുള്ള കലാകാരനു ക്യാമറയാകാൻ സാധ്യമല്ലെന്നുമുള്ള വിശ്വാസമാണു് ആധുനികകലയുടെ അടിസ്ഥാനപ്രമാണം. തുടക്കത്തിൽ പറഞ്ഞപോലെ ചിത്രകലയുടെ ഭാഷ ദേശീയമല്ല, സാർവ്വദേശീയമാണു്. ചിത്രകല ഇനിയും അമ്പരപ്പിക്കുന്ന പുത്തൻ പാതകളും വെട്ടിത്തുറന്നുവെന്നുവരാം. നല്ല കലയെന്താണു്, ചീത്തക്കലയെന്താണു് എന്നു കണ്ടുപിടിക്കാൻ നിയമങ്ങളും വകുപ്പുകളുമില്ല. ക്ലാസ്സിക്കുകൾക്കുപോലും ഉയർച്ചയും താഴ്ചയുമുണ്ടായിട്ടുണ്ടു്. കാരണം, കലയുടെ ചരിത്രം പ്രധാനമായും അഭിരുചിയുടെ ചരിത്രമാണു്. അംഗീകൃതമൂല്യങ്ങളെ ധ്വംസിക്കുകയും അവഗണിക്കപ്പെട്ടുപോന്നവയെ അംഗീകൃതമൂല്യങ്ങളായി മാറ്റുകയും ചെയ്യുന്ന സ്വഭാവം എക്കാലത്തും കലയ്ക്കുണ്ടായിട്ടുണ്ടു്. ചിത്രകലാസ്വാദനത്തിന്റെ കാര്യത്തിൽ നാം പലപ്പോഴും ഒരു അബദ്ധം കാണിച്ചുപോകുന്നു. നമുക്കു മനസ്സിലാക്കാൻ കഴിയാത്ത ചിത്രങ്ങളെപ്പറ്റി നാം പറയും: ''എനിക്കിതിഷ്ടമായില്ല.'' നാം തുടർന്നുപോകും: ''എനിക്കിഷ്ടപ്പെട്ടതെന്താണെന്നു് എനിക്കറിയാം,'' കലയോടുള്ള ഈ

സമീപനം പ്രാകൃതമാണു്. കലാകാരനും ആസ്വാദകനും തമ്മിൽ എല്ലാ കാലഘട്ടങ്ങളിലും ആശയവിനിമയത്തിന്റെ (Communication) പ്രശ്നമുണ്ടായിട്ടുണ്ടു്. ഈ റോഡു്–ബ്ലോക്കു് മാറിക്കിട്ടണമെങ്കിൽ ആസ്വാദകനു് കലയെപ്പറ്റി മൊത്തത്തിലൊരു ബോധംവേണം. പലപ്പോഴും ''എനിക്കിഷ്ടപ്പെട്ടതെന്താണെന്നു് എനിക്കറിയാം'' എന്ന പ്രസ്താവനയുടെ അർത്ഥം ''എനിക്കറിയാവുന്നതിനെ ഞാൻ ഇഷ്ടപ്പെടുന്നു''എന്നാണു്. ഈ സമീപനം ശരിയല്ലെന്നു സ്ഥാപിക്കാൻ വാദമുഖങ്ങളൊന്നുമാവശ്യമില്ല.

തുറന്ന മനസ്സോടെ കലാസ്വാദനം നടത്താൻ നമുക്കു ശ്രമിക്കാം. രണ്ടു നൂറ്റാണ്ടുകളുടെ പ്രവാഹങ്ങളിൽനിന്നും വിട്ടുമാറിനില്ക്കാൻ കഴിയുമെന്ന മൂഢസങ്കല്പം നമുക്കുപേക്ഷിക്കാം.

മലയാള പ്രഹസന പ്രസ്ഥാനം

ആനന്ദക്കുട്ടൻ

ഇംഗ്ലീഷിലെ 'ഫാഴ്സ്' എന്ന പദത്തിന്റെ മലയാളരൂപമാണു് പ്രഹസനം. ഭരതന്റെ നാട്യശാസ്ത്രത്തിൽ ദശരൂപകങ്ങളായി നാടകങ്ങളെ വകതിരിച്ചിട്ടുണ്ടു്. ഇംഗ്ലീഷിലും, നാടകത്തിന്റെ സ്വഭാവമനുസരിച്ചു പ്രത്യേകം സംജ്ഞകളും നല്കിയിരിക്കുന്നു. അവയിൽ കോമഡി എന്ന വിഭാഗത്തിന്റെ ഉപവിഭാഗമാണു് പ്രഹസനം. സമൂഹത്തിൽ പടർന്നുപിടിച്ചിരിക്കുന്ന കുചേഷ്ടിതങ്ങളെ ഹാസ്യാത്മകമായി വീക്ഷിച്ചു വ്യക്തിനിരപേക്ഷമായ—സമൂഹത്തെ ആസകലം ലക്ഷ്യമാക്കിയുള്ള—പരിഹാസംകൊണ്ടു് അവയെ ദൂരീകരിക്കുവാൻ പ്രേരിപ്പിക്കുകയാണു് പ്രഹസനത്തിന്റെ ധർമ്മം. ഇതിൽ ഫലിതത്തിനു് അത്യന്താപേക്ഷിതമാണെങ്കിൽ മാത്രം കുറഞ്ഞ അളവിൽ അതിശയോക്തി കലർത്താം. അതിശയോക്തി കണക്കിൽ കവിഞ്ഞാൽ 'ബർലസ്ക്കു്' എന്നു പറയുന്ന ഹാസ്യചിത്രീകരണമാകും. പ്രഹസനവും 'ബർലസ്കും' സമീപവർത്തികളായതുകൊണ്ടു് അതിർത്തിലംഘനം അറിയാതെ സംഭവിച്ചുപോകും; സംഭവിച്ചിട്ടുണ്ടു്. അതിരിക്കട്ടെ.

പ്രഹസനത്തിന്റെ സാമാന്യലക്ഷണം നാം മനസ്സിലാക്കിക്കഴിഞ്ഞു. ഇനി മലയാളത്തിലെ പ്രഹസനങ്ങളുടെ ചരിത്രത്തിലേക്കു കടക്കാം. എവിടെയാണു് തുടക്കം? അല്പം ആലോചിച്ചുവേണം ഉത്തരം പറയാൻ. അഭിനയരൂപത്തിലുള്ളതും ഹാസ്യാത്മകവുമായ സാമൂഹ്യവിമർശം മലയാളത്തിൽ ആവിർഭവിച്ചതു് ഇന്നാട്ടിൽ നാടകങ്ങളുണ്ടായതിനും വളരെമുമ്പാണു്. നാടകം ഉണ്ടാവുന്നതിനുമുമ്പു നാടകത്തിന്റെ ഒരു ശാഖയായ പ്രഹസനം ഇവിടെ ഉണ്ടായി എന്നോ? അതേ, പ്രഹസനം പണ്ടേ ഉണ്ടെന്നതന്നെ. ഒരു ഫ്യൂഡൽകലയായ കൂടിയാട്ടത്തെ ജനകീയമാക്കിയതു് അതിലെ പ്രഹസനാംശമാണു്. കൂടിയാട്ടത്തിലെ വിദൂഷകന്മാർ രംഗത്തു പ്രയോഗിക്കുന്ന നാലു പുരുഷാർത്ഥങ്ങളും സാമൂഹ്യവിമർശമല്ലാതെ മറെന്താണു്? പല നാളുകൊണ്ടു് അഭിനയിച്ചു തീർക്കുന്ന കൂടിയാട്ടത്തിൽ നാലു പുരുഷാർത്ഥങ്ങളും ചൊല്ലിയാടാൻ നാലുദിവസം വേണമെന്നാണു വച്ചിട്ടുള്ളതു്. കൂടിയാട്ടത്തിൽ നാലു പ്രഹസനങ്ങളും അടങ്ങിയിരുന്നു എന്നു പുരുക്കം. ഇക്കാര്യം അല്പം വിസ്തരിച്ചു പറയുകയാവും നന്നു്. കൂടിയാട്ടത്തിനു് ഏതെങ്കിലും സംസ്കൃതനാടകമാണു സ്വീകരിക്കുന്നതു്. വിദൂഷകനുള്ള നാടകങ്ങളാണെങ്കിൽ മാത്രമെ പുരുഷാർത്ഥം പറയുന്ന പതിവുള്ളൂ. സാധാരണയായി വിദൂഷകൻ മൂന്നാംദിവസമാണു് രംഗപ്രവേശം ചെയ്യുന്നതു്. ധർമ്മാർത്ഥകാമമോക്ഷങ്ങളാണല്ലോ നാം ധരിച്ചുവച്ചിട്ടുള്ള പുരുഷാർത്ഥങ്ങൾ. എന്നാൽ വിദൂഷകന്റെ പുരുഷാർത്ഥങ്ങൾ വിനോദം, വഞ്ചന, അശനം, രാജസേവ എന്നിവയാണു്. അവയുടെ വിവരണത്തിനും അഭിനയത്തിനും നാലുദിവസം പിടിക്കും. മൂന്നുദിവസംകൊണ്ടു് അഭിനയിച്ചുതീർക്കുന്നതും അപൂർവ്വമല്ല. പുരുഷാർത്ഥങ്ങളുടെ അഭിനയം ഏതാണ്ടു് 'മോണോ ആക്ററി'ന്റെ രൂപത്തിലാണു്. രംഗത്തിൽ നടനായി ചാക്യാർ മാത്രമെ ഉണ്ടായിരിക്കുകയുള്ളൂ. പുരുഷാർത്ഥങ്ങൾ സാധിക്കുന്നതിനു് അനധീതമംഗലഗ്രാമവാസികളായ ബ്രാഹ്മണർ ഗ്രാമപുരോഹിതന്റെ നേതൃത്വത്തിൽ സമ്മേളിക്കുന്നു. ഈ പുരോഹിതനാവട്ടെ, അ

യാളുടെ പൂവ്വികന്മാരാകട്ടെ, മന്ത്രവും തന്ത്രവും പഠിച്ചിട്ടില്ല. ഉണ്ണിനമ്പൂതിരിമാരും അമ്പലവാസികളും പ്രമാണികളായ നായന്മാരും നിറഞ്ഞ അന്നത്തെ കേരളഗ്രാമത്തെയാണു് ചാക്യാർ അവതരിപ്പിക്കുന്നതു്. സഭയിൽ ഉണ്ടാകുന്ന വാഗ്വാദങ്ങളിലൂടെ സാമുദായികമായ ദോഷങ്ങളെ എടുത്തുകാട്ടി പരിഹസിക്കുകയാണു് നടന്റെ മുഖ്യമായ ഉദ്ദേശ്യം. അടുത്ത ദിവസം വിനോദം എന്ന പുരുഷാർത്ഥം അഭിനയിക്കുന്നു. രംഗം മുൻപറഞ്ഞ ഗ്രാമസഭതന്നെ. ഗ്രാമവാസികളും തങ്ങളുടെ കാമപൂർത്തിക്കുള്ള സമ്പ്രദായങ്ങളും ആലോചിക്കുന്നു. സമുദായത്തിൽ നടപ്പുള്ള ദുരാചാരങ്ങളെ വിമർശിക്കുകയും ശകാരിക്കുകയും ചെയ്യാൻ നടൻ ഈ സന്ദർഭം വിനിയോഗിക്കുന്നു. സാമുദായികസമ്മാർഗ്ഗത്തെ പരിപാലിക്കുകയെന്നതാണു് ഇവിടെ നടന്റെ ലക്ഷ്യം. വഞ്ചന വിനോദത്തോടു ചേർത്തുതന്നെയാണു മിക്കവാറും അഭിനയിക്കുക. അടുത്തദിവസം അശനവും അടുത്തദിവസം രാജസേവയും അഭിനയിക്കുന്നു. ഇക്കൂട്ടത്തിൽ രാജസേവ അഭിനയിക്കുന്നതു കാണാൻ രാജാവും രാജകുടുംബാംഗങ്ങളും വരാറുണ്ടു്. ഗ്രാമീണർ നല്ല രാജാവു് ആരാണെന്നുള്ളതിനെപ്പറ്റിവാദിക്കുന്നു. ഓരോരുത്തൻ ഓരോ രാജാവിന്റെ പേരു പറയുമ്പോഴും ആ നാടുവാഴിയുടെ ദുഷ്യങ്ങളും മറ്റും ചിലർ ഉയർത്തിപ്പിടിക്കുന്നു. മേലധികാരികളുടെ അശ്രദ്ധ, അലസത എന്നിവമൂലം ജനങ്ങൾ അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളും ഇവിടെ പ്രദർശിപ്പിച്ചിരുന്നു. ജനങ്ങളും രാജാവിനേയും രാജാവിന്റെ പ്രവൃത്തികളേയും ഏതുവിധത്തിലാണു് വീക്ഷിക്കുന്നതെന്നു പ്രഹസനരൂപേണ ഗ്രഹിപ്പിക്കുകയാണു നടൻ ചെയ്യുന്നതു്. ഇത്ര ലക്ഷണയുക്തമായ പ്രഹസനം മലയാളത്തിൽ വേറെ ഉണ്ടോ എന്നു സംശയമാണു്. പ്രഹസനാഹ്മായ പ്രമേയങ്ങളും ചമ്പുവിലും തുള്ളലിലും ധാരാളം സ്ഥലംപിടിച്ചിട്ടുണ്ടു്. നമ്മുടെ സാഹിത്യത്തിൽ പ്രഹസനം ഇംഗ്ലീഷ് സാഹിത്യത്തെ അനുകരിക്കാതെതന്നെ സംജാതമായിട്ടുണ്ടെന്നു പറയുന്നതു ഭാഷാഭിമാനത്തിന്റെപേരിൽ തട്ടിവിടുന്ന ഒരു പൊള്ളത്തരമല്ല. അതിനുള്ള തെളിവാണിപ്പോഴും പറഞ്ഞുവച്ചതു്.

ബ്രിട്ടീഷ് ഭരണത്തിന്റെ ഫലമായുണ്ടായ ഇംഗ്ലീഷ് പ്രചാരവും അതോടൊപ്പം ഭാരതീയരിൽ അങ്കുരിച്ച ആംഗലസാഹിത്യാഭിരുചിയും നൂതനാശയങ്ങളേയും പ്രസ്ഥാനങ്ങളേയും ഭാരതീയ സാഹിത്യങ്ങളിൽ ഉൾച്ചേർക്കുവാൻ ഉപകരിച്ചു. ഗദ്യത്തിന്റെ വികാസമാണു് ഇക്കൂട്ടത്തിൽ പൊതുവേ എടുത്തുപറയാവുന്ന നേട്ടം. പദ്യം മാത്രമെ സാഹിത്യമാകൂ എന്ന ധാരണയുടെ അസ്തിവാരം തകർന്നു. നോവലും നാടകവും ജനങ്ങളെ ആകർഷിക്കുവാൻ തുടങ്ങി. പുരാണേതിഹാസങ്ങളെ പ്രദക്ഷിണംവയ്ക്കുകയും, ആ വീഥിയിൽനിന്നു് മനുഷ്യരുടെ ജീവിതമണ്ഡലത്തിലേക്കു നടന്നുചെല്ലുന്നതു് നിഷിദ്ധമാണെന്നു കരുതുകയും ചെയ്തിരുന്ന കാലഘട്ടം അസ്തപ്രായമായി. ചുരുക്കത്തിൽ സാഹിത്യം സമൂഹത്തിലേക്കു തിരിഞ്ഞു. ജനങ്ങളുടെ പ്രശ്നങ്ങളും ജീവിതഗതികളും അവർക്കു മനസ്സിലാവുന്ന ഭാഷയിൽ കൈകാര്യംചെയ്യുന്ന സാഹിത്യകൃതികളുണ്ടായി. പത്തൊൻപതാംശതകത്തിന്റെ അന്ത്യഘട്ടം ഈ പുതുയുഗപ്പിറവിയെ ഉത്സാഹപ്രകർഷത്തോടെ എതിരേറ്റു. അക്കാലത്തിൽ, വന്ന വെള്ളം നിന്ന വെള്ളത്തെക്കൂടി കൊണ്ടുപോയ മട്ടായി, നമ്മുടെ ചില ആളുകളുടെ അവസ്ഥ. അവിടെയാണു് പ്രഹസനപ്രസ്ഥാനം വളക്കൂറുള്ള മണ്ണു കണ്ടെത്തിയതു്.

1885–ൽ സി. വി. രാമൻപിള്ള രചിച്ച 'ചന്ദ്രമുഖീവിലാസം' ഈ പ്രസ്ഥാനത്തിലേക്കുള്ള ആദ്യത്തെ കാൽവയ്പായി കണക്കാക്കാം. സമകാലികസാമൂഹ്യജീവിതത്തെ ഹാസ്യാത്മകമായി ചിത്രീകരിച്ച ഈ നാടകം തിരുവനന്തപുരത്തു് അരങ്ങേറുകയുംചെയ്തു. ചന്ദ്രമുഖീവിലാസത്തിനു സാവ്ത്രികമായ പ്രചാരംകിട്ടി എന്നു പറഞ്ഞുകൂടാ. തിരുവനന്തപുരംനഗരത്തിലെ ഒരു അഭിജാതകുടുംബവും അതിനെ ചുറ്റിപ്പറ്റിയുള്ള കഥാബന്ധവുംമൂലം നാടകം ഏറെക്കുറെ പ്രാദേശികമായിപ്പോയി. എങ്കിലും കേരളത്തിൽ പരക്കെ കണ്ടുവരാറുള്ള ചില ക്ഷുദ്രജീവികളെ—തിരുവാതിരക്കളിയാശാന്മാർ, വിവാഹദല്ലാളിമാർ, വിടന്മാർ മുതലായവരെ—സി. വി. അവതരിപ്പിച്ചിരുന്നു. സംസ്കൃതനാടകങ്ങളുടെ സാങ്കേതികരീതിയാണു് സി. വി. ചന്ദ്രമുഖീവിലാസത്തിൽ സ്വീകരിച്ചതു്.

1909–ൽ സി. വി. രചിച്ച 'കുറുപ്പില്ലാക്കളരി'യാണു് മലയാളത്തിലെ ലക്ഷണമൊത്ത ഗദ്യപ്രഹസനം. മോളിയേ, ഷെറിഡൻ മുതലായ പാശ്ചാത്യനാടകകൃത്തുക്കളുടെ മാർഗ്ഗം അവലംബിച്ചു് എഴുതപ്പെട്ട 'കുറുപ്പില്ലാക്കളരി' പുത്തൻപരിഷ്കാരത്തിന്റെയും തജ്ജന്യമായ വങ്കത്തത്തിന്റെയും നേരെ പരിഹാസശരങ്ങൾ കണക്കിനു പ്രയോഗിച്ചു. ഈ പ്രഹസനത്തിലെ പഞ്ചാമൃതക്കൊച്ചമ്മ ഇംഗ്ലീഷുവിദ്യാഭ്യാസം സിദ്ധിച്ച ഒരു വനിതയാണു്. അവരുടെ സംഭാഷണത്തിൽ വേണ്ടിടത്തും വേണ്ടാത്തിടത്തും ഇംഗ്ലീഷുവാക്കുകൾ തിരുകിക്കയറ്റും. ഇംഗ്ലീഷുരീതികളോടു് പരിഷ്കാരികൾക്കുള്ള അമിതമായ

കമ്പം ഈ കഥാപാത്രത്തിലൂടെ സി. വി. പ്രദർശിപ്പിച്ചിരിക്കുന്നു. കുറുപ്പില്ലാക്കളരിയിലെ മറ്റു കഥാപാത്രങ്ങളും അന്നത്തെ സമുദായമദ്ധ്യത്തിൽ കണ്ടുവരാറുള്ള 'ടൈപ്പ്'കളാണു്. സി. വി. യുടെ മറ്റു പ്രഹസനങ്ങളായ പണ്ടത്തെ പാച്ചൻ, കയ്മളശ്ശന്റെ കടശ്ശിക്കൈ, പാപി ചെല്ലുന്നടം പാതാളം, കുറുപ്പിന്റെ തിരിപ്പു്, ബട്ലർ പപ്പൻ, ഡാകൂക്കു കിട്ടിയ മിച്ചം, ചെറുതേൻ കൊളംബസു്, തെന്തനാംകോട്ടു് ഹരിശ്ചന്ദ്രൻ എന്നിവയും കുറുപ്പില്ലാക്കളരിയുടെ മാതൃകയിൽ എഴുതപ്പെട്ടവയായിരുന്നു.

പ്രഹസനശാഖയിൽ അടുത്തതായി കൈവച്ചതു് ഇ. വി. കൃഷ്ണപിള്ളയായിരുന്നു. ജന്മനാ നമ്മുടെ കുശലനായ ഇ. വി. യുടെ പ്രഹസനങ്ങൾ മലയാളികളെ ഒട്ടേറെ ചിരിപ്പിക്കുകയും രസിപ്പിക്കുകയുംചെയ്തു. സാമൂഹ്യവൈകൃതങ്ങളെ ഇത്രത്തോളം ഫലിതമയമായി ചിത്രീകരിക്കുവാൻ മറ്റാർക്കും കഴിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല. ഫലിതത്തിനുവേണ്ടി അല്പം കാടുകയറാൻകൂടി അദ്ദേഹം മടിച്ചിരുന്നില്ല. ഒരു വലിയ ഉദ്യോഗസ്ഥന്റെ വീട്ടിൽ അടുക്കളക്കാരനായിനിന്നു സൂത്രത്തിൽ ഉദ്യോഗം തട്ടിയെടുക്കുന്ന ഒരു ബി. എ. ക്കാരന്റെ കഥയാണു് ഇ. വി. 'ബി. എ. മായാവി' എന്ന പ്രഹസനത്തിൽ നിബന്ധിച്ചിരിക്കുന്നതു്. പെണ്ണരശുനാടു്, കുറുപ്പിന്റെ ഡെയിലി, പ്രണയക്കമ്മീഷൻ എന്നിങ്ങനെ മറ്റു ചില പ്രഹസനങ്ങളും ഇ. വി. രചിച്ചിട്ടുണ്ടു്. സ്വാഭാവികമായ സംഭാഷണവും സർവ്വോപരി ഫലിതമയമായ നാടകീയഘട്ടങ്ങളും ഇ. വി. യുടെ പ്രത്യേകതകളാണു്.

നാടകപ്രസ്ഥാനത്തിൽ പുതിയ പരീക്ഷണങ്ങളുടെ കാലമാണിതെന്നു നേരത്തെ പറഞ്ഞല്ലോ. അതോടൊപ്പം പഴയതിന്റെ ആവർത്തനങ്ങളും നിലവിലുണ്ടെന്നു സൂചിപ്പിച്ചു. ഗൗരവതരങ്ങളായ സാമൂഹ്യപ്രശ്നങ്ങളെ അധികരിച്ചുള്ള നാടകങ്ങളും മലയാളത്തിൽ ഉണ്ടായിക്കൊണ്ടിരുന്നപ്പോഴും പ്രഹസനങ്ങളുടെ പ്രവാഹം അവസാനിച്ചില്ല. കാണികളെ ചിരിപ്പിക്കാൻവേണ്ടി മാത്രം എഴുതപ്പെട്ട പല ദൃശ്യകലാരൂപങ്ങളും പ്രഹസനത്തിന്റെ പുറംചട്ട അണിഞ്ഞു പ്രത്യക്ഷപ്പെട്ടു. ഇവയിൽ ഭൂരിപക്ഷത്തിനും സാമൂഹ്യവിമർശം ലക്ഷ്യമോ ആദർശമോ ആയിരുന്നില്ല. എന്നാൽ ഇക്കൂട്ടത്തിൽ കനകതാരം പോലെ പ്രശോഭിക്കുന്ന പ്രഹസനമാണു് എൻ. പി. ചെല്ലപ്പൻനായരുടെ 'ഇബിലീസുകളുടെ നാട്ടിൽ'.

പ്രഹസനപ്രസ്ഥാനത്തെപ്പറ്റി പറയുമ്പോഴും ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കാലികമായ കാര്യങ്ങളെ ആസ്പദമാക്കി രചിക്കുന്നവയാണല്ലോ പ്രഹസനങ്ങൾ. അതുകൊണ്ടു് അവയ്ക്കുള്ള പ്രചാരവും ആസ്വാദ്യതയും അതാതു കാലഘട്ടത്തിൽ ഒതുങ്ങിനില്ക്കും. ഇതു് എല്ലാ സാഹിത്യത്തിലേയും പ്രഹസനങ്ങളെപ്പറ്റി സാമാന്യമായി പറയാവുന്നതാണു്. മലയാളത്തിലെ പ്രഹസനങ്ങളും ഇതിൽനിന്നു വ്യത്യസ്തമല്ല. സി. വി. യും ഇ. വി. യും മറ്റും എഴുതിയ പ്രഹസനങ്ങൾ ഇന്നു കേവലം ഗ്രന്ഥശേഖരങ്ങളായിത്തീർന്നതു് അതുകൊണ്ടാണു്. എങ്കിലും സാമൂഹ്യപരിഷ്കരണത്തിൽ പ്രഹസനങ്ങൾക്കുള്ള സ്ഥാനം വിസ്മരിക്കത്തക്കതല്ല.

നൃത്തം
നൃത്യം
നാട്യം

ഗുരു ഗോപിനാഥു്

രാഗതാളാനുസൃതം കരചരണാദിവ്യന്യാസങ്ങൾചെയ്തു സ്ഥൂലരൂപത്തിൽ ആശയം വെളിപ്പെടുത്തുന്നതു് 'നൃത്ത'വും; ഭാവ–രാഗ–താളാനുസൃതം പദാർത്ഥം സൂക്ഷ്മരൂപത്തിൽ പ്രകടിപ്പിക്കുന്നതു 'നൃത്യ'വും; കവികളുടെ ആശയത്തേയും കഥാഭാഗത്തേയും സന്ദർഭാനുസരണമുള്ള താളമേളഗാനങ്ങളോടെ ആംഗികാദിചലനങ്ങൾകൊണ്ടു് പ്രകാശിപ്പിക്കുന്നതു് 'നാട്യ'വുമാകുന്നു.

സൃഷ്ടി–സ്ഥിതി–ലയം എന്നിവപോലെയാണു് ഭാവ–രാഗ–താളങ്ങളുടെ അവസ്ഥ. നൃത്ത–നൃത്യ–നാട്യങ്ങളുടേയും സ്ഥിതി ഏതാണ്ടു് അതുപോലെതന്നെയാണു്. സൃഷ്ടിയും സ്ഥിതിയും ലയത്തിൽ പരിണമിക്കുന്നു, ഭാവവും രാഗവും താളത്തിൽ ചേരുന്നു, നൃത്തവും നൃത്യവും നാട്യത്തിൽ ഉൾക്കൊള്ളുന്നു.

മനുഷ്യാവയവങ്ങളായ അംഗം, പ്രത്യംഗം, ഉപാംഗം എന്നിവ ഹാരകേയൂരാദി ആടയാഭരണാദി വേഷാലങ്കാരങ്ങൾ ധരിച്ചു സന്ദർഭാനുസ

നാടകാഭാസവും നാടകവും

പി. കെ. വേണുക്കുട്ടൻനായർ

വിദ്യാലയങ്ങളിൽ നാടകം അഭിനയിക്കുമ്പോഴും തീരെ വിലകുറഞ്ഞ നാടകങ്ങളും അതിനുവേണ്ടി തിരഞ്ഞെടുക്കുന്നതും അക്ഷരശൂന്യരും ഉദരപൂരണത്തിനുവേണ്ടി കലയ്ക്കു വിലകുറയ്ക്കുന്നവരുമായ ചില നാടകക്കമ്പനിക്കാരുടെ അഭിനയാഭാസം അനുകരിക്കുന്നതും വിദ്യാസമ്പന്നരായ അദ്ധ്യാപകർക്കും അദ്ധ്യേതാക്കൾക്കും ചേർന്നതാണോ? നാടകത്തിലെ നൽപ്പും തിൽപ്പും തിരിച്ചറിയാനുള്ള വിവേകം വിദ്യാലയങ്ങളും പ്രകടിപ്പിക്കേണ്ടതല്ലേ? ഇക്കാര്യത്തിൽ അദ്ധ്യാപകർക്കു് ഒരു വലിയ പങ്കു നിർവ്വഹിക്കാനില്ലേ?

നാടകം നൃത്തത്തെക്കാളും ചിത്രത്തെക്കാളും സങ്കീർണ്ണവും സങ്കേതജടിലവുമായ കലയാണു്. അതിൽനിന്നു പ്രേക്ഷകനുണ്ടാകുന്ന അനുഭൂതി ശക്തവും തീവ്രവും ആയിത്തീരുന്നതു നാടകത്തിന്റെ മേല്പറഞ്ഞ സ്വഭാവവിശേഷത്തിന്റെ ഫലമാണു്. എന്നാൽ ഇന്നു വിദ്യാലയങ്ങളും അവതരിപ്പിക്കുന്ന നാടകങ്ങളും വൈരസ്യവും വെറുപ്പുമല്ലാതെ മറ്റൊരു 'അനുഭൂതി'യും ജനിപ്പിക്കുന്നില്ല. ഇതിനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം നാടകത്തെ ഒരു കലാവിദ്യയെന്നനിലയിൽ സമീപിക്കാനുള്ള വൈമുഖ്യംതന്നെയാണു്. നല്ല നാടകം തിരഞ്ഞെടുക്കുക. ഷേക്സ്പിയർക്കും കാളിദാസനും തുല്യരായവർ മലയാളത്തിൽ ഇല്ലെങ്കിലും എൻ. കൃഷ്ണപിള്ളയെപ്പോലെയും സി. ജെ. തോമസ്സിനെപ്പോലെയും നല്ല നാടകകൃത്തുക്കളും മലയാളത്തിലുണ്ടു്. മികച്ച പാശ്ചാത്യനാടകങ്ങളുടെ ഭാഷാന്തരങ്ങളും സ്വതന്ത്രാനുവാദങ്ങളും നമുക്കുണ്ടു്. അവകളും തേടിപ്പിടിച്ചു് അവതരിപ്പിക്കാൻ ശ്രമിക്കണം. നൃത്തം പഠിക്കാൻ ആശാനെയോ നട്ടുവനേയോ തേടിനടക്കുന്നവർക്കു നാടകം പഠിക്കാൻ ആശാൻ വേണ്ടെന്നു വയ്ക്കുന്നതു് എന്തുകൊണ്ടാണു്? നാടകസങ്കേതങ്ങളും സ്വായത്തമാക്കിയിട്ടുള്ള ഒരു ആശാന്റെ സഹായം നാടകാവതരണത്തിനു കൂടിയേ കഴിയൂ. ഇന്നാണെങ്കിൽ, ഡൽഹി നാഷനൽ സ്കൂൾ ആഫ് ഡ്രാമയിൽ നാടകത്തെപ്പറ്റി ഉപരിപഠനംനടത്തി തിരിച്ചെത്തിയ ശ്രീ കുമാരവർമ്മയെപ്പോലുള്ള കഴിവുള്ള യുവാക്കളും നമ്മുടെ ഇടയിലുണ്ടു്. വിദ്യാലയങ്ങളും നാടകം കളിക്കുമ്പോൾ ശ്രീ വർമ്മയെപ്പോലുള്ളവരുടെ സഹായം അഭ്യർത്ഥിച്ചാൽ, അവർ അതു സന്തോഷപൂർവ്വം നല്കുകതന്നെ ചെയ്യും.

സംഗീതത്തിലും, ചിത്രത്തിലും, നൃത്തത്തിലും എന്നപോലെ നാടകത്തിലും കലാഭാസവും കലയും തമ്മിൽ വേർതിരിച്ചറിയാൻ വിദ്യാലയങ്ങളും ശ്രമിച്ചേതീരൂ. ജനങ്ങൾക്കു കലാഭാസം ഇന്നു കൂടുതൽ ഇഷ്ടപ്പെടുന്നുണ്ടാവാം. ആ വികൃതമായ അഭിരുചി സംസ്കരിച്ചെടുക്കാനുള്ള ശ്രമം വിദ്യാലയങ്ങളിൽ അല്ലാതെ മറ്റെവിടെയാണു നടക്കേണ്ടതു്?

രണമുള്ള ചലനവിധങ്ങളും ചെയ്യുമ്പോൾ അതു് അഭിനയമെന്ന പേരിൽ അറിയപ്പെടുന്നു. പ്രസ്തുത അഭിനയം താണ്ഡവമെന്നും ലാസ്യമെന്നും രണ്ടു വിധത്തിലാണു്. ഉദ്ധതമായ പ്രയോഗം താണ്ഡവലക്ഷണത്തിലും, ലളിതമായ പ്രയോഗം ലാസ്യത്തിലും പെടും. ദൈനംദിനജീവിതത്തിൽ പഞ്ചഭൂതങ്ങളൊഴിച്ചുള്ള സകലതിനും രണ്ടു വശമുള്ളതുപോലെ അഭിനയത്തിലും രണ്ടു വശം നമുക്കു് അനുഭവപ്പെടുന്നതാണു്, താണ്ഡവവും ലാസ്യവും. താണ്ഡവാധിപൻ ശിവനും, ലാസ്യാധിപ പാർവ്വതിയുമാണെന്നു പുരാണം ഘോഷിക്കുന്നു.

ആംഗികചലനാദികളെ ക്രമപ്പെടുത്തി വിവരിച്ചിട്ടുള്ളതാണു് നാട്യശാസ്ത്രംപോലെയുള്ള ഗ്രന്ഥങ്ങളും. അതിൽ പ്രതിപാദിച്ചിട്ടുള്ള നിയമങ്ങളും അറിഞ്ഞു പ്രവർത്തിക്കേണ്ടതു് ഒരു നടനെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമാണു്. ശരിയായ അഭ്യാസവും, ശാസ്ത്രപരിജ്ഞാനവും സിദ്ധിച്ചിട്ടുള്ള ഒരുത്തനുമാത്രമെ ദൃശ്യശ്രാവ്യകലയായ നടനത്തിൽ ഒരുന്നതസ്ഥാനം കിട്ടുകയുള്ളൂ. അതിനാൽ യുവകലാകാരന്മാർ യഥാർത്ഥ കലാകാരന്മാരായി ഉയരാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അയാളും പ്രതിനിധീകരിക്കുന്ന കലാവിശേഷത്തിന്റെ സകല വശങ്ങളും വേണ്ടതുപോലെ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനു ബദ്ധശ്രദ്ധനാകണം.

കഴിഞ്ഞകാല യുവജനോത്സവങ്ങളിൽ വിജയിച്ചവർ

ആയിരത്തിത്തൊള്ളായിരത്തി അൻപത്തിയേഴുമുതൽ നടന്ന സംസ്ഥാന യുവജനോത്സവങ്ങളിൽ വിജയിച്ചവരുടെ പട്ടിക ഞങ്ങൾ പ്രസിദ്ധപ്പെടുത്തുകയാണു്. ആയിരത്തിത്തൊള്ളായിരത്തി അറുപത്തിയാറിലും, അറുപത്തിയേഴിലും യുവജനോത്സവം നടന്നിട്ടില്ല.

വിജയികളുടെ ഈ പട്ടിക ലഭിക്കാൻ വളരെ പ്രയാസം നേരിട്ടു. ഇതു സംബന്ധിച്ചുള്ള ഔദ്യോഗികരേഖകളും എങ്ങുനിന്നും ലഭിച്ചില്ല. ഒടുവിൽ ഞങ്ങൾ ദിനപ്പത്രങ്ങളുടെ പഴയ ഫയലുകളിൽനിന്നാണു് ഇതുമുഴുവൻ തേടിയെടുത്തു പ്രസിദ്ധപ്പെടുത്തുന്നതു്. അറുപത്തിമൂന്നിൽ തൃശ്ശൂരിൽ നടന്ന യുവജനോത്സവത്തിലെ വിജയികളുടെ പട്ടിക പത്രങ്ങളുടെ പഴയ ഫയലുകളിലും ഇല്ല. അതുകൊണ്ടു് ആ കൊല്ലത്തെ പട്ടിക ചേർക്കാൻ കഴിഞ്ഞിട്ടില്ല. ചേർത്തിട്ടുള്ള പട്ടികകൾതന്നെ ഔദ്യോഗികമായി കിട്ടിയിട്ടുള്ളതല്ലാത്തതിനാൽ പൂർണ്ണമാണെന്നോ തെറ്റുകൂടാത്തതെന്നോ ഉറപ്പുപറയാനും സാദ്ധ്യമല്ല.

യുവജനോത്സവവിജയികളുടെ പൂർണ്ണമായ ഒരു പട്ടിക ഔദ്യോഗികതലത്തിൽ സൂക്ഷിക്കുന്നതു നന്നായിരിക്കും എന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

1957

തിരുവനന്തപുരം

ജനുവരി 25, 26

ഒന്നാംസ്ഥാനം:
വടക്കേ മലബാർ ജില്ല

പ്രസംഗം
എസ്. ഗോപി, നെയ്യാറിൻകര
ശിവകാംബിക, എറണാകുളം
കഥനം
പി. വേണുഗോപാലൻ, തലശ്ശേരി
കെ. ജി. ഇന്ദിരാംബ, കൂത്താട്ടുകുളം
ഏകാംഗനൃത്തം
സുരേന്ദ്രനാഥവർമ്മ, ചേർത്തല
ജി. എസ്. ലളിത, കണ്ണൂർ
സമൂഹനൃത്തം
ഗവ: ഹൈസ്കൂൾ, എറണാകുളം
ടാബ്ലോ
അഴീക്കോട്, മലബാർ
ഷാഡോ പ്ലേ
ഹൈസ്കൂൾ, തുറവൂർ, മൂവാറ്റുപുഴ
നാടകം
എറിയാട് ഹൈസ്കൂൾ, എറണാകുളം
സേക്രട്ട് ഹാർട്ട്, തലശ്ശേരി
ശാസ്ത്രീയസംഗീതം
എം. കെ. മോഹനചന്ദ്രൻ, നെയ്യാറ്റിൻകര
കെ. മെയിത്തിലി, ഫോർട്ട് മിഷൻ
ഹൈസ്കൂൾ, തിരുവനന്തപുരം
സമൂഹഗാനം
ഗേൾസ് ഹൈസ്കൂൾ, എറണാകുളം
വാദ്യസംഗീതം
എം. കെ. രാമചന്ദ്രൻനായർ,
ചേർത്തല
ജി. ലക്ഷ്മിഅമ്മാൾ, മണക്കാട്,
തിരുവനന്തപുരം
കരകൗശലപ്രദർശനം
ലൂയിസ് ചാക്കോ, ചങ്ങനാശ്ശേരി
ചിത്രകല
കെ. ശ്രീധരൻ, കോഴിക്കോട്.

1958

തിരുവനന്തപുരം

ജനുവരി 25, 26, 27

ഒന്നാം സ്ഥാനം:
തിരുവനന്തപുരം ജില്ല

കേരളനൃത്തം
എ. പി. യോഹന്നാൻ, സെറാഫിൽ
മെൻറ് ഹൈസ്കൂൾ, ആലുവാ
ബേബി ജീജാ, കണ്ണൂർ
വത്സലകുമാരി, ചെങ്ങന്നൂർ
വായ്പാട്ട്
യേശുദാസൻ, പള്ളുരുത്തി
സൂര്യകലാസേനോയി,
കോഴിക്കോട്
മൃദംഗം:
ജയചന്ദ്രകുട്ടൻ
എസ്. രാമകൃഷ്ണൻ
സൂര്യകലാസേനോയി,
കോഴിക്കോട്
വാഗ്മിതാമത്സരം
എം. മന്ഥരൻ, തൃശ്ശൂർ
വി. എൻ. ശിവകാമി, എറണാകുളം
ഭരതനാട്യം
രാജേശ്വരി, പാലക്കാട്
നാടോടിനൃത്തം
ഗിരിജ, തിരുവനന്തപുരം
വീണ
എം. പി. രമ, കണ്ണൂർ
ഹർമ്മോണിയം
തങ്കമ്മ സാമുവൽ, കോട്ടയം
പദ്യപാരായണം
കെ. ജി. ഇന്ദിരാബായി, കൂത്താട്ടുകുളം.

1959

വിക്ടോറിയ ഗേൾസ് ഹൈസ്ക്കൂൾ, ചിറ്റൂർ

ജനുവരി.....

ഒന്നാംസ്ഥാനം: കോഴിക്കോട്

പെയിൻറിംഗ്
വി. രാജേന്ദ്രപ്രസാദ്, എസ്.
എസ്. പി. ഹൈസ്കൂൾ, കടയ്ക്കാവൂർ
പെൻസിൽ ഡ്രോയിംഗ്
വി. രാജേന്ദ്രപ്രസാദ്, കടയ്ക്കാവൂർ
ശില്പകല-മോഡലിങ്
എം. മധുസൂദനൻ, പി. എം. ജി.
എസ്സ്.സ്കൂൾ, പാലക്കാട്
കരകൗശലം
കെ. മാലതി, ഗവ: ഹൈസ്കൂൾ,
തിരൂർ
നൃത്തം
ആർ. എ. ഗണപതി, കോഴിക്കോട്
എം. ആർ. സുലോചനാദേവി, ബി.
ഐ. ഹൈസ്കൂൾ, പള്ളം
ഭരതനാട്യം
വി. വി. രുക്മിണി, എസ്. കെ.
ഹൈസ്കൂൾ, നല്ലപ്പിള്ളി
നാടോടിനൃത്തം
മോഹൻ, ബോയിസ് ഹൈസ്കൂൾ
ചിറ്റൂർ
അച്ചാമ്മ മാത്യു, എസ്. എച്ച്.
സി. ജി. ഹൈസ്കൂൾ, ചാലക്കുടി
സംഗീതം
പി. ജയചന്ദ്രൻകുട്ടൻ, എൻ.
എച്ച്. എസ്. ഇരിങ്ങാലക്കുട
എൻ. സുബ്ബലക്ഷ്മി, പ്രോവിഡൻറ്
സ് ഗേൾസ് ഹൈസ്കൂൾ, കോഴി
ക്കോട്
വാദ്യസംഗീതം
എസ്. വിശ്വനാഥൻ, എൻ. എസ്.
എസ്. ഹൈസ്കൂൾ, കാരാപ്പുഴ
തങ്കമ്മ എലിസബത്ത്, എം. ടി.
എസ്. ഹൈസ്കൂൾ, കോട്ടയം
വീണ
പി. ആർ. ജോസഫ്, കൊട്ടങ്ങല്ലൂർ
ഹൈസ്കൂൾ
സൂസൻ ജോസഫ്, കൊച്ചുത്രേസ്യാ
ജി. എച്ച്. എസ്., വൈക്കം
ലയവാദ്യം
എസ്. രാമകൃഷ്ണൻ, സെൻറ് ആൽ
ബർട്സ് ഹൈസ്കൂൾ, എറണാകുളം
ടി. പി. ഇന്ദിര, ചേന്നമംഗലം
ഹൈസ്കൂൾ

പ്രസംഗം
കെ. ഏ. എസ്. ഹസനാ, സലിം ഹൈസ്കൂൾ, വെങ്ങോല
ടി. പി. ലീലാവതി, പ്രോവിഡന്റ്സ് ഹൈസ്കൂൾ, കോഴിക്കോട്
വാശ്മിതപമത്സരം
കെ. ചന്ദ്രശേഖരൻ, തിരുവാമ്പാടി ഹൈസ്കൂൾ
എം. സി. ലീലാമ്മ, സെൻറ് ജോജ്സ് ഹൈസ്കൂൾ, മണിമല
കഥാകഥനം
എൻ. ഭാസ്കരൻ, ചെട്ടികുളങ്ങര ഹൈസ്കൂൾ
ടി. കെ. ശാന്തകുമാരി, മൂവാറ്റുപുഴ ഹൈസ്കൂൾ
സമൂഹനൃത്തം
കരിമണ്ണൂർ ഹൈസ്കൂൾ, മൂവാറ്റുപുഴ, അഴീക്കോട് സെക്കണ്ടറി സ്കൂൾ.
സമൂഹഗാനം
എസ്. ആർ. വി. ഹൈസ്കൂൾ, എറണാകുളം
പി. ജി. ഹൈസ്കൂൾ, തുപ്പൂണിത്തുറ
ദേശീയഗാനം
പാലക്കാട് ജില്ല
ടാബ്ളോ
സെൻറ് ത്രേസിയാസ് ഹൈസ്കൂൾ, പുന്നത്തുറ
ഗവ: സെക്കണ്ടറി സ്കൂൾ, കൊടുങ്ങല്ലൂർ
ഷാഡോ പ്ലേ
രാമമംഗലം ഹൈസ്കൂൾ, പാലാ
ഗേംസ് ഹൈസ്കൂൾ, എറണാകുളം

1960

സാമൂതിരി ഹൈസ്ക്കൂൾ, കോഴിക്കോട്

ജനുവരി 24, 25, 26

ഒന്നാം സ്ഥാനം:
തലശ്ശേരിജില്ല
രണ്ടാം സ്ഥാനം:
തിരുവനന്തപുരം ജില്ല

ശാസ്ത്രീയസംഗീതം
1. ജി. രവീന്ദ്രനാഥമേനോൻ, ഗവ ബ്രണ്ണൻ ഹൈസ്കൂൾ, പെരുമ്പാവൂർ
വിജയാംബിക, ഗവബ്രണ്ണൻ ഹൈസ്കൂൾ, മാവേലിക്കര
2. സി. കെ. രാമചന്ദ്രൻപിള്ള, സെൻറ്മേരീസ് ഹൈസ്കൂൾ, ഭരണങ്ങാനം
നാഗലക്ഷ്മിയമ്മാൾ, കോട്ടൺഹിൽ ഹൈസ്കൂൾ, തിരുവനന്തപുരം
ലഘുസംഗീതം
1. കെ. ജി. രാമകൃഷ്ണനാശാരി, എസ്. എൻ. വി. സംസ്കൃത ഹൈസ്കൂൾ, തിരുവല്ലാ
കെ. ശോഭറാണി, ഹൈസ്കൂൾ, എറണാകുളം
2. അബ്ദുൽ ലത്തീഫ്, സെൻട്രൽ ഹൈസ്കൂൾ, തിരുവനന്തപുരം
ബി. പി. എം. ചന്ദ്ര, ഗവബ്രണ്ണൻ സെക്കണ്ടറിസ്കൂൾ, മടായി
ടി. കെ. സരളാഭായി, ഹൈസ്കൂൾ, മണലൂർ
ഉപകരണസംഗീതം — വിൻഡ് ടൈപ്പ്
1. എൻ. വെങ്കിടേശ്വരൻ, മോഡൽ ഹൈസ്കൂൾ, തിരുവനന്തപുരം
മേരിക്കുട്ടി ജേക്കബ്, സെൻറ് അലോഷ്യസ് ഹൈസ്കൂൾ, എടത്വാ
2. ടി. എസ്. ഗോപിനാഥൻനായർ, ഹൈസ്കൂൾ, അമ്പലപ്പുഴ
പി. പൊന്നമ്മ, ഗവബ്രണ്ണൻ സെക്കണ്ടറി സ്കൂൾ, കലഞ്ഞൂർ
ഉപകരണസംഗീതം— ലയ്ടൈപ്പ്
1. പി. വേണു, എസ്. ഡി. വി. ഹൈസ്കൂൾ, ആലപ്പുഴ
ടി. പി. ഇന്ദിര, ഗവബ്രണ്ണൻ ഹൈസ്കൂൾ, ചേന്നമംഗലം
2. എ. പരമേശ്വരൻ, എസ്. ആർ. വി. ഹൈസ്കൂൾ, എറണാകുളം
ടി. ആർ. രംഗവല്ലി, ഹൈസ്കൂൾ, കൂത്താട്ടുകുളം
കഥകളി
1. എ. ജയശങ്കരൻ, ഹൈസ്കൂൾ, ഇരിങ്ങാലക്കുട
ദീപികാകൃഷ്ണൻ, സെൻറ് തെരിസാസ് ഹൈസ്കൂൾ, കണ്ണൂർ
2. ജി. ഗോപാലപിള്ള. ടി. ഇ. എം. ഹൈസ്കൂൾ, മൈലോട്ട്
പി. കെ. ശോഭന, ഗവബ്രണ്ണൻ ഹൈസ്കൂൾ, മഞ്ചേരി
ഭരതനാട്യം
1. ആനന്ദശിവറാം, ഗവബ്രണ്ണൻ ഹൈസ്കൂൾ, വടക്കേ പറവൂർ
ടി. ആർ. രാധിക, എസ്. എസ്. പി. ബി. ഹൈസ്കൂൾ, കടുത്തുരുത്തി
2. എൻ. നീലാവതി, ഗവബ്രണ്ണൻ ഹൈസ്ക്കൂൾ, തൃശ്ശൂർ.
നാടൻനൃത്തം
1. ഗോദവർമ്മതമ്പുരാൻ, എം. ജി. എം. ഹൈസ്ക്കൂൾ, തിരുവല്ലാ
ശ്രീകുമാരി, ജി. എച്ച്. എസ്., മട്ടാഞ്ചേരി
2. സത്യശീലൻ, ഹൈസ്ക്കൂൾ, നെയ്യാറ്റിൻകര
എം. രാധ, ഗവബ്രണ്ണൻ ഹൈസ്കൂൾ, ഇരിങ്ങാലക്കുട
കഥനം
1. തോമസ് ജോസഫ്, സെൻറ് തോമസ് ഹൈസ്കൂൾ, ചിങ്ങവനം
ടി. പി. ശാരദക്കുട്ടി, നടവരവ് ഹൈസ്കൂൾ, ഇരിങ്ങാലക്കുട
2. കെ. പി. ചന്ദ്രമോഹൻ, പി. എം. ഗവബ്രണ്ണൻ ഹൈസ്കൂൾ, പാലക്കാട്
ടി. കെ. ശാന്തകുമാരി, ഗവബ്രണ്ണൻ ഹൈസ്കൂൾ, മൂവാറ്റുപുഴ
പ്രസംഗം
1. കെ. വി. കുമാരൻ, ഗവബ്രണ്ണൻ ഹൈസ്കൂൾ, പയ്യന്നൂർ
പി. എസ്. ത്രിപുരസുന്ദരി, കൂത്തുപറമ്പ് ഹൈസ്ക്കൂൾ, തലശ്ശേരി
2. പി. ഗോപിനാഥൻ, നേതാജി ഹൈസ്കൂൾ, പ്രമാടം, പത്തനംതിട്ട.
എം. സി. ലീലാമ്മ, സെ. ആൻറണീസ് ഹൈസ്ക്കൂൾ, പ്ലാശ്ശനാൽ.
മോണോ ആക്ട്
1. സതീശകുമാരൻ, ഗവബ്രണ്ണൻ ഹൈസ്ക്കൂൾ, അട്ടർ
എം. കെ. കല്യാണിക്കുട്ടി, അച്ചുതൻ ഗേംസ് ഹൈസ്ക്കൂൾ, ചാലപ്പുറം
2. എം. സി. ബാബു, എൻ. എസ്. എസ്. ഹൈസ്ക്കൂൾ, പാൽക്കുളങ്ങര
ലക്ഷ്മിമേനോൻ, കോട്ടൺഹിൽ ഹൈസ്ക്കൂൾ, തിരുവനന്തപുരം
ചിത്രരചന—പെൻസിൽ
1. എൻ. മണിദാസ്, സെ. ജോസഫ്സ് ഹൈസ്ക്കൂൾ, തലശ്ശേരി
പി. കെ. സാറാമ്മ, അച്ചുതൻ ഗേംസ് ഹൈസ്ക്കൂൾ, ചാലപ്പുറം
2. സി. കെ. കുട്ടപ്പൻ, എൻ. എം. ഹൈസ്ക്കൂൾ, കുമ്പനാട്
ജാമ ഗൊൺസാൽവസ്, സേക്രട്ട് ഹാട്ട് ഹൈസ്ക്കൂൾ, തലശ്ശേരി
ചിത്രരചന—വാട്ടർകളർ
1. ടി. കെ. മുരളീമോഹൻ, ഹൈസ്ക്കൂൾ, നെടുമങ്ങാട്
ജാമ ഗൊൺസാൽവസ്, സേക്രട്ട് ഹാട്ട് ഹൈസ്ക്കൂൾ, തലശ്ശേരി
2. ടി. എസ്. ബാലകൃഷ്ണൻ, വി. ഹൈസ്ക്കൂൾ, തൃശ്ശൂർ
പി. കെ. ജയറാണി, എച്ച്. ഇ. എം. ഹൈസ്ക്കൂൾ, മട്ടാഞ്ചേരി

വൃന്ദനൃത്തം
1. ചൊവ്വ ഹൈസ്ക്കൂൾ, ചൊവ്വ, തലശ്ശേരി; കൂടാളി ഹൈസ്ക്കൂൾ, കൂടാളി, തലശ്ശേരി
2. എൻ എസ്. എസ്. ഹൈസ്കൂൾ, പാൽക്കുളങ്ങര.
ഗവ. ഗേൾസ് ഹൈസ്കൂൾ, തിരൂർ, മലപ്പുറം
ടാബ്ലോ
1. എൻ. എസ്. ഹൈസ്കൂൾ, കോട്ടയം
എൻ. എസ്. ഹൈസ്കൂൾ, കോട്ടയം
2. മഹമ്മദൻ ഹൈസ്കൂൾ, ആലപ്പുഴ
ഗവ. ഹൈസ്കൂൾ, കണ്ണൂർ, തലശ്ശേരി
നിഴൽനാടകം
1. ഗവ. ഹൈസ്കൂൾ, കൊയ്ലാണ്ടി, കോഴിക്കോട്
എസ്. വി. ജി. വി. ഹൈസ്കൂൾ, കിടങ്ങന്നൂർ, തിരുവല്ല
2. കുത്താട്ടുകുളം ഹൈസ്കൂൾ, മൂവാറ്റുപുഴ
സേലം ഹൈസ്കൂൾ, വെങ്ങോല, മൂവാറ്റുപുഴ
ദേശീയഗാനമത്സരം
1. തിരുവനന്തപുരം ജില്ല
2. കോഴിക്കോട് ജില്ല

1961

കോട്ടൺ ഹിൽ ഹൈസ്ക്കൂൾ, തിരുവനന്തപുരം

ജനുവരി 24, 25, 26

ഒന്നാം സ്ഥാനം:
തിരുവനന്തപുരം ജില്ല

ശാസ്ത്രീയസംഗീതം
ടി. ആർ ചന്ദ്രശേഖരൻനായർ, ഗവ മെൻറ് ഹൈസ്കൂൾ, കലഞ്ഞൂർ
കെ. വസന്ത, ജി. എച്ച്. എസ്., തുപ്പുണിത്തറ
ലളിതസംഗീതം
കുമാർ ദാസ്, ടി. ഡി. എച്ച്. എസ്., കൊച്ചി
സുശീലാദേവി, ജി. എച്ച്. എസ്., കോട്ടൺ ഹിൽ, തിരുവനന്തപുരം
ബുൾബുൾ
ടി. പി. ശിവാനന്ദൻ, കണിച്ചുകുളങ്ങര
ഗിരിജാമോഹൻ, ജി. എച്ച്. എസ്, കോട്ടൺഹിൽ
ഹർമ്മോണിയം
കെ. എസ്. ഗോപാലകൃഷ്ണൻ, എച്ച്. എസ്., കോട്ടയ്ക്കം
കെ. കമലമ്മ, ഗവ. എച്ച്. എസ്., പത്തനംതിട്ട
ലയസംഗീതം
ശ്രീനിവാസരാഘവൻ, എസ്.ഡി. വി. എച്ച്. എസ്., ആലപ്പുഴ
ടി. പി. ഇന്ദിര, എച്ച്. എസ്., ചേന്നമംഗലം
കഥകളി
എസ്. കെ. സതീശ്ചന്ദ്രൻ, എൻ. എസ്. എസ്. എച്ച്. എസ്. പാൽക്കുളങ്ങര
വി. ലക്ഷ്മിക്കുട്ടി, ജി. എസ്. പി. ബി. എസ്., ഒറ്റപ്പാലം
ഭരതനാട്യം
എ. പി. സുന്ദര, ബി. ഇ. എം. എച്ച്. എസ്., പാലക്കാട്
നാടൻനൃത്തം
പി. കെ. ശോഭന, ഗവ. എച്ച്. എസ്., മഞ്ചേരി
പ്രസംഗം
സി. കെ. കോശി, മോഡൽസ്കൂൾ, തിരുവനന്തപുരം
രാജമ്മ ജോസഫ്
മത്സരശ്ലോകം
ബി. വിജയകുമാരൻ, മോഡൽ സ്കൂൾ, തിരുവനന്തപുരം
സുശീലാദേവി, കോട്ടൺഹിൽ തിരുവനന്തപുരം
ഏകാങ്കം
മോഡൽസ്കൂൾ, തിരുവനന്തപുരം
എം. റവി. ജി. എച്ച്. എസ്., ആനപ്രാമ്പാൽ
പെൻസിൽ ഡ്രോയിംഗ്
ശിവരാജനാചാരി, എച്ച്. എസ്., നെടുമങ്ങാട്.
ലിലി പീറർ, ഫാത്തിമാ ജി. എച്ച്. എസ്., ഫോട്ട് കൊച്ചിൻ
ഡ്രോയിംഗ്-വാട്ടർകളർ
ടി. എൽ. ജോൺ, എസ്. എച്ച്. എസ്., കൊല്ലം
കെ. പി. സുജാത, ഗവ. എച്ച്. എസ്., കണ്ണൂർ
സംഗീതക്കച്ചേരി
സെൻറ് ആൻറണീസ് എച്ച്. എസ്., മുത്തോലി
ഗവ. എച്ച്. എസ്. കണ്ണൂർ
നൃത്തം
നാഷണൽ എച്ച്. എസ്., ഇരിങ്ങാലക്കുട
ജി എച്ച്. എസ്., ഇരിങ്ങാലക്കുട
ടാബ്ലോ
സെൻറ് ആൻറണീസ് ഹൈസ്കൂൾ, എറണാകുളം
അഴീക്കോട് സെക്കണ്ടറിസ്കൂൾ
ഷാഡോ പ്ലേ
കൊല്ലങ്കോട് എച്ച്. എസ്., പാലക്കാട്
രാജാസ് സെക്കണ്ടറിസ്കൂൾ, ചിറയ്ക്കൽ
ദേശീയഗാനം
ഇരിങ്ങാലക്കുട ഡ്രിസ്കൂ

1962

എൻ. എസ്. എസ്. ഹൈസ്ക്കൂൾ, ചങ്ങനാശേരി

ജനുവരി 24, 25, 26

ഒന്നാം സ്ഥാനം:
ആലപ്പുഴജില്ല

ഭരതനാട്യം
സുഗന്ധവല്ലീഭായി, ടി. ഡി. എച്ച്. എസ്., തൃശൂർ
സമൂഹനൃത്തം
കെ. മഞ്ജു, കോട്ടൺഹിൽ എച്ച്. എസ്., തിരുവനന്തപുരം
എം. എ. അമേൻ & പാർട്ടി, മുഹമ്മദൻ എച്ച്. എസ്., ആലപ്പുഴ
കഥകളി
ഗീതാതരൻ, ഗവ. എച്ച്. എസ്., കൊല്ലം
കെ. ചന്ദ്രൻ, ഗാന്ധിസേവാ ബി., എസ്., പേരൂർ
ലഘുസംഗീതം
ആർ. പുരുഷോത്തമൻ, പട്ടണക്കാട്
എസ്. ഡി. വി. എച്ച്. എസ്. ടി. കെ. ഗീത, വിവേകോദയം ജി. എച്ച്. എസ്. തൃശ്ശൂർ
ശാസ്ത്രീയസംഗീതം
കെ. പി. സരസ്വതി, എച്ച്. എസ്., ഇരിങ്ങാലക്കുട
രാമകൃഷ്ണൻ ആശാരി, എസ്. എൻ. വി., തിരുവല്ല

വാദ്യസംഗീതം–സ്ട്രിംഗ്
എസ്. വത്സല, കോട്ടൺ ഹിൽ, തിരുവനന്തപുരം
സത്യാനന്ദൻ, വയലാർ.
വാദ്യസംഗീതം–ലയം
ടി. എച്ച്. രംഗവല്ലിയമ്മ, കുന്നാട്ടുകുളം
കെ. എൻ. രാജഗോപാലൻ, ചങ്ങനാശ്ശേരി
വാദ്യസംഗീതം–വിൻഡ്
കെ. എസ്. ഗോപാലകൃഷ്ണൻ, ഫോട്ട്, തിരുവനന്തപുരം
ഡ്രോയിംഗ്
ലാസിയമ്മ ജോജ്ജ്, സെൻറ് തോമസ് ഹൈസ്കൂൾ, ചെങ്ങന്നൂർ
കെ. ഉമ്മർ, സാമൂതിരി ഹൈസ്കൂൾ, കോഴിക്കോട്
പെയിൻറിംഗ്
ഗോപാലൻ, ജി. എസ്. എസ്., പയ്യോളി
പി. ഐ. രാധ, കോഴിക്കോട്
ഗാനമേള
അപ്പുക്കുട്ടൻ & പാട്ടി, ചങ്ങനാശ്ശേരി
നാടകം
കെ ഐ മോഹനൻ & പാട്ടി, ഇരിങ്ങാലക്കുട
ആർ. രാധമ്മ & പാട്ടി, കൊട്ടാരക്കര
കഥനം
പി. സുശീല, കോട്ടൺഹിൽ, തിരുവനന്തപുരം
കെ. ജനാർദ്ദനൻ, എം. ററി. എച്ച്. എസ്., വെണ്മണി
പ്രസംഗം
ഗ്രേസി തോമസ്, സെൻറ് ആൻസ് ജി. എച്ച്. എസ്, കോട്ടയം
ഇ. ററി. മുഹമ്മദ് ബഷീർ, വി. എസ്. എസ്., ചാലിയാർ, മലപ്പുറം
ദേശീയഗാനം
ആലപ്പുഴ ജില്ല

1964

എസ്. സി. എസ്. ഹൈസ്ക്കൂൾ, തിരുവല്ലാ

ജനുവരി 23, 24, 25

ഒന്നാംസ്ഥാനം:
ആലപ്പുഴ ജില്ല
നാടകം
മോഡൽ എച്ച്. എസ്., തിരുവനന്തപുരം
ഷാഡോ പ്ലേ
എൻ. എസ്. എസ്. എച്ച്. എസ്., കാരാപ്പുഴ
ഓട്ടൻതുള്ളൽ
വി. എസ്. ജനാർദ്ദനൻ, കുറിച്ചിത്താനം, എച്ച്. എസ്.
സി. ശോഭന, ജി. എച്ച്. എസ്., ഷൊർണ്ണൂർ
ഭരതനാട്യം
സി. റ്റി. തങ്കക്കുട്ടി, ഇരിങ്ങാലക്കുട
പ്രസംഗം
ടി. വറുഗീസ്, കട്ടികാട്ട് ഹൈസ്കൂൾ
എൻ. ചന്ദ്രകല, തൃശ്ശൂർ
പെൻസിൽ ഡ്രോയിംഗ്
എം. ജി. സുബ്രഹ്മണ്യം, സെൻറ് ആൻറണീസ് എച്ച്. എസ്., പൂതക്കുട്
ജെ. അന്നക്കുട്ടി, സെൻറ് മേരീസ് എച്ച്. എസ്., ചേർത്തല
ഗാനമേള
സെൻറ് അലോഷ്യസ് എച്ച്. എസ്., കൊല്ലം
വാദ്യസംഗീതം–സ്ട്രിംഗ്
വി. ശശിധരൻനായർ, സംസ്കൃത സ്കൂൾ, തിരുവനന്തപുരം
കെ. എൻ. ലളിതാഭായി, എഫ്. ജി. എച്ച്. എസ്., കൊല്ലം
വാദ്യസംഗീതം–വിൻഡ്
കെ.എസ്. ഗോപാലകൃഷ്ണൻ, ഫോർട്ട് ഹൈസ്കൂൾ, തിരുവനന്തപുരം
വൃന്ദാദേവി, ഗവണ്മെൻറ് ജി. എച്ച്. എസ്., ചേർത്തല
വാദ്യസംഗീതം–ലയം
സി. നരേന്ദ്രൻ, കുന്നംകുളം
എം. അരുന്ധതി, ജി. എച്ച്. എസ്., തൃപ്പൂണിത്തുറ
ലളിതസംഗീതം
പി. ഉണ്ണികൃഷ്ണൻ, വിവേകോദയം ഹൈസ്കൂൾ, തൃശ്ശൂർ
ശ്രീലത, ബി. എച്ച്. എസ്., ഹരിപ്പാട്
ശാസ്ത്രീയസംഗീതം
വെങ്കിടേശ്വരൻ, എസ്. ഡി. വി. എച്ച്. എസ്., ആലപ്പുഴ
കെ. വസന്ത, ജി. എച്ച്. എസ്., തൃപ്പൂണിത്തുറ

1965

ഹൈസ്ക്കൂൾ ഷൊർണ്ണൂർ

ജനുവരി 24, 25, 26

ഡ്രോയിംഗ്
എം. ജി. സുബ്രഹ്മണ്യം, ഇരിങ്ങാലക്കുട
പ്രമീളാ നമ്പ്യാർ, കോഴിക്കോട്
പെയിൻറിംഗ്
പി. രാഘവൻ, എറണാകുളം
അംബുജാക്ഷി, തലശ്ശേരി
ക്ലാസ്സിക്കൽ ഡാൻസ്
പി. വെങ്കിടേശൻ, ആലപ്പുഴ
ലളിതസംഗീതം
എം. കണ്ണൻ, പാലക്കാട്
കെ. ലക്ഷ്മി, പാലക്കാട്
വാദ്യസംഗീതം–സ്ട്രിംഗ്
ശിവദാസൻപിള്ള, മാവേലിക്കര
കെ. എൻ. ലളിതാഭായി, കൊല്ലം
വാദ്യസംഗീതം–വിൻഡ്
എൻ. എസ്. മണി, ആലപ്പുഴ
പി. വൃന്ദാദേവി, ആലപ്പുഴ
വാദ്യസംഗീതം–ലയം
ശ്രീകുമാർ വർമ്മ, ആലപ്പുഴ
എൻ. രാധാമണി, കൊല്ലം
കഥകളി
എസ്. രാജേന്ദ്രൻ, കൊല്ലം
എസ്. ശശികല, കൊല്ലം
ഓട്ടൻതുള്ളൽ
അശോക് വർമ്മ, തലശ്ശേരി
പി. രാധ, തൃശ്ശൂർ
പ്രസംഗം
ഇ. കെ. ജലീൽ, മലപ്പുറം
മേരി വില്യംസ്, ഇരിങ്ങാലക്കുട
കഥനം
കെ. എസ്. സുകുമാരൻ, ആലപ്പുഴ
എം. രമാദേവി, തൃശ്ശൂർ
ഭരതനാട്യം
ഉഷാദിവാകർ, എറണാകുളം
നാടോടിനൃത്തം
സി. രതീദേവി, തൃശ്ശൂർ
സമൂഹഗാനം
കൊല്ലം ജില്ല
സമൂഹനൃത്തം
ഇരിങ്ങാലക്കുട ജില്ല
നാടകം
തിരുവല്ലാ ജില്ല
ദേശീയഗാനം
കോട്ടയംജില്ല

1968

മോഡൽ ഗേൾസ് ഹൈസ്ക്കൂൾ, തൃശ്ശൂർ

ജനുവരി 24, 25, 26

ഡ്രോയിംഗ്
1 ദാസൻ ആശാരി, ജി. എച്ച്. എസ്., ആലപ്പുഴ
2 കുട്ടപ്പൻ, എം. എൻ., എൻ. എസ്. എസ്. എച്ച്. എസ്., കവിയൂർ

പെയിന്റിംഗ്
1 സുഭാഷിണി പി., ജി. എച്ച്. എസ്., കോഴിക്കോട്
സുധാകരൻ എൻ., ജി. വി. എച്ച്. എസ്., കൂവപ്പടി
2 പ്രേമചന്ദ്രൻ കെ. എ , സെൻറ് തോമസ്, എച്ച്. എസ്., എങ്ങാടിയൂർ

ശാസ്ത്രീയസംഗീതം
1 രാധി എ., ഗവ. ഹൈസ്കൂൾ, ചേന്നമംഗലം
ശിവാജി എസ്., ഹൈസ്കൂൾ, മംഗാട്
2 ഹേമവതി കെ. കെ , മോയൻ ജി. എച്ച്. എസ്., പാലക്കാട്
വെങ്കിടകൃഷ്ണൻ പി. ബി., ഹൈസ്കൂൾ, ഷൊർണൂർ

ലളിതസംഗീതം
1 ശോഭനകുമാരി ആർ., ബി. എൻ. വി. ഹൈസ്കൂൾ, തിരുവല്ലം
പുരുഷോത്തമൻ, ഗവ. ഹൈസ്കൂൾ, ചേർത്തല
2 പ്രസന്ന എസ്. എം., ജി. എച്ച്. എസ്., എടപ്പാൾ
രവീന്ദ്രൻ വി. വി., രാമവിലാസം ഹൈസ്കൂൾ, ചൊക്ലി

വാദ്യസംഗീതം–സ്ട്രിംഗ്
1 റാണി അംബികാദേവി, ഗവ: ഹൈസ്കൂൾ, മാവേലിക്കര
ഗോപി എസ്., എം. ടി. എസ്. ഹൈസ്കൂൾ, കോട്ടയം
2. ലളിത ടി. എച്ച്., പി. ജി. ഹൈസ്കൂൾ, തുപ്പൂണിത്തുറ
ജോബ് കുരുവിള, ജി. എച്ച്. എസ്., കാഞ്ഞിരപ്പള്ളി

വാദ്യസംഗീതം–വിൻഡ്
1. ലളിതാബായ്, ഹൈസ്കൂൾ, കണ്ടമംഗലം

വാദ്യസംഗീതം–ലയം
1. ശ്രീകുമാരവർമ്മ, ഗവ. ഹൈസ്കൂൾ, ചേർത്തല
2. ഗോപാലകൃഷ്ണൻ കെ., ഹൈസ്കൂൾ, കഴിമത്തിക്കാട്
ഭരതനാട്യം
1. ശശി ജി., പ്രോവിഡൻസ് ഹൈസ്കൂൾ, കോഴിക്കോട്
2. ശാന്തിദേവി എസ്., എഫ്. എ. സി. റ്റി. ഹൈസ്കൂൾ, ആലുവാ

നാടോടിനൃത്തം
1. രാജേശ്വരി പി , മൗണ്ട് കാർമ്മൽ ഹൈസ്കൂൾ, കോട്ടയം
2. ചന്ദ്രിക കെ., എൽ. എസ്. എൻ. സി. ഹൈസ്കൂൾ, ഒറ്റപ്പാലം
കഥകളി
1. വസന്തകുമാരി എം., ജി. എച്ച്. എസ്. ഇരിങ്ങാലക്കുട
ശശിധരൻ എ., ആർ. എച്ച്. എസ്. കൊല്ലങ്കോട്
2. രാധാലക്ഷ്മി വി. ജി., ജി. എം. എച്ച്. എസ്. നിലമ്പൂർ
മോഹനൻ എൻ., എൻ. എസ്. എസ്. ഹൈസ്കൂൾ, കാരാപ്പുഴ

ശാസ്ത്രീയനൃത്തം
1. ബാല പി., ജി. എച്ച്. എസ്, മഞ്ചേരി
കൃഷ്ണകുമാർ സി., മോഡൽ ഹൈസ്കൂൾ, തിരുവനന്തപുരം
2. ശ്രീദേവി ജി., എസ്. വി. എച്ച്. എസ്. കായംകുളം

ഓട്ടൻതുള്ളൽ
1. മാലിനി കെ. മേനോൻ, സെന്റ് ത്രേസ്യാസ് ഹൈസ്കൂൾ, ഷൊർണൂർ
ജനാർദ്ദനൻ വി. എസ്., എച്ച്. എസ്., കുറിച്ചിത്താനം
2. പത്മലക്ഷ്മി കെ., സെൻറ് ജോസഫ്സ് ഹൈസ്കൂൾ, തൃശ്ശൂർ
ഗോപാലകൃഷ്ണൻ കെ. എസ്., ഹൈസ്കൂൾ, മുണ്ടൂർ

പ്രസംഗം
1. തങ്കമ്മജോസ്, എം. റ്റി. എസ്. ഹൈസ്കൂൾ, കോട്ടയം
മാത്യു പി. വി., എസ്. എം. എസ്. ജെ. എച്ച്. എസ്., തൈക്കാട്ടുശ്ശേരി
2. ലത പി., ബി. ഇ. എം. ഹൈസ്കൂൾ, പാലക്കാട്
അശോകകുമാർ കെ., ബി. എം. ഹൈസ്കൂൾ, കാസർകോട്

പദ്യപാരായണം
1. സുമതി എൻ. വി., സെൻറ് ആന്റണീസ് ഹൈസ്കൂൾ, മൂക്കനോട്
രാമകൃഷ്ണപിള്ള ആർ., ഹൈസ്കൂൾ, പുത്തൂർ
2. മോളി ജോർജ്, എസ്. എച്ച്. സി. ഹൈസ്കൂൾ, തൃശ്ശൂർ
വെങ്കിടകൃഷ്ണൻ പി. ബി., ഹൈസ്കൂൾ, ഷൊർണൂർ
ഗാനമേള
രത്നാബായ്, എസ്. ഡി. വി. ഹൈസ്കൂൾ, ആലപ്പുഴ
ജയലക്ഷ്മി എസ്.
ഉഷ എൻ.
വസുന്ധര ബി.
ഷൈലജകുമാരി റ്റി.
സംഘനൃത്തം
1. സുലോചന ഒ., ജി. എച്ച്. എസ്. കോഴിക്കോട്
ഷൈമ ഏ.
സത്യഭാമ സി. എസ്.
വിശാലാക്ഷി കെ.
ജയലക്ഷ്മി വി.
ഹൈമവതി സി.
ഗ്രേസ് ഡി.
2. ഹരീഷ്കുമാർ എസ്., എൻ. എസ്. എസ്. ഹൈസ്കൂൾ, ശാസ്മമംഗലം
ശങ്കരൻകുട്ടി
കൃഷ്ണപിള്ള
ഗീതാദേവി എസ്. കെ.
ലീലാ എൽ.
ശ്രീലാ എൻ.
ഗീത ടി.
ഏകാങ്കനാടകം
1. രഘു പി. എസ്., എസ്. എൻ. ഹൈസ്കൂൾ, കണിമംഗലം
കൊച്ചുമോൻ കെ. ഐ.
വത്സലൻ കെ. ജി.
സോമൻ വി. ഡി.
ശിവദാസൻ സി. ബി.
ബാബു എ. കെ.
നൂർദീൻ ആർ. എ.
2. കേശവൻ കെ. ജി., ഹൈസ്കൂൾ, ഇടപ്പള്ളി
രാധാകൃഷ്ണൻ കെ. ജി.
ഫ്രാൻസിസ് സി. ജി.
ചാക്കോ ടി. വി.
സുകേശൻ പി. ആർ.
ആന്റണി വി. സി.
ദേശീയഗാനം
1. ഇരിങ്ങാലക്കുട വിദ്യാഭ്യാസജില്ല
2. ആറന്മുള വിദ്യാഭ്യാസജില്ല

ഒന്നാംസ്ഥാനം:
ആലപ്പുഴ വിദ്യാഭ്യാസജില്ല
രണ്ടാംസ്ഥാനം:
കോട്ടയം വിദ്യാഭ്യാസജില്ല
മൂന്നാംസ്ഥാനം: ഇരിങ്ങാലക്കുടവിദ്യാഭ്യാസജില്ല

പതിനൊന്നാമത്തെ സംസ്ഥാന യുവജനോത്സവത്തിലേക്കുള്ള തിരഞ്ഞെടുപ്പു നടത്താൻ കേരളത്തിലെ ഇരുപത്തിനാലു വിദ്യാഭ്യാസജില്ലകളിൽ നടന്ന ജില്ലാകലോത്സവങ്ങളുടെ അവലോകനമാണ് ഈ ഖണ്ഡത്തിലുള്ളത്. പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽനിന്നു റിപ്പോർട്ട് കിട്ടിയിട്ടില്ല

ജില്ലാകലോത്സവങ്ങൾ



പ്രേമാചന്ദ്രൻ


ആലപ്പുഴ

ഈ കൊല്ലത്തെ ജില്ലായുവജനകലോത്സവം 1968 ഡിസംബർ 30, 31 തീയതികളിൽ ചേർത്തല ഗവണ്മെൻറ് ബോയിസ് ഹൈസ്കൂളിൽവച്ച് അത്യന്തപൂർവ്വം ഭംഗിയായി നടത്തപ്പെട്ടു. ജില്ലയൊട്ടാകെയുള്ള 63 സ്കൂളുകളിൽനിന്നുമായി 500–ഓളം വിദ്യാർത്ഥിനീവിദ്യാർത്ഥികളെ ഈ കലോത്സവത്തിൽ പങ്കെടുപ്പിക്കുവാൻകഴിഞ്ഞു എന്നതുതന്നെ ഒരു വമ്പിച്ച നേട്ടമാണ്.

ഡിസംബർ 30–ാംതീയതി വൈകിട്ട് 5മണിക്ക് ആലപ്പുഴ ജില്ലാ വിദ്യാഭ്യാസആഫീസർ ശ്രീമതി മേരി സക്കറിയാ യുവജനോത്സവപതാക ഉയർത്തിയതിനെ തുടർന്നു നടന്ന വിദ്യാർത്ഥിനീവിദ്യാർത്ഥികളുടെ വർണ്ണശബളമായ മാർച്ച്പാസ്റ്റ്, പരിപാടികളുടെ നാന്ദി കുറിച്ചു. അറുത്തുങ്കൽ സെൻറ് ഫ്രാൻസിസ് അസീസി ഹൈസ്കൂളിലെ വിദ്യാർത്ഥികളുടെ ബാൻഡ് മാർച്ച് പാസ്റ്റിനു മേളക്കൊഴുപ്പേകി. ചേർത്തല ബോയ്സ് ഹൈസ്കൂൾ അദ്ധ്യാപകൻ ശ്രീ കെ. ചന്ദ്രശേഖരന്റെ വിദഗ്ധനേതൃത്വത്തിൽ ഇരുനിലയിൽകെട്ടിയുണ്ടാക്കി കൊടിതോരണങ്ങളാലും ആലക്തികദീപങ്ങളാലും സമാലംകൃതമാക്കപ്പെട്ടപന്തലും മനോഹരങ്ങളായ കമാനങ്ങളും ആധുനികരംഗസജ്ജീകരണങ്ങളോടുകൂടിയ സ്റ്റേജും ഉള്ള ആഡിറേറാറിയത്തിൽ കൂടിയ നിറഞ്ഞ സദസ്സിൽവച്ച് ആലപ്പുഴ ജില്ലാകളക്ടർ ശ്രീ ആർ. നാരായണൻ പരിപാടികൾ ഉദ്ഘാടനംചെയ്തു. ഉദ്ഘാടനസമ്മേളനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അദ്ധ്യക്ഷതവഹിച്ചു. ചേർത്തല ബോയ്സ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ വി. ററി. ജോസഫ് നടത്തിയ സ്വാഗതപ്രസംഗത്തിനുശേഷം ജില്ലാകലക്ടർ നടത്തിയ ഉദ്ഘാടനപ്രസംഗത്തിൽ കൊച്ചുകുട്ടികളിൽ അന്തർലീനമായിക്കിടക്കുന്ന കലാവാസനയെ തട്ടിയുണർത്തി പരിപുഷ്ടമാക്കുന്നതിനു ഇത്തരം കലോത്സവങ്ങൾ സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യം ഊന്നി പ്രകടിപ്പിക്കുകയുണ്ടായി.

കൃത്യം 6.30–നുതന്നെ കലാപരിപാടികൾ ആരംഭിക്കുകയുണ്ടായി. ഒന്നാംദിവസം നാടകങ്ങളാണ് അവതരിപ്പിക്കപ്പെട്ടതു്. ആകെ 26 നാടകങ്ങൾ അവതരിപ്പിക്കപ്പെടുകയുണ്ടായി. മുൻകൊല്ലങ്ങളെ അപേക്ഷിച്ച് ഇപ്രാശ്യം അവതരിപ്പിക്കപ്പെട്ട നാടകങ്ങൾ എല്ലാംതന്നെ അവതരണഭംഗിയുള്ളവയും ഉയർന്നനിലവാരം പുലർത്തുന്നവയുമായിരുന്നു. ആലപ്പുഴ എസ്. ഡി. വി. ബോയ്സ് ഹൈസ്കൂൾ വിദ്യാർത്ഥികൾ അവതരിപ്പിച്ച നാടകത്തിനാണ് ഒന്നാംസമ്മാനം ലഭിച്ചതു്.

31–12–1968 രാവിലെ പ്രാതർഭക്ഷണത്തിനുശേഷം ഒൻപതുമണിക്കു പരിപാടികൾ വീണ്ടും ആരംഭിച്ചു. മൂന്നു വേദികളിലായിട്ടാണ് പരിപാടികൾ നിർവ്വഹിക്കപ്പെട്ടതു്. ശാസ്ത്രീയസംഗീതം, ലഘുസംഗീതം, സമൂഹഗാനം, ഓട്ടൻതുള്ളൽ, ഭരതനാട്യം, നാടോടിനൃത്തം, കഥകളി, ശാസ്ത്രീയനൃത്തം, സംഘനൃത്തം എന്നിവ ആഡിറേറാറിയത്തിലും, വാദ്യസംഗീതം, പ്രസംഗമത്സരം, പദ്യപാരായണം എന്നിവ എൻ. സി. സി. ഹാളിലും, ചിത്രരചന എൻജിനീയറിംഗ്ഹാളിലുംവച്ചു നടത്തപ്പെ



ട്ട. മിക്കവാറും എല്ലാ പരിപാടികളും നല്ല നിലവാരം പുലത്തിയിരുന്നു. വളരെയധികം വിദ്യാർത്ഥികൾ പങ്കെടുത്തതു് ലഘുസംഗീതം, സമൂഹഗാനം, നാടോടിനൃത്തം, സംഘനൃത്തം, വാദ്യസംഗീതം, പ്രസംഗമത്സരം, ചിത്രരചന ഇവയിലായിരുന്നു. ശാസ്ത്രീയസംഗീതം, ഭരതനാട്യം, കഥകളി എന്നിവയിൽ പങ്കെടുത്തവരുടെ എണ്ണം താരതമ്യേന കുറവാണെങ്കിലും നിരാശാജനകമല്ലാ എന്നുമാത്രമല്ല അവതരിപ്പിക്കപ്പെട്ടവ നല്ല നിലവാരം പുലത്തിയിരുന്നു എന്നുള്ളതും ചാരിതാർത്ഥ്യജനകമാണു്. നിറഞ്ഞ സദസ്സിൽ പ്രദർശിപ്പിക്കപ്പെട്ട എല്ലാ പരിപാടികൾക്കും സദസ്യരുടെ മുക്തകണ്ഠമായ പ്രശംസ ലഭിക്കുകയുണ്ടായി. ലഘുസംഗീതത്തിൽ ഒന്നാംസമ്മാനം നേടിയ ലിയോ തർട്ടീന്തു് ഹൈസ്കൂളിലെ മുഹമ്മദ്ബഷീർ ഒരു നല്ല വാശാനമാണു്. എസ്. ഡി. വി. ഗേൾസ് ഹൈസ്കൂൾ വിദ്യാർത്ഥിനികളുടെ സംഘനൃത്തം, ആലപ്പുഴ മുഹമ്മദൻ ഹൈസ്കൂൾ വിദ്യാർത്ഥികളുടെ ഗാനമേള, ആലപ്പുഴ ഗേൾസ് ഹൈസ്കൂളിലെ പ്രേമാചന്ദ്രന്റെ നാടോടിനൃത്തം, കുഞ്ഞുമോളുടെ കഥകളി, ആലപ്പുഴ ടി. ഡി ഹൈസ്കൂളിലെ ആശയുടെ ഭരതനാട്യം, ആശയുടേയും കലവൂർ ഹൈസ്കൂളിലെ ദിലീപ് സിങ്ങിന്റെയും ക്ലാസ്സിക്കൽ നൃത്തം, ചേർത്തല ബോയ്സ് ഹൈസ്കൂളിലെ ശ്രീകുമാരവർമ്മ എന്ന ചെറുബാലന്റെ മൃദംഗവായന, ചേർത്തല സെന്റ് മേരീസ് ഹൈസ്കൂളിലെ സുലേഖാറാണി എന്ന ബാലികയുടെ വയലിൻവായന, കണ്ടമംഗലം ഹൈസ്കൂളിലെ ലളിതാബായിയുടെ പുല്ലാംകുഴൽവായന, കാർത്തികപ്പള്ളി സെന്റ് തോമസ് ഹൈസ്കൂളിലെ പങ്കജാക്ഷിയുടെ ലളിതസംഗീതം, തൈക്കാട്ടുശ്ശേരി ഹൈസ്കൂളിലെ പി. വി. മാത്യു, കൈനകരി ഹോളി ഫാമിലി ഗേൾസ് ഹൈസ്കൂളിലെ സൗമിക്കുട്ടി മാത്യു എന്നിവരുടെ പ്രഭാഷണം, കണിച്ചുകുളങ്ങര ഹൈസ്കൂളിലെ പി. പി. പുരുഷൻ, ചേർത്തല ഗേൾസ് ഹൈസ്കൂളിലെ കെ. ജെ. കൊച്ചുത്രേസ്യാമ്മ എന്നിവരുടെ പദ്യപാരായണം, വട്ടാൽ സെന്റ് മേരീസ് ഹൈസ്കൂളിലെ സോമനാഥൻ, ആലപ്പുഴ എസ്. ഡി. വി. ഗേൾസ് ഹൈസ്കൂളിലെ



ഉത്സവത്തിനു് ഊണും വേണം

വിശാലാക്ഷിയമ്മാൾ, മുതുകുളം ഹൈസ്കൂളിലെ വാസുദേവൻ ആചാരി എന്നിവരുടെ ചിത്രരചന, ഇവ പരിപാടികളിലെ പ്രത്യേകം എടുത്തുപറയത്തക്ക ഇനങ്ങളാണു്. മത്സരങ്ങൾ ജഡ്ജ് ചെയ്യുന്നതിനു് പ്രഗത്ഭമതികളെത്തന്നെ ലഭിച്ചിരുന്നു.

പരിപാടികളുടെ വിജയകരമായ പരിസമാപ്തിക്കു് ഏറ്റവും പ്രധാനമായ പങ്കു വഹിച്ചതു് വിവിധകമ്മിറ്റികളുടെ സ്തുത്യർഹമായ സേവനമാണു്.

അവസാനമായി ഒരു കാര്യം പ്രത്യേകമായി എടുത്തുപറയാതെ ഈ ലേഖനം അവസാനിപ്പിക്കുന്നതു് ഉചിതമായിരിക്കുമെന്നു തോന്നുന്നില്ല. വിദ്യാലയങ്ങളിൽനിന്നും കിട്ടുമായിരുന്ന രജിസ്ട്രേഷൻ ഫീസ് ഇനത്തിലുള്ള സഹായധനം ഈ കൊല്ലം നിറുത്തൽചെയ്തതു് ഈ കലോൽസവം സംഘടിപ്പിച്ചവരെ സാമ്പത്തികമായി വളരെയധികം ഞെരുക്കുകയുണ്ടായി. ഡി. ഇ. ഒ. ശ്രീമതി മേരി സക്കറിയായുടെ ചുറുചുറുക്കും ആത്മാർത്ഥതയും നിറഞ്ഞ സഹകരണവും നിർദ്ദേശങ്ങളും ജനറൽ കൺവീനർ ശ്രീ നാരായണക്കമ്മത്തി, മുൻ എം. പി. ശ്രീ ജോസഫ് മാത്തൻ, റിട്ടയാർഡ് ഡി. ഇ. ഒ. ശ്രീ ദാമോദരപ്രഭു എന്നിവരുമൊത്തുള്ള അക്ഷീണമായ പ്രവർത്തനങ്ങൾകൊണ്ടു് ആബുദ്ധിമുട്ടു് ഒരുവിധം തരണം ചെയ്യാൻ സാധിച്ചു.

31–12–1968 രാത്രി 12.30–നു് പരിപാടികൾ അവസാനിച്ചു. റിട്ടയാർഡ് ഡി. ഇ. ഒ. ശ്രീ ദാമോദരപ്രഭു അവർകൾ നടത്തിയ സമ്മാനദാനചടങ്ങിനുശേഷം ദേശീയഗാനാലാപത്തോടുകൂടി ഇക്കൊല്ലത്തെ ജില്ലാ യുവജനകലോത്സവം ഒരു വൻവിജയമായി പര്യവസാനിക്കുകയുണ്ടായി. ഈ കലോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിനു വേണ്ടി ഉള്ളഴിഞ്ഞു സഹായിച്ച നാട്ടുകാർക്കും സ്കൂൾ മാനേജർമ്മാർക്കും, ഹെഡ്മാസ്റ്റർമ്മാർക്കും അദ്ധ്യാപകസുഹൃത്തുക്കൾക്കും, ആദ്യന്തം വളരെ അച്ചടക്കത്തോടുകൂടി ഈ പരിപാടികളിൽ സഹകരിച്ച നാട്ടുകാർക്കും കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

ആലുവാ

ആലുവാ ജില്ലാ യുവജനോത്സവം 1968 ഡിസംബർ 22, 23 തീയതികളിൽ കുവപ്പടി ഗണപതിവിലാസം ഹൈസ്കൂളിൽവച്ചു് ആഘോഷിച്ചു. 45 സ്കൂളുകളിലെ 320 വിദ്യാർത്ഥികളും ഇതിൽ പങ്കെടുത്തു. ജനപ്രതിനിധികളും ഹെഡ്മാസ്റ്റർമാരും ഉൾക്കൊള്ളുന്ന ഒരു ജനറൽ കമ്മിറ്റി ആഘോഷങ്ങളുടെ മേൽനോട്ടം വഹിച്ചു. കമ്മിറ്റിയുടെ കൺവീനർ പെരുമ്പാവൂർ മുനിസിപ്പൽ ചെയർമാൻ ശ്രീ എൻ. എസ്. മണിയും, ജോയിൻറ് കൺവീനർമാർ ശ്രീമാന്മാർ കെ. എൻ. ഹരിഹരഅയ്യർ, എൻ. പത്മനാഭഅയ്യർ എന്നിവരുമായിരുന്നു.




ശാന്താദേവി


22–ാംതീയതി 4.30–നു് ആരംഭിച്ച ഉൽഘാടനസമ്മേളനത്തിലെ മുഖ്യാതിഥി കേരള ഹൈക്കോടതി ജഡ്ജി ശ്രീ വി. ആർ. കൃഷ്ണയ്യർ ആയിരുന്നു. മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ മാർച്ചു്പാസ്റ്റിനുശേഷം മുഖ്യാതിഥി പതാക ഉയർത്തി ഉൽഘാടനപ്രസംഗത്തിൽ, ശ്രീ കൃഷ്ണയ്യർ, ഈവിധ കലോത്സവങ്ങളുടെ ആവശ്യകതയെപ്പറ്റി സംസാരിച്ചു. 22–ാംതീയതി രാത്രി നടന്ന നാടകമത്സരത്തിൽ 23 സ്കൂളുകളും പങ്കെടുത്തു. മിക്കവയും പ്രതീക്ഷയ്ക്കൊത്ത നിലവാരത്തിലേക്കുയർന്നില്ല എന്നു പറയേണ്ടിയിരിക്കുന്നു.

രണ്ടാംദിവസത്തെ പരിപാടികളും ഡ്രോയിങ്, പെയിൻറിംഗ് ഇവയോടുകൂടി ആരംഭിച്ചു. തുടർന്നു പ്രസംഗം, കഥനം ഇവയും നടത്തപ്പെട്ടു. കഥനം ഉയർന്നനിലവാരം പുലർത്തിയെങ്കിലും, പ്രസംഗം, ലളിതസംഗീതം ഇവയുടെ സ്ഥിതി മറിച്ചായിരുന്നു. ലളിതസംഗീതത്തിനു് 4 സ്കൂളുകളേ പങ്കെടുത്തിരുന്നുള്ളു. എങ്കിലും അവയ്ക്കു നിലവാരം പുലർത്താൻ കഴിഞ്ഞിരുന്നു. വൈകുന്നേരം നടന്ന നൃത്തപരിപാടികളിൽ ഭരതനാട്യം ഒഴിച്ചുള്ളവ വിജയപ്രദമായിരുന്നില്ല. രാത്രി 12 മണിക്കു നടന്ന സമാപനയോഗത്തിൽവച്ചു് ആലുവാ ഡി. ഇ. ഒ. ശ്രീമതി ഭാഗീരഥി അമ്മസമ്മാനദാനം നിർവ്വഹിച്ചു. ചേന്ദമംഗലംഹൈസ്കൂൾ 26പോയിൻറുകൾ നേടി ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. കലോത്സവത്തിൻറെ നടത്തിപ്പിനുസഹായസഹകരണങ്ങൾ നൽകിയ നാട്ടുകാരോടും, പന്തൽനിർമ്മിച്ച സംഘാടകരോടും കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു യോഗം അവസാനിച്ചു.

ഇടതു്: രാജകുമാർ വലതു്: രതി സമ്മാനം നേടുന്നു







ഒന്നാംസമ്മാനം നേടിയ കടയ്ക്കാവൂർ ഹൈസ്കൂൾ അതിഥികളോടൊത്തു സാഭിമാനം നില്ക്കുന്നു.

ആറ്റിങ്ങൽ

ആറ്റിങ്ങൽ ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർ 1968 ഡിസംബർ 13-ാംതീയതി വിളിച്ചുകൂട്ടിയ ഹെഡ്മാസ്റ്റന്മാരുടെയും, അസിസ്റ്റൻറ് എഡ്യൂക്കേഷനൽ ഓഫീസന്മാരുടെയും സമ്മേളനം ജില്ലാ യുവജനോത്സവം ആഘോഷിക്കുന്നതിനെപ്പറ്റി ചർച്ചകൾ നടത്തുകയും, ഇതിനുവേണ്ടി നെടുമങ്ങാട് ഗേൾസ് ഹൈസ്കൂൾ തെരഞ്ഞെടുക്കുകയും ചെയ്തു.

യുവജനോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി രൂപീകരിച്ച ജനറൽ കമ്മിറ്റിയിലേക്ക് ഹെഡ്മാസ്റ്റന്മാർ, പൊതുപ്രവർത്തകർ, പൗരമുഖ്യർ തുടങ്ങി വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന ബഹുമാന്യവ്യക്തികളെ തെരഞ്ഞെടുത്തു.

ഹെഡ്മാസ്റ്റർ ശ്രീ പി. ഗംഗാധരൻ ജനറൽ കൺവീനറായി രൂപീകരിച്ച എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ശ്രീമാന്മാർ കെ. ഭാസ്കരൻനായർ, പി. കെ. സുകുമാരൻനായർ, വി. ബാലകൃഷ്ണൻ എന്നിവരും ശ്രീമതി ബി. കൃഷ്ണമ്മയും അംഗങ്ങളായിരുന്നു. ജനറൽ കമ്മിറ്റി ഡിസംബർ 18, 21, 25, 26 എന്നീ തീയതികളിൽ യോഗങ്ങൾ ചേർന്നിട്ടുണ്ട്.

ജില്ലയിലാകെയുള്ള 51 ഹൈസ്കൂളുകളിൽ 33 സ്കൂളുകളും കലോത്സവത്തിൽ പങ്കെടുത്തു. വാഹനസൗകര്യങ്ങളുടെ കുറവുമൂലം ചില സ്കൂളുകൾക്ക് ഇതിൽ പങ്കെടുക്കുവാൻ കഴിയാതെപോയി.

ആറ്റിങ്ങൽ ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർ ശ്രീമതി എം. ലക്ഷ്മിഅമ്മാൾ അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ വച്ചു വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ ശ്രീ എസ്. ഗണേശയ്യർ കലോത്സവത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രശസ്തരായ കലാകാരന്മാരെയും, സാഹിത്യകാരന്മാരെയും, മത്സരങ്ങളുടെ ജഡ്ജികളായി ലഭിക്കുകയും അവരുടെ വിലയിരുത്തൽ സർവ്വസമ്മതമായി അംഗീകരിക്കയും ചെയ്തു. കലാപരിപാടികളും പ്രതീക്ഷയ്ക്കൊത്ത നിലവാരത്തിലേക്ക് ഉയർന്നിട്ടില്ല എന്ന അഭിപ്രായമാണ് ജഡ്ജിമാർ പ്രകടിപ്പിച്ചിട്ടുള്ളതു്.

വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്ത സമാപനസമ്മേളനത്തിൽ ഡപ്യൂട്ടി കമ്മീഷണർ ശ്രീമതി കെ. ഭാനുമതിയമ്മ അദ്ധ്യക്ഷതവഹിച്ചു.

ജില്ലാ യുവജനോത്സവത്തിന്റെ വിജയത്തിനുവേണ്ടി അദ്ധ്യാപകരും, പൗരപ്രമുഖരും അങ്ങേയറ്റത്തെ സഹകരണബുദ്ധി പ്രകടിപ്പിച്ചിട്ടുണ്ട്.

ഒന്നാംസമ്മാനാർഹരായ കൂട്ടികളിൽ എസ്. കെ. ഗീതാദേവി (കഥകളി), ബി. എസ്. ബീനാ(ക്ലാസ്സിക്കൽ ഡാൻസ്), രാജരാജേശ്വരി (ഭരതനാട്യം), എ. എം. സുധ, രാജരാജേശ്വരി (ഫോക് ഡാൻസ്), ഗീതാദേവി (ഫോക് ഡാൻസ്—ഏകാങ്കം), തോബിയാസ് ഫെർണാണ്ടസ് ആൻഡ് പാർട്ടി (നാടകം), എസ്. ബാലചന്ദ്രമേനോൻ (പ്രസംഗം), കുമാരി രാധാ (ക്ലാസ്സിക്കൽ മ്യൂസിക്), ജെ. പുരുഷോത്തമൻ (ക്ലാസ്സിക്കൽ മ്യൂസിക്), ഭാൻസികാ ബീവി, എസ്. രത്നാകരൻ (കഥനം), എസ്. ഭുവനചന്ദ്രൻ (ഡ്രായിങ്), രവീന്ദ്രനാഥൻ ആചാരി (പെയിൻറിംഗ്), കെ. പ്രസന്ന, എം. ജയേന്ദ്രൻ (ലളിതം), കെ. സുധാകരൻ ആൻഡ് പാർട്ടി (ഗാനമേള), കെ. ചന്ദ്രബാബു (വാദ്യസംഗീതം) എന്നിവരുംപ്പെടുന്നു. ദേശീയഗാനമത്സരത്തിൽ ഇടവാ മുസ്ലിം ഹൈസ്കൂൾ പ്രഥമസ്ഥാനം നേടി.

ഏറ്റവും കൂടുതൽ പോയിൻറു കളും നേടി റോളിങ് ട്രോഫിക്ക് അർഹതനേടിയതു് കടയ്ക്കാവൂർ എസ്. എസ്. പി. ബോയ്സ് ഹൈസ്കൂൾ ആണ്.

ചാവക്കാടു്

ചാവക്കാടുജില്ലയിലെ 3–ാമതു് യുവജനോത്സവപരിപാടികം1969 ജനുവരി 2, 3 തീയതികളിൽകുന്നംകുളം ജൂനിയർ ടെക്നിക്കൽ സ്കൂളിൽവെച്ചു നടത്തപ്പെട്ടു. ഇതിലേക്കു്, ഡിസ്ട്രിക്ടു് എഡ്യൂക്കേഷനൽ ഓഫീസർ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ ജനറൽ കൺവീനറായി ചാവക്കാടു പഞ്ചായത്തു പ്രസിഡണ്ടു് ശ്രീ പി. സെയ്തുമുഹമ്മദു് ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു.

കുന്നംകുളം ജൂനിയർ ടെക്നിക്കൽ സ്കൂൾ കലോത്സവത്തിനുവേണ്ടി തെരഞ്ഞെടുത്തതു് എല്ലാംകൊണ്ടും ഉചിതമായി. മത്സരത്തിൽ പങ്കെടുക്കുവാൻ എത്തിയ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കു താമസസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കലോത്സവവേദി ആകർഷകമാക്കുന്നതിനും ഭാരവാഹികൾ ശ്രദ്ധിച്ചിരുന്നു.

32 വിദ്യാലയങ്ങൾ ഈ കലോത്സവത്തിൽ പങ്കുകൊണ്ടു. കലാപ്രകടനങ്ങൾ പൊതുവെ മെച്ചപ്പെട്ടവതന്നെ ആയിരുന്നു. പരിപാടികൾ വിജയകരമാക്കുന്നതിനു് അതിൽ പങ്കെടുത്തവർ ആത്മാർത്ഥമായി യത്നിച്ചിട്ടുണ്ടു്. ഈ മഹത്തായ കലാവിരുന്നു് പ്രേക്ഷകരുടെ കണ്ണിനും കാതിനും കുളിർമ്മ പകർന്നുകൊടുത്തു. ഏറ്റവും കൂടുതൽ ടീമുകൾ പങ്കെടുത്ത ഏകാങ്കനാടകങ്ങൾ 8 മണിക്കൂറോളം ദീർഘിക്കുകയുണ്ടായി. മത്സരങ്ങൾ ജഡ്ജു് ചെയ്യുന്നതിനു പ്രഗത്ഭമതികളെത്തന്നെ ലഭിക്കുകയുണ്ടായി.

ചാവക്കാടു് ഡിസ്ട്രിക്ടു് എഡ്യൂക്കേഷനൽ ഓഫീസർ പതാക ഉയർത്തൽ നിർവ്വഹിച്ചതോടെയാണു് 2–ാംതീയതി വൈകുന്നേരം 5മണിക്കു കലോത്സവപരിപാടികൾ ആരംഭിച്ചതു്. തൃശ്ശൂർ വിമലാകോളേജു് പ്രിൻസിപ്പൽ റവ. സിസ്റ്റർ സ്റ്റെല്ലാ മറിയ കലോത്സവം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം 7മണിക്കു് ആരംഭിച്ച ഏകാങ്കനാടകമത്സരം രാത്രി മൂന്നുമണിവരെ നീണ്ടുനിൽക്കുകയുണ്ടായി.

രണ്ടാംദിവസമാണു് മറ്റു പരിപാടികൾ നടന്നതു്. രാത്രി 9 മണിക്കു നടത്തപ്പെട്ട സമ്മേളനത്തിൽവച്ചു് ഗുരുവായൂർ ശ്രീകൃഷ്ണാകോളേജു് പ്രിൻസിപ്പൽ ശ്രീ എം. പി. ബാലകൃഷ്ണമേനോൻ വിജയികൾക്കു സമ്മാനങ്ങൾ വിതരണംചെയ്തു.

ഏറ്റവും കൂടുതൽ പോയിൻറു കൾ കരസ്ഥമാക്കുന്ന സ്കൂളിനു നല്കുന്നതിലേക്കായി, അഭിവന്ദ്യനായ പൗലൂസു് മാർ പീലക്സിനോസ്തിരുമേനി ഒരു റോളിങ്കപ്പു് സംഭാവനചെയ്തു. വിവരം പ്രത്യേകം പ്രസ്താവ്യമാണു്. കഴിഞ്ഞ വർഷം ചാവക്കാടു് ഗവ. ഹൈസ്കൂൾ ഡ്രോയിങ്മാസ്റ്റർ ശ്രീ ഇട്ടി മാണി സംഭാവനചെയ്ത കപ്പു് ഉൾപ്പെടെ ഇപ്പോൾ ഈ ജില്ലയ്ക്കു് രണ്ടു കപ്പുകളാണുള്ളതു്. എന്നാൽ ഒരുപോലെ പോയിൻറുകൾ നേടി ഒന്നാംസ്ഥാനത്തു്, എൽ.എഫ്. സി. ജി. ഹൈസ്കൂൾ, മമ്മിയൂർ, സെൻറു് ഫ്രാൻസിസു് ഹൈസ്കൂൾ മറ്റം, ഗവ ബ്രണ്ണൻറു് ഗേൾസു് ഹൈസ്കൂൾ കുന്നംകുളം ഈ മൂന്നു സ്കൂളുകൾ എത്തിയതിനാൽ, 4 മാസത്തേക്കുവീതം ഓരോ സ്കൂളിനും കപ്പുകൾ രണ്ടും സമ്മാനിക്കാൻ തീരുമാനിക്കുകയാണുണ്ടായതു്.

ദേശീയഗാനാലാപത്തിനു് മുൻ ചാവക്കാടു് എഡ്യൂക്കേഷനൽ ഓഫീസർ ശ്രീ കെ. കൃഷ്ണപിള്ള ഏർപ്പെടുത്തിയിരിക്കുന്ന റോളിങ്കപ്പിനു് അർഹമായതു് ചാവക്കാടു് ഗവ. ഹൈസ്കൂൾ ആണു്. കുന്നംകുളം ജൂനിയർ ടെക്നിക്കൽ സ്കൂൾ സുപ്രണ്ടു് ശ്രീ റവ. എം. സൈമൺ, നാടകമത്സരത്തിൻറെ വിജയികൾക്കുവേണ്ടി സംഭാവനചെയ്ത റോളിങ്കപ്പു് എർപ്പെടുത്തി. ഗവ. ഹൈസ്കൂൾ സമ്പാദിച്ചു.

ജനറൽ കൺവീനറുടെയും സഹപ്രവർത്തകരുടെയും അക്ഷീണപരിശ്രമംമൂലമാണു് ഈ കലോത്സവം ഇത്രയും ഭംഗിയായി പര്യവസാനിപ്പിക്കുന്നതിനു സാധിച്ചതു്.

എറണാകുളം


എറണാകുളം ഡിസ്ട്രിക്ടു് യുവജനോത്സവം ആഘോഷിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതിനായി 1968 ഡിസംബർ 7–ാംതീയതി ശനിയാഴ്ച കാലത്തു 10 മണിക്കു് എറണാകുളം സെൻറു് തെരീസാസ് ഗേൾസു് ഹൈസ്കൂളിൽവച്ചു ജില്ലയിലെ വിവിധ ഹൈസ്കൂളുകളിലെ പ്രധാന അദ്ധ്യാപകരുടെയും ഏ. ഇ. ഓ. മാരുടെയും ഒരു യോഗം ബഹു: ഡിസ്ട്രിക്ടു് എഡ്യൂക്കേഷനൽ ആഫീസർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. എറണാകുളം ഗേൾസു് ഹൈസ്കൂളിൽവെച്ചു ഡിസംബർ 22, 23 തീയതികളിലായി യുവജനോത്സവം കൊണ്ടാടുന്നതിനും അതിൻറെ വിജയകരമായ നടത്തിപ്പിനു് ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും നിശ്ചയിച്ചു. ആഘോഷക്കമ്മിറ്റിയുടെ പ്രസിഡണ്ടായി ബഹു: ഡിസ്ട്രിക്ടു് എഡ്യൂക്കേഷനൽ ഓഫീസറും കൺവീനറായി എച്ചു്. ഇ. എച്ചു്. എം. എം. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ വി. എം. ജോസഫിനെയും തെരഞ്ഞെടുത്തശേഷം യുവജനോ

ത്സവത്തിന്റെ രൂപരേഖയും ബഡ്ജറ്റും തയാറാക്കി യോഗം പിരിഞ്ഞു.

കൊടിതോരണങ്ങളും, വിദ്യുദ്ദീപമാലകളും എന്നിവയണിഞ്ഞു് എറണാകുളം ഗേൾസ് ഹൈസ്കൂൾ അങ്കണം പത്താംയുവജനോത്സവത്തിനു സജ്ജമായി. കലാരസികരും കലാകുതുകികളുമായ മഹതീമഹാന്മാരുടെയും അദ്ധ്യാപികാദ്ധ്യാപകന്മാരുടെയും വിദ്യാർത്ഥിനീവിദ്യാർത്ഥികളുടെയും സാന്നിദ്ധ്യത്തിൽ അങ്കണത്തിലെ ധ്വജത്തിൽ 4.30–നു ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർ അവർകളും പതാക ഉയർത്തിയതോടെ യുവജനോത്സവം ആരംഭിച്ചു. ഉദ്ഘാടനസമ്മേളനത്തിൽ ശ്രീമതി കുഞ്ഞു കുഞ്ഞമ്മ ജോർജ്ജ് സദസ്യർക്കു് സ്വാഗതമാശംസിച്ചു. മഹാരാജാസ് കോളേജ് പ്രിൻസിപ്പൽ ശ്രീ കെ. ശിവരാമകൃഷ്ണയ്യർ അവർകളും ഉത്സവം ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനപ്രസംഗത്തിൽ മാനുഷികമൂല്യങ്ങളും പരിരക്ഷിക്കുന്നതിൽ കലയ്ക്കുള്ള പങ്കിനേയും ഇന്നത്തെ അസ്വസ്ഥമായ തലമുറയുടെ കർത്തവ്യത്തേയുംപറ്റി പ്രത്യേകം പരാമർശിച്ചു. ശ്രീ കെ. ഭാസ്കരക്കുറുപ്പു് കൃതജ്ഞത പ്രകാശിപ്പിച്ചു.



മുകളിൽ: എറണാകുളത്തിന്റെ അഭിവാദനം
താഴെ: സംഗീതം പാശ്ചാത്യമാധ്യത്തിൽ




5.30 മുതൽ കലാപ്രകടനങ്ങളാരംഭിച്ചു. നാടോടിനൃത്തങ്ങളും, സംഘനൃത്തങ്ങളും ഭാവരാഗതാളപ്രധാനമായ ഭരതനാട്യങ്ങളും സദസ്യരെ ആഹ്ലാദഭരിതരാക്കി. അഭിനയകലയിൽ പ്രാവീണ്യംനേടാൻ കൊതിക്കുന്ന യുവനടീനടന്മാർ പങ്കെടുത്ത പതിനാറു് ഏകാങ്കനാടകങ്ങളും പ്രേക്ഷകരെ സംബന്ധിച്ചിടത്തോളം രാത്രിയാണെന്ന ബോധം അസ്തപ്രായമാക്കി. രാത്രി മൂന്നരമണിക്കാണു് നാടകങ്ങളും അവസാനിച്ചതു്.

23–ാംതീയതി രാവിലെ 9 മണിക്കു ലളിതഗാനങ്ങളും, വാദ്യസംഗീതം, ഗാനമേള എന്നീ മത്സരങ്ങളും ആരംഭിച്ചു. പിന്നീടു പ്രസംഗമത്സരം, പദ്യോച്ചാരണമത്സരം ഇവയും ചിത്രകലാമത്സരങ്ങളും നടന്നു.

വൈകുന്നേരം 5.30–നു് കേരള ഹൈക്കോടതി ജസ്റ്റീസ് ശ്രീ വി. ആർ. കൃഷ്ണയ്യർ അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ സമാപനയോഗം സമ്മേളിച്ചു. ശ്രീ കെ. ശ്രീധരമേനോൻ സദസ്യർക്കു സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷൻ തന്റെ പ്രസംഗത്തിൽ കലയ്ക്കു വിദ്യാഭ്യാസത്തിലും, ജീവിതത്തിലുമുള്ള സ്ഥാനം എന്തെന്നു സമഗ്രമായി പ്രതിപാദിച്ചു. യുവകലാകാരന്മാരെ അദ്ദേഹം മുക്തകണ്ഠം പുകഴ്ത്തുകയും വിജയികൾക്കു സമ്മാനസർട്ടിഫിക്കറ്റുകളും നല്കുകയും ഉണ്ടായി. ജനറൽ കൺവീനർ ശ്രീ വി. എം. ജോസഫിന്റെ കൃതജ്ഞതാപ്രകടനത്തോടെ യുവജനോത്സവ പരിപാടികളും പര്യവസാനിക്കുകയുംചെയ്തു.

ഇരിങ്ങാലക്കുട

ഈ വഷ്ത്തെ, ഇരിങ്ങാലക്കുട ജില്ലാ യുവജനോത്സവം തികച്ചും ഒരു 'ഉത്സവം' തന്നെയായിരുന്നു. 1968 ഡിസംബർ 26-ാംനു വൈകുന്നേരം ജസ്റ്റിസു് വി. ആർ. കൃഷ്ണയ്യർ പതാകയുയർത്തിയതോടുകൂടി ആരംഭിച്ച യുവജനോത്സവത്തിന്റെ ചടങ്ങുകളും തികച്ചും വർണ്ണശബളമായിരുന്നു. ജില്ലയിലെ നാല്പതോളം ഹൈസ്കൂളുകളിൽനിന്നായി വന്നെത്തിയ മുന്നൂറോളം കൊച്ചു കലാകാരന്മാരും കലാകാരികളും അവരവരുടെ നിറപ്പകിട്ടാർന്ന ബാനറുകളുംകൂടി പിന്നിലണിനിരന്നുകൊണ്ടു നടത്തിയ മാർച്ചുപാസ്റ്റു് ചേതോഹരമായിരുന്നു. ജസ്റ്റിസു് വി. ആർ. കൃഷ്ണയ്യർ സല്യൂട്ടു് സ്വീകരിച്ചു. അതിനുശേഷം വേദിയിലേക്കു് ആനയിക്കപ്പെട്ട അദ്ദേഹം യുവജനോത്സവച്ചടങ്ങുകൾ ഔപചാരികമായി ഉദ്ഘാടനംചെയ്തു. ഇരിങ്ങാലക്കുട മുനിസിപ്പൽചെയർമാൻ ശ്രീ എം. പി. കൊച്ചുദേവസ്സി സ്വാഗതമാശംസിച്ചു. ജസ്റ്റിസു് വി. ആർ. കൃഷ്ണയ്യർ ചെയ്ത സാരഗർഭമായ ഉദ്ഘാടനപ്രസംഗത്തിൽ യുവജനോത്സവം നല്ലൊരു കാര്യമാണെങ്കിലും ഇന്നത്തെ നിലയ്ക്കു് അതിനു കാര്യമായ പല കുറവുകളും ഉണ്ടെന്നു ചൂണ്ടിക്കാട്ടുകയുണ്ടായി. ഏറെയും അതു നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയുടെ ദോഷമാണെന്നു് അദ്ദേഹം സ്ഥാപിച്ചു. ഒരു കുട്ടിയുടെ കലാപരമായ കഴിവുകളെ പരമാവധി വികസിപ്പിക്കുവാൻ ഇന്നു സ്കൂളുകളിൽ യാതൊരേർപ്പാടുമില്ല. സാമ്പത്തികമായ കഴിവുള്ള ചിലക്കുമാത്രമെ പ്രത്യേകം പരിശീലനം നേടുവാനും ഇത്തരം കലോത്സവങ്ങളിൽ വിജയംനേടുവാനും സാധിക്കുന്നുള്ളു. നമ്മുടെ കലാസ്ഥാപനങ്ങളിൽ പരിശീലനം നേടുന്ന കുട്ടികൾക്കാകട്ടെ സാമാന്യവിദ്യാഭ്യാസംപോലും ലഭിക്കുന്നില്ല. റഷ്യയിലും മറ്റു സോഷ്യലിസ്റ്റു് രാജ്യങ്ങളിലും ബാലേ തുടങ്ങിയ ഉത്തമകലകളിൽ പ്രാവീണ്യംനേടുന്നതോടൊപ്പം ആധുനികവിദ്യാഭ്യാസവും സമ്പാദിക്കുവാൻ കുട്ടികൾക്കു സാധിക്കുന്നു. ഇത്തരമൊരു പരിതഃസ്ഥിതി സംജാതമാക്കിയാലേ ഇത്തരം കലോത്സവങ്ങൾകൊണ്ടു നാം ഉദ്ദേശിക്കുന്ന ഫലം ശരിക്കുമുണ്ടാവുകയുള്ളു, എന്നദ്ദേഹം പ്രസ്താവിച്ചു. ഇരിങ്ങാലക്കുട ഡി. ഇ. ഓ. ശ്രീ എസ്. എസ്. വാരിയരുടെ നന്ദിപ്രകടനത്തോടും ഒരു ചെറിയ കലാമേളയോടുംകൂടി ഉദ്ഘാടനയോഗം അവസാനിച്ചു.



ബാലരാജു്

പി. പി. സാവിത്രി



6.30-നു് ആരംഭിച്ച നാടകമത്സരം രാത്രി 12 മണിവരെ നീണ്ടുനിന്നു. പതിനാലു നാടകങ്ങളുണ്ടായിരുന്നു ഇത്തവണ. കഴിഞ്ഞതവണത്തെ അപേക്ഷിച്ചു നാടകങ്ങളും എണ്ണത്തിൽ കുറവായിരുന്നുവെങ്കിലും ഗുണത്തിൽ ചെറിയൊരുവളർച്ച ദൃശ്യമായിരുന്നു. തീരെ മോശമെന്നു പറയാവുന്നവ വളരെ കുറവായിരുന്നു. ഒന്നാംസമ്മാനം നേടിയ മാള ഹൈസ്കൂളിന്റെ 'പ്രതികാരം' അഭിനയത്തിന്റെയും രംഗസംവിധാനത്തിന്റെയും കാര്യത്തിൽ അത്യുന്നതനിലവാരം പുലർത്തി. രണ്ടും മൂന്നും സമ്മാനങ്ങളും നേടിയ അവിട്ടത്തൂർ ഹൈസ്കൂളിന്റെ 'സിമിത്തേരിപ്പൂക്കളും' കാട്ടൂർ ഹൈസ്കൂളിന്റെ 'അഭയാർത്ഥികളും' സാമാന്യം നല്ല ഏകാങ്കങ്ങളായിരുന്നു.

27-ാംതീയതി പ്രഭാതത്തിലാരംഭിച്ച കണ്ണാടകസംഗീതമത്സരം അന്നു് അർദ്ധരാത്രിവരെ അനുസ്യൂതം നടക്കാനിരിക്കുന്ന കലാമേളയുടെ നാന്ദി കുറിച്ചു. ഗാനധാരകളും, താളമേളങ്ങളും, നൂപുരധ്വനികളും എല്ലാമൊത്തിണങ്ങിയ കലോത്സവരംഗം ശരിക്കും കലാദേവതയുടെ നൃത്തരംഗംതന്നെയായിരുന്നു. കണ്ണാടകസംഗീതമത്സരത്തിൽ ചാലക്കുടി കോൺവെന്റു് ഗേൾസ് ഹൈസ്കൂളിലെ കെ. ഉമ ഒന്നാംസമ്മാനവും ഏ. റാങ്കും നേടി. കണ്ണാടകസംഗീതമത്സര

ത്തിനു് ആൺകുട്ടികളാരുമുണ്ടായില്ല. തുടർന്നവന്ന ലളിതസംഗീതമത്സരം തികച്ചും ഹൃദ്യമായിരുന്നു. ഇരുപത്തഞ്ചോളം വിദ്യാർത്ഥികൾ പങ്കെടുത്ത ഈ മത്സരത്തിലും ഒരു കാര്യം ദൃശ്യമായിരുന്നു. മുൻകൊല്ലങ്ങളെ അപേക്ഷിച്ചു് ഇത്തവണ മിക്കവരും അല്പം ഭേദപ്പെട്ട നിലവാരം പുലർത്തുകയുണ്ടായി. പെൺകുട്ടികളിൽ ഇരിങ്ങാലക്കുട എസ്. എൻ. ഹൈസ്കൂളിലെ എൻ. വി. സുമതിയും ആൺകുട്ടികളിൽ ഇരിങ്ങാലക്കുട നാഷനൽ ഹൈസ്കൂളിലെ ബാലരാജു് ഏ. പിഷാരടിയും ഏ. റാങ്കോടുകൂടി ഒന്നാംസ്ഥാനം നേടി. ഉപകരണസംഗീതത്തിൽ മൃദംഗമൊഴികെ മറെറാന്നും സമ്മാനാർഹമാവുകയുണ്ടായില്ല. മൃദംഗത്തിൽ ചാലക്കുടി ഗവ. ഹൈസ്കൂളിലെ ഇ. കൃഷ്ണൻ ഒന്നാംസമ്മാനാർഹനായി (ഏ. റാങ്കു്). തുടർന്നടന്ന ഗാനമേളാമത്സരത്തിൽ ഒന്നാംസമ്മാനംനേടിയതു് ഇരിങ്ങാലക്കുട എസ്. എൻ. ഹൈസ്കൂളാണു്.

ധാരാളംപേർ പങ്കുകൊണ്ട ചിത്രരചനാമത്സരം ഇതേസമയം സ്കൂൾഹാളിൽ നടക്കുന്നുണ്ടായിരുന്നു. അതിൽ പെൻസിൽച്ചിത്രത്തിൽ മറത്തൂർ ശ്രീകൃഷ്ണാ ഹൈസ്കൂളിലെ സി. പി. സുബ്രഹ്മണ്യൻ ഏ. ഗ്രൂപ്പിൽ ഒന്നാംസ്ഥാനത്തിനർഹനായി. ജലച്ചായച്ചിത്രരചനയിലാകട്ടെ പറപ്പൂക്കര പി. വി. എസ്. ഹൈസ്കൂളിലെ വി. കെ. ചന്ദ്രനാണു് ഏ. റാങ്കോടുകൂടി ഒന്നാംസമ്മാനം ലഭിച്ചതു്. രണ്ടിലും പെൺകുട്ടികളുടെ വിഭാഗത്തിൽ യഥാക്രമം ശശികല കെ. ജി. (കോൺവെൻറ് ഗേൾസ് ഹൈസ്കൂൾ, ചാലക്കുടി), നൂർജിഹാൻബീഗം (കരാഞ്ചിറ ഹൈസ്കൂൾ) എന്നിവരാണു് വിജയികളായതു്.

ഉച്ചതിരിഞ്ഞശേഷം പ്രസംഗമത്സരത്തോടെയാണു് പരിപാടികളാരംഭിച്ചതു്. പ്രസംഗകലയ്ക്കു തളച്ചയാണനുഭവപ്പെട്ടതു്. എറിയാടു് ഹൈസ്കൂളിലെ ഷംസുദീൻ ഒന്നാംസമ്മാനം നേടി. പെൺകുട്ടികളിൽ കൊരട്ടി കോൺവെൻറ് ഹൈസ്കൂളിലെ കെ. കെ. പ്രസന്നയും. തുടർന്നുണ്ടായ പദ്യോച്ചാരണത്തിൽ മിക്കവരും സാമാന്യം ഉയർന്ന നിലവാരംപുലർത്തി. ധാരാളംപേർക്കു് ഏ. റാങ്കു് ലഭിച്ച ഈ മത്സരത്തിൽ പെൺകുട്ടികളിൽ ഏ. റാങ്കും ഒന്നാംസമ്മാനവും നേടിയതു് എൻ. വി. സുമതി (എസ്. എൻ. ഹൈസ്കൂൾ, ഇരിങ്ങാലക്കുട)യാണു്. ആൺകുട്ടികളിൽ ഉയർന്ന മാർക്കോടുകൂടിയ ഏ. റാങ്കു് നേടി ഇരിങ്ങാലക്കുട നാഷനൽ ഹൈസ്കൂളിലെ ബാലരാജു് ഏ. പിഷാരടിതന്നെ സമ്മാനാർഹനായി.

ഓട്ടൻതുള്ളലിനു് അഷ്ടമിച്ചിറ ഗേൾസ് ഹൈസ്കൂളിലെ വി. വി. സാവിത്രി, ഒന്നാംസമ്മാനാർഹയായി. ആൺകുട്ടികളിൽ സമ്മാനംനേടുവാനുള്ള സാമാന്യനിലവാരം പുലർത്തുകയുണ്ടായില്ല.

സമയം സന്ധ്യയായതോടെ കലോത്സവപ്പന്തലിൽ വമ്പിച്ചൊരു ജനത്തിരക്കു തടിച്ചുകൂടിക്കഴിഞ്ഞിരുന്നു. വാശിയേറിയ നിറപ്പകിട്ടാർന്ന നൃത്തമത്സരങ്ങളാണു തുടർന്നവന്നതു്. കാണികളുടെ ആകാംക്ഷയെ തികച്ചും തൃപ്തിപ്പെടുത്തുന്നതായിരുന്നു എല്ലാ വിഭവങ്ങളും. നാടൻനൃത്തത്തിൽ ഇരിങ്ങാലക്കുട ഗവ. ഗേൾസ് ഹൈസ്കൂളിലെ ബി. ഗീത ഏ. ഗ്രേഡോടുകൂടി ഒന്നാംസമ്മാനം നേടി. ക്ലാസ്സിക്കൽ ഡാൻസിൽ ശിവതാണ്ഡവമാടിയ സി. പത്മജ (ഗവ. ഗേൾസ് ഹൈസ്കൂൾ, ഇരിങ്ങാലക്കുട) ഏ. റാങ്കും ഒന്നാംസമ്മാനവും സമ്പാദിച്ചു. ഭരതനാട്യത്തിലാകട്ടെ, ഇരിങ്ങാലക്കുട കോൺവെൻറ് ഗേൾസ് ഹൈസ്കൂളിലെ പ്രേമാ ബാലകൃഷ്ണൻ ഒന്നാംസമ്മാനാർഹയായി (ഏ. റാങ്കു്). കഥകളിയിൽ പെൺകുട്ടികളിൽ ഇരിങ്ങാലക്കുട കോൺവെൻറ് ഗേൾസ് ഹൈസ്കൂളിലെ പി. വി. സുലോചന ഒന്നാംസമ്മാനം നേടി. ആൺകുട്ടികളിൽ ഇരിങ്ങാലക്കുട നാഷനൽ ഹൈസ്കൂളിലെ സി. നന്ദകുമാരനും. കഥകളിക്കു രണ്ടു വിഭാഗത്തിലും ഓരോരുത്തർ മാത്രമെ പങ്കെടുത്തുള്ളൂ. രണ്ടുപേർക്കും ഏ. റാങ്കു് ലഭിച്ചു. ഏറെറവും അവസാനമാണു് സംഘനൃത്തങ്ങളും രംഗത്തു വന്നതു്. ഏറെറവും വാശിയേറിയ മത്സരവും ഇതായിരുന്നു. കാണികളുടെ കണ്ണും കരളും കുളിപ്പിച്ച ഈ മത്സരത്തിൽ ഒന്നാംസമ്മാനം നേടിയതു് ഇരിങ്ങാലക്കുട കോൺവെൻറ് ഗേൾസ് ഹൈസ്കൂളാണു്. ഏ. റാങ്കിലാണു് അവർ വിജയികളായതു്.

പി. വി. സുലോചന



അങ്ങനെ ഏറ്റവുമധികം പോയിൻറ് നേടുന്ന സ്കൂളിനുള്ള റോളിങ്ങ് ട്രോഫിയും പെൺകുട്ടികളുടെ വിഭാഗത്തിൽ ഏറ്റവും കൂടുതൽ പോയിൻറ് നേടുന്നതിനുള്ള ട്രോഫിയും ഇരിങ്ങാലക്കുട കോൺവെൻറ് ഗേൾസ് ഹൈ



പ്രേമാബാലകൃഷ്ണൻ

സ്സ്വം നേടി. ആൺകുട്ടികളിൽ ഏറ്റവും കൂടുതൽ പോയിൻറ് നേടുന്ന സ്കൂളിനുള്ള ട്രോഫി ഇരിങ്ങാലക്കുട നാഷനൽ ഹൈസ്സ്കൂൾ തുടച്ചയായി നാലാമത്തെ വഷ്വും സമ്പാദിച്ചു. ഏറ്റവും നല്ല ഗ്രൂപ്പ് ഡാൻസിനുള്ള ത്രിവത്സരറോളിംഗ് കപ്പ് ഇരിങ്ങാലക്കുട കോൺവെൻറ് ഗേൾസ് ഹൈസ്സ്കൂൾ ഇത്തവണ സ്വന്തമാക്കി. ദേശീയഗാനാലാപത്തിനുള്ള കപ്പ് ചാലക്കുടി കോൺവെൻറ് ഗേൾസ് ഹൈസ്സ്കൂളിനാണു ലഭിച്ചതു്.

അദ്ധരാത്രിയോടടുത്തു നടന്ന സമാപനച്ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു് ആ കൃത്യം നിവ്വഹിച്ചതു് റിട്ടയേഡ് കൊളീജിയറ്റ് ഡയറക്ടർ ഡോ. സി. എസ്. വെങ്കിടേശ്വരനാണു്. ഇരിങ്ങാലക്കുട ഡി. ഇ. ഒ. ശ്രീ എസ്. എസ്. വാരിയർ സ്വാഗതവും നാഷനൽ ഹൈസ്സ്കൂൾ ഹെഡ് മാസ്റ്റർ ശ്രീ വി. പി. ശ്രീധരമേനോൻ കൃതജ്ഞതയും പറഞ്ഞു.

ഇത്തവണത്തെ യുവജനോത്സവത്തെപ്പററി പറയുമ്പോൾ ഏറ്റവും ആദ്യം പറയേണ്ടിയിരുന്നതു് വിദ്യാത്ഥികൾക്കു നല്ലിയ സദ്യവട്ടത്തെക്കുറിച്ചാണു്. ഇത്രയും വിഭവസമൃദ്ധമായ,ഭക്ഷണം നല്കുക എന്ന ശ്രമസാദ്ധ്യമായ കത്തവ്യം അനായാസമായും സ്തുത്യഹ്മായും നിവ്വഹിച്ച ഫുഡ് കമ്മിററി തികച്ചും അനുമോദനമഹ്മിക്കുന്നു.


കാഞ്ഞിരപ്പള്ളി

1968–1969–ലെ കാഞ്ഞിരപ്പള്ളി ജില്ലാ യുവജനകലോത്സവം 1968 ഡിസംബർ 27, 28 എന്നീ തീയതികളിൽ ഈ ജില്ലയിലെ ഒരു പ്രമുഖവിദ്യാലയമായ വാഴൂർ എസ്. വി. ആർ. വി. എൻ. എസ്. എസ്. ഹൈസ്സ്കൂളിൽവച്ചു പൂവ്വാധികം ഭംഗിയായി ആഘോഷിക്കുകയുണ്ടായി. ഈ വിദ്യാലയത്തിൽ വച്ചു തന്നെയാണു് 1962–'63–ൽ ഇന്നത്തെ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടരും മുൻ കോട്ടയം ജില്ലാ വിദ്യാഭ്യാസ ആഫീസറുമായിരുന്ന ശ്രീ എസ്. ഗണേശയ്യരുടെ നേതൃത്വത്തിൽ പ്രശംസാഹ്മായ രീതിയിൽ കോട്ടയംജില്ലാ യുവജനോത്സവം ആഘോഷിച്ചതു്.

13–11–1968–ൽ പൊൻകുന്നം ഗവണ്മെൻറ് ഹൈസ്സ്കൂളിൽ കൂടിയ യോഗത്തിൽവച്ചു യുവജനോത്സവത്തിൻെറ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി ഒരു ജനറൽ കമ്മിററിയും ഒരു എക്സിക്യൂട്ടിവ് കമ്മിറ്റിയും തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. കമ്മിററിയുടെ അദ്ധ്യക്ഷനായി കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ആഫീസർ ശ്രീ കെ. കൃഷ്ണപിള്ള അവർകളേയും ജനറൽ കൺവീനറായി വാഴൂർ എൻ. എസ്. എസ്. കോളേജുകമ്മിററി കൺവീനർ നടരാജവിലാസം പി. ജെ. ഭാസ്കരൻനായർ അവർകളേയും ജോയിൻറ് കൺവീനറായി ആതിഥേയ സ്കൂളായ വാഴൂർ എസ്. വി. ആർ. വി. എൻ. എസ്. എസ്. ഹൈസ്സ്കൂൾ ഹെഡ്മാസ്റ്റർ എം. കെ. ഗോപാലകൃഷ്ണൻ നായർ അവർകളേയും തെരഞ്ഞെടുക്കുകയുംചെയ്തു. ക



ടി. കെ. നടരാജൻ



പി. എസ്. രേണുക


മ്മിറ്റി ആറായിരം രൂപയുടെ ഒരു ബഡ്ജറ്റ് രൂപീകരിച്ചു. ഡിസംബർ ആദ്യവാരത്തിൽത്തന്നെ പ്രവർത്തനമാരംഭിച്ചു. കലോത്സവത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനു വേണ്ട പണം സംഭരിക്കുന്നതിൽ ജില്ലാ വിദ്യാഭ്യാസ ആഫീസർ ശ്രീ കെ. കൃഷ്ണപിള്ള അവർകളും ജനറൽ കൺവീനറും അനുകരണീയമായ മാതൃക സൃഷ്ടിക്കുകയും രാവും പകലും ബുദ്ധിമുട്ടുകയുമുണ്ടായി.

കലോത്സവത്തിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി ഈ സ്കൂൾ അദ്ധ്യാപകർ കൺവീനറന്മാരായി സബ്കമ്മറിറികൾ രൂപീകരിക്കുകയും ഡിസംബർ 16–ാംതീയതി മുതൽ കമ്മിറിയംഗങ്ങൾ വിശ്രമമെന്തെന്നറിയാതെ പ്രവർത്തിക്കുകയും ചെയ്തു.

യുവജനോത്സവത്തിന്റെ പരിപാടികൾ 27–12–'68 പകൽ 4 മണിക്കുതന്നെ ആരംഭിച്ചു. 4 മണിക്ക് വാഴൂർ എൻ. എസ്. എസ്. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ പതാക ഉയർത്തുകയും കൂട്ടികൾ പതാകാവന്ദനം നടത്തുകയും ചെയ്തു.

യുവജനോത്സവത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചതു ബഹു: കേരളാ ആരോഗ്യവകുപ്പുമന്ത്രി ശ്രീ ബി. വെല്ലിംഗ്ടൺ അവർകളായിരുന്നു. താലപ്പൊലിയേന്തിയ ബാലികമാരും എൻ സി.സി. ബാൻഡും വെടിക്കെട്ടും സഹിതമാണ് ബഹുമാനപ്പെട്ട മന്ത്രിയെ പ്രധാനകമാനത്തിനു സമീപംവച്ചു സ്വീകരിച്ചതു്. യോഗസ്ഥലത്തുവന്നുചേർന്ന മന്ത്രിയെ ജില്ലാ വിദ്യാഭ്യാസ ആഫീസർ ശ്രീ കെ. കൃഷ്ണപിള്ള അവർകളും ഹാരമണിയിക്കുകയും മന്ത്രിയോടൊപ്പമുണ്ടായിരുന്ന അദ്ദേഹത്തിന്റെ സഹധർമ്മിണിക്കു് ജനറൽ കൺവീനർ ബൊക്കെ നല്കുകയും ചെയ്തു. ഉദ്ഘാടനയോഗത്തിൽ വിദ്യാഭ്യാസ ആഫീസർ സ്വാഗതവും ജനറൽ കൺവീനർ കൃതജ്ഞതയും പറയുകയുണ്ടായി. മന്ത്രിയുടെ ഉദ്ഘാടനപ്രസംഗത്തിനു ശേഷം ഇക്കൊല്പം ഏറ്റവും കൂടുതൽ വിജയശതമാനം കൈവരിച്ച കാഞ്ഞിരപ്പള്ളി ഏ. കെ. ജെ. എം. സ്കൂളിനും കല്ലാർ ഗവ ബ്രാഞ്ച് ഹൈസ്കൂളിനുമുള്ള ട്രോഫികളും മിസ്സിസ് വെല്ലിംഗ്ടൺ അതാതു സ്കൂൾ ഹെഡ് മാസ്റ്റർമാർക്കു നല്കുകയുണ്ടായി.

കെ. ആർ. രാധാമണി



രാത്രി ഏഴുമണിയോടുകൂടി കലാപരിപാടികൾ ആരംഭിച്ചു. 27–ാംതീയതി രാത്രി 29 ഏകാങ്കനാടകങ്ങൾ അവതരിപ്പിക്കുകയും 28–ാംതീയതി രാവിലെ മുതൽ ഡ്രോയിംഗ്, പെയിന്റിംഗ്, കഥനം, പ്രസംഗം, ലളിതസംഗീതം, ഉപകരണസംഗീതം ഗാനമേള മുതലായ ഇനങ്ങളിൽ മത്സരങ്ങൾ നടത്തപ്പെടുകയുമുണ്ടായി. 28–ാംതീയതി രാത്രിയിൽ നൃത്തമത്സരം, ദേശീയഗാനാലാപം, സമ്മാനദാനം ഇവ നടത്തപ്പെടുകയുമുണ്ടായി. മത്സരങ്ങളിൽ 24 പോയിന്റോടുത്തു് വാഴൂർ എസ്. വി. ആർ. വി. എൻ. എസ്. എസ്. ഹൈസ്കൂൾ ചാമ്പ്യൻഷിപ്പു നേടുകയുണ്ടായി. വിജയികൾക്കു നല്കുന്നതി

നായി ശ്രീ കെ. എൻ. രാമകൃഷ്ണൻനായരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി അനുയോജ്യം വിലപിടിപ്പുള്ള കപ്പുകളും ട്രോഫികളും സംഭരിച്ചിട്ടുണ്ടായിരുന്നു. അന്നു രാത്രി ഒരു മണിയോടുകൂടി നടന്ന സമാപനമത്സരത്തിൽവച്ചു വിജയികൾക്കുള്ള സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും ജില്ലാ വിദ്യാഭ്യാസ ആഫീസർ ശ്രീ കെ. കൃഷ്ണപിള്ള അവർകളും നല്ലകയും ജോയിന്റ് കൺവീനർ എം. കെ. ഗോപാലകൃഷ്ണൻനായർ എല്ലാവർക്കും കൃതജ്ഞത പറയുകയുംചെയ്തു. രാത്രി 1.45-നു പരിപാടികൾ ഭംഗിയായി പര്യവസാനിച്ചു.

പ്രസ്തുത മത്സരങ്ങളുടെ മാക്കിട്ടതു വിഖ്യാതരും പ്രഗത്ഭരുമായ ജഡ്ജിമാരായിരുന്നു. ഇവരെല്ലാം തന്നെ ഈ ജില്ലയ്ക്കു വെളിയിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ടവരായിരുന്നു.

സ്റ്റാഫിനും വോളണ്ടിയർ സേനയ്ക്കും അവരുടെ സ്തുത്യർഹമായ സേവനത്തിനു ജില്ലാ വിദ്യാഭ്യാസ ആഫീസർ പ്രത്യേകം നന്ദി രേഖപ്പെടുത്തി.





കാഞ്ഞങ്ങാട്ടെയും പയ്യന്നൂരെയും നാടൻനൃത്തകികൾ


കാസർകോഡ്

കാസർകോഡ് വിദ്യാഭ്യാസ ജില്ലയിലെ ഈ വർഷത്തെ യുവജനോത്സവം 1969 ജനുവരി 3, 4 തീയതികളിൽ ആഘോഷിക്കുകയുണ്ടായി. ജില്ലയിലെ മിക്കവാറും എല്ലാ സ്കൂളുകളും ഉത്സവത്തിൽ പങ്കെടുക്കുകയുണ്ടായി.

പയ്യന്നൂരിലെ പരശുരാമൻ



വിവിധ മത്സരയിനങ്ങളിലെ പ്രകടനങ്ങൾ നല്ല ഒരു നിലവാരം പുലർത്തി എന്നു പറയാം. പെയിന്റിംഗിൽ പെരിയ ഗവണ്മെന്റ് ഹൈസ്കൂളിലെ ഇ. കെ. ബാലചന്ദ്രനും, ശാസ്ത്രീയസംഗീതത്തിൽ കുമാരി ശശികലമേനോനും, ലളിതസംഗീതത്തിൽ എം. കെ. ബാലകൃഷ്ണനും ഒന്നാംസമ്മാനത്തിനു് അർഹരായി. നൃത്തവിഭാഗം സ്റ്റേജിനെ വളരെ ആകർഷിച്ചു എന്നു പറയാം. നാടൻനൃത്തത്തിൽ പയ്യന്നൂർ ഗവണ്മെന്റ് ഹൈസ്കൂളിലെ കെ. മധുമതി ഒന്നാംസമ്മാനത്തിനു് അർ



കലോത്സവത്തിനു് ഒരു നക്ഷത്രബന്ധം

യായി. ലയവാദ്യത്തിനു് ഒന്നാം സ്ഥാനം ബി. ഇ. എം. എച്ചു്. എസ്സിലെ കെ. ശ്രീപതിക്കും, പദ്യപാരായണത്തിൽ ഒന്നാം സ്ഥാനം നൊങ്ങ ജി. എച്ചു്. എസ്സിലെ കെ. സീതാരത്തിനുമാണു ലഭിച്ചതു്. കഥകളിയിൽ കാഞ്ഞങ്ങാടു് ഡി. എച്ചു്. എസ്സിലെ പി. രാധയും, പയ്യന്നൂർ ഗവ ണ്മെൻറു് ഹൈസ്കൂളിലെ എൻ. വി. കൃഷ്ണനുമാണു മുന്നിട്ടു നിന്നതു്. സംഘനൃത്തത്തിൽ പയ്യന്നൂർ സെൻറു് മേരീസു് ഗേൾസു് ഹൈസ്കൂളിലെ കുട്ടികളും അവതരിപ്പിച്ച നൃത്തം മെച്ചപ്പെട്ടതായിരുന്നു.

ജനുവരി 3–ാംതീയതി തുടങ്ങിയ ഉത്സവപരിപാടികളും 4–ാംതീയതി സമാപിച്ചു. എല്ലാ പരിപാടികളിലും ഒരു നല്ല ജനക്കൂട്ടം സന്നിഹിതരായിരുന്നു. നാട്ടുകാരുടെ ആത്മാർത്ഥമായ സഹകരണത്തിനു നന്ദി.

നീലേശ്വരത്തെ നർത്തകി



കൊട്ടാരക്കര

കൊട്ടാരക്കര വിദ്യാഭ്യാസജില്ലയിലെ ഈ വർഷത്തെ യുവജനോത്സവം പൂർവ്വാധികം ഭംഗിയായി ആഘോഷിക്കുകയുണ്ടായി. ജില്ലയുടെ വിവിധ ഭാഗങ്ങളിലുള്ള ഹൈസ്കൂളുകളിൽനിന്നായി ഏകദേശം മുന്നൂറു യുവകലാകാരന്മാരും കലാകാരികളും ഈ വർഷത്തെ ഉത്സവത്തിൽ പങ്കെടുക്കുകയുണ്ടായി.

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും 1957 മുതൽ ഇതുവരെയുള്ള എല്ലാ സംസ്ഥാന യുവജനോത്സവങ്ങളുടെയും സംവിധാനത്തിൽ ഒരു സുപ്രധാന പങ്കുവഹിച്ചിട്ടുള്ള ദേഹവുമായ ശ്രീ എസു്. ഗണേശു് അയ്യർ ഉദ്ഘാടനസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. യുവജനോത്സവംകൊണ്ടു് കുട്ടികളിൽ ഉണ്ടാകേണ്ട മാറ്റങ്ങളെപ്പറ്റി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എടുത്തുപറഞ്ഞു. സുപ്രസിദ്ധ സിനിമാ നടനായ മധു പ്രസ്തുത യോഗത്തിൽ വച്ചു് ഈ വർഷത്തെ ജില്ലാ കലോത്സവം ഉദ്ഘാടനംചെയ്തു. ഉദ്ഘാടനയോഗത്തിൽ ഒരു വമ്പിച്ച ജനക്കൂട്ടം സന്നിഹിതരായിരുന്നു.

ഉദ്ഘാടനയോഗത്തിൽ അദ്ധ്യക്ഷംവഹിക്കുന്നതിനും ഉദ്ഘാടനകർമ്മം നിർവ്വഹിക്കുന്നതിനുമായി എത്തിച്ചേർന്ന പ്രശസ്താതിഥികൾക്കു് ഒരു വമ്പിച്ച സ്വീകരണം നല്കുകയുണ്ടായി എന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണു്.


മത്സരത്തിൽ അവതരിപ്പിക്കപ്പെട്ട എല്ലാ ഇനങ്ങളും ഭേദപ്പെട്ട ഒരു നിലവാരം പുലർത്തി എന്നു നിസ്സംശയം പറയാം. പെൻസിൽ ഡ്രായിംഗു് മത്സരത്തിൽ അഞ്ചൽ ഹൈസ്കൂളിലെ മാതൃ

വഗ്ഗീസും, പെയിൻറിംഗിൽ കൊട്ടാരക്കര ഗവണ്മെൻറ് ഹൈസ്സ്കൂളിലെ ആർ. ചന്ദ്രികയും ഒന്നാംസ്ഥാനം കരസ്ഥമാക്കി. ലളിതസംഗീതത്തിനു് ഒന്നാം സമ്മാനാഹ്നായതു് പുന്നപ്ര ഹൈസ്സ്കൂളിലെ ജി. ശിവരാജനാണു്. ഭരതനാട്യത്തിൽ വളരെയധികം ആളുകളെ ആകഷ്ടിച്ചുകൊണ്ടു ചെമ്മന്തൂർ ഹൈസ്സ്കൂളിലെ ജെ. പുഷ്പകുമാരി അവതരിപ്പിച്ച ഇനം ഒന്നാംസ്ഥാനം നേടി. പദ്യപാരായണത്തിൽ ശൂരനാടു് ഹൈസ്സ്കൂളിലെ അനന്തകൃഷ്ണപിള്ളയാണു സമ്മാനാഹ്നായതു്. ശാസ്താംകോട്ട ജെ. എം. ഹൈസ്സ്കൂളിലെ കുട്ടികളം അവതരിപ്പിച്ച സംഘനൃത്തം കാണികളുടെ ശ്രദ്ധയെ പ്രത്യേകം ആകഷ്ടിക്കുകയുണ്ടായി.

യുവജനോത്സവത്തിൻറെ സുഗമമായ നടത്തിപ്പിനു നാട്ടുകാരുടെയെല്ലാം അകമഴിഞ്ഞ സഹകരണം ഉണ്ടായിരുന്നു എന്നു പ്രത്യേകം പറഞ്ഞുകൊള്ളട്ടെ.



മുകളിൽ: കടമ്പനാട്ടെ നാടൻ നൃത്തം. താഴെ: ചെമ്മന്തൂർ നാടകസംഘം



കോഴിക്കോട്ടു്

കോഴിക്കോട്ട വിദ്യാഭ്യാസ ജില്ലയിലെ ഈ വഷ്ത്തെ യുവജനോത്സവം 1969 ജനുവരി 11, 12 തീയതികളിൽ നടത്തി. കോഴിക്കോട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ കെ. എസ്. ഗോപാലപിള്ള അദ്ധ്യക്ഷനായും, സാമൂതിരികോളേജ് ഹൈസ്സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ പി. സി. ചെറിയേട്ടൻ രാജാ കൺവീനറുമായി ഒരു നിവ്വാഹകസമിതിയാണു് ഉത്സവത്തിനു നേതൃത്വം നല്കിയതു്.

ജില്ലയിലെ 43 ഹൈസ്സ്കൂളുകളിൽനിന്നായി 312 വിദ്യാത്ഥികളം ഈ ഉത്സവത്തിൽ പങ്കെടുത്തു. കുട്ടികളും അവരെ അനുഗമിച്ച അദ്ധ്യാപകരും ഉത്സവകാലത്തു് സാമൂതിരി ഹൈസ്സ്കൂളിലും, ഗവ. അച്ചുതൻ ഹൈസ്സ്കൂളിലുമായി താമസിച്ചു. ഇവക്കു ഭംഗിയായി വിഭവസമൃദ്ധമായ സദ്യകൊടുക്കുന്നതിൽ കോഴിക്കോടുനിവാസികളം വളരെ ഉത്സാഹംകാട്ടി.

കോഴിക്കോട്ട കോർപ്പറേഷൻ ഡെ. മേയർ ശ്രീ ടി. ജി. കൃഷ്ണയ്യർ പതിനൊന്നാംതീയതി ശനിയാഴ്ച കലോത്സവങ്ങളം ഉദ്ഘാടനംചെയ്തു. ഉദ്ഘാടനസമ്മേളനത്തിൽ കോഴിക്കോട്ട റീജനൽ ഡെ. ഡയറക്ടർ ശ്രീ അബ്ദുൽകരീം അദ്ധ്യക്ഷതവഹിച്ചു. ഒന്നാംദിവസം രാത്രിയിൽ നടന്ന നാടകമത്സരത്തിൽ 18 സംഘങ്ങളകളം പങ്കെടുത്തു. രണ്ടാംദിവസം പകൽസമയത്തു് ചിത്രരചന, പെയിൻറിംഗ്, സംഗീതം, പ്രസംഗം, കഥനം ഇവയുടെ മത്സരവും അന്നു രാത്രിയിൽ നൃത്തപരിപാടികളും നടത്തപ്പെട്ടു. ഏറ്റവും കൂടുതൽ ആളുകളെ


ആകഷ്ടിച്ചതു് നൃത്തപരിപാടികളായിരുന്നു.

മത്സരങ്ങളിൽ അവതരിപ്പിക്കപ്പെട്ട പരിപാടികളും പൊതുവെ ഉന്നതനിലവാരം പുലർത്തി എന്നു പറഞ്ഞുകൂടാ; പ്രത്യേകിച്ചു വായ്പാട്ടിലും, വാദ്യസംഗീതത്തിലും. എന്നാൽ നാടകത്തിലും നൃത്തത്തിലും ചില ഇനങ്ങളും തരതമ്യേന നന്നായിരുന്നു. ഏറ്റവും കൂടുതൽ പോയിന്റുനേടിയ കോഴിക്കോട്ടു് സാമൂതിരികോളേജു് ഹൈസ്കൂൾ ട്രോഫി നേടി. ദേശീയഗാനാലാപത്തിനുള്ള സമ്മാനം നടക്കാവു് ഗവ. ഗേൾസു് ഹൈസ്കൂളിനാണു് സമ്മാനിക്കപ്പെട്ടതു്. സമ്മാനദാനച്ചടങ്ങിൽ കോഴിക്കോട്ടു് ഡി. ആൻഡു് സെഷൻസു് ജഡ്ജി ശ്രീ പി. കെ. ലക്ഷ്മണൻ അദ്ധ്യക്ഷതവഹിക്കുകയും മിസ്സിസു് ലക്ഷ്മണൻ സമ്മാനദാനം നിർവ്വഹിക്കുകയുംചെയ്തു.

മാവേലിക്കര

മാവേലിക്കര ജില്ലാ യുവജനോത്സവം 1968 ഡിസംബർ 27, 28 തീയതികളിൽ പന്തളം എൻ. എസു്. എസു്. ഹൈസ്കൂളിൽ വച്ചു് ആഘോഷിക്കപ്പെട്ടു. എക്സിക്യൂട്ടീവു് കമ്മിറ്റിയുടെ രക്ഷാധികാരി ഡിസ്ട്രിക്ടു് എഡ്യൂക്കേഷനൽ ഓഫീസറും, ജനറൽ കൺവീനർ എൻ.എസു്. എസു്. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ ഇ. ഭാസ്കരക്കുറുപ്പും ആയിരുന്നു.

ഡിസംബർ 27–ാംതീയതി പകൽ രണ്ടുമണിക്കു്, പതാക ഉയർത്തലിനും, മാച്ചു്പാസ്റ്റിനും ശേഷം മത്സരങ്ങളും ആരംഭിച്ചു. 47 വിദ്യാലയങ്ങളിൽനിന്നായി എത്തിയ വിദ്യാർത്ഥികളുടെയും, പന്തളം എൻ. എസു്. എസു്. ഹൈസ്കൂളും എൻ.




ആർ. ഉഷ

സി. സി. കേഡറുകളുടെയും മാച്ചു്പാസ്റ്റിൽ മാവേലിക്കര ഡി. എഡ്യൂക്കേഷനൽ ഓഫീസർ സല്യൂട്ടു് സ്വീകരിച്ചു. സ്കൂൾ ഹാളിൽ 2 മണിക്കൂർചേർന്നവമ്പിച്ച സമ്മേളനത്തിൽവച്ചു പന്തളം എൻ.എസു്.എസു്.കോളജു് പ്രിൻസിപ്പൽ ശ്രീ എൻ. ജി. കുറുപ്പു് കലോത്സവപരിപാടികളും ഉദ്ഘാടനംചെയ്തു.

3 മണിക്കാരംഭിച്ച മത്സരങ്ങളിലെ പ്രധാന ഇനം പ്രസംഗമത്സരമായിരുന്നു. തുടർന്നു കഥനം, ഓട്ടൻതുള്ളൽ ഇവയും നടത്തപ്പെട്ടു. 6.30–നു ശേഷം ഏകാങ്കനാടകങ്ങളും, നൃത്തപരിപാടികളും ഇവയാണു നടന്നതു്. 11.30–നു പരിപാടികളും സമാപിച്ചു. 28–ാം തീയതി രാവിലെ 8.30–നു ലളിതസംഗീതത്തോടുകൂടി മത്സരങ്ങളും ആരംഭിച്ചു. തുടർന്നു് ശാസ്ത്രീയസംഗീതം, വാദ്യസംഗീതം, ഗാനമേള ഇവ നടന്നു. 9 മണിമുതൽ 11 മണിവരെ ഡ്രോയിങ്ങു്, പെയിൻറിംഗു് ഇവ മറെറാരു ഹാളിൽവച്ചു നടത്തപ്പെട്ടു. 1 30–നോടുകൂടി മത്സരങ്ങളും അവസാനിച്ചു. 3 മണിക്കു് പന്തളം എൻ. എസു്. എസു്. പോളിടെക്നിക്കു് പ്രിൻസിപ്പൽ ശ്രീഎൻ. ഭാസ്കരക്കുറുപ്പിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപനസമ്മേളനത്തിൽവച്ചു് ഡി. എഡ്യൂക്കേഷനൽ ഓഫീസർ വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണംചെയ്തു. ഏറ്റവും കൂടുതൽ പോയിൻറുകളും കരസ്ഥമാക്കിയ ചെങ്ങന്നൂർ ഗവ:ഗേൾസു് ഹൈസ്കൂളും കായംകുളം ഗവ: ഗേൾസു് ഹൈസ്കൂളും റോളിങ്ങു് കപ്പിനു തുല്യപങ്കാളികളായിത്തീർന്നു. കലാമത്സരങ്ങളിൽ ഒന്നാംസ്ഥാനം നേടിയ വിദ്യാർത്ഥികളുടെ കലാപ്രകടനങ്ങളും പൊതുസമ്മേളനത്തിനു മാറ്റുകൂട്ടി. 5.30–നോടുകൂടി സമ്മേളനം സമാപിച്ചു.

ഈ യുവജനോത്സവം വിജയകരമാക്കിത്തീർക്കുന്നതിനു വിദ്യാർത്ഥികളും അദ്ധ്യാപകരും ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ടു്. അവർക്കു വേണ്ട ക്രമീകരണങ്ങളും ഏർപ്പെടുത്തിയ സംഘാടകരും അഭിനന്ദനം അർഹിക്കുന്നു.

ഷൈലജകുമാരി



മൂവാറ്റുപുഴ

11–ാമതു ജില്ലാ യുവജനോത്സവം 1969 ഡിസംബർ 22, 23 തീയതികളിൽ മൂവാറ്റുപുഴ നിർമ്മലാ ഹൈസ്കൂളിൽവച്ചു സാഘോഷം നടത്തപ്പെട്ടു. 62 സ്കൂളുകളിലെ 450 വിദ്യാർത്ഥികൾ വിവിധ കലാമത്സരങ്ങളിൽ പങ്കുകൊണ്ടു. കലോത്സവത്തിന്റെ കൺവീനർ പ്രിൻസിപ്പൽ പി. ശങ്കരൻനായർ അവർകളും ജോയിന്റ് കൺവീനർമാർ ഫാ: ജോർജ് കുന്നംകോട്ട്, ശ്രീ പി. വി. മാത്യു എന്നിവരും ആയിരുന്നു.

22–ാംതീയതി ഞായറാഴ്ച വൈകുന്നേരം 5.30–ന് നിർമ്മലാ ഹൈസ്കൂൾ മാനേജർ ഫാ. ഏബ്രഹാം പുളിക്കൽ യുവകലാകാരന്മാരുടെയും കലാകാരികളുടെയും മാർച്ച്പാസ്റ്റിൽ, സല്യൂട്ട് സ്വീകരിക്കുകയും പതാക ഉയർത്തുകയുംചെയ്തു. ശ്രീ രാമവർമ്മ അപ്പൻതമ്പുരാന്റെ (റിട്ടയാർഡ് ഡി. പി. ഐ.) അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവച്ച് ബഹു: മന്ത്രി. എം. കെ. കൃഷ്ണൻ കലോത്സവം ഉദ്ഘാടനംചെയ്തു. അതിനുശേഷം 32 നാടകങ്ങൾ അവതരിപ്പിക്കപ്പെട്ടു. പ്രേക്ഷകരുടെ അനുമോദനങ്ങൾ അർഹിക്കുന്നവയായിരുന്നു, നാടകങ്ങളെല്ലാം.

തിങ്കളാഴ്ച രാവിലെ 8 മണിക്കാരംഭിച്ച കലാമത്സരങ്ങൾ വൈകുന്നേരം 6.30–ന് അവസാനിക്കുകയും, നൃത്തപരിപാടികൾ 7.30–ന് ആരംഭിക്കയും ചെയ്തു. ഓഡിറ്റോറിയം നിറഞ്ഞുനിന്നിരുന്ന പ്രേക്ഷകർ തങ്ങളുടെ യുവകലാകാരന്മാരുടെ പ്രകടനങ്ങൾ കൗതുകപൂർവ്വം വീക്ഷിച്ചുകൊണ്ടിരുന്നു. നൃത്തപരിപാടികൾ 6 മണിക്കൂറോളം നീണ്ടുനിന്നു. സമാപനസമ്മേളനത്തിൽവച്ചു മൂവാറ്റുപുഴ ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർ ശ്രീ ജെ. ജോൺ വിജയികൾക്കു സർട്ടിഫിക്കറ്റുകളും, ട്രോഫികളും വിതരണംചെയ്തു. 12 പോയിൻറുകൾ കരസ്ഥമാക്കി ചാമ്പ്യൻഷിപ്പിനു് അർഹനേടിയതു് ഇലഞ്ഞി സെൻറ് പീറ്റേഴ്സ് ഹൈസ്കൂളാണു്. ദേശീയഗാനാലാപത്തോടുകൂടി കലോത്സവപരിപാടികൾ സമാപിച്ചു.



എം. കെ. രാധാമണി


ഒറപ്പാലം

1968 ഡിസംബർ 3–ാംതീയതി, ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസിൽവച്ചു നടത്തപ്പെട്ട ഹെഡ്മാസ്റ്റന്മാരുടെ സമ്മേളനം യുവജനോത്സവപരിപാടികൾക്കു രൂപംകൊടുക്കുകയുണ്ടായി. കട്ടാംപാഴിപുരം ഹൈസ്കൂൾ മൈതാനത്തുവച്ചു് 1968 ഡിസംബർ 30, 31 തീയതികളിൽ യുവജനോത്സവം കൊണ്ടാടണമെന്നു തീരുമാനിക്കുകയും ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർ പ്രസിഡണ്ടും, ഹെഡ്മാസ്റ്റർ ശ്രീ സി. എസ്. ഗ്രപ്പൻ കൺവീനറും ആയി ഒരു കമ്മിറ്റിയെ തെരഞ്ഞെടുക്കുകയുംചെയ്തു.

ഡിസംബർ 30–ാംതീയതി, വൈകുന്നേരം അഞ്ചു മണിക്കു് ശ്രീ കെ. പി. എസ്. മേനോൻ കലോത്സവത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ഒരു നല്ല സമൂഹത്തിന്റെ സൃഷ്ടി എന്ന ലക്ഷ്യത്തിലേക്കു നമ്മുടെ യുവതലമുറയുടെ വിഭവശേഷി തിരിച്ചുവിടാനും, അവരിൽ അന്തർലീനമായിരിക്കുന്ന വാസനകളെ വികസ്വരമാക്കുവാനും യുവജനോത്സവങ്ങൾ ഇടയാക്കുമെന്നു് അദ്ദേഹം പ്രത്യാശിച്ചു. സമ്മേളനത്തിൽ ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർ അദ്ധ്യക്ഷതവഹിക്കുകയും, ശ്രീ സി. എസ്. ഗ്രപ്പൻ സ്വാഗതം ആശംസിക്കുകയും ചെയ്തു. കൃത്യം ഏഴു മണിക്കു് നാടകമത്സരങ്ങൾ ആരംഭിച്ചു. ആകെ അവതരിപ്പിച്ച പതിനാറു നാടകങ്ങളിൽ മികവുയും ഉന്നതനിലവാരം പുലർത്തിയെന്ന വസ്തുത ആശാവഹമാണു്. രാത്രി 12.30–ന് പരിപാടികൾ സമാപിച്ചു.

31–ാംതീയതി രാവിലെ 8.30–നുതന്നെ പരിപാടികൾ ആരംഭിച്ചു. അന്നു് ചിത്രരചന, പെയിൻറിംഗ്, പ്രസംഗം, കഥനം, ലളിതസംഗീതം, ശാസ്ത്രീയസംഗീതം, ഗാനമേള ഇവയിലുള്ള മത്സരങ്ങൾ നടന്നു. വൈകുന്നേരം ആറുമണിക്കു ചേർന്ന സമ്മേളനത്തിൽ പാലക്കാട് ഗവണ്മെന്റ് വിക്ടോറിയാകോളേജ് പ്രിൻസിപ്പൽ ശ്രീ കെ. മാധവമേനോൻ എം. എ. പ്രസംഗിച്ചു.

7.30–നാണു് നൃത്തപരിപാ



മുകളിൽ: അഭിനയാഭ്യാസം
താഴെ: കുടമ്പഴിപ്പുറത്തെ നൃത്തകി

പാലാ


അറുപതു സംവത്സരക്കാലത്തെ മഹത്തായ ചരിത്രമുള്ള പാലാ സെൻറ് തോമസ് ഹൈസ്കൂളിൽവച്ചാണ് പാലാ വിദ്യാഭ്യാസജില്ലയിലെ ഇക്കൊല്ലത്തെ യുവജനകലോത്സവം ആഘോഷിച്ചതു്. ഡിസംബർ 27, 28 തീയതികളിൽ നടത്തപ്പെട്ട പ്രസ്തുത മഹോത്സവത്തിൽ 50 സ്കൂളുകളിൽനിന്നായി 300-ൽപരം വിദ്യാർത്ഥിനീവിദ്യാർത്ഥികൾ പങ്കെടുക്കുകയുണ്ടായി.

ഡിസംബർ 27-ാംതീയതി 4മണിക്കു് ജില്ലയുടെ നാനാഭാഗത്തുനിന്നും വന്നെത്തിയ കൊച്ചു കലാകാരന്മാരും കലാകാരികളും നടത്തിയ വർണ്ണശബളമായ മാർച്ചുപാസ്റ്റിനുശേഷം പാലാ ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർ സി. കെ. മാത്യു പതാക ഉയർത്തി. തുടർന്നു് പാലാ മുനിസിപ്പൽ ചെയർമാൻ ശ്രീ തോമസ് ജോസഫ് കൊട്ടുകാപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽവച്ചു ചങ്ങനാശ്ശേരി എൻ. എസ്. എസ്. കോളേജ് പ്രിൻസിപ്പൽ ശ്രീ എം. പി. മന്മഥൻ യുവജനോത്സവം ഉദ്ഘാടനം ചെയ്തു. ജനാധിപത്യവിജയത്തിനു സഹായകമായ ധാർമ്മികജീവിതത്തിനു പ്രേരണ നല്കേണ്ടതു് അധികാരവൃന്ദമല്ലെന്നും കലാകാരന്മാരാണെന്നും, കലാകാരന്മാർ ഇമിറേഷനിൽനിന്നു മാറി സർഗ്ഗപ്രതിഭയുള്ള യഥാർത്ഥ കലാകാരന്മാരാകണമെന്നും കുട്ടികളുടെ കലോത്സവം ഒരു ചെറിയ സംഭവമല്ലെന്നും ഭാവികേരളത്തിനു ലഭ്യമാകാൻ പോകുന്ന കലാപരമായ നേട്ടങ്ങളുടെ ആക്കവും ആഴവും സ്വഭാവവും അളന്നുനോക്കുവാൻ ഉതകുന്ന

ടികളും ആരംഭിച്ചതു്. ഏകാംഗനൃത്തം, സമൂഹനൃത്തം, ഭരതനാട്യം, ഓട്ടൻതുള്ളൽ ഇവയായിരുന്നു പ്രധാന ഇനങ്ങളും. നിലവാരംപുലർത്തിയ ഈ മത്സരങ്ങളും പൊതുജനങ്ങളെ ഹഠാദാകർഷിക്കുകയുണ്ടായി. രാത്രി പന്ത്രണ്ടുമണിയോടുകൂടി കലോത്സവം സമംഗളം പര്യവസാനിക്കുകയും ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർ സമ്മാനദാനം നിർവ്വഹിക്കുകയുംചെയ്തു.

മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിൻറുകളും നേടിയ ഒറ്റപ്പാലം എൽ. എസ്. എൻ. കോൺവെൻറ് റോളിംഗ്കപ്പ് കരസ്ഥമാക്കി. ദേശീയഗാനാലാപത്തിലും പ്രഥമസ്ഥാനം ഈ വിദ്യാലയംതന്നെ നേടുകയുണ്ടായി. ഇടക്കഴിയൂർ എസ്. എസ്. എം. എഫ്. എച്ച്. എസ്. അവതരിപ്പിച്ച നാടകവും, ഷൊർണൂർ സെൻറ് തെരീസാസ് എച്ച്. എസ്. അവതരിപ്പിച്ച സമൂഹനൃത്തവും, ഒറ്റപ്പാലം എൽ. എസ്. എൻ. കോൺവെൻറിലെ വിദ്യാർത്ഥികളുടെ ഗാനമേളയും പ്രത്യേക അഭിനന്ദനം അർഹിക്കുന്ന പരിപാടികളായിരുന്നു.

പൊതുജനങ്ങളുടെ നിർല്ലോഭമായ സഹായസഹകരണങ്ങളും യുവജനോത്സവത്തിൻറെ വിജയത്തിനുണ്ടായിരുന്നു. ആഹാരകാര്യങ്ങളിലും മറ്റും സംഘാംഗങ്ങൾക്കു് യാതൊരു ബുദ്ധിമുട്ടും നേരിടേണ്ടിവന്നിട്ടില്ല. എല്ലാക്രമീകരണങ്ങളും ചുമതലവഹിച്ചിരുന്ന കമ്മിറ്റികളും ഏറ്റെടുത്തുകയും ജില്ലായുവജനോത്സവം ഒരു വലിയ വിജയമാക്കിത്തീർക്കുകയും ചെയ്തിട്ടുണ്ടു്.



ഒരു മഹാസംഭവമായി ഇതിനെ കണക്കാക്കണമെന്നും ശ്രീ മന്മഥൻ തന്റെ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. യോഗത്തിൽ ഡി. ഇ. ഒ. ശ്രീ സി. കെ. മാത്യു സ്വാഗതവും പാലാ സെൻറ് തോമസ് ഹൈസ്കൂൾ ഹെഡ് മാസ്റ്റർ റവ. ഫാ. ററി. കെ. എബ്രഹാം (കൺവീനർ) കൃതജ്ഞതയും പറഞ്ഞു.


ആദ്യദിവസം നടത്തപ്പെട്ട ഡാൻസ്, ഭരതനാട്യം, കഥകളി, ശാസ്ത്രീയനൃത്തം, ഓട്ടൻതുള്ളൽ തുടങ്ങിയവ അർദ്ധരാത്രിവരെ നീണ്ടുനിന്നു. രണ്ടാംദിവസം പ്രസംഗമത്സരം, പദ്യോച്ചാരണം, ഡ്രോയിംഗ്, പെയിൻറിംഗ്, ലളിതസംഗീതം, ശാസ്ത്രീയസംഗീതം, ഉപകരണസംഗീതം, ഗാനമേള, ദേശീയഗാനം, ഏകാങ്കം തുടങ്ങിയ മത്സരങ്ങളാണു നടത്തപ്പെട്ടതു്.

യുവജനോത്സവത്തിലെ കലാവിഭവങ്ങൾ പൊതുവിൽ നല്ല നിലവാരംപുലർത്തി, ആസ്വാദകരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിക്കുകയുണ്ടായി. ഹൈസ്കൂൾനിലവാരത്തിൽ പ്രതീക്ഷിച്ചിരുന്നതിനേക്കാൾ വളരെ ഉയർന്ന നിലവാരം നാടകങ്ങൾക്കുണ്ടായിരുന്നുവെന്നതു ശ്രദ്ധാർഹമാണു്. പാലാ സെൻറ് വിൻസെൻറ് ഡി പോൾ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ അവതരിപ്പിച്ച 'ഡേവിഡ് കോപ്പർഫീൽഡ്' ഒന്നാംസ്ഥാനവും, പുന്നത്തുറ സെൻറ് തോമസ് ഗേൾസ് ഹൈസ്കൂൾ അവതരിപ്പിച്ച 'ചെങ്കോലും മരവുരിയും' രണ്ടാംസ്ഥാനവും നേടി.

ഇക്കൊല്ലത്തെ യുവജനോത്സവത്തിൽ 17 പോയിൻറുകൾ വീതം നേടിയ മരങ്ങാട്ടുപിള്ളി സെൻറ് തോമസ് ഹൈസ്കൂളും വൈക്കം ഗവൺമെൻറ് ഗേൾസ് ഹൈസ്കൂളും പ്രഥമസ്ഥാനം കരസ്ഥമാക്കുകയുണ്ടായി.

പാലാ മുനിസിപ്പൽ ചെയർമാൻ ശ്രീ തോമസ് ജോസഫ് കൊട്ടുകാപ്പള്ളി വിജയികൾക്കു സമ്മാനങ്ങൾ നല്കി. പാലാ ഡി. ഇ. ഒ. ശ്രീ സി. കെ. മാത്യു സ്കൂളുകൾക്കുള്ള ട്രോഫികൾ നല്കി.

നിഷ്പക്ഷവും സത്യസന്ധവുമായ പ്രവർത്തനത്തിനു് എല്ലാ ജഡ്ജിമാരും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. താമസം, ഭക്ഷണം, പരിപാടികളുടെ ആസൂത്രണം തുടങ്ങിയവയും പ്രശംസാർഹമായിരുന്നു. ഉദാരമായ സംഭാവനകൾകൊണ്ടും തങ്ങളുടെ സാന്നിദ്ധ്യംകൊണ്ടും യുവജനോത്സവത്തെ വിജയിപ്പിക്കുന്നതിൽ വലുതായ പങ്കുവഹിച്ച പൊതുജനങ്ങൾക്കു കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.



അട്ടറെ നടികൾ

പത്തനംതിട്ട

പത്തനംതിട്ട വിദ്യാഭ്യാസജില്ലയിൽപ്പെട്ട അമ്പതിൽപരം ഹൈസ്കൂളുകളിലെ വിദ്യാർത്ഥിനീവിദ്യാർത്ഥികളിൽനിന്നു തെരഞ്ഞെടുത്തയച്ച കൊച്ചുകലാകാരന്മാരുടെയും കലാകാരികളുടെയും കലാപരമായ മത്സരങ്ങൾ, അട്ടർ ഗവൺമെൻറ് ഹൈസ്കൂളിലെ വിശാലമായ അങ്കണത്തിൽ സജ്ജീകരിച്ചിരുന്ന രംഗവേദിയിൽവെച്ചു് 1968 ഡിസംബർമാസം 27, 28 ഈ തീയതികളിൽ നടക്കുകയുണ്ടായി. അദ്ധ്യേതാക്കളും, അദ്ധ്യാപികാദ്ധ്യാപകന്മാരും, രക്ഷിതാക്കളുമൊപ്പെടെ ഏതാണ്ടു് എഴുന്നൂറോളം ആളുകൾ, ഈ വിദ്യാലയത്തിൽ ഒരു പകലും രണ്ടു രാത്രിയും ഉത്സാഹഭരിതരായി കഴിഞ്ഞുകൂടുകയുണ്ടായി.

ഹൈസ്കൂളിന്റെ മുൻഭാഗത്തെ മുറ്റംമുഴുവനും മൂടിപ്പന്തലിട്ടിരുന്ന വിശാലമായ പന്തലിൽ കുറഞ്ഞതു് ഏഴായിരംപേർക്കെങ്കിലും ഇരിപ്പിടം സജ്ജീകരിച്ചിരുന്നു. രാപകൽഭേദമില്ലാതെ അനേകശതം പ്രേക്ഷകർ—സ്ത്രീകളും കുഞ്ഞുങ്ങളുമൊപ്പെടെ—നിന്നിമേഷരായി പരിപാടികൾക്കൊക്കെ സാക്ഷികളായി ആദ്യന്തം ഇരിപ്പുപിടിച്ചിരുന്നു എന്നതു് ഈ കലോത്സവത്തിന്റെ

വിജയത്തിനു ഹേതുഭൂതമായ ഒരു പ്രധാനസംഗതിയാണു്.

27–ാംതീയതി വെള്ളിയാഴ്ച വൈകിട്ടു് കൃത്യം അഞ്ചരമണിക്കാരംഭിച്ച വണ്ണ്ണശബളമായ ഉദ്ഘാടനച്ചടങ്ങുകളാണു് കലോത്സവത്തിന്റെ ഗണപതിക്കു കുറിച്ചതു്. പത്തനംതിട്ട ഡി. ഇ. ഒ. ശ്രീ എൻ. വേലായുധപ്പണിക്കർ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽവച്ചു സുപ്രസിദ്ധനാടകകൃത്തായ ശ്രീ എൻ. പി. ചെല്ലപ്പൻനായർ പരിപാടികളും ഉദ്ഘാടനംചെയ്തു. പ്രൊഫസ്സർ പി. ആർ. സി. നായർ എം. എ., സദസ്സിനു സ്വാഗതമാശംസിച്ചു. കലോത്സവത്തിന്റെ ജനറൽ കൺവീനർ ശ്രീ കെ. ജി. ദാമോദരനുണ്ണിത്താൻ കൃതജ്ഞത പ്രകാശിപ്പിച്ചു.

രാത്രി 7 മണിക്കാരംഭിച്ച പരിപാടികളും വെളുപ്പിനു മൂന്നരമണിക്കു സമംഗളം സമാപിച്ചതോടെ കലോത്സവത്തിന്റെ ആദ്യദിവസത്തെ പരിപാടികളും അവസാനിച്ചു. ഏകാങ്കനാടകമത്സരമായിരുന്നു, അന്നു നടന്നതു്. മൊത്തം 27 നാടകങ്ങളും അവതരിപ്പിക്കപ്പെട്ടു. അവതരണത്തിനുവേണ്ടി തെരഞ്ഞെടുത്ത നാടകങ്ങളുടെ പോരായ്മകൊണ്ടു് അഭിനയം പൊടിപൊടിപ്പനായിട്ടുകൂടി പ്രേക്ഷകരുടെ സഹതാപത്തിനു മാത്രം പാത്രമായിത്തീർന്ന ചില നാടകങ്ങളും ഒരുവക; പരിശീലനത്തിന്റെ അഭാവംമൂലം വേണ്ടമാതിരിയിൽ അവതരിപ്പിക്കപ്പെടാൻ കഴിയാതെപോയവമറെറാരുവക; മറ്റുള്ളതിൽ നിന്നു അദ്ധ്യാപകലോകത്തിന്റെ വാചികവും ആംഗികവുമായ അദ്ധ്വാനംകൊണ്ടുമാത്രം രംഗത്തു് ഒരുമട്ടൊക്കെ ഒപ്പിച്ചുമാറിയവ ഇനിയൊരുവക; നാടകകൃത്തുള്ളതു്, ഭരതനാട്യം, ശാസ്ത്രീയനൃത്യങ്ങളും, നാടോടിനൃത്തങ്ങളും, സമൂഹനൃത്തവും എന്നിങ്ങനെ കണ്ണിനും കരളിനും കുളിരേകിയ പല മത്സരപ്രദർശനങ്ങളും നടക്കുകയുണ്ടായി.



ഉഷാസദാനന്ദു്

പോലും ഭാവനചെയ്തിട്ടില്ലാത്ത പൊടിക്കൈകളുംപോലും രംഗത്തവതരിപ്പിച്ചു പ്രേക്ഷകലോകത്തിന്റെ മുക്തകണ്ഠമായ പ്രശംസയാജ്ജീച്ചവ വേറൊരുവക; ഇങ്ങനെ പല നിലവാരത്തിലുള്ള കൊച്ചുകൊച്ചു നാടകങ്ങളുടെ ഇടതടവില്ലാത്ത അവതരണമാണു് അവിടെ നടന്നതു്.

28–ാംതീയതി പ്രഭാതഭക്ഷണം കഴിഞ്ഞതോടെ, പുതിയ പുതിയ കലാവിഭവങ്ങളുടെ മത്സരപ്രദർശനം ചിട്ടയ്ക്കൊത്തു് അവതരിപ്പിക്കപ്പെട്ടുതുടങ്ങി. പദ്യപാരായണം, പ്രസംഗകല, ശാസ്ത്രീയസംഗീതം, ലളിതസംഗീതം, ഉപകരണസംഗീതം, ഗാനമേള, ചിത്രകല, ദേശീയഗാനം എന്നിവയിലാണു പകൽസമയത്തു് മത്സരങ്ങൾ നടന്നതു്. രാത്രിയിൽ ഓട്ടൻതുള്ളൽ, ഭരതനാട്യം, ശാസ്ത്രീയനൃത്യങ്ങൾ, നാടോടിനൃത്തങ്ങൾ, സമൂഹനൃത്തം എന്നിങ്ങനെ കണ്ണിനും കരളിനും കുളിരേകിയ പല മത്സരപ്രദർശനങ്ങളും നടക്കുകയുണ്ടായി.


രാത്രി 12 മണിയോടെ പരിപാടികളും സമംഗളം പര്യവസാനിച്ചു. പിന്നീടു നടന്നതു സമ്മാനവിതരണമാണു്. ഡി. ഇ. ഓ. ശ്രീ വേലായുധപ്പണിക്കർ വിജയികൾക്കുള്ള സർട്ടിഫിക്കറുകളും ട്രോഫികളും വിതരണം ചെയ്തു. അജി & കോ. പ്രൊപ്രൈറർ ഓരോ ഇനങ്ങളിലും ഒന്നാം സമ്മാനാർഹരായ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കു് ഓരോ Quality Aji Pen, ഓരോ കൂപ്പി Ajish Ink എന്നിവ പ്രോത്സാഹനസമ്മാനമായി നല്കുകയുണ്ടായി. വിവിധ മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിൻറു് നേടിയ വിദ്യാർത്ഥിക്കു് അടൂർ കരുണാ സ്റ്റോഴ്സു് പ്രൊപ്രൈറർ ഒരു സ്പെഷ്യൽസമ്മാനം നല്കി. ഈ മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിൻറു് നേടിയതു് അടൂർ ഗവണ്മെൻറു് ഗേൾസു് ഹൈസ്കൂളാണു് എന്നുള്ളതു് ഇവിടെ എടുത്തുപറയേണ്ട ഒരു കാര്യമാണു്. രണ്ടാംസ്ഥാനം പത്തനംതിട്ട ഗവ. ഹൈസ്കൂളും കലഞ്ഞൂർ ഗവ. ഹൈസ്കൂളും പങ്കിട്ടെടുത്തു. ബോയ്സു് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ കെ. ആർ. സുധേശൻനായർ പരിപാടികളെല്ലാം ഇത്രമാത്രം വിജയകരമാക്കിത്തീർക്കുവാൻ സഹായിച്ച ഓരോരുത്തർക്കും നന്ദി രേഖപ്പെടുത്തി. ദേശീയഗാനമത്സരത്തിൽ വിജയിച്ച രണ്ടു വിദ്യാർത്ഥിനികളുടെ ദേശീയഗാനാലാപത്തോടെ പരിപാടികളുടെ ഭരതവാക്യം ചൊല്ലി.

എല്ലാ മത്സരങ്ങൾക്കും പ്രഗത്ഭരായ ന്യായാധിപന്മാരെയാണു് ഏർപ്പെടുത്തിയിരുന്നതു്.

ഈ പരിപാടികളും ഇത്രമാ

ത്രം വിജയിപ്പിച്ചതു നേരത്തെ സൂചിപ്പിച്ചതുപോലെ, അട്ടരിലെ കലോത്സുകരായ പൗരാവലിയാണെന്നു തീർത്തു പറയാം. ഡി. ഇ. ഒ. ശ്രീ വേലായുധപ്പണിക്കരവർകളുടെ നേതൃത്വവും അട്ടരിലെ ഗവ: ബോയിസ് ആൻഡ് ഗേൾസ് ഹൈസ്കൂളുകളിലെ അദ്ധ്യാപകരുടെയും അദ്ധ്യാപികമാരുടെയും വിദ്യാർത്ഥിവർഗ്ഗത്തിന്റെയും പല നാളത്തെ അവിശ്രമപരിശ്രമവും, സർവ്വോപരി നാട്ടുകാരുടെ ഉദാരമായ സഹായസഹകരണങ്ങളും ഈ വിജയത്തിനു പങ്കു വഹിച്ചിട്ടുണ്ടു്. നാട്ടുകാരിൽ പലരുടെയും പേരെടുത്തുപറയാനുണ്ടെങ്കിലും, ജനറൽ കൺവീനർ ശ്രീ ദാമോദരൻ ഉണ്ണിത്താൻ, പ്രൊഫസ്സർ പി. ആർ. സി. നായർ, പഞ്ചായത്തുമെമ്പർ ശ്രീ കൊച്ചുപാപ്പി എന്നിവർ ഈ കലോത്സവത്തിന്റെ വിജയത്തിനുവേണ്ടി അഹോരാത്രം പരിശ്രമിച്ചിട്ടുണ്ടു് എന്നു പറയാതെവയ്യ.

മീനാകുമാരി



കൊല്ലം

കൊല്ലം ജില്ലാ യുവജനോത്സവം 1968 ഡിസംബർ 22–ാം തീയതി വൈകുന്നേരം 4 മണിക്കു്, ഗവണ്മെൻറ് ബോയിസ് ഹൈസ്കൂളിൽ, ശ്രീനാരായണ കോളേജ് പ്രിൻസിപ്പൽ ഡോ. എം. ശ്രീനിവാസന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ചു്, ഡിസ്ട്രിക്ടു് കളക്ടർ ശ്രീ കെ. എൽ. എൻ. റാവു ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം 5.15–നു് ശാസ്ത്രീയസംഗീതത്തോടുകൂടി മത്സരങ്ങൾ ആരംഭിച്ചു. 7.30–നു് ആരംഭിച്ച ഏകാങ്കനാടകമത്സരത്തിൽ 14 ടീമുകൾ പങ്കെടുത്തു.

23–ാംതീയതി രാവിലെ ലളിതസംഗീതം, പ്രസംഗം, കഥനം, ദേശീയഗാനം, ചിത്രരചന, പെയിൻറിംഗ് ഇവയ്ക്കുള്ള മത്സരങ്ങളും, ഉച്ചയ്ക്കുശേഷം ഗാനമേള, ഓട്ടൻതുള്ളൽ ഇവയും നടത്തപ്പെട്ടു. 6.30–നുശേഷം നൃത്തപരിപാടികളാണു നടന്നതു്.

ഡിസ്ട്രിക്ടു് എഡ്യൂക്കേഷനൽ ഓഫീസർ ശ്രീ എ. ജലീൽ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപനസമ്മേളനത്തിൽ എസ്. എൻ. കോളേജ് ലക്ചറർ ശ്രീമതി കെ. സി. സാറാമ്മ പ്രസംഗിച്ചു.

സെൻറ് അലോഷ്യസ് ഹൈസ്കൂൾ, കൊല്ലം ഏറ്റവും കൂടുതൽ പോയിൻറുകൾ നേടി കൊല്ലം റോട്ടറി ക്ലബ്ബു് സംഭാവനചെയ്ത ട്രോഫി കരസ്ഥമാക്കി. ഏറ്റവും നല്ല നാടകം അവതരിപ്പിച്ചതു് ക്രിസ്തുരാജ് ഹൈസ്കൂളാണു്. ഡിസ്ട്രിക്ടു് എഡ്യൂക്കേഷനൽ ഓഫീസർ സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണംചെയ്തു.


തലശ്ശേരി

പതിനൊന്നാമതു ജില്ലാ യുവജനോത്സവം 1969 ജനുവരി 3, 4 തീയതികളിൽ അഴീക്കോടു് ഹൈസ്കൂളിൽവച്ചു് ആഘോഷിച്ചു. ഇതിന്റെ നടത്തിപ്പിനായി ഒരു നിർവ്വാഹകസമിതിയെ തെരഞ്ഞെടുക്കുകയുണ്ടായി.

34 ഹൈസ്കൂളുകളിൽനിന്നായി 204 കുട്ടികൾ ഈ ഉത്സവത്തിൽ പങ്കെടുക്കുകയുണ്ടായി. കോഴിക്കോടു് റീജനൽ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ എൻ. അബ്ദുറഹീം അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ വച്ചു്, ഡിസ്ട്രിക്ടു് കളക്ടർ ശ്രീ ജെ. എസ്. യേശുദാസൻ ഐ. എ. എസ്. പരിപാടികൾ ഉദ്ഘാടനംചെയ്തു.


ആദ്യത്തെ ദിവസം ഏകാങ്കനാടകമത്സരം നടന്നു. രണ്ടാമത്തെ ദിവസം ചിത്രരചന, പ്രസംഗം എന്നിവയിലെ മത്സര

കെ. രേണുക









എൻ. ഗംഗാധരൻ, കഞ്ഞിമംഗലം, പി. സി. ഗീത, കാടച്ചിറ, റ്റി. വി. സുശീല, അഴീക്കോട്

ങ്ങളും പകലും, നൃത്തപരിപാടികളും രാത്രിയിലും നടക്കുകയുണ്ടായി.

സമാപനസമ്മേളനത്തിൽവച്ച് അഴീക്കോട് എഡ്യൂക്കേഷനൽ സൊസൈറ്റിയുടെ പ്രസിഡണ്ട് ശ്രീ ഏ. കെ. നായർ സമ്മാനദാനം നിർവ്വഹിച്ചു. ഒരു വമ്പിച്ച ജനക്കൂട്ടം എല്ലാ പരിപാടികളിലും സംബന്ധിച്ചിരുന്നു.

മത്സരത്തിൽ അവതരിപ്പിച്ച കലാപരിപാടികളെല്ലാംതന്നെ ഉന്നതനിലവാരം പുലർത്തുന്നവയായിരുന്നു.

കുട്ടികളുടെ താമസസൗകര്യം ക്രമീകരിച്ചിരുന്നതു് അഴീക്കോട് ഹൈസ്കൂളിൽത്തന്നെയായിരുന്നു. എല്ലാ ക്രമീകരണങ്ങളും അങ്ങേയറ്റം മെച്ചമാക്കുന്നതിനു പൊതുജനങ്ങളും വളരെയധികം താൽപര്യം കാണിച്ചു എന്നും പറയേണ്ടതുണ്ടു്.

തിരുവല്ലാ

തിരുവല്ലാ വിദ്യാഭ്യാസജില്ലയിലെ ഹെഡ്മാസ്റ്റർമാരുടെ സമ്മേളനം, ഈ വഷ്ത്തെ യുവജനോത്സവം പെരിങ്ങര പ്രിൻസ് മാത്താണ്ഡവർമ്മസ്കൂളിൽവച്ചു നിർവ്വഹിക്കണമെന്നു നിശ്ചയിച്ചു. ഇതിനായി രൂപീകരിച്ച ജനറൽ കമ്മിറ്റി ഡിസംബർ 16-ാംതീയതി കൂടി ബഡ്ഡറിനും പരിപാടിക്കും പൂർണ്ണരൂപം നല്കി.

ഈ ജില്ലയിൽ ഒരു ഗ്രാമത്തിൽവച്ചു് യുവജനോത്സവം ആദ്യമായി നടന്നുവെന്നതാണു് ഈ പ്രാവശ്യത്തെ ഒരു പ്രത്യേകത. കലോത്സവവിജയത്തിനു് ഏറ്റവും പ്രധാനമായി ഉപകരിച്ച ഘടകം സ്കൂളിലെ വിശാലമായ ഓഡിറ്റോറിയമാണു്.

ഡിസംബർ 30-ാംതീയതി രാവിലെമുതൽ ജില്ലയിലെ വിവിധവിദ്യാലയങ്ങളിൽ നിന്നും മത്സരത്തിനുള്ള കുട്ടികളും അദ്ധ്യാപകരും വന്നുകൊണ്ടിരുന്നു. ആകെയുള്ള അൻപത്തിനാലു ഹൈസ്കൂളുകളിൽ ആറെണ്ണം ഒഴിച്ചു മറെല്ലാ വിദ്യാലയങ്ങളും മത്സരത്തിൽ പങ്കെടുത്തിരുന്നു. ആകെ മുന്നൂററിയിരുപതു് കുട്ടികളും പങ്കെടുത്തു.

രാവിലെ 9.30-നു് സ്ഥലത്തെത്തിയ ഗുരു ഗോപിനാഥിനെയും ഡെപ്യൂട്ടി ഡയറക്ടർ ശ്രീ എസ്. ഗണേശയ്യരെയും ശ്രീ ആർ. എസ്. കുറുപ്പിനെയും സമിതിയംഗങ്ങളും ഹാരമണിയിച്ചു. താലപ്പൊലിയും നാദസ്വരവും അവർക്കു സ്വാഗതം നല്കി. മൈതാനത്തിലെത്തിയപ്പോൾ എൻ. സി. സി. അംഗങ്ങളും മത്സരത്തിനെത്തിയിരുന്ന കുട്ടികളും സ്കൂൾ ഫ്ളാഗുകളുമേന്തി മാർച്ച്പാസ്റ്റ് നടത്തി. അവരുടെ സല്യൂട്ട് സ്വീകരിച്ചുകൊണ്ടു് ശ്രീ ഗണേശയ്യർ പതാകയുയർത്തി.

സ്കൂൾ ഓഡിറ്റോറിയത്തിൽ തടിച്ചുകൂടിയ സദസ്സിൽവച്ചു് ഗുരു ഗോപിനാഥ്, ഒരു ദീപം കൊളുത്തിക്കൊണ്ടു് കലോത്സവം ഉദ്ഘാടനംചെയ്തു. യോഗത്തിൽ ശ്രീ ഗണേശയ്യർ

ആദ്ധ്യക്ഷം വഹിച്ചു. ശ്രീ നാഗവള്ളി ആർ. എസ്. കുറുപ്പ് ഒരു പ്രസംഗംചെയ്തു. കലോത്സവ സമിതി ചെയർമാൻ ശ്രീമതി പത്മാവതിയമ്മ (ഡി. ഇ. ഒ.) സ്വാഗതവും ശ്രീ കെ. എസ്. ശ്രീധരൻനായർ കൃതജ്ഞതയും പറഞ്ഞു.

ഡിസംബർ 30–ാംതീയതി രാവിലെ 11.30–ന മത്സരങ്ങൾ ആരംഭിച്ചു. ഉച്ചയ്ക്കുമുൻപു് കഥനം, പെൻസിൽ ഡ്രോയിംഗ്, പ്രസംഗം എന്നിവയും ഉച്ചയ്ക്കുശേഷം പകലും രാത്രിമുഴവനുംകൊണ്ടു് വാട്ടർകളർ പെയിൻറിംഗ്, ഏകാങ്കനൃത്തം, ഓട്ടൻതുള്ളൽ, നാടോടിനൃത്തം, ശാസ്ത്രീയനൃത്തം, ഭരതനാട്യം, കഥകളി, നാടകം എന്നിവയും നടന്നു. 31–ാംതീയതി രാവിലെ 10 മുതൽ ഉച്ചയ്ക്കു് 1.30–വരെ ലളിതസംഗീതവും ശാസ്ത്രീയസംഗീതവുമാണു നടന്നതു്. ഉച്ചയ്ക്കുശേഷം ഉപകരണസംഗീതവും ഗാനമേളയും ദേശീയഗാനമത്സരവുംനിർവ്വഹിക്കപ്പെട്ടു. 4.30–നു് എല്ലാ ഇനങ്ങളും തീർന്നു. എല്ലാ ഇനങ്ങളിലും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു കുട്ടികളുടെ കഴിവിൻെറ നിലവാരം ഉയർന്നിരുന്നു.

ഓരോ ഇനത്തിനും പരീക്ഷകരായി വിദഗ്ദ്ധരായ വ്യക്തികളെത്തന്നെ ലഭിച്ചുവെന്നതു പ്രത്യേകം പറയാവുന്നതാണു്. കലാലയാദ്ധ്യാപകർ,നാടകകൃത്തുക്കൾ, അഭിനേതാക്കൾ, സംഗീതവിദഗ്ദ്ധർ, വാഗ്മികൾ, നൃത്തനാട്യാചാര്യർ—എല്ലാവരും ഇതിൽപ്പെട്ടവർ. ഈ ജില്ലയുമായി സ്ഥാപനബന്ധമുള്ളവരാരും അക്കൂട്ടത്തിലില്ലായിരുന്നു.

കലാമത്സരങ്ങളിലെ വിജയികൾ കെ. പി. നൈനാൻ (ചിത്രരചന), പി. ജി. വാസുകുട്ടൻ (വാട്ടർകളർ), കുമാരി ജയശ്രീ, സുബാഷ്ബാബു (ശാസ്ത്രീയസംഗീതം), ജഗദമ്മ, സുരേശ്കുമാർ (ലളിതസംഗീതം), സുജാതാകുമാരി, രാജേന്ദ്രകുമാർ (ഉപകരണസംഗീതം), ഉഷാകുമാരി, രാജലക്ഷ്മി (ഭരതനാട്യം), നിർമ്മല (നാടോടിനൃത്തം), മീരാബായി (കഥകളി), സുജാതാകുമാരി (ശാസ്ത്രീയനൃത്തം), എലിസബത്ത് ഐസക് (ഓട്ടൻതുള്ളൽ), അച്ചാമ്മ സൈമൺ, അലക്സാണ്ടർ ചെറിയാൻ (പ്രസംഗം), അന്നമ്മ ജോൺ, മുരളീധരൻനായർ (കഥനം), കെ. റെറി. തോമസ് ആൻഡ് പാട്ടി (ഗാനമേള), എ. സി. ഐസക് ആൻഡ് പാട്ടി (നാടോടിനൃത്തം), സി. എം. തമ്പി ആൻഡ് പാർട്ടി (ഏകാങ്കനാടകം) എന്നിവരാണു്.

മത്സരത്തിൽ ഏറ്റവും കൂടുതൽ പോയിൻറുകൾ നേടിയതു് ബാലികാമഠം ഹൈസ്കൂളും, തലവടി റെറി. എം. റെറി. ഹൈസ്കൂളുമാണു്. ദേശീയഗാനത്തിനു് ഒന്നാംസ്ഥാനം നേടി തിരുമൂലപുരം എസ്. എൻ. വി. ഹൈസ്കൂൾ ജി. പി. നായർ റോളിങ് ട്രോഫി കരസ്ഥമാക്കി.


ഗവണ്മെൻറിൽനിന്നും നല്ലിയ സർട്ടിഫിക്കറെറിനു പുറമേ, വിജയികൾക്കു കലോത്സവസമിതിയുടേതായി പ്രത്യേകം കപ്പുകൾ നല്കുകയുണ്ടായി. ഈ ആവശ്യത്തിനു് ശ്രീ ഈപ്പൻ (കഷ്കൻ മോട്ടോഴ്സ്) നല്ലിയ സംഭാവനയും സമിതിയുടെ നന്ദി.

കലാമത്സരങ്ങൾക്കു ചേർന്നുകൂടികൊണ്ടിരുന്ന കുട്ടികൾക്കും, കൂടെ എത്തിയിരുന്ന അദ്ധ്യാപകർക്കും വോളണ്ടിയർമാർക്കും, പരീക്ഷകർക്കും ഹൃദ്യമായ ഭക്ഷണവും സേവനനിഷ്ഠമായ പെരുമാറ്റവും നല്കുവാൻ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഡിസംബർ 31–ാംതീയതി ഉച്ചയ്ക്കു സദ്യയിൽ പല വിശിഷ്ടാതിഥികളും പങ്കെടുക്കുകയുണ്ടായി. ഭക്ഷണസാധനങ്ങൾ സംഭാവനചെയ്തവരിൽ ശ്രീ എൻ. കെ. പിള്ള(പെരിങ്ങര)യോടു കടപ്പെട്ടിട്ടുണ്ടു്.

ഗവണ്മെൻറ് ഗ്രാൻറും സ്കൂൾ അധികൃതർ പിരിച്ചെടുത്ത സംഭാവനകളും കൂടാതെ സമിതിക്കു് ഉദാരമതികളായ പലരും ധനസഹായം നല്കി. അവർക്കെല്ലാം, പ്രത്യേകിച്ചു് സഖറിയയ്ക്കു സമിതിയുടെ നന്ദി.

ഇടത്തു്: എലിസബത്ത് ഐസക്
താഴെ: റ്റി. പി. ഉഷാകുമാരി







തൃശ്ശൂർ

തൃശ്ശൂർ ജില്ലാ സ്കൂൾ യുവജനോത്സവം ഇക്കൊല്ലം ഡിസംബർ 27, 28 തീയതികളിൽ ചേപ്പ് സി. എൻ. എൻ. ബോയ്സ് ഹൈസ്കൂളിൽവെച്ചു വിജയകരമായി നടത്തപ്പെട്ടു. തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ആഫീസർ ശ്രീമതി ഷണ്മുഖാംബാൾ അദ്ധ്യക്ഷയായിട്ടുള്ള യുവജനോത്സവക്കമ്മിറ്റിയുടെ അക്ഷീണമായ പ്രയത്നം പ്രസ്തുത ആഘോഷത്തെ തികഞ്ഞ വിജയത്തിലെത്തിച്ചു എന്നു നിസ്സംശയം പറയാം. ശബ്ദായമാനമായ പട്ടണത്തിന്റെ പകിട്ടും അതേസമയം ഗ്രാമസൗഭാഗ്യവും ശാന്തതയും ഒത്തിണങ്ങുന്ന ചേപ്പ്പ്രദേശം യുവജനോത്സവത്തിനു് അനുയോജ്യമായ അന്തരീക്ഷം തികച്ചുമരുളി.

ഒന്നാംദിവസമായ ഡിസംബർ 27-ാം തീയതി ഉച്ചതിരിഞ്ഞു് 4.30-നു് കലോത്സവം ഉദ്ഘാടനം ചെയ്യാനെത്തിയ തൃശ്ശൂർ ടെയിനിംഗ് കോളേജ് റിട്ടയാർഡ് പ്രിൻസിപ്പൽ ശ്രീ ടി. പോറ്റി വർഗീസ്സിനേയും, സമ്മാനദാനം നിർവ്വഹിക്കാനെത്തിയ ചിറ്റൂർ കുഞ്ഞൻനമ്പൂതിരിപ്പാടിനേയും, സ്കൂൾ മാനേജർ ചിറ്റൂർ ശങ്കരൻ നമ്പൂതിരിപ്പാടിനേയും, ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർ ശ്രീമതി ഷണ്മുഖാംബാൾ, കൺവീനർ ശ്രീ എം. എസ്. നമ്പൂതിരി, ജോ: കൺവീനർ ശ്രീ ഓ. കെ. കെ. പണിക്കർ, വിവിധ സബ്കമ്മിറ്റി കൺവീനർമാർ, പൗരമുഖ്യർ എന്നിവർ ചേർന്നു് എതിരേറ്റു. ചേപ്പ് ഗേൾസ് ഹൈസ്കൂളിലെ ബാലികമാരുടെ താലപ്പൊലിയും ബോയ്സ് ഹൈസ്കൂൾ ബാലന്മാരുടെ ബാൻഡ്വാദ്യവും മത്സരത്തിൽ പങ്കെടുക്കാനെത്തിയ വിദ്യാർത്ഥീവിദ്യാർത്ഥിനികളുടെ മാച്ച് പാസ്റ്റും ഉത്സവത്തിനു മാറ്റുകൂട്ടി. പിന്നീടു നടന്ന ഉദ്ഘാടനയോഗത്തിൽ കുട്ടികളുടെ കലാപരമായ വാസനകളുടെ പ്രകടനവേദിയിലേക്കു തന്നെ ആനയിച്ചതിനു സംഘാടകരെ കൃതജ്ഞതാപൂർവ്വം അനുസ്മരിച്ചുകൊണ്ടാണു് ഉദ്ഘാടകൻ തന്റെ പ്രസംഗം ആരംഭിച്ചതു്. എന്തെല്ലാം കോട്ടങ്ങളും ഉണ്ടായാലും ഇത്തരം യുവജനോത്സവങ്ങളുടെ പ്രാധാന്യവും ആവശ്യകതയും അനിവാര്യമാണെന്നു് അറിയേണ്ടതുണ്ടെന്നും അതിന്റെ പങ്കിനെ ശരിയായി വിലയിരുത്തേണ്ടതുണ്ടെന്നും അദ്ദേഹം ഊന്നിപ്പറയുകയുണ്ടായി.

കൃത്യം 5.15-നു കലാമത്സരങ്ങൾ ആരംഭിച്ചു. ആദ്യം ഓട്ടൻതുള്ളലും പിന്നീടു നാടകവുമാണു് അന്നു നടന്ന മത്സരത്തിലെ രണ്ടിനങ്ങളും.

രണ്ടാംദിവസം കാലത്തു് 8 മണിമുതൽ ഡ്രോയിംഗ്, പെയി

ൻറിംഗ്, വാസ്പാട്ട്, ഉപകരണ സംഗീതം എന്നീ ഇനങ്ങളിൽ മത്സരങ്ങൾ നടത്തപ്പെട്ടു. ഉച്ച തിരിഞ്ഞു പദ്യോച്ചാരണം, പ്രകടപ്രസംഗം, ഗാനമേള, ദേശീയഗാനാലാപനം എന്നിവയിൽ മത്സരങ്ങൾ നടന്നു.

പനിമതിയുടെ പുളകോദ്ഗമകാരിയായ കരസ്പർശമേൽക്കവേ, ആ സായംസന്ധ്യയിൽ രംഗമണ്ഡപത്തിൽനിന്നും കാൽച്ചിലമ്പൊലി ഉയർന്നു. വിവിധ നൃത്തങ്ങളും കഥകളിയും പ്രേക്ഷകമഹാസമുദ്രത്തെ അത്ഭുതാനന്ദഭരിതരാക്കി. രാത്രി 10.30–ന് ശ്രീ ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാട് വിജയികൾക്കു സമ്മാനങ്ങൾ നല്കി; യുവജനോത്സവം സമാപിച്ചു.

ഏറ്റവും കൂടുതൽ പോയിൻറു കൾ നേടിയ സ്കൂളിനുള്ള മാക്കു് കപ്പ് തൃശ്ശൂർ മോഡൽ ഗേൾസ് ഹൈസ്കൂൾ കരസ്ഥമാക്കി. രണ്ടാംസമ്മാനം എസ്. എൻ. ഹൈസ്കൂൾ, കണിമംഗലവും നേടി.

ബോയ്സ് വിഭാഗത്തിൽ ഒന്നാംസമ്മാനം എസ്. എൻ. ഹൈസ്കൂൾ കണിമംഗലവും, തുല്യപോയിൻറുകൾ നേടി. രണ്ടാംസമ്മാനം, സി. എൻ. എൻ. ബോയ്സ് ഹൈസ്കൂൾ, ചേപ്പ്, ത്യാഗരാജ ഹൈസ്കൂൾ, അളഗപ്പനഗർ എന്നിവയും കരസ്ഥമാക്കി.

ഗേൾസ് വിഭാഗത്തിൽ കൂടുതൽ മാർക്കു നേടി ഒന്നാംസമ്മാനം മോഡൽ ഗേൾസ് ഹൈസ്കൂളും, രണ്ടാംസമ്മാനം സെൻറ് ജോസഫ്സ് കോൺവെൻറ് ഹൈസ്കൂളും നേടി.



തിരുവനന്തപുരം


തിരുവനന്തപുരം വിദ്യാഭ്യാസജില്ലയിലെ ഹെഡ്മാസ്റ്റർമാരുടെയും മറ്റും ഒരു യോഗം 25–11–1968–ൽ എസ്. എം. വി. ഹൈസ്കൂളിൽവച്ചുകൂടി. ശ്രീ എൽ. സി. ആർ. വർമ്മ, ഹെഡ് മാസ്റ്റർ, ബി. എൻ. വി. ഹൈസ്കൂൾ, തിരുവല്ലം ജനറൽ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചു. പട്ടം സെൻറ് മേരീസ് ഹൈസ്കൂളിൽവച്ചു് യുവജനോത്സവം നടത്താൻ തീരുമാനിച്ചു. തീയതി: ഡിസംബർ 30, 31.

ഡിസംബർ 30–ാംതീയതി വൈകിട്ടു് 5. 30–ന് ശ്രീ പി. ബാലഗംഗാധരമേനോൻ, ഐ. പി.എസ്. പതാക ഉയർത്തി. കുട്ടികളുടെ മാർച്ചുപാസ്റ്റിനുശേഷം നിയമസഭാസ്പീക്കർ ശ്രീ ഡി. ദാമോദരൻപോറ്റി കലോത്സവം ഉദ്ഘാടനംചെയ്തു.

ആദ്യമായി നാടകം, നൃത്തം എന്നിവയുടെ മത്സരങ്ങളും പിന്നീടു് സംഗീതം, ചിത്രരചന, പ്രസംഗം മുതലായവയുടെ മത്സരങ്ങളും നടന്നു. എല്ലാ മത്സരങ്ങളും യോഗ്യരായ ആളുകളാൽ വിലയിരുത്തപ്പെട്ടു.

സമാപനസമ്മേളനത്തിൽ വിദ്യാഭ്യാസസെക്രട്ടറി ശ്രീ ഉമാശങ്കർ അദ്ധ്യക്ഷത വഹിച്ചു. 31-ാംതീയതി 6. 30–ന് പരിപാടികൾ അവസാനിച്ചു.

തിരുവനന്തപുരം ഫോട്ടു് മിഷൻ ഹൈസ്കൂൾ ഒന്നാംസ്ഥാനവും, കോട്ടൺഹിൽ ഹൈസ്കൂൾ, കരമന ഗവണ്മെൻറ് ഹൈസ്കൂൾ എന്നിവ രണ്ടാംസ്ഥാനവും കരസ്ഥമാക്കി.



വടകര

1969 ജനുവരി 7, 8 എന്നീ തീയതികളിൽ പയ്യോളി ഹൈസ്കൂൾ അങ്കണത്തിൽവെച്ചാണ് ഈ വർഷത്തെ വടകര ജില്ലാ യുവജനോത്സവം നടത്തിയതു്. ഈ വർഷത്തെ വിദ്യാർത്ഥികളുടെ കലാപ്രകടനം കൂടുതൽ ആകർഷകവും സമ്പന്നവുമായിരുന്നു. ഈ പ്രാവശ്യത്തെ മത്സരപരിപാടികളുടെ വിധിനിർണ്ണായകരായി വന്ന കലാകാരന്മാർ അവരുടെ അഭിപ്രായക്കുറിപ്പുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ ഈ വസ്തുതതെളിയിക്കുന്നു.

വടകരജില്ലയിലെ 39 ഹൈസ്കൂളുകൾ പരിപാടിയുടെ വിജയത്തിനു് അവരുടെ മികച്ച സംഭാവന നല്കിയെന്നതു് എടുത്തുപറയത്തക്ക നേട്ടമാണു്. 300-ൽ അധികം വിദ്യാർത്ഥിനീവിദ്യാർത്ഥികൾ വിവിധ മത്സരങ്ങളിൽ പങ്കെടുത്തു.

ഗാനമേളയിൽ 7 വിദ്യാലയങ്ങൾ പങ്കെടുത്തുകൊണ്ടാണു് കലാപരിപാടികളുടെ പ്രാരംഭം കുറിച്ചതു്. ഈ ഇനത്തിൽ ഒന്നാംസ്ഥാനം മേപ്പയ്യൂർ ഗവ. ഹൈസ്കൂളിലെ വിദ്യാർത്ഥികളാണു് കരസ്ഥമാക്കിയതു്. തുടർന്നു നടന്ന ഓട്ടൻതുള്ളലിൽ പതിനൊന്നു സ്കൂളുകൾ പങ്കെടുത്തതിൽ സി. കെ. ജി. മെമ്മോറിയൽ ഹൈസ്കൂളിലെ പി. ദാമോദരൻ ഒന്നാംസ്ഥാനം നേടി. പരമ്പരാഗതവും ശാസ്ത്രീയവുമായ നിലയിൽ ഓട്ടൻതുള്ളൽ അവതരിപ്പിക്കുവാൻ പ്രസ്തുത വിദ്യാർത്ഥിക്കു കഴിഞ്ഞതിൽ, പ്രേക്ഷകരുടെയും ജഡ്ജിമാരുടെയും മുക്തകണ്ഠപ്രശംസയ്ക്കു് ഈ വിദ്യാർത്ഥി പാത്രീഭവിക്കുകയുണ്ടായി. പിന്നീടവതരിപ്പിക്കപ്പെട്ട നൃത്തപരിപാടികളും എല്ലാംതന്നെ ശ്രദ്ധേയങ്ങളായിരുന്നു. ഭരതനാട്യം ഉന്നതനിലവാരം പുലർത്തി എന്നുള്ളതു്, എടുത്തുപറയാതെ നിവൃത്തിയില്ല. കൊയിലാണ്ടി ഗവ. ഗേൾസ് ഹൈസ്കൂളിലെ സി. ആർ. ലക്ഷ്മിയാണു് ഭരതനാട്യത്തിൽ പ്രഥമസ്ഥാനത്തിനു് അർഹയായതു്. നാടോടിനൃത്തങ്ങൾ ഒറ്റയ്ക്കും സംഘമായും, വണ്ണപ്പൊലിമയോടുകൂടി അവതരിപ്പിക്കുവാൻ പരിപാടികളിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കു കഴിഞ്ഞിരുന്നു. പതിനാലു വിദ്യാർത്ഥിനികൾ പങ്കെടുത്ത സോളോഡാൻസിൽ ഒന്നാംസ്ഥാനം നേടിയ ഇരിങ്ങണ്ണൂർ ഹൈസ്കൂളിലെ വി. പി. പ്രേമയുടെ കലാപ്രകടനം അരങ്ങു തകർത്തിരുന്നുവെന്നു പ്രേക്ഷകസദസ്സിലെ ഹർഷാരവങ്ങൾ വ്യക്തമാക്കുകയുണ്ടായി. സംഘനൃത്തങ്ങളിൽ തിരുവള്ളൂർ ശാന്തിനികേതന ഹൈസ്കൂളിലെ വിദ്യാർത്ഥിനികൾ ഒന്നാംസ്ഥാനം കരസ്ഥമാക്കി. ശാസ്ത്രീയനൃത്തത്തിൽ മടപ്പള്ളി ഗവ. ഫിഷറീസ് ഹൈസ്കൂളിലെ ആർ. രമയും കഥകളിയിൽ മേപ്പയ്യൂർ ഗവ. ഹൈസ്കൂളിലെ ആര്യവാസന്തിയും പ്രഥമസ്ഥാനങ്ങൾ കരസ്ഥമാക്കി.

പെൻസിൽ ഡ്രോയിംഗിൽ പുതുപ്പണം ജവഹരിലാൽ നെഹ്റു മെമ്മോറിയൽ ഗവ. ഹൈസ്കൂളിലെ കെ. പി. കുമാരനും, പെയിൻറിംഗിൽ പയ്യോളി ഗവ. ഹൈസ്കൂളിലെ പി. പി. ഗോപാലനും ഒന്നാംസ്ഥാനങ്ങൾക്കു് അർഹരായി.

ശാസ്ത്രീയസംഗീതങ്ങൾ പൊതുവിൽ പ്രതീക്ഷിച്ച നിലവാരം പുലർത്തിയതായി കണ്ടില്ല. ലളിതഗാനമത്സരത്തിൽ കൊയിലാണ്ടി ഗവ. ഗേൾസ് ഹൈസ്കൂളിലെ പി. വി. ചന്ദ്രി പ്രഥമസ്ഥാനം കരസ്ഥമാക്കി. പ്രസംഗമത്സരത്തിൽ എം. എ. മാതൃവും, പദ്യംചൊല്ലലിൽ പി. സി. ജയചന്ദ്രനും, ടി. പി. ശാന്തയും ഒന്നാംസ്ഥാനങ്ങൾക്കു് അർഹരായി.

നാടകമത്സരത്തിൽ ഒന്നാംസ്ഥാനത്തിനർഹരായ മടപ്പള്ളി ഗവ. ഫിഷറീസ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾ വിക്ടർ യൂഗോവിൻറെ വിശ്വവിഖ്യാതമായ 'പാവങ്ങളി'ലെ ചില കഥാപാത്രങ്ങളെ രംഗത്തവതരിപ്പിച്ച നിമിഷങ്ങൾ ഇപ്പോഴും ജീവിക്കുന്നതുപോലെ തോന്നി. വടകരയിലെ വളർന്നുവരുന്ന യുവകലാകാരന്മാരുടെയും കലാകാരികളുടെയും പ്രതിഭാവിലാസത്തെ കണ്ടുപിടിക്കാനുള്ള ഒരവസരം ഈ പരിപാടികൾ പ്രദാനംചെയ്തുവെന്നതു് പ്രത്യേകം ശ്രദ്ധേയമാണു്. ഈ വർഷത്തെ യുവജനോത്സവത്തിൽ കൂടുതൽ പോ

യിൻറുകയം നേടിയ കൊയിലാണ്ടി ഗവ.ഗേൾസ് ഹൈസ്കൂൾ ടോഫി കരസ്ഥമാക്കി.


ഒന്നാംദിവസത്തെ ഉദ്ഘാടനസമ്മേളനത്തിൽ, വടകര ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർ ശ്രീ വി. ഗണപതിഅയ്യർ അദ്ധ്യക്ഷസ്ഥാനം ഏറ്റു. കോഴിക്കോട്ട് റീജനൽ ഡെ. ഡയറക്ടർ ശ്രീ കെ. അബ്ദുൽകരീം പരിപാടികയം ഉദ്ഘാടനംചെയ്തു കയുണ്ടായി. രണ്ടാംദിവസത്തെ സമാപനസമ്മേളനത്തിൽ ശ്രീ പി. ററി. ദാമോദരൻ പ്രസംഗിക്കയും പയ്യോളി മുൻസിഫ് ശ്രീ ഒ. വി. അബൂബക്കർ സമ്മാനദാനം നിവ്വഹിക്കയും ചെയ്തു.

കോട്ടയം


1968 ഡിസംബർ 22. സമയം രാവിലെ 8 മണി. മാമലകളുടെ മനോഹാരിതയും താഴ്വരകളുടെ കുളിമ്മയും ഒത്തിണങ്ങിയ വാകത്താനം ജെറുശലേം കുന്നിൻപുറം. കോട്ടയം ജില്ലാ യുവജനോത്സവത്തിൻെറ പ്രാരംഭം കുറിച്ചുകൊണ്ട് യുവജനോത്സവക്കമ്മിററി ജോയൻറ്കൺവീനർ ശ്രീ സി. എൻ.ജോജ്ജ് പതാകയുയത്തൽകമ്മം നിവ്വഹിച്ചു.


വൈകുന്നേരം 4.15–നു് ജെ. എം. ഹൈസ്കൂൾജംക്ഷനിൽ എത്തിച്ചേന്ന വിശിഷ്ടാതിഥികയം കു് വിദ്യാത്ഥീവിദ്യാത്ഥിനികളും, പൊതുജനങ്ങളും, താലപ്പൊലിയേന്തിയ ബാലികമാരും, എൻ. സി. സി. കേഡറ്റ്സും ചേന്ന ഗംഭീരമായ ഒരു വരവേല്പ്പുനല്കി. 4.30-നു് ആരംഭിച്ച പൊതുസമ്മേളനത്തിൽ ഏബ്രഹാം മാർ ക്രീമ്മീസ് തിരുമേനി അദ്ധ്യക്ഷംവഹിച്ചു. കോട്ടയം ഡി. ഇ. ഒ. ശ്രീ കേശവയ്യർ അതിഥികളെ സ്വാഗതംചെയ്തു സംസാരിച്ചു. ജില്ലാകലക്ടർ ശ്രീ ടി. എൻ. ജയചന്ദ്രൻ ഒരു ലഘുപ്രസംഗത്തോടുകൂടി നിലവിളക്കുകൊളുത്തി യുവജനോത്സവത്തിൻെറ ഉദ്ഘാടനകമ്മം നിവ്വഹിച്ചു. മലയാളചലച്ചിത്രവേദിയിലെ ഹാസ്യചക്രവത്തി ശ്രീ എസ്. പി. പിള്ള പൊട്ടിച്ചിരികളുടെ പൂത്തിരികയം ഉതിപ്പിച്ചുകൊണ്ടു മംഗളാശംസകയം നേന്നു. ജെറുശലേം മൗണ്ട് ഹൈസ്കൂൾ ഹെഡ്മാസ്റ്ററും, ജനറൽ കൺവീനറുമായ റവ. ഫാ. സി. വി. ജോജ്ജ് കൃതജ്ഞത പ്രകാശിപ്പിച്ചു. സമ്മേളനാനന്തരം വിഭവസമൃദ്ധമായ ചായസല്ക്കാരവും നടന്നു.

വൈകിട്ടു് കൃത്യം 6 മണിക്കു മത്സരങ്ങയം ആരംഭിച്ചു. കലയുടെ തൃക്കോവിലിൽ നെയ്ത്തിരികയം കൊളുത്തിക്കൊണ്ടു് അണിഞ്ഞൊരുങ്ങിയ ഭാവിയുടെ വാഗ്ദാനങ്ങയം രംഗത്തേക്കു വന്നു. ഭരതനാട്യം, ഓട്ടൻതുള്ളൽ, കഥകളി, ശാസ്ത്രീയനൃത്തം, നാടോടിനൃത്തം, സമൂഹനൃത്തം എന്നിവയെല്ലാം നിന്നിമേഷരായി കാത്തിരുന്ന പ്രേക്ഷകരുടെ



സി. ഉഷാറാണി, വെള്ളൂർസംഘം







ജി. സുജാത, പി. രാജേശ്വരി
ആർ. കെ. സൂസൻ



മുൻപാകെ അവതരിപ്പിച്ചു. വെള്ളിയാഴ്ച കൃത്യം 2 മണിക്കു് യവനിക കടന്നുവന്നു.

23–12–1968 രാവിലെ കൃത്യം 8 മണിക്കുതന്നെ മത്സരപരിപാടികളും വീണ്ടും ആരംഭിച്ചു. സഹൃദയലോകത്തെ ഹഠാദാകർഷിച്ചുകൊണ്ടു് വാചാപ്രസംഗം, കഥനം, ശാസ്ത്രീയസംഗീതം, ലഘുസംഗീതം, ഉപകരണസംഗീതം, സമൂഹഗാനം, ദേശീയഗാനം എന്നിവയുടെ മത്സരം നടന്നു. പെൻസിൽ ഡ്രോയിംഗു്, പെയിൻറിംഗു് എന്നിവയുടെ മത്സരവും അന്നു പകലത്തെ ഇനത്തിൽപ്പെടുന്നു. ജീവിതത്തിലെ വിവിധങ്ങളായ അദ്ധ്യായങ്ങളെ തുറന്നുകാട്ടുന്ന രംഗങ്ങളും ഉൾക്കൊള്ളുന്ന ഏകാങ്കങ്ങളും അന്നുരാത്രി നടന്നു. നൃത്തം, നാടകം എന്നീ ഇനങ്ങളിൽ അവതരിപ്പിച്ച പരിപാടികളും വളരെ മെച്ചപ്പെട്ട നിലവാരംപുലർത്തി എന്ന വസ്തുത പ്രത്യേകം എടുത്തുപറയത്തക്കതാണു്.

ഉപകരണസംഗീതം, ലളിതസംഗീതം, സംഘഗാനങ്ങളും എന്നിവയിലെല്ലാം പൊതുവേ മോശപ്പെട്ട നിലവാരമാണു പുലർത്തിയതെങ്കിലും, ഈ യുവജനോത്സവത്തോടു് അനുബന്ധിച്ചു് അവതരിപ്പിക്കപ്പെട്ട ഏകാങ്കങ്ങളും എല്ലാംതന്നെ വളരെ ഉയർന്ന നിലവാരമാണു പുലർത്തിയതു്. ഇവയിൽ പ്രത്യേകിച്ചു് ഒന്നാംസ്ഥാനം നേടിയ പി. ററി. എം. ഹൈസ്കൂളും, വെള്ളർ അവതരിപ്പിച്ച നാടകവും, രണ്ടാംസ്ഥാനം നേടിയ കിളിരൂർ എസു്. എൻ. ഡി. പി. സു്കൂളും അവതരിപ്പിച്ച നാടകവും അഭിനയത്തിലും അവതരണത്തിലും അതുല്യമായിരുന്നു എന്നുതന്നെ പറയാം.

കെ. സോമൻ



ഈ യുവജനോത്സവത്തിൽ പ്രഗത്ഭരായ ജഡ്ജിമാർ പങ്കെടുത്തിരുന്നു. വിജയികൾക്കുള്ള സമ്മാനങ്ങളും ഡിസ്ട്രിക്കു് മജിസ്ട്രേട്ടു് ശ്രീ ററി. ശിവരാമമേനോന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീററിംഗിൽവച്ചു് മിസ്സിസു് ശിവരാമമേനോൻ വിതരണം ചെയ്യുകയുണ്ടായി. ഏററവും കൂടുതൽ പോയിൻറുസു് നേടുന്നവർക്കു് ജെ. എം. ഹൈസ്കൂളും ഹെഡ്മാസ്റ്റർ റവ. ഫാ. സി. വി. ജോർജ്ജു് സംഭാവനചെയ്ത മനോഹരമായ എവർ റോളിങ്ങു് ഡിസ്ട്രിക്കു് ട്രോഫി കഞ്ഞിക്കുഴി മൗണ്ടു് കാർമൽ ഹൈസ്കൂളും നേടിയെടുത്തതോടുകൂടി കൃത്യം രാവിലെ മൂന്നുമണിക്കു് ഈ യുവജനോത്സവത്തിന്റെ വിജയകരമായ പരിസമാപ്തി കുറിച്ചുകൊണ്ടു് യവനിക വീഴുകയുംചെയ്തു.

സംസ്ഥാന യുവജനോത്സവം

കോട്ടയം

ഭാരവാഹികൾ

രക്ഷാധികാരി:
വക്കി ജോർജ്ജ്
കെ. എം. ചെറിയാൻ
ടി. എൻ. ജയചന്ദ്രൻ

അദ്ധ്യക്ഷൻ:
എ. കെ. നാരായണൻനമ്പ്യാർ

ഉപാദ്ധ്യക്ഷൻ:
എസ്. ഗണേശ്അയ്യർ
എൻ. വിശ്വംഭരൻ

മുഖ്യകാര്യദർശി:
സി. യു. മാത്യു

കാര്യദർശി, സ്വീകരണം:
ബി. പത്മാവതിഅമ്മ
എസ്. കേശവ അയ്യർ
വി. പരമേശ്വരൻഉണ്ണിത്താൻ

കാര്യദർശി, പാപ്പിടം:
പി. കെ. നൈനാൻ
പി. കെ. വാസുദേവൻനായർ

കാര്യദർശി, സാമ്പത്തികം:
ജെ. എം. തോമസ്
പി. ജെ. ജോസഫ്

കാര്യദർശി, പരിപാടി:
ടി. എസ്. ശ്രീധരൻനായർ
എസ്. കൃഷ്ണമൂർത്തി

കാര്യദർശി, ഭക്ഷണം:
എ. കൃഷ്ണപ്പണിക്കർ
സി. ഇ. ബാലകൃഷ്ണൻനായർ

കാര്യദർശി, പ്രസിദ്ധീകരണം:
വി. ആർ. പരമേശ്വരൻനായർ
ജോജ്ജ് വറുഗീസ്

കാര്യദർശി, കാവൽ:
എ. പുന്നൂസ്
ചാണ്ടപ്പിള്ള കുറിയാക്കോസ്

അംഗങ്ങൾ:
കെ. എം. ഏബ്രഹാം
എം. കെ. ജോജ്ജ്
ഇ. എം. ജോജ്ജ്
പി. പി. വിത്സൻ
കെ. ജി. എൻ. നമ്പൂതിരിപ്പാട്
ഫാദർ റോമിയോ തോമസ്
ഡോക്ടർ ജോജ്ജ് തോമസ്
സി. എൻ. ശ്രീകണ്ഠൻനായർ
കെ. എം. മാത്യു
പി. സി. ചെറിയാൻ
എം. പി. ഗോവിന്ദൻനായർ
ദേവകി ഗോപിദാസ്
ഡി. സി. കിഴക്കെമുറി
മാത്യു മണിയങ്ങാടൻ
ജോസഫ് ജോസഫ് കോയിപ്പള്ളി
എം. കെ. സുകുമാരൻ
ചെറിയാൻ കാപ്പൻ
വി. ഒ. ഏബ്രഹാം
സി. കെ. മാണി
പൊൻകുന്നം വക്കി
ഡോക്ടർ എ. പി. മാണി
ജോജ്ജ് എം. തോമസ്
എൻ. സി. ചാക്കോ
പി. എൻ. കേശവൻ
വി. കെ. ചെല്ലപ്പൻപിള്ള
കാരൂർ നീലകണ്ഠപ്പിള്ള
വെട്ടൂർ രാമൻനായർ
മുട്ടത്തു വക്കി
എം. പി. മന്മഥൻ
ഫാദർ ഫ്രാൻസിസ് കാളാശ്ശേരി
ഫാദർ ഇസിഡോർ എം. വടക്കൻ
എൻ. കൃഷ്ണയ്യർ
കുര്യൻ ഉതുപ്പ്
എൻ. കെ. പൊതുവാൾ
കെ. വസുമതിയമ്മ
വി. കെ. ശേഖരൻനായർ
പി. സി. ഏബ്രഹാം
ഡോക്ടർ ടി. എസ്. തോമസ്
കെ. ആർ. ശങ്കരൻ
സി. ടി. ജോൺ
എൻ. തങ്കപ്പൻ
കെ. ഒ. വക്കി
കുടമാളൂർ കരുണാകരൻനായർ
തിരുവിഴാ രാഘവപ്പണിക്കർ
എൻ. ഗോവിന്ദമേനോൻ
പി. വി. വറുഗീസ്
ഫാദർ കെ. വി. ഗീവറുഗീസ്
വി. ഐ. തോമസ്
ഫാദർ സി. എം. ജോൺ
കെ. പി. അന്ന
ടി. എം. ചാക്കോ
കെ. ജെ. കോര
എം. ബേബിക്കുട്ടി
കെ. ടി. സാറാമ്മ
കെ. വി. ജോജ്ജ്
എസ്. സ്സുറിയാ
എം. അബ്ദുൽ സത്താർ കുഞ്ഞു
ഡോക്ടർ അനന്തനാരായണഅയ്യർ
മേജർ കെ. ആർ. പി. നായർ
സി. കെ. നീലകണ്ഠൻനായർ
കെ. എൻ. ജോസഫ്
എൻ. സി. ചാക്കോ
കെ. വി. മാത്യു
ഫാദർ സി. വി. ജോജ്ജ്
മിസ്സസ് കെ. എം. മാത്യു
മിസ്സസ് വി. കെ. മാണി
ഡോക്ടർ മേരി ഫിലിപ്പ്
കെ. ജി. മേനോൻ
നാലാങ്കൽ കൃഷ്ണപിള്ള
പി. എൻ. പി. പിള്ള
മറിയാമ്മ വറുഗീസ്
ജോസഫ് തോമസ്
കെ. ഒ. ഉമ്മൻ
കൃഷ്ണപ്പണിക്കർ
മഹമ്മദ്ഖാൻ
വി. പി. കരുണാകരൻനായർ
എം. ആർ. ഗോപാലകൃഷ്ണൻനായർ
പി. ഭാസ്കരൻനായർ
കെ. എം. ചാക്കോ
ടി. കെ. ഗോപാലകൃഷ്ണപ്പണിക്കർ
ഐ. എം. വേലായുധൻ

വി. ജെ. ഏബ്രഹാം
ഏബ്രഹാം ഈപ്പൻ
ഡോക്ടർ പി. ജി. രാമകൃഷ്ണപിള്ള
വി. സി. ഏബ്രഹാം
റവ. ഡോക്ടർ മിയാലിൽ
ചെറിയാൻ ആൻഡ്രൂസ്
തോമസ് വെട്ടം
പി. ഗീവറുഗീസ്
ജോസഫ് മത്തായി
വാസുദേവഭട്ടതിരിപ്പാട്
ബി. എഫ്. വറുഗീസ്
വി. ഒ. മക്കോസ്
അലക്സ് വെള്ളാപ്പള്ളി
കെ. മാധവൻനായർ
എം. ജോസഫ്
എം. കെ. ശിവശങ്കരൻനായർ
കെ. കെ. കൃഷ്ണപിള്ള
ഡാൻസർ ചെല്ലപ്പൻ
അമ്പലപ്പുഴ രാമവമ്മ
കെ. എൻ. ജോസഫ്
ഇ. എം. വാസുദേവൻനായർ
സിസ്റ്റർ വർജീനിയാ
സിസ്റ്റർ ക്രൂസിഫിക്സാ
കുറിച്ചി കുഞ്ഞൻപണിക്കർ
എൻ. എൻ. പിള്ള
കെ. എൻ. ഗോപാലൻനായർ
ജോസ്പ്രകാശ്
സി. ശാന്തകുമാരിഅമ്മ
എൻ. സോമരാജ്
കെ. വി. മേനോൻ
രാമനാഥ അയ്യർ
സാറാ ടി. ചെറിയാൻ
കെ. വി. കുരുവിള
ഡോക്ടർ എം. പി. ഗോപാലകൃഷ്ണൻനായർ
മാത്യു തോമസ്
കെ. ജി. സുദേവൻ
ശിവരാമൻനായർ
ആനി ഇട്ടക്കള
പി. കെ. കേശവൻ
പി. ജി. പരമേശ്വരൻനായർ
ടി. വി. ശിവശങ്കരൻനായർ
പി. എൻ. രാഘവൻ
പി. പി. രാമൻനായർ
ഗോപാലകൃഷ്ണൻനായർ
പി. വി. ചന്ദ്രസേനൻ
വി. ആർ. ബാലകൃഷ്ണൻനായർ
കെ. പി. വാസുദേവൻനായർ

ഡോക്ടർ കെ. ജെ. ജേക്കബ്
കെ. ദാമോദരപ്പണിക്കർ
ശോശാമ്മ വറുഗീസ്
പി. ലക്ഷ്മണൻനായർ
എം. ശിവരാജൻ
എം. ബാലകൃഷ്ണൻ
ടി. എസ്. ചന്ദ്രശേഖരൻനായർ
അന്നമ്മ കെ. ജേക്കബ്
ടി. ഇ. മാത്യു
പി. കെ. വക്കി
പി. എസ്. ഏബ്രഹാം
കെ. കെ. തോമസ്
പി. വി. ആൻഡ്രൂസ്
പി. സി. ഐപ്പ്
സി. എ. ജേക്കബ്
എം. കെ. അന്നമ്മ
കെ. എം. ഏലിയാമ്മ
എം. വി. കുറിയാക്കോസ്
ടി. ടി. ഏബ്രഹാം
കുര്യൻ ചാക്കോ
കെ. പി. കെ. പിഷാരടി
കുര്യൻ പാമ്പാടി
പി. കെ. ശിവശങ്കരപ്പിള്ള
ജോൺ പി. ജോൺ
എൻ. ചെല്ലപ്പൻപിള്ള
ടി. ബി. രാജശേഖരൻനായർ
വി. ജെ. തോമസ്
പി. കെ. ഏബ്രഹാം
ബാബു ചെങ്ങന്നൂർ
ജോജ്ജ് കരിയത്തറ
എസ്. ഉണ്ണി
എം. എസ്. മറിയാമ്മ
എൻ. വി. മറിയാമ്മ
സി. എ. ഏബ്രഹാം
തോമസ് സി. കുരുവിള
സുബ്രഹ്മണ്യം
പി. വി. കൃഷ്ണൻനായർ
എ. എൽ. ഏബ്രഹാം
കെ. എ. പണിക്കർ
അനുജൻ അത്തിക്കയം
ബേബി
സി. വി. പ്രഭാകരൻപിള്ള
രാമപുരം ഗോപി
തിരുവാപ്പു ബാലൻ
സെയ്ദുമുഹമ്മദ്
പ്രഭാകരൻനായർ
പി. എൻ. പരമേശ്വരൻ

കോട്ടയം യുവജനോത്സവത്തിലെ വിജയികൾ

കോട്ടയത്തു നടന്ന സംസ്ഥാനയുവ ജനോത്സവത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി വിജയിച്ചവരുടെ പട്ടിക അഭിനന്ദനങ്ങളോടെ ഈ ഖണ്ഡത്തിൽ ചേർത്തിരിക്കുന്നു

1969

എം. ഡി. സെമിനാരി ഹൈസ്ക്കൂൾ, കോട്ടയം

ജനുവരി 23, 24, 25

ഒന്നാംസ്ഥാനം:
ഇരിങ്ങാലക്കുട ജില്ല
രണ്ടാംസ്ഥാനം:
കോട്ടയം ജില്ല
മൂന്നാംസ്ഥാനം:
ആലപ്പുഴ ജില്ല

ഡ്രോയിംഗ്
1 ശശികല കെ. വി.
എസ്. എച്ച്. ജി. ഹൈസ്കൂൾ,
ചാലക്കുടി, ഇരിങ്ങാലക്കുട
രാമചന്ദ്രൻ വി. പി.
ഹൈസ്കൂൾ, കുത്തുപറമ്പ്,
തലശ്ശേരി
2 ജോൺ ടി.
ഹൈസ്കൂൾ, കാട്ടാക്കട,
തിരുവനന്തപുരം
ജെസമ്മ ജോസഫ് സി.
സെ. അഗസ്റ്റിൻസ് ഹൈസ്കൂൾ,
കോതമംഗലം, മൂവാറ്റുപുഴ

പെയിന്റിംഗ്
1 ബാലചന്ദ്രൻ ഇ. കെ.
ഗവമ്മെൻറ് ഹൈസ്കൂൾ,
പെരിയ, കാസർകോട്
വിശാലാക്ഷിഅമ്മാൾ സി.
എസ്. ഡി. വി. ഹൈസ്കൂൾ,
ആലപ്പുഴ
2 ശ്രീധരൻ സി.
സി. എം. എസ് ഹൈസ്കൂൾ,
ഏലത്തൂർ, കോഴിക്കോട്
കുര്യനാ വർഗീസ്
മൗണ്ട് കാർമ്മൽ ഹൈസ്കൂൾ,
കോട്ടയം

ശാസ്ത്രീയസംഗീതം
1 പൊന്നമ്മാൾ പി.
ഹൈസ്കൂൾ, ചാല,
തിരുവനന്തപുരം
ഗണേശൻ നമ്പൂതിരി എം. എൻ.
എൻ. ആർ. പി. എം. ഹൈസ്കൂൾ,
കായംകുളം, മാവേലിക്കര
2 ലക്ഷ്മി ടി. എസ്.,
എസ്. എച്ച്. ജി.
ഹൈസ്കൂൾ, തൃശ്ശൂർ
മണി കെ. പി.
എസ്. എം. വി. എൻ. എസ്.
എസ്. ഹൈസ്കൂൾ, പാലാ

ലളിതസംഗീതം
1 ദുർഗാ ഡി.
കോട്ടൺ ഹിൽ ഹൈസ്കൂൾ,
തിരുവനന്തപുരം
ബലരാജ് എ. പിഷാരോടി,
നാഷനൽ ഹൈസ്കൂൾ,
ഇരിങ്ങാലക്കുട
2 രേണുകാദേവി പി. എസ്.
ഗവമ്മെൻറ് ഹൈസ്കൂൾ,
കരിനിലം, കാഞ്ഞിരപ്പള്ളി
മോഹനദാസ് കെ. ആർ.
ഹൈസ്കൂൾ, ചവറ, കൊല്ലം

വാദ്യസംഗീതം (സ്ട്രിംഗ്)
1 സുലേഖാ റാണി
സെ: മേരീസ് ഹൈസ്കൂൾ,
ചേർത്തല, ആലപ്പുഴ
ഗോപാലകൃഷ്ണൻ സി.
ഗവ: ഹൈസ്കൂൾ,
ചെറുകുന്ന്, തലശ്ശേരി
2 ലളിത ടി. എച്ച്.
പി. ജി. ഹൈസ്കൂൾ,
തൃപ്പൂണിത്തുറ, എറണാകുളം
ഗോപിനാഥൻ ആചാരി എസ്.
എം. ടി. എസ്. ഹൈസ്കൂൾ,
കോട്ടയം

വാദ്യസംഗീതം (വിൻഡ്)
1 ലളിതാബായ് ബി.
ഹൈസ്കൂൾ, കണ്ടമംഗലം,
ആലപ്പുഴ
ജോയ് എ.
എ. എം. എം. ഹൈസ്കൂൾ,
ഇടയാറന്മുള, മാവേലിക്കര
2 വറുഗീസ് ടി. കെ.
ജെ. എം. ഹൈസ്കൂൾ,
വാകത്താനം, കോട്ടയം

വാദ്യസംഗീതം (ലയ)
1 ശ്രീകുമാരവർമ്മ എൻ.
ഹൈസ്കൂൾ, ചേർത്തല, ആലപ്പുഴ
2 ബാലമുരളീകൃഷ്ണൻ സി. വി.
നൂറണി ഹൈസ്കൂൾ, പാലക്കാട്

ഭരതനാട്യം
1 ശാന്താദേവി എസ്.
ഫാക്ട് ടൗൺഷിപ്പ് ഹൈസ്കൂൾ,
ആലുവാ
2 ബാല പി.
ഹൈസ്കൂൾ, മഞ്ചേരി, മലപ്പുറം

നാടോടിനൃത്തം
1 പ്രേമാചന്ദ്രൻ
ഹൈസ്കൂൾ, ആലപ്പുഴ
2 ഗീതാദേവി എസ്. കെ.
എൻ. എസ്. എസ്. ഹൈസ്കൂൾ,
പാലോട്, ആറ്റിങ്ങൽ

ശാസ്ത്രീയനൃത്തം
1 പദ്മജ സി.
ഗവ: ഹൈസ്കൂൾ, ഇരിങ്ങാലക്കുട
ശ്രീറാം ജി.
എസ്. വി. ഹൈസ്കൂൾ,
കായംകുളം, മാവേലിക്കര
2 ആഷ എം. ആർ.
ടി. ഡി. ഹൈസ്കൂൾ, ആലപ്പുഴ
വാസുദേവവമ്മരാജാ
ഗവ:ഹൈസ്കൂൾ, വൈക്കം, പാലാ

കഥകളി
1 രാധാലക്ഷ്മി വി. ജി.
ഹൈസ്കൂൾ, നിലമ്പൂർ, മലപ്പുറം
നന്ദകുമാരൻ സി.
നാഷനൽ ഹൈസ്കൂൾ,
ഇരിങ്ങാലക്കുട
2 പ്രേമകുമാരി എ. പി.
ഹൈസ്കൂൾ,
ചെങ്ങന്നൂർ, മാവേലിക്കര
പ്രേ എൻ.
ഹൈസ്കൂൾ, ചെറിയ വെളിനല്ലൂർ,
കൊട്ടാരക്കര

ഓട്ടൻതുള്ളൽ
1 സാവിത്രി വി. വി.
ജി. എസ്. ഹൈസ്കൂൾ,
അഷ്ടമിച്ചിറ, ഇരിങ്ങാലക്കുട.
സുകുമാരൻ എം. ആർ.
എസ്. എൻ. ഹൈസ്കൂൾ,
കണിമംഗലം, തൃശ്ശൂർ
2 ആനിയമ്മ മാത്യു
സെന്റ് പീറ്റേഴ്സ് ഹൈസ്കൂൾ,
കുമ്പനാടം, കോട്ടയം
സാംബശിവൻ, ജി.
ഹൈസ്കൂൾ, അഞ്ചൽ,
കൊട്ടാരക്കര

പ്രസംഗം
1 ജാൻസി ജോർജ്ജ്,
ഗവ: ഹൈസ്കൂൾ, വൈക്കം, പാലാ
വിജയകുമാരൻ എൻ.
സാമൂതിരി കോളേജ് ഹൈസ്കൂൾ,
കോഴിക്കോട്
2 സാറാമ്മ അലക്സാണ്ടർ
ബേക്കർ മെമ്മോറിയൽ
ഹൈസ്കൂൾ, കോട്ടയം
മാത്യു പി. വി.
എസ്. എം. എസ്. ജെ. ഹൈ
സ്കൂൾ, തൈക്കാട്ടുശ്ശേരി, ആലപ്പുഴ

കഥനം
1 പ്രതിഭ
കോട്ടൺ ഹിൽ ഹൈസ്കൂൾ,
തിരുവനന്തപുരം

വേലുക്കുട്ടി വി.
എൻ. എസ്. എസ്. ഹൈസ്കൂൾ, ചാത്തന്നൂർ, കൊല്ലം

2 കൊച്ചുത്രേസ്യാമ്മ കെ. ജെ.
ഗവ: ഹൈസ്കൂൾ, ചേർത്തല, ആലപ്പുഴ
രാജൻ ബാബു
എൻ. എസ്. എസ്. ഹൈസ്കൂൾ, കോയിപ്പള്ളിക്കാരാണ്മ, മാവേലിക്കര

ഏകാങ്കനാടകം

ആലുവാ ജില്ല
എസ്. എൻ. എം. ഹൈസ്കൂൾ, മൂത്തകുന്നം. നാടകം: 'മെഴുകുതിരി ക്കാലുകൾ'.
പങ്കെടുത്തവർ:
പി. എ. മോഹനദാസ്
കെ. കെ. ഷാജി
വി. കെ. രവീന്ദ്രൻ
എം. ജി. സദാശിവൻ
ഇ. കെ. അംബുജാക്ഷൻ
കെ. എൻ. സുധി
കെ. എ. മോഹനൻ

2 പാലാ ജില്ല
സെന്റ് വിൻസെന്റ് ഡി പോൾ ഹൈസ്കൂൾ, പാലാ. നാടകം: 'ഡേവിഡ് കോപ്പർഫീൽഡ്'.
പങ്കെടുത്തവർ:
ജോജ്ജ് തോമസ്
സിറിൾ ഏബ്രഹാം
ജേംസ് കെ. എം.
മോഹൻ തോമസ്
പീറ്റർ ലൂക്കോസ്
ജോസ് ജോസഫ്

സമൂഹനൃത്തം

1 ഇരിങ്ങാലക്കുട ജില്ല
ബി. എൽ. എൽ. ടി. ഹൈസ്കൂൾ, ഇരിങ്ങാലക്കുട.
പങ്കെടുത്തവർ:
ജെസ്സി ജോൺ
ഉഷ എം. പി.
സെലിൻ കെ. ജെ.
മാർഗരറ്റ് പ്രിൻസി
ലീല പി. ജെ.
റോസമ്മ പുല്ലൻ
ഭുവനേശ്വരി സി.

2 കോഴിക്കോട് ജില്ല
ഗവ: ഗേൾസ് ഹൈസ്കൂൾ, നടക്കാവ്.
പങ്കെടുത്തവർ:
ശ്യാമ, ജയലക്ഷ്മി, ഭാനുമതി
ഗ്രേസി, വിശാലാക്ഷി കെ.
ജയശ്രീ, ഹൈമ

സംഘഗാനം

1 കാസർകോട് ജില്ല
ഉദ്ദാ ഹൈസ്കൂൾ, കാഞ്ഞാങ്ങാട്.
പങ്കെടുത്തവർ:
ഗീത എം.
ഗിരിജ എ. എം.
രാഗിണി എം.
ശോഭന കെ.
ഉഷാബായ് പി. എസ്.
ശ്യാമള കെ.
സുമതി ടി. കെ.

2 ആലപ്പുഴ ജില്ല
മുഹമ്മദൻ ഹൈസ്കൂൾ, ആലപ്പുഴ
പങ്കെടുത്തവർ:
മഹമ്മദ് ഇക്ബാൽ
മോഹനൻ ടി. ജി.
ആഷ്റഫ് ഇ.
അബ്ദുൽ ലത്തീഫ് എ.
സുകേൻ ടി. ആർ.
ഡൊണാൾഡ്
സുബൈർ

ദേശീയഗാനം

1 ഒറ്റപ്പാലം ജില്ല
എൽ. എസ്. എൻ. ജി. ഹൈസ്കൂൾ, ഒറ്റപ്പാലം
പങ്കെടുത്തവർ:
വത്സല കെ.
ഗീതാദേവി പി. ടി.
വെങ്കിടകൃഷ്ണൻ പി. ബി.
ബാലചന്ദ്രൻ വി.
ചന്ദ്രൻ വി. എം.
നാരായണൻ പി. വി.

2 ആറ്റിങ്ങൽ ജില്ല
പങ്കെടുത്തവർ:
ഗീത എസ്. കെ.
ബാലചന്ദ്രമേനോൻ എസ്.
കുമാരി രാധ എ.
ഭുവനചന്ദ്രൻ എസ്.
രവീന്ദ്രനാഥൻ ആശാരി
ജയേന്ദ്രൻ എം.
സുധാകരൻ കെ.
പുരുഷോത്തമൻ ജെ.
ത്യാഗരാജൻ എസ്.
സതീശൻ സി.

ഏറ്റവും നല്ല നടൻ
ഷംസു എ. എച്ച്.
സീതിസാഹിബ് മെമ്മോറിയൽ ഹൈസ്കൂൾ, എടക്കഴിയൂർ, ഒറ്റപ്പാലം

ഏറ്റവും നല്ല നടി
ഏലിയാമ്മ തോമ്മസ്, ഗവ ഗൈൻ ഹൈസ്കൂൾ, അടൂർ, പത്തനംതിട്ട
മത്സരമില്ലാത്തതുകൊണ്ട് മത്സരിച്ചില്ലെങ്കിലും പ്രത്യേക ക്ഷണപ്രകാരംവന്ന് സഹൃദയരുടെ മുക്തകണ്ഠമായ പ്രശംസ ആജ്ജിച്ച രണ്ടിനങ്ങളും (ഈ സംഘങ്ങളും ക്ക പ്രത്യേക സർട്ടിഫിക്കറ്റ് നല്കുകയുണ്ടായി).

വില്ലിന്മേൽ തായമ്പക
ഒറ്റപ്പാലം വിദ്യാഭ്യാസജില്ല ഹൈസ്കൂൾ, ചേപ്പുള്ളശേരി
പങ്കെടുത്തവർ:
വേണുഗോപാലൻ കെ. പി.
രാമകൃഷ്ണൻ കെ.
ശങ്കരനാരായണൻ സി.
ബാലകൃഷ്ണൻ യു.
കൃഷ്ണകുമാർ കെ. ബി.


പഞ്ചവാദ്യം
പാലക്കാട് വിദ്യാഭ്യാസജില്ല രാജാസ് ഹൈസ്കൂൾ, കൊല്ലങ്കോട്
പങ്കെടുത്തവർ:
ഭഗവത് ജയൻ കെ.
കുമാരൻ എ. ആർ.
സദാനന്ദ് എസ്.
ചക്രപാണി എം.
ശിവദാസൻ പി. കെ.
രാജഗോപാലൻ എ.
വാസു വി.
ശശിധരൻ പി. വി.
സുബ്രഹ്മണ്യൻ പി.
രാമൻകുട്ടി കെ. വി.
ശ്രീധരൻ ടി.
പത്മനാഭൻ പി.
കുമാരൻ പി.
ജയപ്രകാശൻ ആർ.
രാജൻ പി.
ശിവകുമാരൻ കെ.
ചക്രപാണിമാരാർ സി.
അച്ചുതൻനായർ എം.

ജില്ലകളുടെ നിലവാരം

ഇരിങ്ങാലക്കുട	53
കോട്ടയം	45
ആലപ്പുഴ	42
തിരുവനന്തപുരം	33
തൃശ്ശൂർ	28
ആലുവാ	25
കോഴിക്കോട്	24
മലപ്പുറം	24
പാലക്കാട്	23
തിരുവല്ലാ	23
തലശ്ശേരി	22
പാലാ	22
മാവേലിക്കര	22
കാസർകോട്	20
പത്തനംതിട്ട	20
എറണാകുളം	17
കാഞ്ഞിരപ്പള്ളി	17
കൊല്ലം	17
വടകര	16
ഒറ്റപ്പാലം	15
മൂവാറ്റുപുഴ	15
കൊട്ടാരക്കര	14
ആറ്റിങ്ങൽ	8
ചാവക്കാട്	6

യുവജനോത്സവം ചിത്രങ്ങളിൽ

കലക്ടർ ശ്രീ ടി. എൻ. ജയ
ചന്ദ്രൻ പതാക ഉയർത്തുന്നു





മുകളിൽ: യുവജനോത്സവത്തിന്റെ ഗേറ്റ്. താഴെ: ഉദ്ഘാടകനായ
മുഖ്യമന്ത്രി ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാട് വന്നുചേരുന്നു






മുഖ്യമന്ത്രി ശ്രീ ഇ. എം. എസ്. യുവജനോ
ത്സവം വിളക്ക കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു



മുകളിൽ: ആശീർവാദം
താഴെ: സഹൃദയത്വം




വലത്തു്: നാടൻനൃത്തം പ്രേമാചന്ദ്രൻ
താഴെ: കഥകളി
സി. നന്ദകുമാരൻ









മുകളിൽ: സംഘനൃത്തം
ഇരിങ്ങാലക്കുട ജില്ല.
താഴെ: നാടകം ഡേവി
ഡ് കോപ്പർ ഫീൽ
ഡ് പാലാ ജില്ല







മുകളിൽ: സംഗീതം പി. പൊന്നമ്മാൾ, പ്രതിഭ
താഴെ: നാടൻനൃത്തം എസ്. കെ. ഗീതാദേവി




പ്രസംഗം: ജാൻസി ജോർജ്ജ്; ലളിതസം
ഗീതം: ബലരാജ് എ. പിഷാരോടി, ഡി.
കെ. ദൃശ്യ. താഴെ: സംഗീതം, ആലപ്പുഴ ജില്ല








മുകളിൽ: മൂന്നാംവർഷവും ഒന്നാം സമ്മാനം നേടിയ എൻ. ശ്രീകുമാരവമ്മ
താഴെ: ഭരതനാട്യം, ശാന്താദേവി




മുകളിൽ: വിധികർത്താക്കൾ (ലളിതസംഗീതം)


താഴെ: കോട്ടയം യുവജനോത്സവത്തിന്റെ സ്കോർ ബോർഡ്




ഇരിങ്ങാലക്കുട ജില്ലയിലെ
കുട്ടികൾ ട്രോഫി കരസ്ഥമാക്കി



















ഒന്നാം സമ്മാനം


മുകളിൽ: ജി. ശ്രീറാം, ശാസ്ത്രീയനൃത്തം; സി. പത്മജ, ശാസ്ത്രീയനൃത്തം
നടുവിൽ: വി.ജി. രാധാ ലക്ഷ്മി, കഥകളി; സി. നന്ദകുമാരൻ, കഥകളി.
താഴെ: എൻ. വിജയകുമാരൻ, പ്രസംഗം; ജാൻ സി ജോജ്ജ്, പ്രസംഗം.

















ഒന്നാം സമ്മാനം


മുകളിൽ: പ്രേമാചന്ദ്രൻ, നാടൻനൃത്തം; ഇ. കെ. ബാലചന്ദ്രൻ, പെയ്ന്റിംഗ്. നടുവിൽ: എ. ജോയ്, വാദ്യസംഗീതം (വിൻഡ്.); എസ്. ശാന്താദേവി, ഭരതനാട്യം. താഴെ: പി. പൊന്നമ്മാൾ, ശാസ്ത്രീയസംഗീതം; എൻ. ശ്രീകുമാരവമ്മ, വാദ്യസംഗീതം (ലയ.)














ഒന്നാം സമ്മാനം


മുകളിൽ: വി. വി. സാവിത്രി, ഓട്ടംതുള്ളൽ; സി. ഗോപാലകൃഷ്ണൻ, വാദ്യസംഗീതം (സ്ട്രിംഗ്)നടുവിൽ: വി. വേലുക്കുട്ടി, കഥനം; എസ്. പ്രതിഭ, കഥനം. താഴെ: ബി.ലളിതാബായ്,വാദ്യസംഗീതം (വിൻഡ്) എം. ആർ. സുകുമാരൻ, ഓട്ടംതുള്ളൽ.














ഒന്നാം സമ്മാനം


മുകളിൽ: ബൽരാജ് എ. പിഷാരോടി, ലഘു സംഗീതം; ഡി. കെ. ദത്ത്, ലഘുസംഗീതം. നടുവിൽ: കെ. ജി. ശശികല, ഡ്രോയിംഗ്; വി. പി. രാമചന്ദ്രൻ, ഡ്രോയിംഗ്. താഴെ: ഗണേശൻനമ്പൂതിരി എം. എൻ., ശാസ്ത്രീയസംഗീതം; സുലേഖാറാണി, വാദ്യസംഗീതം (സ്ട്രിംഗ്)



ഒന്നാം സമ്മാനം

മുകളിൽ: ദേശീയഗാനം, ഒറ്റപ്പാലം ജില്ല. താഴെ: ഗാനമേള, ഗേൾസ് ഹൈസ്കൂൾ, കാഞ്ഞാങ്ങാട്









മകളിൽ: സംഘനൃത്തം, ബി. എൽ. എൽ. റ്റി. സ്ക്കൂൾ. വലതു: ഷംസു, ഏറ്റവും നല്ല നടൻ. താഴെ ഇടതു: ഏലിയാമ്മ തോമസ്, ഏറ്റവും നല്ല നടി. താഴെ വലതു: നാടകം, എസ്. എൻ. കെ. സ്ക്കൂൾ, മുത്തകുന്നം.


ഒന്നാം സമ്മാനം









യുവജനോത്സവസദസ്സിനെ വശീകരിച്ച രണ്ടു സംഘങ്ങൾ. മുകളിൽ: പഞ്ചവാദ്യം, രാജാസ് ഹൈസ്കൂൾ, കൊല്ലംകോട്. താഴെ: വില്ലിന്മേൽ തായമ്പക, ചേപ്പുളചേരി ഹൈസ്കൂൾ.






മുകളിൽ: സമ്മാനദാതാവു് വിദ്യാഭ്യാസ മന്ത്രി ശ്രീ സി. എച്ചു്. മുഹമ്മദ്കോയ എത്തിച്ചേരുന്നു.
താഴെ: ശ്രീ മുഹമ്മദ്കോയ കുട്ടികൾക്കു നന്മ നേരുന്നു.







മുകളിൽ: സ്മരണികയുടെ ഉദ്ഘാടനം ശ്രീ എം. പി. മന്മഥൻ നിർവ്വഹിച്ചു.
താഴെ: യുവജനോത്സവം പിരിയുന്നു.



സംഘാടകർ




മുകളിൽ: യുവജനോത്സവക്കമ്മിറ്റിയുടെ അദ്ധ്യക്ഷൻ, വിദ്യാഭ്യാസ ഡയറക്ടർ ശ്രീ എ. കെ. നാരായണൻനമ്പ്യാർ.
താഴെ: യുവജനോത്സവ കാര്യദർശിമാർ










മുകളിൽ: കമ്മിറ്റിയുടെ ഉപാദ്ധ്യക്ഷൻ, ഡെപ്യൂട്ടി ഡയറക്ടർ ശ്രീ എസ്. ഗണേശ് അയ്യർ. നടുവിൽ: ഉപാദ്ധ്യക്ഷൻ, റീജനൽ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ എൻ. വിശ്വംഭരൻ. താഴെ ഇടതു്: ആതിഥേയജില്ലയുടെ എക്സിക്യൂട്ടീവ് ആഫീസർ ശ്രീ റ്റി. എസ്. കേശവയ്യർ. താഴെ വലതു്: മുഖ്യ കാര്യദർശി ശ്രീ സി. യു. മാത്യു. തുടർന്നുള്ള രണ്ടു പേജുകളിൽ വിവിധ സമിതികൾ.























യുവജനോത്സവ

വിധികർത്താക്കൾ

നൃത്തം

ഗുരു ഗോപിനാഥ്, കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ, തൃപ്പൂണിത്തുറ മാധവമേനോൻ, കെ. വിലാസിനി, ലക്ഷ്മി കൃഷ്ണമൂർത്തി, എൻ. കൃഷ്ണയ്യർ.

കഥകളി

ചെങ്ങന്നൂർ രാമൻപിള്ള, ഡോക്ടർ കെ. എൻ. പിഷാരോടി, പി. കെ. ശിവശങ്കരപ്പിള്ള, അമ്പലപ്പുഴ രാമവമ്മ, കാവാലം നാരായണപ്പണിക്കർ, പ്രൊഫസർ വി. കെ. കൃഷ്ണവാരിയർ.

ഓട്ടൻതുള്ളൽ

കാർത്തർ നീലകണ്ഠപ്പിള്ള, പി. കെ. ശിവ ശങ്കരപ്പിള്ള, അമ്പലപ്പുഴ രാമവമ്മ.

സംഗീതം

പ്രൊഫസർ കെ. സി. കല്യാണസുന്ദരം, വി. ദക്ഷിണാമൂർത്തി, പ്രൊഫസർ പാലക്കാട് കൃഷ്ണമൂർത്തി, തിരുവിഴാ രാഘവപ്പണിക്കർ, കൊട്ടാരം ശങ്കുണ്ണിനായർ, പ്രൊഫസർ വെച്ചൂർ ഹരിഹരസുബ്രഹ്മണ്യം, പ്രൊഫസർ മാവേലിക്കര ശങ്കരൻകുട്ടിനായർ, പ്രൊഫസർ എം. സുബ്രഹ്മണ്യശർമ്മ, പ്രൊഫസർ ശ്രീകുമാരവമ്മ, പ്രൊഫസർ കെ. പി. വാസു, പ്രൊഫസർ എൻ. വാസുദേവൻ, ടി. എ. മൊയ്തീൻ, അഭയദേവ്, കുമരകം ബോസ്, കെ. ശങ്കുണ്ണിമേനോൻ.

പ്രസംഗം

പുത്തൻകാവു മാത്തൻതരകൻ, കാർത്തർ നീലകണ്ഠപ്പിള്ള, തൃക്കൊടിത്താനം ഗോപിനാഥൻനായർ, സി. ജെ. മണ്ണമ്മൂട്, എം. എസ്. കുമാരൻനായർ.

കഥനം

ഡോക്ടർ എ. പി. മാണി, അമ്പലപ്പുഴ രാമവമ്മ, കാർത്തർ നീലകണ്ഠപ്പിള്ള, പുത്തൻകാവു മാത്തൻതരകൻ, സി. ജെ. മണ്ണമ്മൂട്.

നാടകം

സി. എൻ. ശ്രീകണ്ഠൻനായർ, ജി. ശങ്കരപ്പിള്ള, പി. കെ. വീരരാഘവൻനായർ, കുമാരവമ്മ, പൊൻകുന്നം വക്കി, മുട്ടത്തുവക്കി.

ചിത്രമെഴുത്ത്

എൻ. എൻ. നമ്പ്യാർ, കെ. എസ്. പിള്ള, ടി. ഏ. ശ്രീധരൻനായർ, പി. എൻ. കൊച്ചുണ്ണിമൂത്തത്, കെ. ജെ. മാത്യു.

പതിനൊന്നാമത്തു് യുവജനോത്സവം

എസ്. ഗണേശയ്യർ

കേരളസംസ്ഥാന രൂപീകരണത്തോടുകൂടിയാണു് കേരളവിദ്യാലയയുവജനോത്സവവും ആരംഭിച്ചതു്. ഈ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവു് വിദ്യാഭ്യാസവിചക്ഷണനായ ഡോ. സി. എസ്. വെങ്കിടേശ്വരൻ ആണു്. 1956–'57 മുതൽ തുടച്ചയായി യുവജനോത്സവങ്ങൾ ഒമ്പതു കൊല്ലം നടന്നു. യുദ്ധകാലപരിതഃസ്ഥിതി പ്രമാണിച്ചു് രണ്ടുകൊല്ലം യുവജനോത്സവം നടത്തിയില്ല. വീണ്ടും 1968–ൽ യുവജനോത്സവം ആരംഭിച്ചു. കോട്ടയംനഗരത്തിൽവച്ചു നടക്കുന്ന ഈ യുവജനോത്സവം പതിനൊന്നാമത്തേതാണു്.

യുവജനോത്സവം ആരംഭിച്ചതിനുശേഷം ഓരോവർഷം കഴിയുന്തോറും കലാപ്രകടനത്തിന്റെ നിലവാരം മെച്ചപ്പെട്ടുകാണുന്നതിൽ സന്തോഷിക്കാനവകാശമുണ്ടു്. രണ്ടുകൊല്ലം ഉത്സവം നടക്കാത്തതിനാൽ പ്രകടനങ്ങളുടെ നിലവാരത്തിൽ കഴിഞ്ഞകൊല്ലം അല്പം മാന്ദ്യം ഉണ്ടായിരുന്നെങ്കിലും ഇക്കൊല്ലത്തെ നിലമെച്ചമാണു് എന്നു രേഖപ്പെടുത്താൻ സന്തോഷമുണ്ടു്.

